കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

കാസറഗോഡ് നഗരസഭ

ഓഡിറ്റ് റിപ്പോർട്ട് 2018-19


കാസറഗോഡ് നഗരസഭ ഓഡിറ്റ് കാര്യാലയം

e-mail : mlksd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.കെ.എസ്.എം.2/89/2020.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം,
നഗരസഭ ഓഡിറ്റ് , കാസറഗോഡ്
ഫോൺ : 04994-231260
ഇ.മെയിൽ : mlksd.ksad@kerala.gov.in

തീയതി :05/11/2020.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
നഗരസഭ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്.

ചെയർപേഴ്സൺ (സെക്രട്ടറി മുഖാന്തിരം)
കാസറഗോഡ് നഗരസഭ.

സർ,

വിഷയം : കാസറഗോഡ് നഗരസഭ 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

...................

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994ലെ കേരള നഗരപാലിക നിയമം 295(4) -ാം വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാസറഗോഡ് നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23 (1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2, 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം രേഖാമൂലം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി – പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങൾ 14(3), 15) ഓഡിറ്റ് റിപ്പോർട്ട് വാർഡ് സഭയിൽ ചർച്ച ചെയ്യേണ്ടതും അഭിപ്രായങ്ങളും ശുപാർശകളും നിർദ്ദേശങ്ങളും ശേഖരിക്കേണ്ടതുമാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം ഇതിൽ ഉൾപ്പെട്ട പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), ചട്ടം 223, 1997 ലെ കേരള മുനിസിപ്പാലിറ്റി - പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും -ചട്ടം 15(1), (2) എന്നിവ കൂടി കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

മുനിസിപ്പൽ ഓഡിറ്റ്, കാസർഗോഡ്.

പകർപ്പ്

*1 . സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം).

*2 . ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം (ഉപരിപത്രം സഹിതം).

*3 . ഡയറക്ടർ, നഗരകാര്യ വകുപ്പ് , തിരുവനന്തപുരം (ഉപരിപത്രം സഹിതം).

*4 . റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യവകുപ്പ്, കോഴിക്കോട് (ഉപരിപത്രം സഹിതം).

*5 . കാര്യാലയ പ്രതി.

നം. കെഎസ്എ/കെഎസ്എം.2/89/2020.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം

നഗരസഭ ഓഡിറ്റ് കാസറഗോഡ്

ഫോൺ : 04994-231260

mlksd.ksad@kerala.gov.in

തീയതി:05/11/2020.

കാസറഗോഡ് ജില്ലയിലെ കാസറഗോഡ് നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ വരവ്-ചെലവ് കണക്കിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.(1994 ലെ കേരള നഗരപാലിക നിയമം - വകുപ്പ് 295(4) 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം-വകുപ്പ് 13, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ.

കാസറഗോഡ് നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ വരവ്-ചെലവ് കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ച കിട്ടിയ വികസന ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്, KLGSDP ഗ്രാന്റ്, മെയിന്റനൻസ് ഫണ്ട്, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം,

മറ്റു ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

കാസറഗോഡ് നഗരസഭയുടെ 01.04.2018 മുതൽ 31.12.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് എന്നിവയും, 01.04.2018 മുതൽ 31.03.2019 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകങ്ങൾ അതാതു സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭാ അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 80 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 28 എണ്ണത്തിന് മാത്രമേ മറുപടി ലഭ്യമാക്കിയിട്ടുള്ളൂ. ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾക്ക് നൽകിയ മറുപടികൾ കൂടി പരിഗണിച്ച ശേഷമുള്ള പ്രധാനപ്പെട്ട പരാമർശങ്ങളാണ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലാണ് ഈ ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാകാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമുണ്ടായിരിക്കുന്നതല്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം.

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. സുനിൽ. പി, ഡെപ്യൂട്ടി ഡയറക്ടർ.

ഓഡിറ്റിന് വിനിയോഗിച്ച സമയം : 01.04.2019 മുതൽ 12.03.2020 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ :

| പേര്. | തസ്തിക. | കാലയളവ്. |
|---|---|---|
| ശ്രീമതി.പത്മാസിനി നായർ. | ഓഡിറ്റ് ഓഫീസർ | 01.04.2019മുതൽ 12.03.2020വരെ. |
| ശ്രീ.ജയാനന്ദ.എച്ച്. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ. | 01.04.2019 മുതൽ 12.03.2020 വരെ. |
| ശ്രീ.ഈശ്വരചന്ദ്രൻ നമ്പൂതിരി. ടി.സി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ. | 01.04.2019 മുതൽ 12.03.2020 വരെ. |
| ശ്രീമതി.ലിൻഷ.ടി.എ. | ഓഡിറ്റർ. | 01.04.2019 മുതൽ 12.03.2020 വരെ. |

(ബി)നിർവ്വഹണാധികാരികൾ.

| | | |
|---|---|---|
| ചെയർപേഴ്സൺ. | ശ്രീമതി.ബീഫാത്തിമ ഇബ്രാഹിം. | 01.04.2018 മുതൽ 31.03.2019 വരെ. |
| സെക്രട്ടറി. | ശ്രീ.സജികുമാർ.വി. | 01.04.2018 മുതൽ 31.03.2019 വരെ. |

(സി) നിർവ്വഹണ ഉദ്യോഗസ്ഥർ.

| ഉദ്യോഗപ്പേര്. | പേര്. | കാലയളവ്. |
|---|---|---|
| | | |

| | | |
|---|---|---|
| അഗ്രിക്കൾച്ചറൽ ഫീൽഡ് ഓഫീസർ. | ശ്രീമതി. വസന്ത എൻ. | 01.04.2018 മുതൽ 07.06.2018 വരെ. |
| | ശ്രീ.ഉബൈദ്. | 08.06.2018 മുതൽ 31.03.2019. |
| പട്ടിക ജാതി വികസന ഓഫീസർ. | ശ്രീ.പി.ബി.ബഷീർ. | 01.04.2018 മുതൽ 31.03.2019 വരെ. |
| പട്ടിക വർഗ്ഗ വികസന ഓഫീസർ. | ശ്രീ.ശശിധരൻ. | 01.04.2018 മുതൽ 05.06.2018 വരെ. |
| | ശ്രീ.എൻ.ഗിരീഷ് കുമാർ | 06.06.2018 മുതൽ 31.03.2019 വരെ. |
| ചീഫ് മെഡിക്കൽ ഓഫീസർ ആയുർവേദം. | ഡോ.സുഷമ. | 01.04.2018 മുതൽ 31.03.2019 വരെ. |
| വ്യവസായ വികസന ഓഫീസർ. | ശ്രീമതി.ഷിബി. | 01.04.2018 മുതൽ 13.11.2018 വരെ. |
| | ശ്രീമതി. രാജശ്രീ. ആർ.എൻ. | 14.11.2018 മുതൽ 31.03.2019 വരെ. |
| ഫിഷറീസ് ഇൻസ്പെക്ടർ. | ശ്രീ.അനിൽ കുമാർ എ.ജി. | 01.04.2018 മുതൽ 31.10.2018 വരെ. |
| | ശ്രീ.അനീഷ്. | 01.11.2018 മുതൽ 31.03.2019 വരെ. |
| അസിസ്റ്റന്റ് എഞ്ചിനീയർ ഓഫീസ്. | ശ്രീ.നിധീഷ്. | 01.04.2018മുതൽ 26.06.2018 വരെ. |
| | ശ്രീ.അരവിന്ദൻ. | 27.06.2018മുതൽ 31.07.2018 വരെ. |
| | ശ്രീ.അശോകൻ ബി. | 01.08.2018 മുതൽ 07.10.2018 വരെ. |
| | ശ്രീ.ഉണ്ണി.കെ. | 08.10.2018 മുതൽ 31.03.2019 വരെ. |
| സി.ഡി.എസ്. മെമ്പർ സെക്രട്ടറി. | ശ്രീ.അജീഷ്.എ.ആർ. | 01.04.2018 മുതൽ 31.03.2019 വരെ. |
| സീനിയർ വെറ്റിറനറി. | ഡോ. ബാലകൃഷ്ണ റാവു. | 01.04.2018 മുതൽ 31.03.2019 വരെ. |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ. | ശ്രീമതി. സബീന. | 01.04.2018 |

| | | |
|---|---|---|
| | | മുതൽ 31.07.2018 വരെ. |
| | ശ്രീമതി.കാർത്ത്യായനി. | 01.08.2018 മുതൽ 31.03.2019 വരെ. |
| മെഡിക്കൽ ഓഫീസർ (ജനറൽ ഹോസ്പിറ്റൽ) | ശ്രീ.രാജാറാം. | 01.04.2018 മുതൽ 31.03.2019 വരെ. |
| ഹെൽത്ത് സൂപ്പർവൈസർ. | ശ്രീ.വി.പി.അബ്ദുൾ റഹ്മാൻ. | 01.04.2018 മുതൽ 31.05.2018 വരെ. |
| | ശ്രീ.അനിൽകുമാർ എം.എം. | 01.06.2018 മുതൽ 23.07.2018 വരെ. |
| | ശ്രീ.മധുസൂദനൻ.എ.വി. | 24.07.2018മുതൽ 09.08.2018 വരെ. |
| | ശ്രീ.ഉസ്മാൻ ചാലിയാടൻ. | 10.08.2018 മുതൽ 31.03.2019 വരെ. |
| ചീഫ് മെഡിക്കൽ ഓഫീസർ (ഹോമിയോ). | ശ്രീ.പ്രശാന്ത്. | 01.04.2018 മുതൽ 31.03.2019 വരെ. |
| പ്രിൻസിപ്പാൾ ഗവ: എച്ച്.എസ്.എസ് . കാസറഗോഡ്. | ശ്രീ. സുബ്രായ | 01.04.2018 മുതൽ 31.11.2018 വരെ. |
| | നാരായണ നമ്പൂതിരി | 01.12.2018 മുതൽ 31.03.2019 വരെ. |
| പി.എ.യു. | അജേഷ്.ടി.ആർ | 01.04.2018 മുതൽ 31.03.2019 വരെ |

ഉള്ളടക്കം


| ക്രമ നം. | വിഷയം. | ഖണ്ഡിക നമ്പർ. |
|---|---|---|
| | ഭാഗം I<br>ഓഡിറ്റ് റിപ്പോർട്ട് | |
| 1. | ബജറ്റ് | 1-1 |
| 2. | വാർഷിക ധനകാര്യ പത്രിക. | 1-2 |
| 3. | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം | 1-3 |

| | | |
|---|---|---|
| | നൽകിയതിന്റെ വിവരം. | |
| 4. | സാമ്പത്തിക വിശകലനം | 1-4 |
| 5. | ഫണ്ട് വിനിയോഗം. | 1-5 |
| 6. | പദ്ധതി അവലോകനം. | 1-6 |
| 7. | തനത് വരുമാനം. | 1-7 |
| 8. | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി. | 1-8 |
| 9. | ക്ഷേമപദ്ധതികൾ. | 1-9 |
| 10. | ആഭ്യന്തര നിയന്ത്രണം - ഓഡിറ്റ് മാന്വൽ, പാർട്ട് I അനുബന്ധം-ബി. | 1-10 |
| 11. | ക്യാഷ് വേരിഫിക്കേഷൻ | 1-11 |
| 12. | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം. | 1-12 |
| 13 | വാർഷിക ധനകാര്യപത്രിക പരിശോധന സാക്ഷ്യപത്രം പ്രകാരം പരിഹരിക്കുവാൻ അവശേഷിക്കുന്ന അപാകതകൾ. | 1-13 |
| 14 | വാർഡ് സഭ സംഘാടനം | 1-14 |
| 15 | രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ | 1-15 |
| 16 | 2018-19 ൽ പിരിച്ചെടുത്ത ലൈബ്രറി സെസ്സ് അടവാക്കിയിട്ടില്ല. | 1-16 |
| 17 | മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കിയിട്ടില്ല. | 1-17 |
| 18 | വസ്തുനികുതി – അപാകതകൾ | 1-18 |
| 19 | സ്റ്റോക്ക് & സ്റ്റോർ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 1-19 |
| 20 | നഗരസഭയ്ക്ക് ലഭിച്ച ചെക്കുകൾ പണമാക്കി മാറ്റപ്പെടുന്നു എന്ന് ഉറപ്പ് വരുത്തുന്നില്ല – ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ വീഴ്ച. | 1-20 |
| 21 | നഗരസഭയ്ക്ക് വണ്ടിച്ചെക്ക് നൽകിയ സ്ഥാപനത്തിനെതിരെ നിയമ നടപടി സ്വീകരിക്കുകയോ പിഴ ഈടാക്കുകയോ ചെയ്തില്ല | 1-21 |
| 22 | കേരള ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ ആന്റ് ഫെസിലിറ്റേഷൻ (നം.2) ആക്ട് 2018 പ്രകാരം വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ - അപാകതകൾ | 1-22 |
| 23 | വിവിധ വ്യക്തികൾ/സ്ഥാപനങ്ങൾ എന്നിവ നൽകിയ ചെക്കുകൾ റിജക്ട് ചെയ്യപ്പെട്ടു - നഗരസഭാ ഫണ്ടിൽ നിന്നും ബാങ്ക് ചാർജ്ജ് ഈടാക്കി. | 1-23 |
| 24 | വേക്കൻസി റെമിഷൻ - പരിശോധന റിപ്പോർട്ടിലെ തീയതി വ്യാപകമായി തിരുത്തുന്നു. | 1-24 |
| 25 | സ്ഥാപന തൊഴിൽ നികുതി പിരിച്ചെടുത്തിട്ടില്ല. 26,250/- രൂപ ഈടാക്കേണ്ടതാണ്. | 1-25 |
| 26 | സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 1-26 |
| 27 | ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചതിലെ അപാകത – പ്ലോട്ട് ഏരിയ, ഉടമസ്ഥാവകാശം എന്നിവ പെർമിറ്റിലോ പ്ലാനിലോ വ്യക്തത ഇല്ല. | 1-27 |
| 28 | ഇ.ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില നഗരസഭയ്ക്ക് ലഭിച്ചിട്ടില്ല. | 1-28 |
| 29 | പണം പിൻവലിക്കൽ, പണം ഒടുക്കൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 1-29 |
| 30 | ഗവൺമെന്റ് താലൂക്ക് ആശുപത്രിക്ക് മരുന്ന് വാങ്ങൽ പദ്ധതിയിൽ, നൽകിയ മുഴുവൻ തുകയ്ക്കും മരുന്ന് ലഭ്യമാക്കിയിട്ടില്ല. | 1-30 |
| | | |

| | | |
|---|---|---|
| 31 | ഗവ. ആയുർവേദ ആശുപത്രി, ഗവ. ഹോമിയോ ഡിസ്പെൻസറി എന്നിവയ്ക്ക് മരുന്ന് വാങ്ങൽ പദ്ധതികൾ - നടപ്പിലാക്കിയതിലെ അപാകതകൾ. | 1-31 |
| 32 | പാലിയേറ്റീവ് കെയർ പദ്ധതിയ്ക്കായി മരുന്ന് വാങ്ങൽ - മുഴുവൻ മരുന്നും ലഭ്യമാക്കിയിട്ടില്ല. | 1-32 |
| 33 | പട്ടികജാതി കുടുംബങ്ങളുടെ ഭവന നിർമാണ ധനസഹായം പദ്ധതി - അപാകതകൾ | 1-33 |
| 34 | പട്ടികജാതി കുടുംബങ്ങളുടെ വീട് വൈദ്യുതീകരണം - മതിയായ രേഖകൾ ഹാജരാക്കാത്ത വ്യക്തികൾക്ക് മുഴുവൻ തുകയും നൽകി- മാർഗ്ഗരേഖകളുടെ ലംഘനം | 1-34 |
| 35 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനാവശ്യത്തിന് മേശയും കസേരയും വിതരണം പദ്ധതി നടപ്പിലാക്കിയതിലെ അപാകതകൾ | 1-35 |
| 36 | കാസറഗോഡ് നഗരസഭയിൽ സാലറി ചലഞ്ച് നടപ്പിലാക്കിയതിലെ അപാകതകൾ | 1-36 |
| 37 | യാത്രാബത്ത – ത്രൈമാസപരിധിയിൽ കവിഞ്ഞ് തുക അനുവദിച്ചു. | 1-37 |
| 38 | പദ്ധതി ചെലവുകൾക്കായി തനത് ഫണ്ടിൽ നിന്നു ചെലവഴിച്ച തുക തിരികെ ഈടാക്കിയിട്ടില്ല. | 1-38 |
| 39 | കുടിവെള്ളം ഡെപ്പോസിറ്റ് : ഗ്രൗണ്ട് വാട്ടർ വകുപ്പ് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകുകയോ, തുക തിരിച്ചടക്കുകയോ ചെയ്തിട്ടില്ല. | 1-39 |
| 40 | തളങ്കര പടിഞ്ഞാറ് പാർക്ക് നവീകരണ പ്രോജക്ട് : പ്രവൃത്തി നടപ്പാക്കിയതിലെ അപാകതകൾ. | 1-40 |
| 41 | നഗരസഭ ജീവനക്കാരുടെ പെൻഷൻ ഫണ്ട് : ഡെത്ത് കം റിട്ടയർമെന്റ് ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കപ്പെടുന്നില്ല. | 1-41 |
| 42 | നഗരസഭയിലേക്ക് ഓഫീസ് ആവശ്യത്തിനു ഇരുചക്ര വാഹനം വാങ്ങിയതിനു സർക്കാർ അനുമതി ലഭ്യമാക്കിയില്ല. | 1-42 |
| 43 | ഓഫീസ് ആവശ്യത്തിനു ഫർണിച്ചർ വാങ്ങിയത് - ടെണ്ടർ നടപടികൾ പാലിച്ചിട്ടില്ല. | 1-43 |
| 44 | പട്ടികവർഗ കുടുംബങ്ങളുടെ ഭവന പുനരുദ്ധാരണം ധനസഹായം പദ്ധതി - മതിയായ രേഖകൾ ഹാജരാക്കാത്ത വ്യക്തിയ്ക്ക് ആനുകൂല്യം നൽകി. | 1-44 |
| 45 | ഗ്രീൻ പ്രോട്ടോക്കോൾ പദ്ധതി - സാധന സാമഗ്രികൾ-വാങ്ങിയത് സംബന്ധിച്ച് വ്യക്തതയില്ല. 4,96,780/- രൂപ തടസ്സപ്പെടുത്തുന്നു. | 1-45 |
| 46 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി - മതിയായ തൊഴിൽ ദിനങ്ങളോ സമയബന്ധിതമായി പണിക്കൂലിയോ നല്കിയില്ല. | 1-46 |
| 47 | ഹൈസ്കൂളുകൾക്ക് സാനിറ്ററി നാപ്കിൻ വിത്ത് ഇൻസിനേറ്റർ - സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല. 39,000/- രൂപ തടസ്സപ്പെടുത്തുന്നു. | 1-47 |
| 48 | മഴക്കാല പൂർവ്വ ശുചീകരണം - ചെലവഴിച്ച 7,60,000/- രൂപ തടസ്സപ്പെടുത്തുന്നു. | 1-48 |
| 49 | മരാമത്ത് പ്രവൃത്തികളുടെ കരാർ ചമയ്ക്കുന്നതിൽ കാലതാമസം - പിഴ ഈടാക്കുന്നില്ല. | 1-49 |
| 50 | പൊതുമരാമത്ത് പ്രവൃത്തികൾക്ക് നിശ്ചിത മൂല്യമുള്ള മുദ്രക്കടലാസ്സിൽ കരാർ ചമയ്ക്കാത്തതിനാൽ സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ നഷ്ടം. | 1-50 |
| 51 | ബഡ്സ് സ്കൂളുകൾ പ്രവൃത്തിക്കുന്നതിലെ അപാകതകൾ | 1-51 |
| | | |

| | | |
|---|---|---|
| 52 | പച്ചക്കറി കൃഷി വികസനം -മാർഗ്ഗരേഖ പാലിച്ചിട്ടില്ല. | 1-52 |
| 53 | മുനിസിപ്പൽ കഫെ കെട്ടിടം -ലൈസൻസ് വ്യവസ്ഥയിൽ അനുവദിക്കുമ്പോൾ നിയമാവലിയിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിൽ വീഴ്ച വരുത്തി. | 1-53 |
| 54 | ഡിവൈഡർ സ്ട്രീറ്റ് ലൈറ്റ് റിപ്പേർ- സർക്കാർ ഉത്തരവുകൾ പാലിച്ചില്ല. | 1-54 |
| 55 | വൗച്ചറുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. | 1-55 |
| 56 | ആട്ടുവളർത്തൽ പദ്ധതി - അപാകതകൾ. | 1-56 |
| 57 | അങ്കണവാടി പോഷകാഹാര വിതരണം- ഭഷ്യധാന്യങ്ങൾക്ക് ചെലവഴിച്ച 4,90,126/-രൂപ തടസ്സപ്പെടുത്തുന്നു. | 1-57 |
| | ഭാഗം 2<br><br>വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 58 | കെട്ടിട നിർമ്മാണ പെർമിറ്റ് - ക്രമവത്ക്കരണ ഫീസ് ഈടാക്കാത്തതിനാൽ 1,14,531 രൂപ നഷ്ടം. | 2-1 |
| 59 | ബിൽഡിംഗ് പെർമിറ്റ് - FAR ന് ആനുപാതികമായി പെർമിറ്റ് ഫീ ഈടാക്കിയിട്ടില്ല. | 2-2 |
| ഭാഗം III<br><br>ചെലവ് -വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 60 | നഗരത്തിലെ പ്രധാന ജങ്ഷനുകളിൽ ക്ലോസ്ഡ് സർക്യൂട്ട് ടെലിവിഷൻ ക്യാമറ സ്ഥാപിച്ചതിൽ കുറവ് - നഗരസഭ ഫണ്ടിന് നഷ്ടം. | 3-1 |
| ഭാഗം IV<br><br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനം | | |
| 61 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം. | 4-1 |
| 62 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ. | 4-2 |
| 63 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം. | 4-3 |
| 64 | വായ്പ / വായ്പ തിരിച്ചടവ്. | 4-4 |
| 65 | സ്ഥിര നിക്ഷേപങ്ങൾ. | 4-5 |
| 66 | ഓഡിറ്റ് റിക്കവറി. | 4-6 |
| 67 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം. | 4-7 |
| 68 | ചാർജ് /സർചാർജ് നടപടികളുടെ വിവരം. | 4-8 |
| 69 | ഓഡിറ്റ് പ്രത്യവലോകനം. | 4-9 |
| 70 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ. | 4-10 |

<u>അനുബന്ധപത്രികകൾ</u>

1) ഓഡിറ്റ് സർട്ടിഫിക്കറ്റ്.

2) ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്.

3) റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്.

4) ബാലൻസ് ഷീറ്റ്.

## ഭാഗം -1

## ഓഡിറ്റ് റിപ്പോർട്ട്

### 1-1 ബജറ്റ്.

കാസറഗോഡ് നഗരസഭയുടെ 2018-19 വർഷത്തെ ബജറ്റ് 23/01/2018 തീയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരച്ചിട്ടുണ്ട്.

| | |
|---|---|
| മുന്നിരിപ്പ് | ₹7,15,00,467 |
| വരവ് | ₹44,53,47,600 |
| ആകെ | ₹51,68,48,067 |
| ചെലവ് | ₹45,45,68,000 |
| നീക്കിയിരിപ്പ് | ₹6,22,80,067 |

2018-19 ലെ വാർഷിക ബജറ്റ് പ്രകാരമുള്ള വരവ് ചെലവുകൾ യഥാർത്ഥ വരവ് ചെലവുമായി പൊരുത്തപ്പെട്ടുന്നില്ല. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ഇനം. | ബജറ്റ് പ്രകാരമുള്ളത്. | യഥാർത്ഥ വരവ് ചെലവ്. |
|---|---|---|
| വരവ്. | ₹44,53,47,600 | ₹21,92,83,557 |
| ചെലവ്. | ₹45,45,68,000 | ₹20,16,16,762 |

തൻവർഷത്തെ യഥാർത്ഥ വരവ് പ്രതീക്ഷിത വരവിന്റെ 49% മാത്രമാണ്. യഥാർത്ഥ ചെലവാകട്ടെ പ്രതീക്ഷിത ചെലവിന്റെ 44% വും ഈ സാഹചര്യത്തിൽ ബജറ്റ് തയ്യാറാക്കുന്നതിന് വസ്തുനിഷ്ഠമായ പരിശോധനയുടെ അടിസ്ഥാനത്തിലല്ല എന്ന് വിലയിരുത്തുന്നു. ബജറ്റ് നിർദ്ദേശങ്ങൾ വസ്തുനിഷ്ഠമായി തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. വിവിധ ഇനങ്ങളിലുള്ള പ്രതീക്ഷിത വരവു ചെലവുകൾ യാഥാർത്ഥ്യത്തിൽ നിന്നും ഏറെ അകലെയാണ്. ബഡ്ജറ്റ് പരമാവധി കൃത്യതയോടെ നിർവഹിക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ കൗൺസിലിന്റെയും സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും സവിശേഷ ശ്രദ്ധ പതിയേണ്ടിരിക്കുന്നു.

### 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി. | ലഭിച്ച തീയതി. | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി. | അപാകത പരിഹരിച്ച് ലഭിച്ച തീയതി. |
|---|---|---|---|
| 31/07/2018 | 05/07/2018 | - | - |

### 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം.

| വർഷം. | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി. | സർട്ടിഫിക്കറ്റ് നമ്പർ/തീയതി. |
|---|---|---|
| 2018-19. | 19.08.2019 മുതൽ 22.08.2019 വരെ. | കെ.എസ്.എ/ കെ.എസ്.എം2/244/2019 തീയതി 26.08.2019. |

### 1-4 സാമ്പത്തിക വിശകലനം.

| | |
|---|---|
| മുന്നിരിപ്പ്. | ₹7,39,16,227 |
| | |

| | |
|---|---|
| വരവ്. | ₹2,19,28,3557 |
| ആകെ. | ₹2,93,199,784 |
| ചെലവ്. | ₹20,16,16,762 |
| നീക്കിയിരിപ്പ്. | ₹9,15,83,022 |

## 1-5 ഫണ്ട് വിനിയോഗം.

ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം).

| ഫണ്ടിനം. | മുന്നിരിപ്പ്. | വരവ്. | ആകെ. | ചെലവ്. | നീക്കിയിരിപ്പ്. | ശതമാനം. |
|---|---|---|---|---|---|---|
| വികസനഫണ്ട്- ജനറൽ. | 0 | ₹5,44,10,123 | ₹5,44,10,123 | ₹3,51,43,964 | ₹1,92,66,159 | 64.59 |
| വികസനഫണ്ട് എസ്.സി.പി | 0 | ₹43,63,344 | ₹43,63,344 | ₹31,45,288 | ₹12,18,056 | 72.08 |
| വികസഫണ്ട് ടി.എസ്.പി | 0 | ₹4,42,666 | ₹4,42,666 | ₹2,24,680 | ₹2,17,986 | 50.75 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | ₹3,41,31,000 | ₹3,41,31,000 | ₹1,50,89,244 | ₹1,90,41,756 | 44.20 |
| സംരക്ഷണ ഗ്രാന്റ് നോൺറോഡ് | 0 | ₹1,11,21,000 | ₹1,11,21,000 | ₹49,65,251 | ₹61,55,749 | 44.64 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്. | 0 | ₹5,50,13,000 | ₹5,50,13,000 | ₹2,27,68,787 | ₹3,22,44,213 | 41.38 |
| കെ..എൽഎസ്.ജി.ഡി.പി. | 0 | 0 | 0 | 0 | 0 | |

നീക്കിയിരിപ്പ് തുകകൾ സഞ്ചിത നിധിയിൽ ലയിപ്പിക്കപ്പെട്ടവയാണ് .

<u>ഫണ്ട് വിനിയോഗം റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം.</u>

| ഫണ്ടിനം. | | മുന്നിരിപ്പ്. | വരവ്. | ആകെ. | ചെലവ്. | നീക്കിയിരിപ്പ്. |
|---|---|---|---|---|---|---|
| വികസനഫണ്ട്- ജനറൽ. | | 0 | ₹35,093,964 | ₹35,093,964 | ₹35,093,964 | 0 |
| വികസനഫണ്ട് എസ്.സി.പി. | | 0 | ₹31,45,288 | ₹31,45,288 | ₹31,45,288 | 0 |
| വികസഫണ്ട് ടി.എസ്.പി. | | 0 | ₹2,24,680 | ₹2,24,680 | ₹2,24,680 | 0 |
| സംരക്ഷണഗ്രാന്റ് റോഡ്. | | 0 | ₹1,50,89,244 | ₹1,50,89,244 | ₹1,50,89,244 | 0 |
| സംരക്ഷണ ഗ്രാന്റ് നോൺറോഡ്. | | 0 | ₹49,65,251 | ₹49,65,251 | ₹49,65,251 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്. | | 0 | ₹1,79,41,382 | ₹1,79,41,382 | ₹1,79,41,382 | 0 |
| കെ..എൽ.എസ്.ജി.ഡി.പി. | | 0 | 0 | 0 | 0 | 0 |
| സാക്ഷരത. | | ₹11,521 | ₹407 | ₹11,928 | 0 | ₹11,928 |
| ദുരിതാശ്വാസ നിധി. | | 0 | 0 | 0 | 0 | 0 |
| എം.എൻ. ആർ..ജി.എസ്. | തൊഴിലാളികളുടെ കൂലി. | 0 | 0 | 0 | ₹8,24,501 | ₹66,78,486 |
| | അഡ്മിനിസ്റ്റേറ്റീവ് ചെലവ്. | ₹28,35,217 | ₹51,74,272 | ₹80,09,489 | ₹5,06,502 | |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക). | പി.എം.എ.വൈ | ₹87,65,113 | ₹85,74,124 | ₹1,73,39,237 | ₹43,78,341 | ₹1,29,60,896 |
| | SWF | ₹2,32,47,334 | ₹9,43,933 | ₹2,41,91,267 | 0 | ₹2,41,91,267 |
| | ISUI | ₹44,25,931 | ₹1,56,938 | ₹45,82,869 | 0 | ₹45,82,869 |
| | NULM | ₹19,33,303 | ₹29,60,946 | ₹48,94,249 | ₹14,99,276 | ₹33,94,973 |
| | RMSA | ₹5,55,000 | 0 | ₹5,55,000 | 0 | ₹5,55,000 |
| | Swachh Bharat (ICICI) | ₹12,53,992 | 0 | ₹12,53,992 | ₹0 | ₹12,53,992 |
| | Total | ₹4,01,80,673 | ₹1,26,35,941 | ₹5,28,16,614 | ₹58,77,617 | ₹4,69,38,997 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | AUEGS | ₹28,35,217 | ₹51,74,272 | ₹80,09,489 | ₹13,31,003 | ₹66,78,486 |
| | സാക്ഷരത | ₹11,521 | ₹407 | ₹11,928 | ₹0 | ₹11,928 |
| | AUEGS (SBT) | ₹3,320 | 0 | ₹3,320 | ₹3,320 | --- |
| | Total | ₹28,50,058 | ₹51,74,679 | ₹80,24,737 | ₹13,34,323 | ₹66,90,414 |
| ബി ഫണ്ട് | കാർഷകതൊഴിലാളി പെൻഷൻ | 0 | ₹3,72,900 | ₹3,72,900 | ₹3,72,900 | -- |
| | നെൽകൃഷി ഉത്പാദന ബോണസ് | 0 | ₹8,000 | ₹8,000 | ₹8,000 | -- |

| | | | | | | |
|---|---|---|---|---|---|---|
| | വാർദ്ധക്യകാല പെൻഷൻ | 0 | ₹3,16,68,900 | ₹3,16,68,900 | ₹3,16,68,900 | - |
| | വികലാംഗ പെൻഷൻ | 0 | ₹78,03,200 | ₹78,03,200 | ₹78,03,200 | -- |
| | 50 വയസ്സ് കഴിഞ്ഞ അവിവാഹിത പെൻ ഷൻ | 0 | ₹4,29,100 | ₹4,29,100 | ₹4,29,100 | -- |
| | വിധവാ പെൻഷൻ | 0 | ₹2,47,32,100 | ₹2,47,32,100 | ₹2,47,32,100 | -- |
| | തൊഴിൽ രഹിത വേതനം. | 0 | ₹1,66,800 | ₹1,66,800 | ₹1,66,800 | -- |
| | വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം. | 0 | ₹8,40,000 | ₹8,40,000 | ₹8,40,000 | --- |
| ജനറൽ പർപ്പസ് ഗ്രാന്റ്. | | ₹3,18,777 | ₹10,37,11,773 | ₹10,40,30,550 | ₹9,34,29,389 | ₹1,06,01,161 |
| തനത് ഫണ്ട്. | ബാങ്ക് അക്കൗണ്ട്. | ₹2,78,82,895 | ₹8,49,57,508 | ₹11,28,40,403 | ₹8,72,05,751 | ₹2,56,34,652 |
| | ട്രഷറി അക്കൗണ്ട്. | ₹9,80,080 | ₹3,92,80,826 | ₹4,02,60,906 | ₹2,94,88,058 | ₹1,07,72,848 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ്. | ഭാഗീകമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രൊജക്ടുകളുടെ ശതമാനം. |
|---|---|---|---|---|---|---|
| 426 | ₹23,71,10,892 | 169 | ₹8,12,78,279 | 230 | 27 | 39.67 |

നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം .

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2018-19 വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2018-19 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി. കാസറഗോഡ് മുനിസിപ്പാലിറ്റി | 13 | ₹1,15,23,773 | 8 | ₹92,16,868 | 79.98 |
| 2 | അസിസ്റ്റന്റ് എഞ്ചിനീയർ | 353 | ₹16,40,95,506 | 118 | ₹4,12,24,927 | 25.12 |
| 3 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1 | ₹4,96,000 | 1 | ₹4,96,000 | 100 |
| 4 | മെഡിക്കൽ ഓഫീസർ, ആയുർവേദം | 1 | ₹15,00,000 | 1 | ₹15,00,000 | 100 |
| 5 | മെഡിക്കൽ ഓഫീസർ, ഹോമിയോ | 1 | ₹2,00,000 | 1 | ₹2,00,000 | 100 |
| 6 | അഗ്രികൾച്ചർ ഓഫീസർ | 5 | ₹48,52,133 | 5 | ₹35,84,377 | 73.87 |

| | | | | | | |
|---|---|---|---|---|---|---|
| 7 | വെറ്റിനറി സർജൻ | 2 | ₹4,60,000 | 2 | ₹1,10,000 | 23.91 |
| 8 | നഗരദാരിദ്യ നിർമാർജന മിഷൻ പ്രൊജക്ട് ഓഫീസർ | 10 | ₹1,47,87,090 | 6 | ₹25,67,555 | 17.36 |
| 9 | പട്ടികജാതി വികസന ഓഫീസർ | 7 | ₹26,81,500 | 6 | ₹2,2,81,500 | 85.08 |
| 10 | ഹെൽത്ത് ഓഫീസർ | 10 | ₹2,33,47,560 | 6 | ₹1,20,04,980 | 51.42 |
| 11 | മെഡിക്കൽ ഓഫീസർ താലൂക്ക് ആശുപത്രി | 3 | ₹20,38,330 | 2 | ₹15,47,940 | 75.94 |
| 12 | പ്രിൻസിപ്പാൾ, ഗവ: വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ | 10 | ₹29,00,000 | 5 | ₹4,14,110 | 14.28 |
| 13 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 7 | ₹78,50,000 | 5 | ₹59,05,342 | 75.23 |
| 14 | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 3 | 3,79,000 | 3 | 2,24,680 | 59.28 |
| ആകെ | | 426 | ₹23,71,10,892 | 169 | ₹8,12,78,279 | 39.67 |

| മേഖല. | അംഗീകരിച്ച പദ്ധതി പ്രകാരം 2018-19 വർഷം നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം. | | അംഗീകരിച്ച പദ്ധതി പ്രകാരം 2018-19 വർഷം നടപ്പാക്കിയ പദ്ധതികളുടെ വിവരം. | | |
|---|---|---|---|---|---|
| | എണ്ണം. | അടങ്കൽ | എണ്ണം. | ചെലവ് തുക | ചെലവിന്റെ ശതമാനം. |
| ഉൽപാദന മേഖല | 14 | 1,51,88,753 | 9 | 40,74,556 | 26.82 |
| സേവന മേഖല | 124 | 10,07,15,740 | 58 | 4,09,88,228 | 40.69 |
| പശ്ചാത്തല മേഖല | 288 | 12,12,06,399 | 102 | 3,62,15,495 | 29.87 |
| ആകെ. | 426 | ₹23,71,10,892 | 169 | ₹8,12,78,279 | 34.27 |

2018-19 സാമ്പത്തിക വർഷം ആകെ 426 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചെങ്കിലും 169 പദ്ധതികൾ മാത്രമാണ് തൻവർഷം നടപ്പിലാക്കിയത്. ആയത് അംഗീകാരം ലഭിച്ച പദ്ധതികളുടെ 34.27% മാത്രമാണ്. തൻവർഷം 353 പൊതുമരാമത്ത് പ്രവൃത്തികളാണ് അംഗീകരിച്ച പദ്ധതി പ്രകാരം നടപ്പാക്കേണ്ടിയിരുന്നത്. എന്നാൽ 118 മരാമത്ത് പ്രവൃത്തികൾ മാത്രമേ നടപ്പാക്കാൻ സാധിച്ചുള്ളൂ. തൻവർഷം വകയിരുത്തിയ തുകയുടെ 25.12% മാത്രമാണ് അസിസ്റ്റന്റ് എഞ്ചിനീയർ ചെലവഴിച്ചത് . നിർവ്വഹണ ഉദ്യോഗസ്ഥനായ വെറ്റിനറി സർജൻ തൻവർഷം വകയിരുത്തിയ തുകയുടെ 23.91% മാത്രമാണ് ചെലവഴിച്ചത്. അതുപോലെ നഗരദാരിദ്ര്യ നിർമാർജന ഓഫീസർ തൻവർഷം വകയിരുത്തിയ തുകയുടെ 17.36% മാത്രമാണ് ചെലവഴിച്ചത്.

പ്രിൻസിപ്പാൾ, ഗവ: വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ തൻവർഷം വകയിരുത്തിയ തുകയുടെ 14.28% മാത്രമാണ് ചെലവഴിച്ചത്. നിർവഹണ ഉദ്യോഗസ്ഥരുടെ കുറഞ്ഞ ചെലവ് ശതമാനം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ആവിഷ്കരിച്ച വികസന പദ്ധതികൾ നടപ്പാക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിന് ഭരണസമിതിയും സത്വരശ്രദ്ധ ഉണ്ടാകേണ്ടതാണ്.

<u>വർക്കിംഗ് ഗ്രൂപ്പുകൾ</u>

പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി വർക്കിംഗ് ഗ്രൂപ്പുകൾ ആവശ്യമായ പദ്ധതി നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. എന്നാൽ പദ്ധതിയുടെ നിർവഹണ ഘട്ടങ്ങളിൽ നടത്തുന്ന ഇടപെടലുകൾ കൂടുതൽ കാര്യക്ഷമമാക്കേണ്ടതായിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകളാണ് മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കേണ്ടത് എന്നതിനാൽ പദ്ധതികൾ പരിപൂർണമായ വിജയം കൈവരിക്കുന്നതിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ മേൽനോട്ടം അത്യാവശ്യമാണ്.

പദ്ധതികളുടെ അടങ്കൽ തുകയെക്കുറിച്ച് വിലയിരുത്തൽ നടത്തേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളാണ്. അത്തരം വിലയിരുത്തലുകൾ വർക്കിംഗ് ഗ്രൂപ്പുകൾ നടത്തിയിട്ടുണ്ട്. പ്രൊജക്ടുകളുടെ പരിസ്ഥിതി ആഘാത സാധ്യതകൾ പരിശോധിക്കേണ്ടത് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളാണ്. ചെറുതും ഫലപ്രാപ്തി കുറഞ്ഞതുമായ പ്രൊജക്ടുകൾ ഒഴിവാക്കേണ്ടുന്ന ചുമതലയും ബന്ധപ്പെട്ട മേഖലയിലെ വർക്കിംഗ് ഗ്രൂപ്പുകൾക്കാണ്. എന്നാൽ ഇത്തരം പ്രവർത്തനങ്ങൾ നടത്തിയത് സംബന്ധിച്ച വിവരങ്ങളൊന്നും വർക്കിംഗ് ഗ്രൂപ്പ് മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല. ഭാവിയിൽ ഈ അപാകത പരിഹരിക്കേണ്ടതാണ്.

വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ 2018-19 വർഷം ചേർന്ന യോഗങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വർക്കിംഗ് ഗ്രൂപ്പിന്റെ പേര്. | ചേർന്ന യോഗങ്ങളുടെ എണ്ണം. |
|---|---|---|
| 1. | പൊതുഭരണവും ധനകാര്യവും | 4 |
| 2. | കൃഷിയും അനുബന്ധമേഖലകളും | 5 |
| 3. | മൃഗസംരക്ഷണം ക്ഷീരവികസനം. | 3 |
| 4. | പ്രാദേശിക വികസനം. | 2 |
| 5. | ദാരിദ്ര ലഘൂകരണം, ചേരി പരിഷക്കരണം. | 3 |
| 6. | സാമൂഹ്യ നീതി. | 3 |
| 7. | വനിതാ വികസനം. | 5 |
| 8. | പട്ടികജാതി വികസനം. | 5 |
| 9. | ആരോഗ്യം | 4 |
| 10. | ശുചിത്വം മാലിന്യ സംസ്കരണം. | 2 |
| 11. | വിദ്യാഭ്യസം, കല, സംസ്കാരം കായിക യുവജനക്ഷേമം. | 0 |
| 12. | കുടിവെള്ളം. | 3 |
| 13. | പൊതുമരാമത്ത്. | 0 |
| 14. | പട്ടിക വർഗ്ഗ വികസനം. | 0 |
| 15. | മത്സ്യ ബന്ധനം. | 3 |
| 16. | ജൈവവൈവിധ്യ മാനേജ്മെന്റ്, കാലാവസ്ഥ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം ദുരന്ത നിവാരണം. | 2 |

തീരെ യോഗം ചേരാത്ത ക്രമ നമ്പർ 11,13,14 എന്നി വർക്കിംഗ് ഗ്രൂപ്പുകളുടെ വിഷയത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

1. വിവാഹ ധനസഹായം

2. ശുചീകരണ സാധനങ്ങൾ വാങ്ങൽ
3. സൗത്ത് കൊറക്കോട് ഡ്രെയിൻ & കവറിംഗ് സ്ലാബ്
4. ഡ്രെയിനേജ് & കവറിംഗ് സ്ലാബ് -ജെ.പി.കോളനി -വാർഡ് -8
5. എം.ജി. കോളനി റോഡ് മെയിന്റനൻസ്
6. ടാറിംഗ് & പാച്ച് വർക്ക് - നേൽക്കള മെയിൻ ലെവൽ വാർഡ്
7. തുരുത്തി ആയംപാറ കോളനി റോഡ് കോൺക്രീറ്റിംഗ് - വാർഡ് 14
8. റഹ്മത്ത് നഗർ പള്ളി ക്വാർട്ടേഴ്സ് റോഡ് കോൺക്രീറ്റിംഗ് - വാർഡ് -21
9. ബാങ്കോട് കെ.കെ.പുറം സൈഡ് വാൾ - വാർഡ്-25
10. ബദർ പള്ളിക്ക് സമീപമുള്ള നിലവിലെ ഓവുചാലിൽ കവറിംഗ് റോഡ് സ്ഥാപിച്ച് തീരദേശ റോഡിലേക്ക് ബന്ധിപ്പിച്ച് ഗതാഗത യോഗ്യമാക്കാൽ - വാർഡ് -30
11. ബങ്കര കുന്ന് ലാസ്റ്റ് റോഡ് റീടാറിംഗ് - വാർഡ് -32
12. നെല്ലിക്കുന്ന് പാലത്തിനടുത്ത് ഫുട്പാത്ത് നിർമ്മാണം -വാർഡ് -30
13. ഓൾഡ് സ്കൂൾ മുതൽ മുത്തോണി ആയത്താറിന്റെ വീട് വരെ ഫുട്പാത്ത് ഡ്രെയിനേജ് - വാർഡ് -37
14. പ്രീതി നടേശന്റെ വീടുവരെ ഡ്രെയിനേജ് -വാർഡ് -37
15. സത്യനാരായണ മഠം മുതൽ കിഴക്ക് ഭാഗം റോഡ് കോൺക്രീറ്റിംഗ്- വാർഡ് 37
16. മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി യൂണിറ്റ്.
17. നെല്ലിക്കുന്ന് ജംഗ്ഷൻ മുതൽ ബങ്കാരകുന്ന് ഡ്രേയിനേജ് കവറിംഗ് സ്ലാബ് -വാർഡ് -2
18. നഗരസഭയുടെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിച്ച് തെരുവ് വിളക്ക് സ്ഥാപിക്കൽ (ബ്രേയ്ക്കൽ സ്ഥാപിക്കൽ)
19. വിവിധ റോഡുകൾ മെയിന്റനൻസ്.

## 1-7 തനത് വരുമാനം.

<u>നികുതി വരവ്.</u>

| ഇനം | 2017-18 വർഷത്തെ വരവ്. | 2018-19 വർഷത്തെ വരവ്. | വർദ്ധനവ്/ കുറവ്. | വർദ്ധനവിന്റെ / കുറവിന്റെ ശതമാനം. (+) /(-) |
|---|---|---|---|---|
| വസ്തു നികുതി. | ₹4,33,60,291 | ₹29851136 | (-)1,35,09,155 | (-)31.15% |
| തൊഴിൽ നികുതി. | ₹1,40,32,630 | ₹1,48,27,601 | (+)7,94,971 | (+) 5.66% |
| വിനോദ നികുതി. | ₹16,57,174 | 0 | (-) 16,57,174 | (-)100% |
| പരസ്യ നികുതി. | ₹2,19,330 | 0 | (-)2,19,330 | (-)100% |
| ആകെ | ₹5,92,69,425 | ₹4,46,78,737 | (-)1,45,90,688 | (-)24.61 |

നികുതിയേതര വരവ്.

| ഇനം. | 2017-18 വർഷത്തെ വരവ്. | 2018-19 വർഷത്തെ വരവ്. | വർദ്ധനവ്/ കുറവ്. | വർദ്ധനവിന്റെ / കുറവിന്റെ ശതമാനം. (+) /(-) |
|---|---|---|---|---|
| വാടക. | ₹1,70,45,273 | ₹1,55,29,701 | (-)15,15,572 | (-)8.89% |
| ഫീസ്. | ₹48,55,703 | ₹18,01,760 | (-) 30,53,943 | (-)62.89% |
| വിൽപ്പന വരവ്. | ₹52,99,962 | ₹70,31,970 | (+) 17,32,008 | (+)32.67% |
| ആകെ. | 2,72,00,938 | 2,43,63,431 | (-)28,37,507 | (-)10.43 |

## 1-8 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി.

| ഇനം. | മുന്നിരുപ്പ് | വരവ് | ആകെ. | ചെലവ് | നീക്കിയിരിപ്പ്. |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 28,35,217 | 51,74,272 | 80,09,489 | 5,06,502 | 66,78,486 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്. | 0 | 0 | 0 | 8,24,501 | |
| ആകെ. | 2835,217 | 51,74,272 | 80,09,489 | 13,31,003 | 66,78,486 |

അയ്യങ്കാളി തൊഴിലുറുപ്പ് പദ്ധതികൾക്കായി 2018-19 വർഷം 21പദ്ധതികളുൾപ്പെടുന്ന ആക്ഷൻ പ്ലാൻ നഗരസഭ തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. എന്നാൽ തൻ വർഷം 4 പദ്ധതികൾ മാത്രമാണ് നടപ്പാക്കിയത്. തൻ വർഷം വിവിധ പദ്ധതികളിലായി ആകെ 87718 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. നൂറ് തൊഴിൽ ദിനം ലഭിച്ച കുടുബങ്ങൾ ഇല്ല. പ്രസ്തുത പദ്ധതികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സത്വരനടപടികൾ ഉണ്ടാകേണ്ടതാണ്

## 1-9 ക്ഷേമപദ്ധതികൾ

തൻവർഷം മുനിസിപ്പാലിറ്റി നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം. | ₹1,66,800 | 99 |
| കർഷകതൊഴിലാളി പെൻഷൻ. | ₹3,72,900 | 33 |
| വിധവ പെൻഷൻ. | ₹2,47,32,100 | 2035 |
| വാർദ്ധക്യകാല പെൻഷൻ. | ₹3,16,68,900 | 2557 |
| വികലാംഗപെൻഷൻ. | ₹78,03,200 | 645 |
| അവിവാഹിതരായ 50 വയസിനു മുകളിൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ. | ₹4,29,100 | 28 |
| വിധവകളുടെ പെൺമക്കളുടെ | ₹8,40,000 | 28 |

| | | |
|---|---|---|
| വിവാഹധനസഹായം. | | |

## 1-10 ആഭ്യന്തര നിയന്ത്രണം( ഓഡിറ്റ് മാന്വൽ പാർട്ട് I അനുബന്ധം ബി).

ആഭ്യന്തര നിയന്ത്രണം. ( ഓഡിറ്റ് മാന്വൽ പാർട്ട് I അനുബന്ധം ബി).

1. ജീവനക്കാരുടെ സേവനപുസ്തകം കൃത്യമായി പരിപാലിക്കുന്നുണ്ട്. ജീവനക്കാരുടെ ശമ്പളവും മറ്റാനുകൂല്യങ്ങളും ബാങ്ക് അക്കൗണ്ട് മുഖേനയാണ് വിതരണം ചെയ്യുന്നത്. ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷനും മറ്റ് ശമ്പള റിക്കവറികളും കൃത്യമായി ഈടാക്കി ബന്ധപ്പെട്ട വകുപ്പിലേക്ക് ഒടുക്കുന്നുണ്ട്. ജീവനക്കാരുടെ ശമ്പളപരിഷ്കരണ പ്രകാരമുള്ള ശമ്പള നിർണ്ണയത്തിന് യഥാസമയങ്ങളിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും അംഗീകാരം വാങ്ങുന്നുണ്ട്.

പേഴ്സണൽ രജിസ്റ്റർ എഴുതി സൂക്ഷിക്കുവാൻ ചുമതലപ്പെട്ട ജീവനക്കാർ പേഴ്സണൽ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നുണ്ട്. ഇൻകുമ്പൻസി രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കുന്നില്ല. ലോൺ രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്.

നഗരസഭ കാര്യാലയത്തിലെ ജീവനക്കാരുടെ യോഗം (സ്റ്റാഫ് മീറ്റിംഗ്) 2018-19 സാമ്പത്തിക വർഷം ചേർന്നിട്ടില്ല. അതുപോലെ ഫ്രണ്ട് ഓഫീസ് മോണിറ്ററിംഗ് സമിതി ഓഡിറ്റ് വർഷം യോഗം ചേർന്നിട്ടില്ല. അക്കൗണ്ട്സ് റൂളുകളും അക്കൗണ്ട്സ് പോളിസികളും കൃത്യമായി പാലിക്കുന്നില്ല. ദിവസാന്ത്യ/മാസാന്ത്യ/വർഷാന്ത്യ നടത്തേണ്ട പൊരുത്തപ്പെടുത്തലുകൾ കൃത്യമായി ചെയ്യുന്നില്ല. സ്ഥാപനത്തിലെ എല്ലാ ബാങ്ക് ഇടപാടുകളും വാർഷിക ധനകാര്യ പത്രികകയിൽ ഉൾപ്പെട്ടിട്ടില്ല. ദിവസേനയുള്ള വരവുകൾ ബാങ്കിൽ കൃത്യമായി ഒടുക്കുന്നുണ്ട്. ചെക്ക് ഇഷ്യു രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നുണ്ട്. ചെക്ക് ആന്റ് ഡ്രാഫ്റ്റ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. ബാങ്ക് /ട്രഷറി അക്കൗണ്ടുകളുടെ പൊരുത്തപ്പെടുത്തലുകൾ തയ്യാറാക്കി കൃത്യമായി സൂക്ഷിക്കുന്നില്ല.

ടെണ്ടർ നടപടി ക്രമങ്ങൾ സ്ഥാപനങ്ങൾ കൃത്യമായി പാലിക്കുന്നില്ല. സാധന സാമഗ്രികളുടെ സമാഹരണവുമായി ബന്ധപ്പെട്ട ഫയലുകളും രജിസ്റ്ററുകളും കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല.

2. ആസ്തികളുടെ പരിപാലനം:-

നഗരസഭയുടെ തനത് ആസ്തികൾ വാങ്ങുന്നതിന് പ്രോക്യൂർമെന്റ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെങ്കിലും വാങ്ങലിന്റെ നടപടിക്രമങ്ങൾ പൂർണ്ണമായും പാലിക്കപ്പെടുന്നില്ല. നിലവിലെ ആസ്തികളുടെ സംരക്ഷണം സംബന്ധിച്ച് പരിശോധിച്ചതിൽ ആസ്തികൾ നമ്പറിങ് നടത്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. നിലവിൽ വാങ്ങിയ ആസ്തികളുടെ ഗ്യാരന്റി, വാറന്റി എന്നിവ സംബന്ധിച്ച് മോണിറ്ററിങ് ഇല്ല. എല്ലാ ആസ്തികൾക്കും നമ്പറിങ് നടത്തി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. തെരുവ് വിളക്ക് സംബന്ധിച്ച് സ്റ്റാറ്റസ് റിപ്പോർട്ട് അപൂർണ്ണമാണ്. ആയതിന്റെ ആസ്തി രജിസ്റ്റർ ഇലക്ട്രിക് പോസ്റ്റുകൾ നമ്പറിങ് നടത്തി രജിസ്റ്ററിൽ ചേർത്തിട്ടില്ല. ആയതിനാൽ വാറന്റിയുള്ള ലൈറ്റുകൾ ഫിറ്റ് ചെയ്താൽ അവ ഏതാണെന്ന് മനസ്സിലാക്കുന്നതിനും റിപ്പയർ നടത്താനും സംവിധാനം ഇല്ല. നിലവിൽ ഇലക്ട്രിസിറ്റി ചാർജ്ജ് ഇനത്തിൽ വൻ തുക നൽകിവരുന്നുണ്ട്. സംയുക്ത പരിശോധന നടത്തി കൃത്യമായ വിവരത്തിന്റെ അടിസ്ഥാനത്തിൽ ഇലക്ട്രിസിറ്റി ചാർജ്ജ് ക്രമീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തി പൊതു ടാപ്പുകളുടെ കൃത്യത പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

3. മറ്റ് പ്രസക്തമായവ:-

നഗരസഭ പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും, ഉള്ളവ വർദ്ധിപ്പിക്കുന്നതിനുമുള്ള തീരുമാനങ്ങൾ എടുത്തു നടപ്പിലാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്ത് നിന്ന് നടപടി ഉണ്ടായിട്ടില്ല. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി പുതിയ വരുമാന സ്രോതസ്സുകൾ, നികുതി ഇനങ്ങൾ ഉൾപ്പെടെയുള്ളവ, കണ്ടെത്തുന്നതിനും ചുമതലപ്പെടുത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിച്ചിട്ടില്ല.

## 1-11 ക്യാഷ് വെരിഫിക്കേഷൻ.

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27-01-2020 ന് (4.30 pm) സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 92,028/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-12 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.

| ഓഡിറ്റ്. | അവസാനം ഓഡിറ്റ് നടത്തിയ തീയതി. | ഓഡിറ്റ് കാലയളവ്. | റിപ്പോർട്ട് ലഭിച്ച തീയതി. |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ്. | 13.07.2015 മുതൽ 17.07.2015 വരെ | 2011-12 മുതൽ 2014-15 വരെ. | എഫ് -4735/14 തീയതി 24.02.2015 |
| അക്കൗണ്ട് ജനറലിന്റെ ഓഡിറ്റ്. | 23.12.2019 മുതൽ 15.01.2020 വരെ | 2016-17 മുതൽ 2018-19 വരെ. | ഇല്ല. |

## 1-13 വാർഷിക ധനകാര്യപത്രിക പരിശോധന സാക്ഷ്യപത്രം പ്രകാരം പരിഹരിക്കുവാൻ അവശേഷിക്കുന്ന അപാകതകൾ.

കാസറഗോഡ് നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1) 2017-18 വർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധന സാക്ഷ്യപത്രത്തിൽ (കെ.എസ്.എ/കെ.എസ്.എം2/378/18 തീയതി 01.09.2018) പരാമർശിച്ചിട്ടുള്ള അപാകതകൾ പരിഹരിച്ചത് സംബന്ധിച്ച വിശദാംശങ്ങൾ 2018-19 വാർഷിക കണക്കിനോടൊപ്പം സമർപ്പിച്ചിട്ടില്ല.

2)2017-18 വർഷത്തെ നീക്കിയിരിപ്പും 2018-19 ന്റെ മുന്നിരിപ്പും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

2017-18 വാർഷിക ധനകാര്യ പത്രിക പ്രകാരം ബാങ്ക് നീക്കിയിരിപ്പ് 6,81,30,573.04/-രൂപ

2018-19 വാർഷിക ധനകാര്യ പത്രിക പ്രകാരം ബാങ്ക് മുന്നിരിപ്പ് 7,20,05,185.04/- രൂപ

| കോഡ്. | ഹെഡ് ഓഫ് അക്കൗണ്ട് | 2017-18 നീക്കിയിരിപ്പ് (RP - 40b) | 2018-19 മുന്നിരിപ്പ് (RP - 40a) |
|---|---|---|---|
| 450210100 | ആന്ധ്രാ ബാങ്ക്. | 11,699.00 | 11,482.00 |
| 450210400 | കോർപ്പറേഷൻ ബാങ്ക് A/c. No.8403. | 25,55,004.54 | 31,08,370.54 |
| 450210600 | എസ്.ബി.റ്റി.സി A/c.No.2843. | 19,86,194.00 | 26,15,381.00 |
| 450250101 | ടി.എസ്.ബി (തനതു ഫണ്ട്) അക്കൗണ്ട്. | (-)4,35,892.00 | 318777.00 |
| 450410300 | പഞ്ചാബ് നാഷണൽ ബാങ്ക് (ഐ.എസ്.യു.ഐ) A/c No.131743 | 42,64,446.00 | 44,25,931.00 |
| 450410500 | പഞ്ചാബ് നാഷണൽ ബാങ്ക് (അയ്യങ്കാളി) A/c No.01441403 | 28,07,968.00 | 28,35,217.00 |
| 450410600 | ബാങ്ക് ഓഫ് മഹാരാഷ്ട്ര | 1,90,309.00 | 19,33,303 |
| 450420300 | പഞ്ചാബ് നാഷണൽ ബാങ്ക് (സ്വച്ഛ് ഭാരത്) | 1,09,819.00 | 1,11,478.00 |
| 450450600 | ട്രഷറി സ്പെഷ്യൽ ഫണ്ട് - ടി.പി.എ 248 (പി.എഫ്) A/c. No.1523 | 6,26,936.00 | 6,30,764.00 |

3) എ.സി.ആർ പ്രകാരമുള്ള ചെലവും, റസീപ്റ്റ് & പേയ്മെന്റ് (RP-6) പ്രകാരമുള്ള വരവും/ചെലവും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിവരം താഴെ കൊടുക്കുന്നു.

| ഇനം. | AFS പ്രകാരം വരവ്/ ചെലവ് (RP-6). | ACR പ്രകാരം ചെലവ്. |
|---|---|---|

| | | |
|---|---|---|
| 160100101 - വികസന ഫണ്ട് (ജനറൽ). | 3,50,93,964 | 3,51,43,964 |
| 160100104 – വികസന ഫണ്ട് (സി.എഫ്.സി). | 1,79,41,382 | 2,27,68,787 |
| 16010500- ജനറൽ പർപ്പസ് ഗ്രാന്റ്. | 27163644 | 35143964 |

4) ഇൻകം & എക്സ്പെൻഡിച്ചർ പ്രകാരം ഷെഡ്യൂൾ 1-6 – 160100309,വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം - ₹84,000/- രൂപ, ട്രഷറി ബിൽ ബുക്ക് പ്രകാരം പിൻവലിച്ച തുക - 8,40,000/-കൂടാതെ റസീറ്റ് & പേയ്മെന്റ് RP-6 ൽ തുക രേഖപ്പെടുത്തിയിട്ടില്ല

5) വാർഷിക ധനകാര്യ പത്രികയിൽ ഷെഡ്യൂൾ -1-4(6) ൽ 140110100 licence fee for dangerous &offensive trades – തുക-17,76,645/- രൂപ – റസീറ്റ് & പേയ്മെന്റ് RP -4 ൽ വന്നിട്ടില്ല.

6) ഷെഡ്യൂൾ B - 4 – Grants & contribution for specific purpose - താഴെ പറയുന്ന വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല.

| Code No. | Details. | Amount. |
|---|---|---|
| 320100100 | ഗ്രാന്റ്സ് , കോൺട്രിബ്യൂഷൻ ഫോർ സ്പെസിഫിക് പർപ്പസ് – കേന്ദ്ര ഗവൺമെന്റ് | 3,67,11,424.00 |
| 320200106 | വികസന ഫണ്ട് – സ്പെഷ്യൽ ഗ്രേഡ് ക്യാപിറ്റൽ. | 22,51,061.00 |
| 320500100 | വെൽഫയർ ബോഡീസ്. | 2,18,496.00 |
| 320801000 | ഗുണഭോക്തൃ വിഹിതം. | 33,74,850.00 |
| 320802000 | ഗ്രാന്റ്സ് ഫോർ പ്രൊജക്ട്സ്. | 20,64,270.00 |
| 320809900 | അദർ ഗ്രാന്റ്സ് & കോൺട്രിബ്യൂഷൻ ഫോർ സ്പെസിഫിക് പർപ്പസ്. | 1,92,05,500.00 |

7. ഷെഡ്യൂൾ ബി-7 പ്രകാരം വിവിധ ഇനങ്ങളിലായി തൻവർഷം ലഭിച്ച ഡെപ്പോസിറ്റുകളിൽ 1,48,58,528/- രൂപ നീക്കിയിരിപ്പുണ്ട്. ബന്ധപ്പെട്ട രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

8. ബി-11 ഷെഡ്യൂൾ - നഗരസഭയുടെ അധീനതിയിലുള്ള സ്ഥിര ആസ്തിയുടെ വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

9. നികുതി/നികുതിയേതര വരവിനങ്ങളിലായി ഡിമാന്റ്/കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

10.പരിശോധനയ്ക്ക് ഹാജരാക്കാത്ത പാസ് ബുക്കുകൾ, 31.03.2019 വരെയുള്ള എൻട്രികൾ രേഖപ്പെടുത്തി പൂർത്തിയാക്കാത്ത/ ഹാജരാക്കാത്ത പാസ് ബുക്കുകൾ എന്നിവ.

| എ) ഹാജരാക്കാത്ത പാസ് ബുക്കുകൾ. | ഹെഡ് ഓഫ് അക്കൗണ്ട്. |
|---|---|
| ട്രഷറി - മുനിസിപ്പൽ ഫണ്ട്സ് - എസ്.ടി.പി.എ- 454 പെൻഷൻ. | 450250500 |
| പഞ്ചാബ് നാഷണൽ ബാങ്ക് (ഐ.എസ്.യു.ഐ)<br><br>അക്കൗണ്ട് നം.131743. | 450410300 |
| പഞ്ചാബ് നാഷണൽ ബാങ്ക് (സ്വച്ഛ് ഭാരത് ). | 450420300 |
| ഐ.സി.ഐ.സി.ഐ ബാങ്ക് (സ്വച്ഛ് ഭാരത് ). | 450420400 |

| (ബി) പൂർത്തിയാക്കാത്ത ബാങ്ക് പാസ് ബുക്കുകൾ. | |
|---|---|
| ആന്ധ്രാ ബാങ്ക് - A/c.8403 | 20.03.2019 |
| കോർപ്പറേഷൻ ബാങ്ക്. | 03.02.2019 |
| എസ്.ബി.ടി<br><br>അക്കൗണ്ട് നം.2843. | 18.03.2019 |
| കോർപ്പറേഷൻ ബാങ്ക് -1068403. | 31.01.2019 |
| ബാങ്ക് ഓഫ് മഹാരാഷ്ട്ര. | 05.03.2019 |
| ട്രഷറി സ്പെഷൽ 248 (പി.എഫ്). | 27.03.2019 |

11.താഴെ പറയുന്ന അക്കൗണ്ട്സിന്റെ ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല.

| ക്രമ നം. | ബാങ്കിന്റെ പേര് . | വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള നീക്കിയിരിപ്പ്. | ബാങ്ക് പാസ്ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് . |
|---|---|---|---|
| 1. | ഐ.സി.ഐ.സി ബാങ്ക് (0925). | 2,96,006.00 | 18,585.79 |
| 2. | കോർപ്പറേഷൻ ബാങ്ക് (58403). | 7,94,797.54 | 48,77,115.60<br><br>(03.02.2019) |
| 3. | എസ്.ബി.ടി (അക്കൗണ്ട് നം.2843). | 16,45,490.00 | 16,91,589.18<br><br>(12.03.2019) |
| 4. | ഐ.സി.ഐ.സി ബാങ്ക് (പി.എം.എ.വൈ). | 1,29,60,896.00 | 1,30,10,896.00 |
| 5. | പഞ്ചാബ് നാഷണൽ ബാങ്ക് (തനത് ഫണ്ട്). | 2,28,70,946.00 | 2,12,23,661.51 |
| 6. | ടി.എസ്.ബി (തനത് ഫണ്ട്). | 1,06,01,161.00 | 1,06,03,348.00 |
| 7. | പഞ്ചാബ് നാഷണൽ ബാങ്ക് (അയ്യങ്കാളി) - 403. | 66,78,486.00 | 69,10,626.40 |
| 8. | ബാങ്ക് ഓഫ് മഹാരാഷ്ട്ര. | 33,94,973.00 | 33,88,118.12<br><br>(05.03.2019) |
| 9. | ട്രഷറി സ്പെഷ്യൽ അക്കൗണ്ട് | 1,39,774.00 | 2,07,118.00<br><br>(27.03.2019) |

12. പ്ലാൻ ഫണ്ടിന്റെ ട്രഷറി സ്റ്റേറ്റ്മെന്റ് ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

13. സ്റ്റോക്ക് & സ്റ്റോറിന്റെ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

14. ബാലൻസ് ഷീറ്റ് ബി - 11 ഷെഡ്യൂൾ പ്രകാരം ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് തുക 1,55,11,218/-രൂപയാണ്. ഈ തുകയുടെ ആധികാരികത പരിശോധിക്കാനായി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

15.നഗരസഭ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ഇ-ടെണ്ടർ അക്കൗണ്ടിലെ (SBI – 67211536921) നീക്കിയിരിപ്പ് തുക വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

16. മുൻകൂർ രജിസ്റ്റർ ഹാജരാക്കാത്തതിനാൽ ബി-18 ഷെഡ്യൂളിൽ മുൻകൂർ നൽകിയ തുകയിൽ തിരിച്ച് പിടിക്കാനുള്ളതായി കാണിച്ച തുകകളുടെ വിശദാംശം പരിശോധിക്കാൻ സാധിച്ചിട്ടില്ല.

17. വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകൾ ഹാജരാക്കാത്തതിനാൽ ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിലെ 1-1, 1-2, 1-3, 1-4 (b) എന്നീ ഷെഡ്യൂളുകളിലെ തുകയുടെയും വരവ് ചെലവ് പത്രികയിലെ RP-1, RP-5, RP-37 എന്നീ ഷെഡ്യൂളുകളിലെ തുകയുടെയും വിശദാംശം പരിശോധിക്കാനായിട്ടില്ല.

18. ഇ-ടെണ്ടറിംഗിനായി മുനിസിപ്പൽ എഞ്ചിനീയറുടെ പേരിൽ പാസ്ബുക്ക് ഹാജരാക്കാത്തതിനാൽ ഈയിനത്തിലെ വരവ് ചെലവ് വിവരങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ പരിശോധിക്കാനായിട്ടില്ല.

19. മുനിസിപ്പൽ എഞ്ചിനീയറുടെ പേരിലുള്ള കോർപ്പറേഷൻ ബാങ്ക് അക്കൗണ്ട് നം.520101003706423 വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

20. നികുതി/നികുതയേതര വരവിനങ്ങളുടെ ഡിമാന്റ്/കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ ലഭ്യമാക്കാത്തതിനാൽ ബി-15 Sundry debtors എന്ന ഷെഡ്യൂളിൽ കിട്ടാനുള്ളതായി കാണിച്ച തുകകളുടെ കൃത്യത ഉറപ്പുവരുത്തിയിട്ടില്ല.

## 1-14 വാർഡ് സഭ സംഘാടനം

കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 42എ പ്രകാരം ഒരു ലക്ഷത്തിൽ കവിയാത്ത ജനസംഖ്യയുള്ള ഏതൊരു മുനിസിപ്പാലിറ്റിയിലും അതിന്റെ ഓരോ വാർഡിനും ഒരു വാർഡ് സഭ ഉണ്ടായിരിക്കേണ്ടതും ആ വാർഡിനെ സംബന്ധിച്ച വോട്ടർപട്ടികയിൽ പേര് ചേർത്തിട്ടുള്ള എല്ലാ ആളുകളും ആ വാർഡ് സഭയിൽ അംഗങ്ങളായിരിക്കുന്നതുമാണ്.

കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 42എ (3), തദ്ദേശസ്വയംഭരണ വകുപ്പിന്റെ 03.08.2004 ലെ സർക്കുലർ നമ്പർ. 22675/ എൽ3/99, എന്നിവ പ്രകാരം വാർഡ് സഭ കുറഞ്ഞ പക്ഷം മൂന്ന് മാസത്തിലൊരിക്കൽ യോഗം ചേരേണ്ടതാണ്.

കാസറഗോഡ് നഗരസഭയുടെ 2018-19 വർഷത്തെ വാർഡ് സഭ യോഗങ്ങളുടെ മിനുട്സ് പരിശോധിച്ചതിൽ നിന്നും മിക്ക വാർഡുകളിലും വാർഡ് സഭ നിശ്ചിത ഇടവേളകളിൽ യോഗം ചേരുന്നില്ല എന്ന് വ്യക്തമായി. വിശദ വിവരം ചുവടെ ചേർക്കുന്നു.

| വാർഡ് നമ്പർ | വാർഡ് പേര് | വാർഡ് സഭ യോഗം ചേർന്ന തീയതി | പങ്കെടുത്തവരുടെ എണ്ണം |
|---|---|---|---|
| 1 | ചെറയൻഗയി വെസ്റ്റ് | 26.06.2018 | 109 |
| | ചെറയൻഗയി വെസ്റ്റ് | 08.08.2018 | 101 |
| | ചെറയൻഗയി വെസ്റ്റ് | 09.11.2018 | 106 |
| 2 | ചെറയൻഗയി ഈസ്റ്റ് | 28.06.2018 | 99 |
| | ചെറയൻഗയി ഈസ്റ്റ് | 28.10.2018 | 96 |
| 3 | അടുക്കത്ത്ബയൽ | 20.06.2018 | 90 |
| | അടുക്കത്ത്ബയൽ | 29.10.2018 | 104 |

| | | | |
|---|---|---|---|
| 4 | താളിപ്പടുപ്പ് | 01.07.2018 | 97 |
| | താളിപ്പടുപ്പ് | 04.11.2018 | 96 |
| 5 | കാറന്തക്കാട് | 25.06.2018 | 103 |
| | കാറന്തക്കാട് | 03.11.20178 | 109 |
| 6 | ആനബഗിലു | 27.06.2018 | 119 |
| | ആനബഗിലു | 02.11.2018 | 117 |
| 7 | നുള്ളിപ്പാടി | 23.06.2018 | 113 |
| | നുള്ളിപ്പാടി | 28.10.2018 | 118 |
| 8 | നുള്ളിപ്പാടി നോർത്ത് | 24.06.2018 | 68 |
| | നുള്ളിപ്പാടി നോർത്ത് | 04.11.2018 | 74 |
| 9 | അണങ്കൂർ | തീയതി രേഖപ്പെടുത്തിയിട്ടില്ല | 107 |
| | അണങ്കൂർ | 05.11.2018 | 104 |
| 10 | വിദ്യാനഗർ | 25.06.2018 | 97 |
| | വിദ്യാനഗർ | 04.11.2018 | 92 |
| 11 | ബദിര | 26.06.2018 | 82 |
| | ബദിര | 04.11.2018 | 104 |
| | ബദിര | 04.03.2019 | 92 |
| 12 | ചാല | 22.06.2018 | 92 |
| | ചാല | 09.11.18 | 76 |
| 13 | ചാലക്കുന്ന് | 22.06.2018 | 91 |
| | ചാലക്കുന്ന് | 04.11.2018 | 98 |
| | ചാലക്കുന്ന് | 10.12.2018 | 90 |
| 14 | തുരുത്തി | തീയതി രേഖപ്പെടുത്തിയിട്ടില്ല | 77 |
| | തുരുത്തി | 09.11.2018 | 122 |
| 15 | കൊല്ലംപാടി | 22.06.2018 | 79 |
| | കൊല്ലംപാടി | 14.09.2018 | 75 |
| | കൊല്ലംപാടി | 09.11.2018 | 73 |
| | കൊല്ലംപാടി | 08.02.2019 | 47 |
| 16 | പച്ചക്കാട് | 24.06.2018 | 77 |
| | പച്ചക്കാട് | 04.11.2018 | 75 |
| | പച്ചക്കാട് | 02.01.2019 | 76 |
| 17 | ചെന്നിക്കര | 24.06.2018 | 90 |
| | ചെന്നിക്കര | 08.11.2018 | 88 |
| 18 | പുലിക്കുന്ന് | 26.06.2018 | 94 |
| | പുലിക്കുന്ന് | 28.10.2018 | 92 |

| | | | |
|---|---|---|---|
| 19 | കോറക്കോട് | 23.06.2018 | 87 |
| | കോറക്കോട് | 04.11.2018 | 87 |
| 20 | ഫിഷ് മാർക്കറ്റ് | 25.06.2018 | 75 |
| | ഫിഷ് മാർക്കറ്റ് | 01.11.2018 | 70 |
| | ഫിഷ് മാർക്കറ്റ് | 20.12.2018 | 75 |
| 21 | ഹൊന്നമൂല | 23.06.2018 | 94 |
| | ഹൊന്നമൂല | 08.11.2018 | 98 |
| 22 | തെരുവത്ത് | 28.06.2018 | 18 |
| 23 | പള്ളിക്കൽ | 09.11.2018 | 80 |
| | പള്ളിക്കൽ | തീയതി രേഖപ്പെടുത്തിയിട്ടില്ല | 90 |
| 24 | ഖസിലാനെ | 27.06.2018 | 81 |
| | ഖസിലാനെ | 08.11.2018 | 78 |
| | ഖസിലാനെ | 24.12.2018 | 86 |
| 25 | തളങ്കര ബങ്കോട് | തീയതി രേഖപ്പട്ടുത്തിയിട്ടില്ല | 87 |
| | തളങ്കര ബങ്കോട് | 08.11.2018 | 86 |
| 26 | തളങ്കര ജദീദ് റോഡ് | 26.06.2018 | 99 |
| | തളങ്കര ജദീദ് റോഡ് | 03.11.2018 | 94 |
| | തളങ്കര ജദീദ് റോഡ് | 21.12.2018 | 93 |
| 27 | തളങ്കര കണ്ടത്തിൽ | 03.07.2018 | 82 |
| | തളങ്കര കണ്ടത്തിൽ | 08.11.2018 | 82 |
| 28 | തളങ്കര കെ.കെ. പുറം | 26.06.2018 | 116 |
| | തളങ്കര കെ.കെ. പുറം | 05.11.2018 | 102 |
| 29 | തളങ്കര പടിനൂർ | 26.06.2018 | 82 |
| | തളങ്കര പടിനൂർ | 04.11.2018 | 84 |
| | തളങ്കര പടിനൂർ | 03.12.2018 | 80 |
| 30 | തളങ്കര ദിനാർ നഗർ | 26.06.2018 | 67 |
| | തളങ്കര ദിനാർ നഗർ | 05.11.2018 | 64 |
| 31 | തായ്ലങ്ങാടി | 26.06.2018 | 81 |
| | തായ്ലങ്ങാടി | 02.11.2018 | 88 |
| 32 | തായ്ലങ്ങാടി | 27.06.2018 | 91 |

| | | | |
|---|---|---|---|
| | താലൂക്ക് ഓഫീസ് | 27.10.2018 | 117 |
| | താലൂക്ക് ഓഫീസ് | 26.01.2019 | 105 |
| 33 | ബീരാന്ത്ബയൽ | 27.06.2018 | 92 |
| | ബീരാന്ത്ബയൽ | 04.11.2018 | 101 |
| 34 | നെല്ലിക്കുന്ന് | 28.06.2018 | 95 |
| | നെല്ലിക്കുന്ന് | 05.11.2018 | 94 |
| | നെല്ലിക്കുന്ന് | 03.01.2019 | 100 |
| 35 | പള്ളം | 28.06.2018 | 109 |
| | പള്ളം | 09.11.2018 | 112 |
| 36 | കടപ്പുറം സൗത്ത് | 30.09.2018 | 76 |
| | കടപ്പുറം സൗത്ത് | 13.11.2018 | 95 |
| 37 | കടപ്പുറം നോർത്ത് | തീയതി രേഖപ്പെടുത്തിയിട്ടില്ല. | 119 |
| 38 | ലൈറ്റ് ഹൗസ് | 27.06.2018 | 99 |
| | ലൈറ്റ് ഹൗസ് | 04.11.2018 | 92 |

മുകളിലെ പട്ടികയിൽ കൊടുത്തിരിക്കുന്ന വാർഡ് സഭകളിൽ ഭൂരിഭാഗവും വാർഷിക പദ്ധതികളിൽ വ്യക്തിഗത ആനുകൂല്യം നൽകുന്നതിനായി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് വേണ്ടിയും വാർഷിക പദ്ധതി രൂപീകരണത്തിന് വേണ്ടിയും ചേർന്നിട്ടുള്ള വാർഡ് സഭകളാണ്.വാർഡ് സഭകൾ കുറഞ്ഞപക്ഷം മൂന്ന് മാസത്തിലൊരിക്കൽ നിർബന്ധമായും യോഗം ചേരേണ്ടതാണെന്നും, പദ്ധതി രൂപീകരണം, ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് എന്നീ കാര്യങ്ങൾക്ക് വേണ്ടി മാത്രമായി ചേരുന്ന വാർഡ്സഭ യോഗങ്ങളെ പ്രത്യേക യോഗങ്ങളായി കണക്കാക്കേണ്ടതും അവ നിയമാധിഷ്ഠിതമായ നിശ്ചിത എണ്ണം യോഗങ്ങളിൽ ഉൾപ്പെടുന്നതായി കണക്കാക്കാൻ പാടില്ല എന്നും 03.08.2004 ലെ 22675/എൽ3/99/തസ്വഭവ നമ്പർ സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. വാർഡ് 22ൽ 2018-19 വർഷം ആകെ ഒരു തവണ മാത്രമേ വാർഡ് സഭ യോഗം ചേർന്നിട്ടുള്ളൂ (28.06.2018ന്). ടി യോഗത്തിൽ ആകെ 18 പേർ മാത്രമേ പങ്കെടുത്തിട്ടുള്ളൂ. ക്വാറം തികയാത്തതിനാൽ യോഗം വീണ്ടും വിളിച്ചുചേർക്കേണ്ടതുണ്ട്, എന്നാൽ ആയതിന്റെ വിവരങ്ങളൊന്നും മിനുട്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.പല വാർഡ് സഭകളിലും ക്വാറം തികയാൻ ആവശ്യമായ ജനപങ്കാളിത്തം മാത്രമേ ഉണ്ടാകുന്നുള്ളൂ. മുനിസിപ്പൽ പരിധിയിലെ ജനങ്ങൾക്കിടയിൽ ആവശ്യമായ ബോധവത്കരണവും പ്രചാരണവും നടത്തി വാർഡ്സഭ യോഗങ്ങളിൽ ജനപങ്കാളിത്തം കൂട്ടേണ്ടതാണ്.

<u>വാർഡ്സഭ യോഗ മിനുട്സ് പരിശോധനയിൽ കണ്ടെത്തിയ മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു.</u>

1. മിനുട്സ് കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. മിക്ക മിനുട്സ് ബുക്കിലും യോഗ തീരുമാനങ്ങൾ എഴുതുന്നില്ല. വാർഡ് സഭ മിനുട്സ് എഴുതി തയ്യാറാക്കുന്നതിൽ കോ-ഓഡിനേറ്റർമാർക്ക് കൃത്യമായ നിർദ്ദേശം നൽകേണ്ടതാണ്.

2. യോഗം ചേർന്ന തീയതി, സമയം, സ്ഥലം എന്നിവ മിക്ക മിനുട്സിലും എഴുതുന്നില്ല. ആയതിനാൽ കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 42എ (3), തദ്ദേശസ്വയംഭരണ വകുപ്പിന്റെ 03.08.2004 ലെ 22675/എൽ3/99 നമ്പർ സർക്കുലർ, എന്നിവ പ്രകാരമുള്ള നിശ്ചിത ഇടവേളകളിൽ യോഗം ചേരുന്നുണ്ടോ എന്ന് വ്യക്തമല്ല.

3. ചില വാർഡ് സഭ മിനുട്സുകളിൽ കൺവീനറായ കൗൺസിലർ, വാർഡ് സഭ കോ- ഓർഡിനേറ്റർ എന്നിവർ ഒപ്പിട്ടിട്ടില്ല.
4. വോട്ടർമാരുടെ എണ്ണം കാണിക്കുന്ന വിവരം വാർഡ് സഭയുടെ മിനുട്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 45 പ്രകാരമുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിൽ കാസറഗോഡ് നഗരസഭയിലെ വാർഡ് സഭകൾ പൂർണ്ണമായി വിജയിച്ചിട്ടില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.വാർഡ് സഭകൾ കൃത്യമായി യോഗം ചേരുവാനും കാര്യക്ഷമമായി പ്രവർത്തിക്കുവാനും നടപടികൾ സ്വീകരിക്കേണ്ടതും വാർഷിക പദ്ധതികളുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും മോണിറ്ററിംഗിലും ജനങ്ങളുടെ പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിന് വാർഡ് സഭകളുടെ പ്രവർത്തനം ഊർജ്ജിതമാക്കേണ്ടതുമാണ്. ഭരണസമിതി ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.( ഓഡിറ്റ് എൻക്വയറി നം. 77 തീയതി.03.03.2020 )

<u>വികസന സ്റ്റാന്റിംഗ് കമ്മിറ്റി കൃത്യമായി യോഗം ചേർന്നിട്ടില്ല.</u>

2000-ലെ കേരള മുനിസിപ്പാലിറ്റി (സ്റ്റാന്റിംഗ് കമ്മിറ്റി) ചട്ടങ്ങൾ ചട്ടം 16 പ്രകാരം ഒരു സ്റ്റാന്റിംഗ് കമ്മിറ്റി ഏറ്റവും കുറഞ്ഞത് മാസത്തിൽ ഒരുപ്രാവശ്യം കാലാകാലങ്ങളിൽ ചെയർമാൻ നിശ്ചയിക്കുന്ന തീയ്യതിയിലും സമയത്തും മുനിസിപ്പാലിറ്റിയിൽ യോഗം ചേരേണ്ടതാണ്. നഗരസഭയിലെ പൊതുമരാമത്ത്, ധനകാര്യം, ക്ഷേമകാര്യം, ആരോഗ്യം, വിദ്യാഭ്യാസ കലാകായികം എന്നീ 5 സ്ഥിരം സ്റ്റാന്റിംഗ് കമ്മിറ്റികൾ എല്ലാമാസവും യോഗം ചേർന്നിട്ടുണ്ട്. വികസന സ്ഥിരം സ്റ്റാന്റിംഗ് കമ്മിറ്റി 2018-19 വർഷത്തിൽ 4 തവണമാത്രമേ യോഗം ചേർന്നിട്ടുള്ളൂ. ഇത് ചട്ട ലംഘനമാണ്. ആയതിലേക്ക് കൗൺസിലിന്റെ ശ്രദ്ധ ക്ഷണിക്കുന്നു. സ്റ്റാന്റിംഗ് കമ്മിറ്റി യോഗം ചേർന്നതിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ. | സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പേര്. | യോഗം ചേർന്ന തീയ്യതികൾ | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | ഏപ്രിൽ | മെയ് | ജൂൺ. | ജൂലയ് | ആഗസ്റ്റ് | സെപ്റ്റംബർ | ഒക്ടോബർ | നവംബർ | ഡിസംബർ | ജനുവരി. | ഫെബ്രുവരി | മാർച്ച്. |
| 1. | പൊതു മരാമത്ത്. | 24.4.18 | 21.5.18 | 28.6.18 | 28.7.18 | 23.8.18 | 25.9.18 | 24.10.18 | 27.11.18 | 24.12.18 | 28.1.19 | 2.2.19 | 26.3.19 |
| 2. | ധനകാര്യം. | 12.4.18 | 25.5.18 | 20.6.18 | 27.7.18 | 21.8.18 | 24.9.18 | 5.10.18 | 27.11.18 | 24.12.18 | 15.1.19 | 2.2.19 | 2.3.19 |
| 3. | ക്ഷേമകാര്യം. | 25.4.18 | 25.5.18 | 25.6.18 | 25.7.18 | 23.8.18 | 22.9.18 | 10.10.18 | 27.11.18 | 24.12.18 | 21.1.19 | 2.2.19 | 25.3.19 |
| 4. | ആരോഗ്യം. | 17.4.18 | 15.5.18 | 21.6.18 | 26.7.18 | 20.8.18 | 24.9.18 | 9.10.18 | 27.11.18 | 20.12.18 | 25.1.19 | 2.2.19 | 19.3.19 |
| 5. | വിദ്യാഭ്യാസം. | 17.4.18 | 24.5.18 | 21.6.18 | 23.7.18 | 29.8.18 | 24.9.18 | 8.10.18 | 22.11.18 | 20.12.18 | - | - | 14.3.19 |
| 6. | വികസനം. | - | 15.5.18 | - | - | - | 29.9.18 | - | - | 19.12.18 | 29.1.19 | - | - |

## 1-15 രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ.

1.ബിൽഡിംഗ് പെർമിറ്റ് തുടർ നടപടികൾ സ്വീകരിക്കുന്നില്ല.

1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണചട്ടം ച 15A (1) പ്രകാരം ഒരു ബിൽഡിംഗ് പെർമിറ്റിന്റെ കാലാവധി അത് ഇഷ്യൂ ചെയ്യുന്ന തീയ്യതി മുതൽ മൂന്ന് വർഷക്കാലമാണ്. കാലാവധി അവസാനിക്കുന്നതിന് മുൻപ് പെർമിറ്റ് പുതുക്കുന്നതിന് അപേക്ഷ സമർപ്പിച്ചാൽ മൂന്ന് വർഷത്തേക്ക് വീതം രണ്ട് തവണ സെക്രട്ടറിക്ക് പെർമിറ്റ് പുതുക്കി നൽകാവുന്നതാണ്. പെർമിറ്റ് കാലയളവിനുള്ളിൽ തന്നെ നിർമ്മാണം പൂർത്തിയാക്കുന്ന കേസിൽ കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് നിർമ്മാണം പരിശോധിച്ച് ഒക്യുപെൻസി സർട്ടിഫിക്കറ്റ് നൽകുകയും തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കുകയും ചെയ്യണമെന്നാണ് വ്യവസ്ഥ . ബിൽഡിംഗ് പെർമിറ്റ് വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ പെർമിറ്റ് അനുവദിച്ചതിന് ശേഷമുള്ള തുടർനടപടികൾ വീക്ഷിക്കുന്നതിന് നഗരസഭക്ക് സ്ഥിരം സംവിധാനം ഇല്ല എന്ന് വ്യക്തമാണ്. ഒരു കെട്ടിടനിർമ്മാണത്തിന് പെർമിറ്റ് നല്കിക്കഴിഞ്ഞാൽ പിന്നീട് കെട്ടിടത്തിന്റെ ഉടമസ്ഥൻ കംപ്ലീഷൻ ഹാജരാക്കുമ്പോൾ മാത്രമാണ്, ഈ ഫയലിൽ വീണ്ടും നടപടി സ്വീകരിക്കുന്നത്. പെർമിറ്റുകളുടെ കാലാവധി കഴിഞ്ഞിട്ടും കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കാത്ത നിർമ്മാണങ്ങൾ കണ്ടെത്തി, നിർമ്മാണം പൂർത്തിയായിട്ടില്ലെങ്കിൽ നിശ്ചിത ഫീസ് ഈടാക്കി കാലാവധി ദീർഘിപ്പിച്ച് പെർമിറ്റ് പുതുക്കി നൽകാത്തതിനാലും, തുടർനടപടി സ്വീകരിക്കാത്തതിനാലും നഗരസഭയ്ക്ക് വൻ നഷ്ടമുണ്ടാക്കുന്നു. പെർമിറ്റ് ഫയലുകളിൽ നമ്പരിട്ട് സൂക്ഷിക്കുന്നതിലും പെർമിറ്റ് രജിസ്റ്ററിൽ തീർപ്പാക്കാത്ത ഫയലുകൾ കണ്ടെത്തുന്നതിന് വേണ്ട വിവരങ്ങൾ പൂർണ്ണമായി രേഖപ്പെടുത്തുകയും ചെയ്യാതെയാണ് ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചിട്ടുള്ളത്. ആയതിനാൽ പെർമിറ്റ് രജിസ്റ്റർ ഫയലുകൾ എന്നിവ കൃത്യമായി എഴുതി സൂക്ഷിക്കുന്നതിലുള്ള വീഴ്ച മൂലം തുടർനടപടികൾ സ്വീകരിക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ ഓഡിറ്റിന് സാധിക്കുന്നില്ല. ആയതിലേക്ക് കൗൺസിലിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

2.തൊഴിൽ നികുതി രജിസ്റ്റർ, പത്രികകൾ സൂക്ഷിക്കുന്നതിൽ വീഴ്ച.

2005-ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ ചട്ടം10 പ്രകാരം നഗരസഭ പരിധിയിലെ ഓരോ സ്ഥാപനത്തിലും പ്രത്യേക പേജുകൾ അനുവദിച്ചുകൊണ്ട് വാർഡുകൾ തിരിച്ചിട്ടുള്ള ഒരു ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. എന്നാൽ നിലവിലുള്ള ഡിമാന്റ് രജിസ്റ്ററിൽ ഓഫീസ് മേധാവിയുടെ കീഴിലുള്ള ജീവനക്കാരുടെ പേരു വിവരങ്ങൾ, അർദ്ധവാർഷിക വരുമാനം എന്നിവ രേഖപ്പെടുത്തിയിട്ടില്ല. നഗരസഭാ പരിധിയിലെ ഏതെല്ലാം സ്ഥപനങ്ങൾ, സ്ഥാപനങ്ങളിലെ ജീവനക്കാർ, സ്ഥാപന നികുതി ഒടുക്കിയത് എന്നിവ സംബന്ധിച്ച വിശദമായ വിവരങ്ങളൊന്നും രജിസ്റ്ററിൽ നിന്നു ലഭ്യമല്ല.

തൊഴിൽ നികുതി പത്രികയിൽ വാർഡുകളുടെ ക്രമ നമ്പറിട്ട് സൂക്ഷിക്കാത്തതിനാൽ എല്ലാ സ്ഥാപനങ്ങളുടെയും പത്രികകൾ ലഭ്യമായിട്ടുണ്ടെന്ന് ഓഡിറ്റിൽ ഉറപ്പുവരുത്താനായിട്ടില്ല. ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയും രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. അരിയർ ഡിമാന്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതിനാൽ നഗരസഭയ്ക്ക് ലഭിക്കേണ്ട കുടിശ്ശിക സംബന്ധിച്ച വിവരവും ലഭ്യമല്ല. ആയതിനാൽ നഗരസഭയ്ക്ക് ലഭിക്കേണ്ട തൊഴിൽ നികുതി സംബന്ധിച്ച് കൃത്യമായ കണക്കില്ല. മേൽ പറഞ്ഞ അപാകതകൾ പരിഹരിച്ച് തൊഴിൽ നികുതി പിരിച്ചെടുക്കുന്നതിൽ കാര്യക്ഷമത പുലർത്തേണ്ടതാണ്.

## 1-16 2018-19 ൽ പിരിച്ചെടുത്ത ലൈബ്രറി സെസ്സ് അടവാക്കിയിട്ടില്ല.

സർക്കുലർ നമ്പർ 10088/L3/05/ി.ത.സ്വ.ഭ.വ 20/09/2005 പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഒരു വർഷം ലൈബ്രറ സെസ്സ് ഇനത്തിൽ പിരിക്കുന്ന തുക രണ്ട് ഗഡുക്കളായി ലൈബ്രറി കൗൺസിലിൽ അടയ്ക്കണം. ആദ്യ ഗഡു ഏപ്രിൽ 30 നകവു രണ്ടാം ഗഡു നവംബർ 30 നകവും അടയ്ക്കേണ്ടതാണ്. എന്നാൽ 2018-19 വസ്തു നികുതിയോടൊപ്പം പിരിച്ചെടുത്ത ലൈബ്രറി സെസ്സ 14,38,897-രൂപ (AFS പ്രകാരമുള്ള തുക) നാളിതുവരെ ലൈബ്രറി കൗൺസിലിൽ അടവാക്കിയിട്ടില്ല. ആയത് അടവാക്കി വിവര ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം - 29 തീയതി 30-12-2019).

## 1-17 മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കിയിട്ടില്ല.

കാസറഗോഡ് നഗരസഭയിൽ 26 മൊബൈൽ ടവറുകൾ പ്രവർത്തിച്ചുവരുന്നുണ്ട് എന്നാണ് നഗരസഭയുടെ മൊബൈൽ ടവർ രജിസ്റ്ററിൽ നിന്നും വിവരം ലഭിച്ചിട്ടുള്ളത്. ആയതിൽ രണ്ടെണ്ണം മാത്രമാണ് നികുതി പൂർണ്ണമായും ഒടുക്കിയിട്ടുള്ളത്. ബാക്കിയുള്ള മൊബൈൽ ടവറുകളിൽ നിന്നും 37,90,644/- രൂപ വസ്തുനികുതി ഇനത്തിൽ പിരിച്ചെടുക്കാൻ ബാക്കിയുണ്ട്. ഇത് മുനിസിപ്പാലിറ്റി ബന്ധപ്പെട്ടവർക്ക് ഇഷ്യു ചെയ്ത ഡിമാന്റ് നോട്ടീസുകളിൽ നിന്നും വ്യക്തമാകുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ. | ഓപ്പറേറ്റർ / ഉടമയുടെ പേര്. | വാർഡ് നമ്പർ/കെട്ടിട നമ്പർ. | ടവർ സ്ഥിതി ചെയ്യുന്ന കെട്ടിടം/സ്ഥലം. | വസ്തു നികുതി കുടിശ്ശിക ഉൾപ്പെടെ ഒടുക്കേണ്ട തുക. |
|---|---|---|---|---|
| 1) | സി.വി. സന്തോഷ് കുമാർ. ടി.എൻ.എസ്. ഐയർ, സീനിയർ മാനേജർ, പ്രോജക്ട് ഡിഷ്നെറ്റ് വയർലെസ്സ് ലിമിറ്റഡ്. കൊച്ചി. (എയർസെൽ). | 12/242.A | അടുക്കത്ത് ബയൽ സുബ്രമണ്യൻ ഭജന മന്ദിരത്തിനു സമീപം. | 65906+30872(പലിശ) = 96778 (2013-14 മുതൽ 2019-20 വരെ). |
| 2) | ഭാരതി സെല്ലുലാർ ലിമിറ്റഡ്. ഭരതി ടവർ.എസ്.എ.റോഡ് കടവന്ത്ര-കൊച്ചി. | 3/195. | അടുക്കത്ത് ബയൽ സുബ്രമണ്യൻ ഭജന മന്ദിരത്തിനു സമീപം. | 19526+1232(പലിശ) =20758 (2017-18 മുതൽ 2019-20 വരെ). |
| 3) | അമീർ കെ.എം. S/o. മമ്മൂഞ്ഞി ഹാജി. ദീനാർ നഗർ തളങ്കര. | 26/ 89. | എം.ഡി. നഗർ മാലിക് ദിനാർ ആശുപത്രി. | 61632+18000 (പലിശ) =79632 2013-14 മുതൽ 2019-20 വരെ). |
| 4) | ഭാരതി ടെലിവന്റിസ് ലിമിറ്റഡ്. ഭാരതി ടവർ, എസ്.എ. റോഡ് കടവന്ത്ര, കൊച്ചി. | 31/340. | റെയിൽവെ സ്റ്റേഷൻ റോഡ്. | 38794+12155(പലിശ) =50949 (2015-16 മുതൽ 2019-20 വരെ). |
| 5) | ഭാരതി സെല്ലുല്ലാർ | 31/340. | മൗലവി ട്രാവൽ & | 29116+8534(പലിശ) |

| | | | | |
|---|---|---|---|---|
| | ലിമിറ്റഡ്. ഭാരതി ടവർ,<br><br>എസ്.എ. റോഡ് കടവൻന്തറ, കൊച്ചി-20 | | ശ്രുഭദുർഗ്ഗ ഹൗസ്, ബിൽഡിംഗ് , ആർ.എസ്. റോഡ് തായ്ലങ്ങാടി | =37650<br><br>(2014-15 മുതൽ<br><br>2019-20 വരെ). |
| 6) | ഭാരതി ടെലിവിന്റർസ് ലിമിറ്റഡ്. എസ്.എ. റോഡ് കടവൻന്തറ, കൊച്ചി-20 | 2/249. | നിയർ കെ.എം. ഹനീഫ W/o. അബ്ദുള്ള എം.എം. ഹൗസ്, നെല്ലിക്കുന്ന് മൊയ്ദീൻ പള്ളി റോഡ്. | 172250+26148(പലിശ)<br><br>=198398<br><br>(2016-17 മുതൽ<br><br>2019-20 വരെ). |
| 7) | ഹനീഫ അബ്ദുള്ള ഹുസ്സയിൻ.<br><br>റഹിമത്ത് മൻസിൽ<br><br>ദേളി പോസ്റ്റ്,<br><br>കളനാട്,<br><br>കാസർഗോഡ്. | 32/1589. | ഇൻഫ്രണ്ട് ഓഫ് ബി.എസ്. എൻ.എൽ ഓഫീസ്,<br><br>കെ.ഡി.ആർ. റാവു റോഡ്. | 77558+26522(പലിശ)<br><br>=104080<br><br>(2014-15 മുതൽ<br><br>2019-20 വരെ). |
| 8) | സുദേവൻ വി.ഒ.<br><br>മാനേജർ,<br><br>വയർലെസ്സ്, ഇൻഫോ സർവീസ് പ്രൈവറ്റ് ലിമിറ്റഡ്, ടെൽകോ. ചേമ്പർ കൊച്ചി. | 32/2034. | സീ. റോക്ക് ബിൽഡിംഗ്,കെ.പി.ആർ റോഡ് മെഹ്ബൂബ് തിയേറ്റർ കോംപ്ലക്സ്. | 105498+50900(പലിശ)<br><br>=156398<br><br>(2010-13 മുതൽ<br><br>2019-20 വരെ). |
| 9) | മാനേജർ<br><br>ഇൻഡ്യ സെല്ലുലോർ ലിമിറ്റഡ്. വൻകറത്ത് ടവർ<br><br>എൻ.എച്ച്. ബൈപാസ് റോഡ്,<br><br>കൊച്ചി. | 6/1760. | സിറ്റി സെന്റർ ബിൽഡിംഗ്,<br><br>ബാങ്ക് റോഡ്. | 36974+4393(പലിശ)<br><br>=41367<br><br>(2016-17 മുതൽ<br><br>2019-20 വരെ). |
| 10) | ഡിഷ് നെറ്റ് വയർലെസ്സ് ലിമിറ്റഡ്.<br><br>നം.. 9419/332365/B. B1/B2/B3/R.R.Arcade.<br><br>ഗീതാഞ്ജലി ബസ്സ് സ്റ്റോപ്പ്. എൻ.എച്ച് ബൈപാസ്, വൈറ്റില കൊച്ചി -682032. | 18/763.B | സൗത്ത് സൈഡ് ഓഫ് ബിൽഡിംഗ് 11/223 പുലുക്കുന്ന്.<br><br>ചേരുർ കോംപ്ലക്സ് ബിൽഡിംഗ്. | 146880+94266(പലിശ)<br><br>=241146<br><br>2010-13 മുതൽ<br><br>2019-20 വരെ). |
| 11) | ജനറൽ മാനേജർ<br><br>ബി.എസ്.എൻ.എൽ.<br><br>കണ്ണൂർ. | 21/92.A | ഹോണ്ണമൂല. | 739540+459727(പലിശ)<br><br>=1199267<br><br>(2011-13 മുതൽ<br><br>2019-20 വരെ). |
| | | | | |

| | | | | |
|---|---|---|---|---|
| 12) | മാനേജർ<br>ഇൻഡ്യ സെല്ലലോർ ലിമിറ്റഡ്<br>ഇൻഡുസ് ടവർ<br>8 th ഫ്ലോർ, വൻകറത്ത് ടവർ,<br>എൻ.എച്ച്. ബൈപാസ് കൊച്ചി. | 9/230A. | അണങ്കൂർ. | 67758+31413(പലിശ)<br>=99171<br>(2013-14 മുതൽ<br>2019-20 വരെ). |
| 13) | എ.ടി.സി. ടെലികോം കോർപ്പറേഷൻ പ്രവറ്റ് ലിമിറ്റഡ്. ചെരമങ്ങലത്ത് ഹൗസ്, ഷേണായി റോഡ്, കാലൂർ, എറണാകുളം. | 10/839. | വിദ്യാനഗർ. | 92545+30774<br>=123319<br>(2013-14 മുതൽ<br>2019-20 വരെ). |
| 14) | ഭാരതി എയർടെല് ലിമിറ്റഡ് (എസ്.എല്. അവന്യൂ)<br>കുണ്ടന്നൂർ.<br>മറഡു പോസ്റ്റ്,<br>എറണാകുളം. | 27/13.A | കളക്കര കണ്ടത്തിൽ. | 44368+19332(പലിശ)<br>=63700<br>(2012-13മുതൽ<br>2019-20 വരെ). |
| 15) | മൊയ്ദ്ദീൻ കുട്ടി ഹാജി<br>S/o. (L) ഹാജി.<br>മൊയ്ദ്ദീൻ കുഞ്ഞി റോഡ്.<br>വിദ്യാനഗർ,കാസർഗോഡ്. | 12/151. | ക്വീൻ പ്ലാസ്സ ബിൽഡിംഗ്, ബി.സി. റോഡ്,<br>നിയർ ഡി.സി.സി. ഓഫീസ് അണങ്കൂർ. | 59303+17507(പലിശ)<br>=76810<br>(2013-14 മുതൽ<br>2019-20 വരെ). |
| 16) | ഭാരത് സെല്ലുലാർ ലിമിറ്റഡ് .<br>മുൻഡു, കോട്ടക്കൽ<br>എസ്റ്റേറ്റ് കടവൻന്തറ കൊച്ചി. | 22/212. | റെയിൽവേ സ്റ്റേഷൻ തെരുവത്ത് കൊച്ചി. | 148032+64259(പലിശ)<br>=212291<br>(2013-14 മുതൽ<br>2019-20 വരെ). |
| 17) | ടി.എൻ.എസ്.ഐയ്യർ<br>സീനിയർ മാനേജർ<br>പ്രോജക്ട് ഡിഷ്നെറ്റ് വയർലെസ് ലിമിറ്റഡ്, കൊച്ചി. | 3/459.A. | അടുക്കത്ത് ബയൽ. | 140972+72478(പലിശ)<br>=213450<br>(2010-13 മുതൽ<br>2019-20 വരെ). |
| 18) | റിലയൻ ഇൻഫോ കം ലിമിറ്റഡ്. 38/628/D, ASP Arcade എസ്.എ റോഡ്, കടവന്തറ, കൊച്ചി. | 26/107. | മാലിക് ദിനാൽ ജുമാമസ്ജിദ് എതിർവശം. | 55140+17528(പലിശ)<br>=72668<br>(2013-14 മുതൽ<br>2019-20 വരെ). |
| 19) | വയർലസ് ടി.ടി.എംഫോ സർവ്വീസ് ലിമിറ്റഡ്. | 6/1372.A. | ആനഭഗിലു. | 204636+127212(പലിശ)<br>=331848 |

| | | | | |
|---|---|---|---|---|
| | ജെ.& കോ. ചേമ്പേഴ്സ് 53/953, മാണിമാല റോഡ്<br>ഇടപ്പള്ളി -കൊച്ചി. | | | (2010-2013 മുതൽ<br>2019-20 വരെ). |
| 20) | റിലൈൻസ് ഇൻഫോ കമ്മ്യൂണിക്കേഷൻ.<br>ASP, Arcade<br>വി.എ റോഡ്<br>കടവന്തറ,<br>കൊച്ചി-16. | 10/732. | ചിന്മയ കോളനി. | 58651+11993(പലിശ)<br>=70644<br>(2013-14 മുതൽ<br>2019-20 വരെ). |
| 21) | ഭരതി സെല്ലുല്ലാർ ലിമിറ്റഡ്.<br>ഭാരതി ടവർ<br>എസ്.എ.റോഡ് കടവന്തറ, കൊച്ചി. | 31/340. | തായ്ലങ്ങാടി. | 29116+8534(പലിശ)<br>=37650<br>(2014-15 മുതൽ<br>2019-20 വരെ). |
| 22) | 1)കെ.എം.അബ്ദുള്ള,<br>2)അബ്ദുൾ ഹമീദ്,<br>3)എം.അബൂബക്കർ,<br>ബദരിയ മൻസിൽ മൊഗ്രാൽ. | 6/716. | ബദരി. മൻസിൽ ഹോസ്പറ്റൽ,<br>നിയർ ബസ്റ്റാന്റ് ലോർഡ് മോസ്റ്റ് ബിൽഡിംഗ്. | 103166+41769 (പലിശ)<br>=144935<br>(2013-14 മുതൽ<br>2019-20 വരെ). |
| 23) | റിലയൻസ് കമ്മ്യൂണിക്കേഷൻ ലിമിറ്റഡ്.<br>43/2518 ജവഹർ നവോദയ നഗർ,<br>കടവനന്തറ, കൊച്ചി. | 32/2007 | താലൂക്ക് ഓഫീസ്. | 16228+1733<br>=17961<br>(2017-18 മുതൽ<br>2019-20 വരെ). |
| 24) | മാനേജർ<br>ഇൻഡ്യ സെല്ലുലോർ ലിമിറ്റഡ്. ഇൻജ്ജസ് ടവർ 8th ഫ്ലോർ, വൻകറത്ത് ടവർ എൻ.എച്ച് ബൈപാസ് റോഡ്. | 9/230. | അണങ്കൂർ. | 67758+32016 (പലിശ)<br>=99774<br>(2013-14 മുതൽ<br>2019-20 വരെ). |
| ആകെ. | | | | 37,90,644/- |

എന്നാൽ ഡിമാന്റ് നോട്ടീസ് ഇഷ്യൂ ചെയ്തതല്ലാതെ തുടർനടപടി സ്വീകരിച്ച് തുക പിരിച്ചെടുത്തതായി കാണുന്നില്ല.തുക പിരിച്ചെടുക്കുന്നതിനുള്ള സത്വരനടപടികൾ സ്വീകരിക്കേണ്ടതും ഈ റിപ്പോർട്ടിനുള്ള പ്രഥമ മറുപടിയിൽ വ്യക്തമായ വിവരങ്ങൾ ലഭ്യമാക്കേണ്ടതുമാണ്. കൗൺസിലിന്റെ അടിയന്തിര ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-18 വസ്തുനികുതി അപാകതകൾ

വസ്തുനികുതി പരിശോധനയിൽ താഴെകൊടുത്തിരിക്കുന്ന അപാതകൾ കണ്ടെത്തി.

1. സഞ്ചയ സോഫ്റ്റ്വെയറിൽ വസ്തു നികുതി സംബന്ധിച്ച പൂർണ്ണ വിവരങ്ങൾ ലഭ്യമല്ല. വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക

ഡിമാന്റ് രജിസ്റ്റർ, റൈറ്റ് ഓഫ് രജിസ്റ്റർ, വേക്കൻസി റെമിഷൻ രജിസ്റ്റർ, റെഗുലറൈസേഷൻ രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല. ഇവയുടെ അഭാവത്തിൽ വസ്തുനികുതിയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2.വിമുക്തഭടന്മാർ / ഭാര്യമാർ അവരുടെ വിധവകളുടെയും യഥാർത്ഥ താമസത്തിനായി ഉപയോഗിക്കുന്ന വീടുകളെ നികുതി അടയ്ക്കുന്നതിൽ നിന്നും 1994 ലെ മുനിസിപ്പാലിറ്റി ആക്ടിലെ വ്യവസ്ഥകൾ പ്രകാരം 2004-05 അർദ്ധവർഷം മുതൽ ഒഴിവാക്കിക്കൊണ്ട് 01/01/2005 ലെ ജി.ഒ.(എം.എസ്) നം, 3/05/ത.സ്വ.ഭ.വ. ഉത്തരവ് നിലവിലുണ്ട്. ഇത് പ്രകാരം നഗരസഭയിലെ വിമുക്തഭടന്മാർ/ഭാര്യമാർ അവരുടെ വിധവകൾ എന്നിവർക്ക് നികുതി ഇളവ് നൽകേണ്ടതാണ്.

3.നിർമ്മാണം പൂർത്തിയാക്കിയ മുഴുവൻ കെട്ടിടങ്ങൾക്കും നികുതി നിർണ്ണയം നടത്തിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്താനാവശ്യമായ രേഖകൾ/രജിസ്റ്ററുകൾ ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല.
4.പൊളിച്ചുമാറ്റിയ കെട്ടിടങ്ങളുടെ നികുതി എഴുതിതള്ളൽ (Write off) – വിശദാംശങ്ങൾ സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ല.

5.സാംഖ്യ-സഞ്ചയ വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല.

2018-19 വർഷത്തെ ധനകാര്യ പത്രിക പ്രകാരം തൻ വർഷത്തെ വസ്തുനികുതി ഡിമാന്റ് (Schedule 1-1) 4,97,29,561/- രൂപയും കളക്ഷൻ 2,98,51,136/- രൂപയുമാണ്.എന്നാൽ സഞ്ചയപ്രകാരം ഡിമാന്റ് 8,07,08,055/- രൂപയും കളക്ഷൻ 3,17,92,486/- രൂപയുമാണ്. ഡിമാന്റ് കളക്ഷൻ തുകകളിലുണ്ടായിട്ടുള്ള വൈരുദ്ധ്യത്തിന് കാരണം വിശദീകരിക്കേണ്ടതാണ്.

6.2018-19 ധനകാര്യ പത്രിക (Schedule B-15) പ്രകാരം 2,01,15,876/- രൂപ വസ്തുനികുതി കുടിശ്ശികയിനത്തിൽ പിരിഞ്ഞുകിട്ടാൻ ബാക്കിയുണ്ട്. എന്നാൽ സഞ്ചയപ്രകാരം കുടിശ്ശിക 4,91,78,794/- രൂപയാണ്. വസ്തുനികുതി കുടിശ്ശികയുടെ യഥാർത്ഥ കണക്കുകൾ കണ്ടെത്തി ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-19 സ്റ്റോക്ക് & സ്റ്റോർ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

27.01.2020 ന് നടത്തിയ സ്റ്റോക്ക് & സ്റ്റോർ വെരിഫിക്കേഷനിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഫ്രണ്ട് ഓഫീസിലേയ്ക്ക് ഇഷ്യൂ ചെയ്ത 12000 കമ്പ്യൂട്ടർ രസീതുകൾ സ്റ്റോർ റൂമിൽ സൂക്ഷിച്ചിരിക്കുന്നതായി കണ്ടെത്തി (റസീപ്റ്റ് നം. 6001 – 8000, 8001 – 10000, 10001 – 12000, 12001 – 14000, 14001 – 16000, 20001 – 22000). 22.05.2019 മുതൽ 21.11.2019 വരെയുള്ള കാലയളവിൽ ഇഷ്യൂ ചെയ്ത രസീതുകളാണിവ. ഫ്രണ്ട് ഓഫീസിലേയ്ക്ക് ഇഷ്യൂ ചെയ്ത രസീതുകൾ തീരുന്ന മുറയ്ക്കാണ് പുതിയ രസീതുകൾ ഇഷ്യൂ ചെയ്യേണ്ടത്.

   ഉപയോഗിച്ച കമ്പ്യൂട്ടർ രസീതുകൾ പരിശോധിച്ചതിൽ നിന്നും ആയത് സീരിയൽ നമ്പർ ക്രമത്തിലല്ല ഉപയോഗിക്കുന്നതെന്ന് കണ്ടെത്തി. രസീതുകൾ ഇഷ്യൂ ചെയ്യുന്നതിലെ അപാകതകൾ മൂലമാണ് ഇത്തരം വീഴ്ചകൾ സംഭവിക്കുന്നത്.

2. സ്റ്റോക്ക് & സ്റ്റോർ വെരിഫിക്കേഷൻ സമയത്ത് കാസറഗോഡ് നഗരസഭയിൽ ടെണ്ടർ എഗ്രിമെന്റ് ഫോം ഫോട്ടോകോപ്പിയാണ് ഫ്രണ്ട് ഓഫീസ് വഴി വിതരണം ചെയ്യുന്നത് എന്ന് കണ്ടെത്തി. ഫോട്ടോകോപ്പിയിൽ നഗരസഭയിൽ നിന്നും നമ്പറിട്ട് നൽകുകയാണ് ചെയ്തിട്ടുള്ളത്. എന്നാൽ ഫോട്ടോകോപ്പി എടുത്ത ഫോറത്തിന്റെ സ്റ്റോക്ക് ഇഷ്യൂ എവിടെയും രേഖപ്പെടുത്തിയിട്ടില്ല. ഏത് തീയതി മുതലാണ് ടെണ്ടർ എഗ്രിമെന്റ് ഫോമിന്റെ ഫോട്ടോകോപ്പി വിതരണം ചെയ്ത് തുടങ്ങിയത് എന്നും വ്യക്തമല്ല.

3. ടെണ്ടർ എഗ്രിമെന്റ് ഫോം കാസറഗോഡ് പ്രിന്റിങ് & മൾട്ടി ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡിൽ നിന്നും വാങ്ങുകയും ആയത് 26.04.2019 ന് സ്റ്റോക്കിലെടുക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ആയത് 17.02.2020 മുതലാണ് വിതരണം ചെയ്ത് തുടങ്ങിയത്. 26.04.2019 ന് 700 എഗ്രിമെന്റ് ഫോം സ്റ്റോക്കിലെടുത്തിട്ടും ആയത് വിതരണം ചെയ്യാതെ എഗ്രിമെന്റ് ഫോമിന്റെ ഫോട്ടോകോപ്പി ഉപയോഗിച്ചത് വീഴ്ചയാണ്. ഓഡിറ്റ് വെരിഫിക്കേഷൻ നടത്തിയതിന് ശേഷമാണ് ഒറിജനൽ ടെണ്ടർ ഫോറം വിതരണം ചെയ്ത് തുടങ്ങിയിട്ടുള്ളത്.

4. സ്റ്റോക്ക് & ഇഷ്യൂ രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ മേലധികാരികൾ ഒപ്പുവെച്ച് ആധികാരികമാക്കുന്നില്ല.

മേൽ അപാകതകൾ ചൂണ്ടിക്കാണിച്ച് നൽകിയ 19.02.2020 ലെ ഓഡിറ്റ് എൻക്വയറി നമ്പർ 75 ന് കാസറഗോഡ് നഗരസഭ സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ കമ്പ്യൂട്ടർ രസീതുകൾ ക്യാഷ് കൗണ്ടറിലേയ്ക്ക് വിതരണം ചെയ്തത് സീരിയൽ നമ്പർ ക്രമത്തിലല്ലാത്തതിനാലാണ് സ്റ്റോർ പരിശോധന സമയത്ത് അപാകതയായി കണ്ടെത്തിയിരുന്നതെന്നും കമ്പ്യൂട്ടർ രസീതുകൾ നമ്പർ ക്രമത്തിൽ വിതരണം ചെയ്യാതിരുന്നത് മന:പൂർവ്വമല്ലായെന്നും അറിയിച്ചിട്ടുണ്ട്. നഗരസഭയിൽ ടെണ്ടർ എഗ്രിമെന്റ് ഫോറം ഫോട്ടോ കോപ്പിയെടുത്ത് ക്രമനമ്പറിട്ട് ക്യാഷ് കൗണ്ടറിൽ നൽകുന്ന രീതിയാണ് തുടർന്ന് വന്നിരുന്നത് എന്നും Sale of Form Register പരിശോധിച്ചതിൽ നിന്നും 13.12.2017 മുതൽ 15.02.2020 വരെ 1202 -ാം ക്രമ നമ്പർ മുതൽ 1531 -ാം ക്രമ നമ്പർ വരെ വിതരണം ചെയ്തിട്ടുള്ളതാണെന്നും ഫോട്ടോകോപ്പി എടുത്ത ഫോറങ്ങൾ ഉണ്ടായിരുന്നതിനാലാണ് പുതിയ സ്റ്റോക്ക് ഫോറങ്ങൾ

വിതരണം ചെയ്യാതിരുന്നത് എന്നും 17.02.2020 മുതൽ പുതിയ സ്റ്റോക്ക് ക്രമനമ്പർ പ്രകാരം സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് ക്യാഷ് കൗണ്ടറിലേയ്ക്ക് വിതരണം ചെയ്തിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്.

കമ്പ്യൂട്ടർ റസീപ്റ്റ്, മാന്വൽ റസീപ്റ്റ്, മണി വാല്യൂ ഫോംസ് എന്നിവയുടെ വിതരണത്തിൽ കൂടുതൽ സൂക്ഷ്മത പുലർത്തേണ്ടതാണ്. രസീതുകൾ, ഫോറം എന്നിവ ആവശ്യാനുസരണം, സ്റ്റേഷനറി നമ്പർ ക്രമത്തിൽ മാത്രം വിതരണം ചെയ്യേണ്ടതാണ്. സ്റ്റോക്ക് & ഇഷ്യൂ രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ മേലധികാരികൾ സാക്ഷ്യപ്പെടുത്തേണ്ടതാണ്.

## 1-20 നഗരസഭയ്ക്ക് ലഭിച്ച ചെക്കുകൾ പണമാക്കി മാറ്റപ്പെടുന്നു എന്ന് ഉറപ്പ് വരുത്തുന്നില്ല – ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ വീഴ്ച.

കാസറഗോഡ് നഗരസഭയുടെ തനത് ഫണ്ട് അക്കൗണ്ട് (പഞ്ചാബ് നാഷണൽ ബാങ്ക് കാസറഗോഡ് ശാഖയിലെ 4290000100049672 നമ്പർ അക്കൗണ്ട്) പാസ്സ്ബുക്ക് പരിശോധിച്ചതിൽ നിന്നും പല ചെക്കുകളും തുക അക്കൗണ്ടിൽ ക്രെഡിറ്റ് എന്ന് രേഖപ്പെടുത്തിയ ദിവസം തന്നെ റിജക്ട് ചെയ്യപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടു. ചെക്ക് രജിസ്റ്ററിൽ പ്രസ്തുത ചെക്കുകൾ ക്യാൻസൽ ചെയ്തതായി രേഖപ്പെടുത്തുകയോ ചെക്ക് ലീഫ് ഒട്ടിക്കുകയോ ചെയ്തിട്ടില്ല. ഓഡിറ്റ് പരിശോധനയിൽ ആയത് കണ്ടെത്തി കത്ത് നൽകിയ ശേഷം മാത്രമാണ് ടി വിഷയം നഗരസഭയുടെ ശ്രദ്ധയിൽപ്പെടുന്നതും തുടർ നടപടികൾ സ്വീകരിക്കുന്നതും.

ക്യാഷ് കൗണ്ടറിൽ ലഭിക്കുന്ന ചെക്കുകൾ അടുത്ത ദിവസം ബാങ്കിൽ നൽകുന്നുണ്ടെങ്കിലും ആയത് നഗരസഭ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെടുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നില്ല. ഇത് ചുമതലയുള്ള ഉദ്യോഗസ്ഥന്റെ വീഴ്ചയാണ്. ചെക്ക് പണത്തിന് തുല്യമാണ്. ചെക്ക് പണമാക്കുന്നതിനായി ബാങ്കിൽ നൽകിയാൽ ആയത് നിരീക്ഷിക്കേണ്ടതും നഗരസഭയുടെ അക്കൗണ്ടിൽ തുക ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. നഗരസഭയ്ക്ക് വണ്ടിച്ചെക്ക് നൽകിയ വ്യക്തി/സ്ഥാപനങ്ങൾ എന്നിവയ്ക്കെതിരെ നിയമ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. ആയതിനാൽ ഭാവിയിലും ഇത്തരം സംഭവങ്ങൾ ആവർത്തിക്കാൻ കാരണമാകുന്നു.

ബ്രാഞ്ച് മാനേജർ, നാഷണൽ ഇൻഷൂറൻസ് കമ്പനി തൊഴിൽ നികുതി അടവാക്കുന്നതിനായി നൽകിയ 1250/- രൂപയുടെ 19.03.2018 ലെ 921598 നമ്പർ ചെക്ക് 31.03.2018 ന് ബാങ്കിൽ നിന്നും റിജക്ട് ചെയ്തിട്ടുണ്ട്. ആയത് സംബന്ധിച്ച് നൽകിയ 10.04.2019 ലെ കെ.എസ്.എ/കെ.എസ്.എം3/99/2019 നമ്പർ കത്തിന് കാസറഗോഡ് നഗരസഭ സെക്രട്ടറി ലഭ്യമാക്കിയ16.08.2019 ലെ എ2-13413/19 നമ്പർ മറുപടിയിൽ തുക അടവാക്കുന്നതിന് നാഷണൽ ഇൻഷൂറൻസ് കമ്പനിയ്ക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ടെങ്കിലും നാളിതുവരെയായി (04.12.2019) തുക ഒടുക്കിയതായി ഓഡിറ്റിനെ അറിയിക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. ആയത് സംബന്ധിച്ച് നൽകിയ 23.09.2019 ലെ 25നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. നാഷണൽ ഇൻഷൂറൻസ് കമ്പനിയിൽ നിന്നും തൊഴിൽ നികുതി ഇനത്തിൽ നഗരസഭയ്ക്ക് ലഭിയ്ക്കേണ്ട 1250/- രൂപയും 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ വകുപ്പ് 538(2) പ്രകാരം നികുതി നൽകേണ്ടതായ തീയതി മുതൽ പ്രതിമാസം ഒരു ശതമാനം നിരക്കിലുള്ള പിഴയും ടി സ്ഥാപനത്തിൽ നിന്നും ഈടാക്കേണ്ടതാണ്.

നഗരസഭയ്ക്ക് ലഭിക്കുന്ന ചെക്കുകൾ ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെടുന്നുണ്ടോ എന്ന് നിരീക്ഷിക്കുകയോ ബന്ധപ്പെട്ട സെക്ഷൻ ഉദ്യോഗസ്ഥനും, മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥനും ഇത് പരിശോധിച്ച് ഉറപ്പ് വരുത്തുകയോ ചെയ്യുന്നില്ല എന്ന് മേൽ ഉദാഹരണങ്ങളിൽ നിന്നും വ്യക്തമാണ്. ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ്.

## 1-21 നഗരസഭയ്ക്ക് വണ്ടിച്ചെക്ക് നൽകിയ സ്ഥാപനത്തിനെതിരെ നിയമ നടപടി സ്വീകരിക്കുകയോ പിഴ ഈടാക്കുകയോ ചെയ്തില്ല.

2016-17 രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഒടുക്കുന്നതിനായി മാനേജിംഗ് പാർട്ണർ, യുണൈറ്റഡ് ഹോസ്പിറ്റൽ, കാസർഗോഡ് നൽകിയ 28.03.17-ലെ 319415 നമ്പർ ചെക്ക് അക്കൗണ്ടിൽ മതിയായ തുക ഇല്ലെന്ന കാരണത്താൽ ബാങ്കിൽ നിന്നും 03.04.2017-ാം തീയതി റിജക്ട് ചെയ്തിരുന്നു. റിജക്ട് ചെയ്യുന്നതിനുള്ള കാരണം ബാങ്ക് പാസ്സ്ബുക്കിൽ വ്യക്തമായി രേഖപ്പെടുത്തിയിട്ടും ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർ ആയത് ശ്രദ്ധിക്കുകയോ തുക ലഭ്യമാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുകയോ ചെയ്തില്ല. 10.04.2019 ലെ കെ.എസ്.എ/കെ.എസ്.എം3/99/2019 നമ്പർ കത്ത് പ്രകാരം ഓഡിറ്റ് ചൂണ്ടിക്കാട്ടിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥാപനത്തിന് കാസർഗോഡ് നഗരസഭ നോട്ടീസ് നൽകുകയും അതിൻ പ്രകാരം 07.08.2019 – ലെ 846298 നമ്പർ ചെക്ക് പ്രകാരം സ്ഥാപനം തൊഴിൽ നികുതി ഇനത്തിൽ 52100/- രൂപ നഗരസഭയിൽ ഒടുക്കുകയും ചെയ്തു. ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥരുടെ അനാസ്ഥ മൂലം, നഗരസഭയ്ക്ക് വണ്ടിച്ചെക്ക് നൽകിയ മാനേജിംഗ് പാർട്ണർ, യുണൈറ്റഡ് ഹോസ്പിറ്റലിനെതിരെ, നിയമ നടപടി സ്വീകരിക്കുകയോ പിഴ ഇനത്തിൽ നഗരസഭയ്ക്ക് ലഭിയ്ക്കേണ്ട തുക ഈടാക്കുകയോ ചെയ്തില്ല.

ബാങ്കിൽ നൽകുന്ന ചെക്ക് പണമാക്കി നഗരസഭ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നുണ്ട് എന്ന് അക്കൗണ്ടന്റോ മേലുദ്യോഗസ്ഥരോ ഉറപ്പ് വരുത്തുന്നില്ല. ചെക്കുകൾ കൈകാര്യം ചെയ്യുന്നതിൽ, ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥരുടെ അനാസ്ഥ മേൽ വിവരിച്ചതിൽ നിന്നും വ്യക്തമാണ്.

2016-17 രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി 07.08.2019-ാം തീയതിയാണ് സ്ഥാപനം അടവാക്കിയത്. 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ വകുപ്പ് 538(2) പ്രകാരം നികുതി നൽകേണ്ടതായ തീയതി മുതൽ പ്രതിമാസം ഒരു ശതമാനം നിരക്കിൽ ടി സ്ഥാപനത്തിൽ നിന്നും പിഴ ഈടാക്കേണ്ടതാണെന്ന് 23.09.2019 ലെ 26 നമ്പർ ഓഡിറ്റ് എൻക്വയറിയിലൂടെ ഓഡിറ്റ് നിർദ്ദേശിച്ചിരുന്നു. ആയതിന്മേൽ തുടർ നടപടികൾ സ്വീകരിച്ചതായോ തുക ഈടാക്കിയതായോ ഓഡിറ്റിനെ അറിയിച്ചിട്ടില്ല. ആയതിൽ നിന്നും പിഴ ഇനത്തിൽ നഗരസഭയ്ക്ക് ലഭിക്കേണ്ട തുക ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ലെന്ന് വ്യക്തമാകുന്നു. ആയതിനാൽ 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ വകുപ്പ് 538(2) പ്രകാരമുള്ള പിഴ തുകയായ14588/- രൂപ അശ്രദ്ധമായി ഈ വിഷയം കൈകാര്യം ചെയ്ത 03.04.2017 ലെ ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി നഗരസഭ ഫണ്ടിൽ ഒടുക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 26 തീയതി. 23.09.2019 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-22 കേരള ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ ആന്റ് ഫെസിലിറ്റേഷൻ (നം.2) ആക്ട് 2018 പ്രകാരം വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ - അപാകതകൾ

കാസറഗോഡ് നഗരസഭയിലെ വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും_ലൈസൻസ് നൽകൽ (2018-19) പരിശോധിച്ചപ്പോൾ താഴെപ്പറയുന്ന അപാകതകൾ കണ്ടെത്തി.

എ) <u>വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും മറ്റും ലൈസൻസ് നൽകൽ - ലൈസൻസ് ഫീസ് നിശ്ചയിച്ചുകൊണ്ടുള്ള വിജ്ഞാപനം പുറപ്പെടുവിക്കാത്തതിനാൽ നഗരസഭയ്ക്ക് വൻ വരുമാന നഷ്ടം.</u>

25.01.2011 ലെ സ.ഉ (അ) നം.24/2011/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം വിജ്ഞാപനം ചെയ്തിരുന്ന 2011 ലെ കേരള മുനിസിപ്പാലിറ്റി (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റ് വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾലെ ചട്ടം (7) പ്രകാരം നഗരസഭകൾ ലൈസൻസ് ഫീസ് നിശ്ചയിച്ചുകൊണ്ടുള്ള വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതുണ്ട്. എന്നാൽ വിവിധ സർക്കാർ ഉത്തരവുകളിലൂടെ ചട്ടങ്ങൾ നടപ്പിലാക്കുന്നതിനുള്ള കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ടെങ്കിലും 2017 ന് ശേഷം കാലാവധി ദീർഘിച്ച് നൽകിയിട്ടില്ല. കാസറഗോഡ് നഗരസഭയിൽ 2011 ലെ കേരള മുനിസിപ്പാലിറ്റി (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റ് വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾലെ ചട്ടം (7) പ്രകാരം ലൈസൻസ് ഫീസ് നിശ്ചയിച്ചുകൊണ്ടുള്ള ഇത്തരത്തിലുള്ള വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല.

1994 ലെ മുനിസിപ്പൽ ആക്ടിൽ നിർദ്ദേശിച്ച പ്രകാരം കാസറഗോഡ് നഗരസഭ, മുനിസിപ്പൽ പ്രദേശത്ത് വ്യാപാരം ആരംഭിക്കുന്നതിന് ലൈസൻസ് അനുവദിക്കുന്നത് സംബന്ധിച്ച് 1996 ഡിസംബർ 3-ാം തീയതിയാണ് പി.എച്ച് 1- 117/95 പ്രകാരം ഏറ്റവും അവസാനമായി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളത്. പ്രസ്തുത വിജ്ഞാപനത്തിൽ ഓരോ ആവശ്യത്തിനുമുള്ള ലൈസൻസ് ഫീസിന്റെ നിരക്ക് കാണിക്കുന്ന പട്ടിക നൽകിയിട്ടുണ്ട്. ലൈസൻസ് ഫീസ് പുതുക്കിക്കൊണ്ടുള്ള വിജ്ഞാപനം പുറപ്പെടുവിക്കാത്തതിനാൽ 1996 ഡിസംബർ 3-ാം തീയതി പി.എച്ച് 1- 117/95 നം വിജ്ഞാപനമാണ് നിലനിൽക്കുന്നത്. ആയത് പ്രകാരമുള്ള ലൈസൻസ് ഫീസ് നിരക്ക് വളരെ കുറഞ്ഞ തുക ആയതിനാൽ പ്രസ്തുത നിരക്കിലും അധികം തുകയാണ് നിലവിൽ ഈടാക്കുന്നത്. ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ നിന്നും സർക്കാർ പുറപ്പെടുവിച്ച ചട്ടങ്ങൾ പ്രകാരമുള്ള ലൈസൻസ് ഫീസിനേക്കാൾ കുറഞ്ഞ നിരക്കിലുള്ള ലൈസൻസ് ഫീസാണ് കാസറഗോഡ് നഗരസഭയിൽ 2018-19 വർഷത്തിൽ ഈടാക്കിയിട്ടുള്ളതെന്ന് വ്യക്തമാകുന്നു.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 42 തീയതി.31.10.2019 ന് കാസറഗോഡ് നഗരസഭ സെക്രട്ടറി ലഭ്യമാക്കിയ 19.12.2019 ലെ എ2- 8866/19 നം മറുപടിയിൽ, കാസറഗോഡ് നഗരസഭയിൽ മേൽ ചട്ടങ്ങൾ പ്രകാരം ഫീസ് നിരക്ക് വിജ്ഞാപനം ചെയ്യുന്നതിനായി കരട് നിരക്ക് നഗരസഭയിലെ ആരോഗ്യ വിഭാഗം തയ്യാറാക്കുകയും 2018-19 വർഷാദ്യം ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി മുൻപാകെ സമർപ്പിക്കുകയും ചെയ്തിരുന്നുവെന്നും എന്നാൽ 16.03.2019 ലെ 5 -ാം നമ്പർ തീരുമാന പ്രകാരം ആയത് സ്റ്റിയറിംഗ് കമ്മിറ്റിക്ക് കൈമാറിയിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്.

കാസറഗോഡ് നഗരസഭ, സർക്കാർ ചട്ടങ്ങൾ പ്രകാരമുള്ള ലൈസൻസ് ഫീ നിശ്ചയിച്ചുകൊണ്ടുള്ള വിജ്ഞാപനം യഥാസമയം പുറപ്പെടുവിക്കാത്തതുമൂലം വർഷങ്ങളായി വൻതുകയുടെ വരുമാന നഷ്ടമാണ് നഗരസഭയ്ക്ക് സംഭവിച്ചിട്ടുള്ളത്.

2017 ഒക്ടോബർ 20-ാം തീയതി പ്രാബല്യത്തിൽ വന്ന കേരള ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ ആന്റ് ഫെസിലിറ്റേഷൻ (നം.2) ആക്ട് 2018 വകുപ്പ് 447, ഉപ വകുപ്പ് (2 A) പ്രകാരം സെക്രട്ടറിയോ, സെക്രട്ടറി ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥനോ അപേക്ഷയും, അതുമായി ബന്ധപ്പെട്ട ഡോക്യൂമെന്റുകളും ലഭിച്ചു കഴിഞ്ഞാൽ, അപേക്ഷകന് രശീത് നൽകേണ്ടതും, അപേക്ഷ ലഭിച്ച് കഴിഞ്ഞാൽ ഉടൻതന്നെ അപേക്ഷയും, ബന്ധപ്പെട്ട ഡോക്യൂമെന്റുകളും പരിശോധിക്കേണ്ടതും, ആവശ്യമുള്ള എന്തെങ്കിലും ഡോക്യൂമെന്റുകൾ അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടില്ലെങ്കിൽ, സെക്രട്ടറിയോ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥനോ ഉടൻതന്നെ വിട്ടുപോയ ഡോക്യൂമെന്റുകൾ സമർപ്പിക്കാൻ അപേക്ഷകന് എഴുതി നൽകേണ്ടതുമാണ്.

അപേക്ഷ ലഭിച്ച തീയതിയുടെ 5 ദിവസത്തിൽ വൈകാതെ കഴിയുന്ന വേഗം അപേക്ഷകൻ വിട്ടുപോയ ഡോക്യൂമെന്റുകൾ

സമർപ്പിക്കേണ്ടതാണ്.

ഉപവകുപ്പ് 3 പ്രകാരം, സെക്രട്ടറിയോ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥനോ മറ്റ് വകുപ്പുകളിൽ നിന്നോ, അതോറിറ്റികളിൽ നിന്നോ ആവശ്യമുള്ള ക്ലിയറൻസും, എല്ലാ ഡോക്യുമെന്റുകളും ലഭിച്ച കഴിഞ്ഞാൽ, 5 ദിവസത്തിനകം ടേം ആന്റ് കണ്ടീഷൻസിന് വിധേയമായും, ക്രമപ്രകാരവും എല്ലാ കാര്യങ്ങളും ശരിയാണെന്ന് ബോധ്യപ്പെട്ടാൽ, വ്യവസായങ്ങൾക്കോ, ഫാക്ടറികൾക്കോ, വാണിജ്യത്തിനോ, എന്റർപ്രെണവർ ആക്ടിവിറ്റികൾക്കോ മറ്റ് സേവനങ്ങൾക്കോ എന്തു നടത്തുന്നതിനാണ് എന്ന് വെച്ചാൽ ആയതിന്റെ ഉപയോഗത്തിന് ലൈസൻസ് നൽകാവുന്നതാണ്.

ഉപവകുപ്പ് 5A പ്രകാരം ഒരിക്കൽ നൽകിയ ലൈസൻസിന് 5 വർഷക്കാലയളവിലേക്ക് പ്രാബല്യമുണ്ടായിരിക്കുകയും, ലൈസൻസിന്റെ സാധുത തീരുന്നതിന് 30 ദിവസം മുമ്പ്, നിശ്ചിത ഫീ അടച്ച കഴിഞ്ഞാൽ, അപേക്ഷയൊന്നും കൂടാതെ തന്നെ 5 വർഷക്കാലാവധിക്ക് ലൈസൻസ് പുതുക്കാവുന്നതുമാണ്.

ബി) <u>വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും മറ്റും ലൈസൻസ് നൽകൽ – ഡിമാന്റ് രജിസ്റ്ററിൽ പഴയ കെട്ടിട നമ്പർ രേഖപ്പെടുത്ത്ിയിട്ടില്ല.</u>

കാസറഗോഡ് നഗരസഭയിൽ 2018-19 വർഷം വാർഡുകളുടെ പുനഃക്രമീകരണം നടത്തിയതിന്റെ ഭാഗമായി കെട്ടിട നമ്പറുകൾ പുതുക്കി നൽകിയിട്ടുണ്ട്. 2018-19 വർഷത്തെ ഡിമാന്റ് രജിസ്റ്റർ, അപേക്ഷ എന്നിവയിൽ പുതിയ കെട്ടിട നമ്പറിനോടൊപ്പം പഴയ കെട്ടിട നമ്പർ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ 2018-19 വർഷത്തെ ഡിമാന്റ് രജിസ്റ്റർ 2017-18 വർഷത്തെ ഡിമാന്റ് രജിസ്റ്ററുമായി ഒത്തുനോക്കി 2017-18 വർഷം ലൈസൻസ് എടുത്ത എല്ലാ സ്ഥാപനങ്ങളും 2018-19 വർഷം ലൈസൻസ് പുതുക്കിയിട്ടുണ്ടോ എന്ന് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല. മേൽ അപാകത ചൂണ്ടിക്കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ. 45, തീയതി. 12.11.2019 ന് കാസറഗോഡ് നഗരസഭ സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ ഓൺലൈൻ ഡാറ്റാ എൻട്രി നടത്തുന്നതിനായി വ്യാപാരികളിൽ നിന്ന് വിവരശേഖരണം നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും അതിൽ പഴയ നമ്പറും പുതിയ നമ്പറും രേഖപ്പെടുത്തി സൂക്ഷിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പുതിയ കെട്ടിട നമ്പറിനോടൊപ്പം പഴയ കെട്ടിട നമ്പർ രേഖപ്പെടുത്തി രേഖകൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

## 1-23 വിവിധ വ്യക്തികൾ/സ്ഥാപനങ്ങൾ എന്നിവ നൽകിയ ചെക്കുകൾ റിജക്ട് ചെയ്യപ്പെട്ടു- നഗരസഭാ ഫണ്ടിൽ നിന്നും ബാങ്ക് ചാർജ്ജ് ഈടാക്കി.

കാസറഗോഡ് നഗരസഭയുടെ തനത് ഫണ്ട് അക്കൗണ്ട് (പഞ്ചാബ് നാഷണൽ ബാങ്ക് കാസറഗോഡ് ശാഖയിലെ 4290000100049672 നമ്പർ അക്കൗണ്ട്) പരിശോധിച്ചതിൽ നിന്നും പല ചെക്കുകളുടെയും തുക അക്കൗണ്ടിൽ ക്രെഡിറ്റ് രേഖപ്പെടുത്തിയ ദിവസം തന്നെ റിജക്ട് ചെയ്യപ്പെട്ടതായും ദിവസങ്ങൾക്ക് ശേഷം വീണ്ടും ക്രെഡിറ്റ് ചെയ്യപ്പെട്ടതായും ശ്രദ്ധയിൽപ്പെട്ടു. ചെക്കുകൾ റിജക്ട് ചെയ്യപ്പെട്ടതിനാൽ ബാങ്ക് ചാർജ്ജ് ഇനത്തിൽ നഗരസഭാ ഫണ്ടിൽ നിന്നും ബാങ്ക് തുക ഈടാക്കിയിട്ടുണ്ട്. എന്നാൽ ബാങ്ക് ചാർജ്ജ് ഇനത്തിൽ നഗരസഭാ അക്കൗണ്ടിൽ നിന്നും കുറവ് ചെയ്യപ്പെട്ട തുക ടി വ്യക്തികളിൽ നിന്നും ഈടാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ.നം | ചെക്ക് നമ്പർ & തീയതി | തുക | തുക അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്ത തീയതി | ചെക്ക് റിജക്ട് ചെയ്ത തീയതി | ചെക്ക് നല്കിയ വ്യക്തി/ സ്ഥാപനം | ബാങ്ക് ചാർജ്ജ് | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1 | 99354/ 06.02.19 | 31314/- | 11.02.2019 | 11.02.2019 | അബ്ദുള്ള കുഞ്ഞി (വസ്തു നികുതി) | 118 | 27.02.2019 ന് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തു. |
| 2 | 13675/ 25.02.19 | 55200/- | 01.03.2019 | 01.03.2019 | മലബാർ ഗോൾഡ് & ഡയമണ്ട്സ്( തൊഴിൽ നികുതി 2018-19 - രണ്ടാം അർദ്ധവാർഷികം) | 118 | ചെക്ക് നം. 13746 തീയതി .25.02.2016 പ്രകാരം 01.04.2019 ന് 55200/- രൂപ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. |

ബാങ്ക് ചാർജ്ജ് ഇനത്തിൽ നഗരസഭ ഫണ്ടിൽ നിന്നും ഈടാക്കിയ ആകെ തുക – 236/- രൂപ

10.04.2019 ലെ കെ.എസ്.എ/കെ.എസ്.എം3/99/2019 നമ്പർ കത്തിന് നഗരസഭ സെക്രട്ടറിയുടെ 16.08.2019 ലെ എ2-13413/19 നമ്പർ മറുപടിയിൽ ബാങ്ക് ചാർജ്ജ് ഇനത്തിൽ ബാങ്ക് നഗരസഭ ഫണ്ടിൽ നിന്നും ഈടാക്കിയ തുക അടവാക്കുന്നതിന് പ്രസ്തുത വ്യക്തികൾക്ക് അറിയിപ്പ് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ടെങ്കിലും ആയത് നാളിതുവരെയായി അടവാക്കിയിട്ടില്ല. പ്രസ്തുത തുക ടി വ്യക്തികളിൽ നിന്നും ഈടാക്കി നഗരസഭ ഫണ്ടിൽ ഒടുക്കേണ്ടതാണ്.( ഓഡിറ്റ് എൻക്വയറി നം. 25 തീയതി.23.09.2019.)

## 1-24 വേക്കൻസി റെമിഷൻ - പരിശോധന റിപ്പോർട്ടിലെ തീയതി വ്യാപകമായി തിരുത്തുന്നു.

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 239-ാം വകുപ്പ് പ്രകാരം, സാധാരണയായി വാടകയ്ക്ക് കൊടുക്കുന്നതോ, ഉടമസ്ഥൻ തന്നെ താമസിക്കുന്നതോ ആയ ഏതെങ്കിലും കെട്ടിടം ഒരു അർദ്ധവർഷത്തിൽ ഒഴിഞ്ഞും വാടകയ്ക്ക് കൊടുക്കാതെയും കിടന്നാൽ ആ അർദ്ധവർഷത്തേയ്ക്കുള്ള നികുതി ഇളവ് ചെയ്ത് കിട്ടുന്നതിന് ഉടമസ്ഥന് അവകാശമുണ്ടായിരിക്കുന്നതാണ്. നേരത്തേ തന്നെ സെക്രട്ടറിയ്ക്ക് നോട്ടീസ് നൽകിയിട്ടുണ്ടെങ്കിലല്ലാതെ അങ്ങനെയുള്ള യാതൊരു ഇളവ് ചെയ്യലും അനുവദിക്കാവുന്നതല്ല.

കാസറഗോഡ് നഗരസഭയിൽ വേക്കൻസി റെമിഷനുള്ള അപേക്ഷയിൻമേൽ ബിൽ കളക്ടർ, റവന്യൂ ഇൻസ്പെക്ടർ എന്നിവരുടെ പരിശോധനാ റിപ്പോർട്ടിൽ തീയതി വ്യാപകമായി തിരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടു.ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ. നം | വാർഡ് നം / ഡോർ നം. | അപേക്ഷകന്റെ പേര് | അപേക്ഷയിലെ തീയതി | ബിൽ കളക്ടർ രേഖപ്പെടുത്തിയ തീയതി/ തിരുത്തിയ തീയതി | റവന്യൂ ഇൻസ്പെക്ടർ രേഖപ്പെടുത്തിയ തീയതി/ തിരുത്തിയ തീയതി | വേക്കൻസി റമിഷൻ അനുവദിച്ച കാലയളവ് |
|---|---|---|---|---|---|---|
| 1 | 6/1230 A,A1,A2,A3,A4,A5, 6/1229(7), 6/1229(8) | പി.എ.സുബൈർ | 23.02.2018 | 07.02.2019/ തിരുത്തൽ ഇല്ല. | 22.03.2019/ 22.09.2018 | 01.04.2018 മുതൽ 30.09.2018 വരെ |
| 2 | 6/1890 | ടി.എം. അബ്ദുൾ ഷുക്കൂർ | 28.03.2018 | 07.02.2019/ 07.09.2018 | 22.03.2019/ 22.09.2018 | 01.04.2018 മുതൽ 30.09.2018 വരെ |
| 3 | 6/1912 | കെ.എം. അബ്ദുൾ ഖാദർ | 27.03.2018 | 07.02.2019/ 07.09.2018 | 22.03.2019/ 22.09.2018 | 01.04.2018 മുതൽ 30.09.2018 വരെ |

2011 ലെ കേരള മുനിസിപ്പാലിറ്റി ( വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ) ചട്ടങ്ങളിലെ ചട്ടം 21(1) പ്രകാരം ഏതെങ്കിലും കെട്ടിടം ഒരു അർദ്ധ വർഷത്തിൽ 4-ാം ചട്ടത്തിൽ പരാമർശിക്കുന്ന ഒരാവശ്യത്തിനും ഉപയോഗിക്കപ്പെടാതെ തുടർച്ചയായി ഒഴിഞ്ഞുകിടന്നിട്ടുണ്ടെങ്കിൽ, ആവശ്യമായ അന്വേഷണം നടത്തി ബോദ്ധ്യപ്പെട്ട ശേഷം ആ അർദ്ധവർഷത്തിനുള്ള വസ്തു നികുതി 239 -ാം വകുപ്പ് പ്രകാരം സെക്രട്ടറിയ്ക്ക് ഇളവ് ചെയ്ത് കൊടുക്കാവുന്നതാണ്. എന്നാൽ കാസറഗോഡ് നഗരസഭയിൽ വേക്കൻസി റമിഷൻ അനുവദിച്ച കാലയളവ് കഴിഞ്ഞതിന് ശേഷമാണ് ബിൽ കളക്ടർ, റവന്യൂ ഇൻസ്പെക്ടർ എന്നിവർ പരിശോധന നടത്തിയതെന്ന് മേൽ ഉദാഹരണങ്ങളിൽ നിന്നും വ്യക്തമാണ്.

ടി അപാകതകളിൽ വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 64, തീയതി. 23.01.2020 ന് റവന്യൂ ഇൻസ്പെക്ടർ ലഭ്യമാക്കിയ മറുപടിയിൽ 13.08.2018 നാണ് ടിയാൾ കാസറഗോഡ് നഗരസഭയിൽ ജോയിൻ ചെയ്തതെന്നും ടി സെക്ഷനിൽ മുൻപ് ആർക്കും ചാർജ്ജ് നൽകിയിട്ടില്ലായിരുന്നതിനാൽ 2018-19 ലെ ഒന്നാം ഘട്ട വേക്കൻസി റെമിഷന്റെ അപേക്ഷകളിൽ റവന്യൂ ഇൻസ്പെക്ടറുടെ റിപ്പോർട്ടോ ഡാറ്റാ എൻട്രിയോ ചെയ്യാൻ കഴിഞ്ഞിട്ടില്ലായിരുന്നു എന്നും അടിയന്തിരമായി ചെയ്ത് തീർക്കേണ്ടതുള്ള ജോലിയായതിനാൽ അപേക്ഷകൾ പരിശോധിക്കാതെ റിപ്പോർട്ട് ചെയ്യേണ്ടി വന്നതെന്നും അറിയിച്ചിട്ടുണ്ട്. ഡാറ്റാ എൻട്രി ചെയ്യുന്ന സമയത്താണ് തീയതി തെറ്റായി രേഖപ്പെടുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതെന്നും ആയതിനാലാണ് തീയതി തിരുത്തേണ്ടി വന്നതെന്നും , ലഭിച്ച അപേക്ഷകൾ എല്ലാം തന്നെ വേക്കൻസി റെമിഷന് അർഹതയുലള്ളതാണെന്നും ആയത് ബോദ്ധ്യപ്പെട്ടിട്ടുണ്ടെന്നും റവന്യൂ ഇൻസ്പെക്ടർ അറിയിച്ചിട്ടുണ്ട്. എന്നാൽ മതിയായ അന്വേഷണം നടത്താതെ ഇളവ് അനുവദിച്ചതിനാൽ, വസ്തു നികുതി ഇനത്തിൽ നഗരസഭയ്ക്ക് നഷ്ടം സംഭവിച്ചിട്ടില്ല എന്ന് ഉറപ്പാക്കാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല. ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാവാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും 2011 ലെ കേരള മുനിസിപ്പാലിറ്റി ( വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ) ചട്ടങ്ങളിലെ ചട്ടം 21(1) പ്രകാരം അന്വേഷണം നടത്തിയ ബോദ്ധ്യപ്പെട്ടശേഷം മാത്രം വേക്കൻസി റമിഷൻ അനുവദിക്കേണ്ടതുമാണ്.

## 1-25 സ്ഥാപന തൊഴിൽ നികുതി പിരിച്ചെടുത്തിട്ടില്ല - 26,250/- രൂപ ഈടാക്കേണ്ടതാണ്.

2005ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി ചട്ടങ്ങൾ) ചട്ടം 3(2) പ്രകാരം ലിസ്റ്റ് ചെയ്ത സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ചട്ടം 3(1) പ്രകാരം അർദ്ധവാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ടതാണ്. എന്നാൽ 2018-19 വർഷത്തെ ഒന്നും രണ്ടും അർദ്ധവർഷങ്ങളിലെ തൊഴിൽ നികുതി രജിസ്റ്റർ പത്രിക എന്നിവ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ. | സ്ഥാപനങ്ങളുടെ പേര് | നികുതി ഈടാക്കാത്ത അർദ്ധവർഷങ്ങൾ. | നഷ്ടമായ തുക |
|---|---|---|---|
| 1) | മുത്തൂറ്റ് ഫിനാൻസ് ലിമിറ്റഡ്. | I, II | 2,500/- |
| 2) | കനറാബാങ്ക്, കാസറഗോഡ്. | I, II | 2,500/- |
| 3) | സപ്ലൈകോ കാസറഗോഡ്. | I | 1,250/- |
| 4) | എസ്.ബി.ഐ, എം.ജി.റോഡ് കാസറഗോഡ്. | I | 1,250/- |
| 5) | കേരള സ്റ്റേറ്റ് ബിവറേജ് കോർപ്പറേഷൻ. | I, II | 2,500/- |
| 6) | കാസറഗോഡ് കോ.ഓപ്പറേറ്റീവ് മാർക്കറ്റിംഗ് പ്രോസസ്സിംഗ് സൊസൈറ്റി. | I | 1,250/- |
| 7) | കാസറഗോഡ് കോ.ഓപ്പറേറ്റീവ് അർബൻ സൊസൈറ്റി ലിമിറ്റഡ്. | II | 1,250/- |
| 8) | ഇൻഡസ് ഇൻഡ് ബാങ്ക് കാസറഗോഡ്. | II | 1,250/- |
| 9) | പി.എൻ.ബി. മെറ്റ് ലൈഫ്. | II | 1,250/- |
| 10) | കാസറഗോഡ് പബ്ലിക്ക് സെർവന്റ്സ് | II | 1,250/- |

| | | | |
|---|---|---|---|
| | കോ.ഓപ്പറേറ്റീവ് സൊസൈറ്റി. | | |
| 11) | കെ.എസ്.എഫ്.ഇ. കാസറഗോഡ്. | II | 1,250/- |
| 12) | കെ.എഫ്.സി. കാസറഗോഡ്. | II | 1,250/- |
| 13) | ഇലക്ട്രിക്കൽ സെക്ഷൻ കെ.എസ്.ഇ.ബി. കാസറഗോഡ്. | II | 1,250/- |
| 14) | ബ്രാഞ്ച് മാനേജർ ബാങ്ക് ഓഫ് ഇന്ത്യ. | II | 1,250/- |
| 15) | എച്ച്.ഡി.എഫ്.സി. ബാങ്ക് ലിമിറ്റഡ്. | II | 1,250/- |
| 16) | വിജയ ബാങ്ക്, കാസറഗോഡ്. | II | 1,250/- |
| 17) | സെക്രട്ടറി കാസറഗോഡ് മർച്ചന്റ് കോ.ഓപ്പറേറ്റീവ് സൊസൈറ്റി. | II | 1,250/- |
| 18) | മണപ്പുറം ഫിനാൻസ് കമ്പനി ലിമിറ്റഡ്. | II | 1,250/- |
| ആകെ. | | | 26,250/- |

മേൽപറഞ്ഞ തുക ഈടാക്കാൻ നഗരസഭ അധികൃതർ നടപടി സ്വീകരിക്കാത്തതിനാൽ നഷ്ടമായ 26,250/- രൂപ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്ന് ഈടാക്കി നഗരസഭ ഫണ്ടിൽ വരവ് വെക്കേണ്ടതാണ്.

<u>2.സ്വയം തൊഴിൽ ചെയ്യുന്നവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.</u>

കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി ചട്ടങ്ങൾ) ചട്ടം 3(2) മുതൽ 3(11) വരെയുള്ളത് പ്രകാരം നഗരസഭ പ്രദേശത്ത് സ്വയം തൊഴിൽ ചെയ്യുന്നവർ കമ്പനികൾ ചട്ടം 3(1) ന്റെ പരിധിയിൽ വരാത്തവർ എന്നിവരിൽ നിന്നും പരമാവധി 1,250/- രൂപ അർദ്ധവാർഷിക തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. എന്നാൽ തൊഴിൽ നികുതി രജിസ്റ്റർ/ തൊഴിൽ നികുതി പത്രിക എന്നിവ പരിശോധിച്ചതിൽ നിന്നും നഗരസഭ പരിധിയിൽ സ്വയം തൊഴിൽ ചെയ്യുന്ന അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, വൈദ്യന്മാർ, പെട്രോൾ പമ്പുകൾ എന്നീ വ്യക്തികൾ/ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ആയത് ഈടാക്കുന്നതിന് മേൽപറഞ്ഞവരുടെ ലിസ്റ്റ് തയ്യാറാക്കി ഡിമാന്റ് ചെയ്ത് തൊഴിൽ നികുതി ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-26 സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2018-19സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും സ്ഥാപന രജിസ്റ്ററിൽ ചേർത്തിട്ടുള്ള താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുകയോ ബാലൻസായി ഈടാക്കുകയോ ബാലൻസായി രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി)ചട്ടങ്ങൾ ചട്ടം (3)പ്രകാരമുള്ള തൊഴിൽ നികുതി ജീവനക്കാരിൽ നിന്ന് ഈടാക്കേണ്ടതാണ്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | രജിസ്റ്ററിലെ ക്രമ നമ്പർ/ വാർഡ് | സ്ഥാപനത്തിന്റെ പേര്. | തൊഴിൽ നികുതി ഈടാക്കാത്ത അർദ്ധവർഷങ്ങൾ. |
|---|---|---|---|
| 1. | 4/1 | മാനേജർ പീസ് മോട്ടോർസ് അടുക്കത്തുബയൽ. | II |
| 2. | 7/1 | ഫസ്റ്റ് ഫ്ലൈറ്റ് കൊറിയേർസ് ലിമിറ്റഡ്, | I, II |

| | | | |
|---|---|---|---|
| | | അറഫ കോംപ്ലക്സ്. | |
| 3. | 9/1 | മാനേജർ മൂവിമാക്സ് തീയ്യറ്റർ, കാസറഗോഡ് | I,II |
| 4. | 9/4 | M/s നാഷണൽ റേഡിയോ ഇലക്ട്രോണിക്സ് കമ്പനി. | I, II |
| 5. | 13/4 | മാനേജർ, സ്പീഡ് വേ ഇൻ. | II |
| 6. | 10/6 | ഡിവിഷണൽ എഞ്ചിനീയർ കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ഇൻഡസ്ട്രീയൽ എസ്റ്റേറ്റ്, വിദ്യാനഗർ. | II |
| 7. | 15/6 | സെക്രട്ടറി ഡിസ്ട്രിക്ട് ടൂറിസം പ്രമോഷൻ കൗൺസിൽ വിദ്യാനഗർ | I |
| 8. | 12/6 | മാനേജർ കെ.ടി.സി ഓട്ടോമൊബൈൽസ്. | I |
| 9. | 23/6 | പ്രൊജക്ട് മാനേജർ ടി.വി.എസ്. സ്റ്റേഷൻ, അണങ്കൂർ. | I, II |
| 10. | 1/8 | അസിസ്റ്റന്റ് എഞ്ചിനീയർ, ടെലിവിഷൻ റിലേ സെന്റർ, അണങ്കൂർ. | II |
| 11. | 5/8 | ഷെഡ്യൂൾഡ് കാസ്റ്റ് ഡവലപ്പ്മെന്റ് ഓഫീസർ ബ്ലോക്ക് പഞ്ചായത്ത്. | I |
| 12. | 1/10 | പി.വി. ഇക്ബാൽ ഹാർ കാർ ഡിലർ നള്ളിപ്പാടി. | I, II |
| 13. | 3/10 | മാനേജർ നമൻസ് ടി.വി.എസ്. സുസുക്കി നള്ളിപ്പാടി. | II |
| 14. | 4/10 | സുറുമാസ് മാർജിൻ ഫ്രീ സൂപ്പർ മാർക്കറ്റ്. | I, II |
| 15. | 6/10 | മാനേജർ മാവേലി സ്റ്റോർ അണങ്കൂർ. | I |
| 16. | 7/10 | കസ്തൂർബ എഡ്യുക്കേഷൻ സെന്റർ സുറുമ അസോസിയേറ്റ്സ്. | I, II |
| 17. | 12/18 | ലൈബ്രേറിയൻ ഡിസ്ട്രിക്ട് ലൈബ്രറി, പുലിക്കുന്ന്. | I |
| 18. | 13/18 | മാനേജർ ഗവ: റസ്റ്റ് ഹൗസ് പുലിക്കുന്ന്. | I, II |

| | | | |
|---|---|---|---|
| 19. | 31/18 | M/s ദേശാഭിമാനി ഡെയ്‌ലി . | I, II |
| 20. | 48/18 | സൂപ്രണ്ട്, സെൻട്രൽ എക്സൈസ്, സർവ്വീസ് ടാക്സ്, പുലിക്കുന്ന്. | I |
| 21. | 50/18 | മെഡിക്കൽ ഓഫീസർ<br><br>അർബൻ പ്രൈമറി ഹെൽത്ത് സെന്റർ (NUHM) | II |
| 22. | 25/12 | മാനേജർ ബദരിയ്യ ഹോട്ടൽ. | I, II |
| 23. | 27/12 | ഡി.ഡി.സി ലബോറട്ടറി ടൈഗർ ഹിൽസ് | I, II |
| 24. | 29/12 | സിറ്റി ഹൈപ്പർ മാർക്കറ്റ്<br><br>എമിറേറ്റ് റീജൻസി ബിൽഡിംഗ്. | I, II |
| 25. | 31/12 | മാനേജർ റബ്ബർ റീജിയണൽ ഓഫീസ്, എമറാൾഡ് ടവർ | I, II |
| 26. | 1/13 | മാനേജർ മാവേലി സ്റ്റോർ തായലങ്ങാടി. | I |
| 27. | 13/22 | പ്രിൻസിപ്പാൾ എം.വി.എച്ച്.എസ്.എസ്. (വി.എച്ച്.എസ്.സി) സെക്ഷൻ തളങ്കര. | II |
| 28. | 16/22 | ഇൻസ്പെക്ടിങ് അസിസ്റ്റന്റ് കമ്മീഷൻ, കമേഴ്സ്യൽ ടാക്സ് (ഇന്റലിജന്റ് ). | II |
| 29. | 3/24 | ബ്രാഞ്ച് മാനേജർ<br><br>ആന്ധ്രാ ബാങ്ക് | I |
| 30. | 12/24 | അസിസ്റ്റന്റ് എക്സി. എഞ്ചിനീയർ കെ.എസ്.എഫ്.എ മസ്ദൂർ സെക്ഷൻ, നെല്ലിക്കുന്ന്. | I, II |
| 31. | 2/25 | സ്റ്റേഷൻ ഹൗസ് ഓഫീസർ പോലീസ് സ്റ്റേഷൻ | I |

മേൽപ്പറഞ്ഞ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി പിരിച്ചെടുത്തിട്ടുണ്ടോ എന്ന് ഡിമാന്റ് രജിസ്റ്ററിൽ വ്യക്തമായി രേഖപ്പെടുത്താത്തതിനാൽ ആയത് പരിശോധിച്ച് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല. ആയതിനാൽ മേൽപറഞ്ഞ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ അർദ്ധവാർഷിക വരുമാനം കണക്കാക്കി തൊഴിൽ നികുതി ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-27 ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചതിലെ അപാകത -പ്ലോട്ട് ഏരിയ, ഉടമസ്ഥാവകാശം എന്നിവ

പെർമ്മിറ്റിലോ പ്ലാനിലോ വ്യക്തതയില്ല.

കാസർഗോഡ് നഗരസഭയിലെ സർവ്വേ നമ്പർ 123/9A, 123/9, 123/4, 123/6 എന്നിവയിൽ ഉൾപ്പെട്ട 22660223/18.01.2017 കൈവശാവകാശ സർട്ടിഫിക്കറ്റ് പ്രകാരമുള്ള 89 സെന്റ് സ്ഥലത്ത് (36.16 ആർ) 1) കെ.അബ്ദുള്ളകുഞ്ഞി, 2) സാബിറ, 3) തസ്നീം, 4) മുഹമ്മദ് റാഹിദ്, 5) സാബിറ എന്നിവരുടെ കൂട്ടായ അപേക്ഷയിൽ 6886.1M$^2$ വിസ്തീർണ്ണത്തിൽ (ഫ്ലോർ എരിയ 5631.6M$^2$) വാണിജ്യകെട്ടിടം നിർമ്മിക്കുന്നതിന് pw2/BA/53277/2019 തീയതി 6-2-2019/07-03-2019നം pw2/BA/41257/2016 തീയതി 11-11-2016/14-11-2016പ്രകാരം ഇതേ സ്ഥലത്ത് പ്ലിന്ത് ഏരിയ 545.15M$^2$ ഉൾപ്പെടെ 3317.21M$^2$ (ഫ്ലോർ ഏരിയ : 2773.2M$^2$ +425.15M$^2$ = 3198.35 M$^2$). നിർമ്മിതിയ്ക്ക് 2016ലും അനുമതി നൽകിയിട്ടുണ്ട്. അംഗീകരിച്ച 284/17-18 തീയതി 05/02/2018 ലെ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ സെല്ലാർ I, സെല്ലാർ-2 എന്നിവ ഫ്ലോർ ഏരിയയായി കണക്കാക്കിയിട്ടുണ്ട്. കാർപെറ്റ് ഏരിയ സംബന്ധിച്ച വിവരം പ്രസ്തുത പ്ലാനിൽ ഉൾപ്പെടുത്താതെയാണ് അംഗീകരിച്ചിട്ടുള്ളത്.

പ്രസ്തുത കെട്ടിടത്തിന്റെ ഫ്ലോർ ഏരിയ, പ്ലിന്ത് ഏരിയ എന്നിവ ചുവടെ കൊടുക്കുന്നു.

| ഇനം | നിലവിലുള്ള കെട്ടിടത്തിന്റെ BA/285/01-02 തീയതി 16.08.2002 പ്രകാരമുള്ള അളവുകൾ. | | BA/41257/16 തീയതി 11/11/2016 പ്രകാരമുള്ള അളവുകൾ | | BA/53277/19 തീയതി 07/03/2019 (284/18-19 തീയതി 05/02/18ലെ പ്ലാൻ) പ്രകാരമുള്ള അളവുകൾ. | |
|---|---|---|---|---|---|---|
| | പ്ലിന്ത് ഏരിയ | ഫ്ലോർ എരിയ | പ്ലിന്ത് ഏരിയ | ഫ്ലോർ എരിയ | പ്ലിന്ത് ഏരിയ | ഫ്ലോർ എരിയ |
| സെല്ലാർ I | - | - | - | - | 1457 | 1444.4 M$^2$ |
| സെല്ലാർ II | 551 | - | - | - | 1457 | 1444.4 M$^2$ |
| ഗ്രൗണ്ട് ഫ്ലോർ | 514 | 514 | 115.8 | 115.8 | 1310 | 1044M$^2$ |
| ഫസ്റ്റ് ഫ്ലോർ | 628.7 | 628.7 | 55 | 55 | 1321.3 | 849.4M$^2$ |
| സെക്കന്റ് ഫ്ലോർ | 547.7 | 547.7 | 115.8 | 115.8 | 1321.3 | 849.4M$^2$ |
| തേർഡ് ഫ്ലോർ | 521.7 | 521.7 | 115.8 | 115.8 | - | - |
| ഫോർത്ത് ഫ്ലോർ | 521.7 | 521.7 | - | - | - | - |
| ടെറസ്സ് | 39.4 | 39.4 | 22.75 | 22.75 | 19.5 | - |
| ആകെ. | 3324.2M$^2$ | 2773.2M$^2$ | 425.15M$^2$ | 425.15M$^2$ | 6886.1M$^2$ | 5631.6M$^2$ |

<u>അംഗീകരിച്ച പ്ലാൻ /ലേ ഔട്ട് പ്രകാരമുള്ള വിവരങ്ങൾ.</u>

| | |
|---|---|
| പ്ലോട്ട് ഏരിയ | 89 സെന്റ് (3601.83 ചതുരശ്ര മീറ്റർ)<br>(കൈവശാവകാശ സർട്ടിഫിക്കറ്റ് - നമ്പർ 22660223/18-01-2017) |
| കെട്ടിടത്തിന്റെ വിസ്തീർണ്ണം. | പ്ലിന്ത് ഏരിയ : 10635.45M$^2$<br>ഫ്ലോർ എരിയ : 8829.95M$^2$<br>(2773 + 425.15 + 5631.6) |

| | |
|---|---|
| | കാർപെറ്റ് ഏരിയ : 4702.67$M^2$ |
| കവറേജ് | 36.68(1321.3/3601.83x100) |

ഈ കെട്ടിടം ഡി.ടി.പി. സ്കീമിൽ ഉൾപ്പെട്ടതായതിനാൽ ജി.ഒ(എം.എസ്) 100/91/എൽ.എ.ഡി. തീയതി 18/03/1991 ഉത്തരവ് ഖണ്ഡിക 10(4) പ്രകാരം വാണിജ്യ വിഭാഗത്തിൽപെടുന്ന ന്യൂ ബസ്സ്റ്റാൻഡ് ഏരിയയിൽപെട്ട കെട്ടിടത്തിന് അധിക ഫീസ് കൂടാതെ നിർമ്മിക്കാവുന്ന കെട്ടിടത്തിന്റെ പരമാവധി എഫ്.എ.ആർ 2 ആണ്. ആകെ 3601.83 ചതുരശ്ര മീറ്റർ വിസ്തൃതിയിലുള്ള പ്രസ്തുത പ്ലോട്ടിൽ അധിക ഫീസില്ലാതെ നിർമ്മിക്കാവുന്ന കെട്ടിടത്തിന്റെ പരമാവധി വിസ്തീർണ്ണം 7203.66 ചതുരശ്ര മീറ്റർ മാത്രമാണ്. (3601.83x2=7203.66)

| | | |
|---|---|---|
| മൂന്ന് പെർമിറ്റ് പ്രകാരം അനുവദിച്ച ഫ്ലോർ ഏരിയ | : | 8829.95 ചതുരശ്ര മീറ്റർ. |
| അധിക ഫീസില്ലാതെ നിർമ്മിക്കാവുന്ന പരിധി യിൽ അധികരിച്ച് അനുവദിച്ച ഫ്ലോർ ഏരിയ | : | 8829.95-7203.66=1626.29ചതുരശ്ര മീറ്റർ. |

മേൽ പറഞ്ഞ കെട്ടിടത്തിന്റെ 284/18-19 തീയതി 5/2/18 പ്രകാരമുള്ള അംഗീകരിച്ച പ്ലാനിൽ പ്ലോട്ട് ഏരിയ, FAR, കവറേജ് , ഉടമസ്ഥരുടെ വിവരം എന്നിവ രേഖപ്പെടുത്താതെയാണ് പെർമിറ്റ് അനുവദിച്ചിട്ടുള്ളത്. ഇത് സംബന്ധിച്ച് നല്കിയ 61/6-1-2020-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ പ്ലോട്ട് ഏരിയ, ബിൽഡിംഗ് ഉടമസ്ഥാവകാശം, FAR, കവറേജ് എന്നിവ സംബന്ധിച്ച് പ്ലാനിലോ, പെർമിറ്റിലോ, വ്യക്തത ഇല്ല. ആയതിനാൽ മേൽപറഞ്ഞത് വ്യക്തത വരുത്തുകയും അധിക ഫീസ് ഇല്ലാതെ നിർമ്മിക്കാവുന്ന പരിധിയിൽ അധികരിച്ച് ഫ്ലോർ ഏരിയ അനുവദിച്ചിട്ടുണ്ടോ എന്നതും പരിശോധിച്ച് തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-28 ഇ.ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില നഗരസഭയ്ക്ക് ലഭിച്ചിട്ടില്ല.

സ.ഉ(സാധാ)നം. 3188/2017/ത.സ്വ.ഭ.വ തീയതി 02-10-2017 പ്രകാരം ഇ-ടെണ്ടറിന്റെ ആവശ്യത്തിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ഒരു അക്കൗണ്ട് തുടങ്ങാൻ തദ്ദേശ സ്ഥാപനങ്ങൾക്ക് അനുമതി നൽകി. എന്നാൽ കാസറഗോഡ് നഗരസഭയിൽ ഈ ടെണ്ടറിന്റെ ആവശ്യത്തിനായി സ്റ്റേറ്റ്ബാങ്ക് ഓഫ് ഇന്ത്യയിൽ അക്കൗണ്ട്സ് തുടങ്ങിയ പാസ്ബുക്ക് നഗരസഭ എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടും ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ഇ-ടെണ്ടർ മുഖേന നഗരസഭയ്ക്ക് ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ബിഡ് സമർപ്പിക്കുന്ന കരാറുകാർ ഫീസ് ഇനത്തിൽ അടക്കുന്ന തുകകൾ കാസറഗോഡ് ജില്ലാ പഞ്ചായത്ത് എൽ.എസ്.ജി.ഡി. ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിലാണ് വരവ് വന്നിരിക്കുന്നത്. ഈ ഇനത്തിൽ നഗരസഭയ്ക്ക് ജില്ലാ പഞ്ചായത്തിൽ എൽ.എസ്.ജി.ഡി ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ലഭിക്കാനുള്ള തുകയുടെ കൃത്യമായ കണക്ക് നഗരസഭയിൽ ലഭ്യമല്ല. ആയതിനാൽ ബിഡ് സമർപ്പണ ഫീസിനത്തിൽ ജില്ലാ പഞ്ചായത്ത് എൽ.എസ്.ജി.ഡി ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ലഭിക്കാനുള്ള തുകയുടെ കൃത്യമായ കണക്ക് നഗരസഭ എഞ്ചിനീയർ സൂക്ഷിക്കുകയോ ജില്ലാ പഞ്ചായത്ത് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തുക ലഭിക്കുന്നതിനുള്ള യാതൊരു വിധ നടപടികളും സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

സർക്കാർ ഉത്തരവ് ജി.ഒ.(പി)നം. 429/15 ഫിൻ തീയതി. 29/02/2015 ഉത്തരവ് പ്രകാരം 50,000നു മുകളിൽ 10 ലക്ഷം വരെ എസ്റ്റിമേറ്റിന്റെ 0.2% minimum 500 to Maximum 2000, 10 ലക്ഷത്തിനു മുകളിൽ ഒരു കോടി വരെ 2500/- രൂപ ഒടുക്കേണ്ടതാണ്") ഇത് പ്രകാരം നഗരസഭ എഞ്ചിനീയറുടെ 2018-19 സാമ്പത്തിക വർഷത്തെ ചെലവ് പത്രിക പ്രകാരം ചെലവ് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ ഫോം വില കണക്കാക്കിയതിലെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ. | എസ്റ്റിമേറ്റ് തുക. | ഈടാക്കാനുള്ള തുക. .2% |
|---|---|---|---|
| 1. | 51 | ₹5,00,000 | ₹1,000 |
| 2. | 52 | ₹7,00,000 | ₹1,400 |
| 3. | 93 | ₹5,00,000 | ₹1,000 |
| 4. | 96 | ₹5,00,000 | ₹1,000 |
| 5. | 107 | ₹7,00,000 | ₹1,400 |
| | | | |

| | | | |
|---|---|---|---|
| 6. | 141 | ₹6,00,000 | ₹1,200 |
| 7. | 180 | ₹5,00,000 | ₹1,000 |
| 8. | 210 | ₹8,00,000 | ₹1,600 |
| 9. | 219 | ₹8,00,000 | ₹1,600 |
| 10. | 252 | ₹6,00,000 | ₹1,200 |
| 11. | 255 | ₹5,00,000 | ₹1,000 |
| 12. | 260 | ₹5,00,000 | ₹1,000 |
| 13. | 290 | ₹5,00,000 | ₹1,000 |
| 14. | 292 | ₹5,00,000 | ₹1,000 |
| 15. | 293 | ₹5,00,000 | ₹1,000 |
| 16. | 294 | ₹5,00,000 | ₹1,000 |
| 17. | 297 | ₹7,61,000 | ₹1,522 |
| 18. | 301 | ₹5,00,000 | ₹1,000 |
| 19. | 304 | ₹6,12,298 | ₹1,225 |
| 20. | 306 | ₹6,19,949 | ₹1,240 |
| 21. | 325 | ₹20,49,960 | ₹2,500 |
| 22. | 326 | ₹5,00,000 | ₹1,000 |
| 23. | 327 | ₹5,35,200 | ₹1,070 |
| 24. | 328 | ₹5,00,000 | ₹1,000 |
| 25. | 331 | ₹10,00,000 | ₹2,000 |
| 26. | 336 | ₹5,00,000 | ₹1,000 |
| 27. | 342 | ₹5,00,000 | ₹1,000 |
| 28. | 344 | ₹8,00,000 | ₹1,600 |
| 29. | 350 | ₹5,00,000 | ₹1,000 |
| 30. | 356 | ₹5,00,000 | ₹1,000 |
| 31. | 358 | ₹5,50,000 | ₹1,100 |
| 32. | 362 | ₹5,00,000 | ₹1,000 |
| 33. | 375 | ₹5,00,000 | ₹1,000 |
| 34. | 376 | ₹7,50,000 | ₹1,500 |
| 35. | 377 | ₹5,00,000 | ₹1,000 |
| 36. | 378 | ₹5,00,000 | ₹1,000 |
| 37. | 382 | ₹12,55,000 | ₹2,500 |
| 38. | 385 | ₹5,00,000 | ₹1,000 |
| 39. | 386 | ₹5,00,000 | ₹1,000 |
| 40. | 397 | ₹5,00,000 | ₹1,000 |
| 41. | 399 | ₹5,00,000 | ₹1,000 |
| 42. | 403 | ₹5,00,000 | ₹1,000 |
| 43. | 404 | ₹5,00,000 | ₹1,000 |
| 44. | 408 | ₹5,00,000 | ₹1,000 |
| 45. | 414 | ₹5,00,000 | ₹1,000 |
| 46. | 428 | ₹5,00,000 | ₹1,000 |

| | | | |
|---|---|---|---|
| 47. | 433 | ₹5,00,000 | ₹1,000 |
| 48. | 434 | ₹5,00,000 | ₹1,000 |
| 49. | 449 | ₹6,00,000 | ₹1,200 |
| 50 | 450 | ₹7,53,000 | ₹1,506 |
| 51 | 455 | ₹5,73,270 | ₹1,146 |
| 52 | 457 | ₹5,98,714 | ₹1,197 |
| ആകെ | | | ₹61,706 |

കാസർഗോഡ് നഗരസഭയിൽ 2018-19 സാമ്പത്തിക വർഷത്തിൽ ഈ ടെണ്ടർ മുഖേന നടപ്പാക്കിയ 52 പൊതുമരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ വേളയിൽ കരാറുകാർ ഓൺലൈനായി സമർപ്പിച്ച ടെണ്ടർ ഫോറം വിലയായി നഗരസഭയ്ക്ക് ലഭ്യമാക്കേണ്ട തുക ആകെ 61,706/- രൂപ കൂടാതെ 2014-15 വർഷം മുതൽ ഈ ഇനത്തിൽ തുക ലഭ്യമാക്കുവാനുണ്ടോയെന്ന് പരിശോധിക്കേണ്ടതും ഉണ്ടെങ്കിൽ ടി തുക തിരികെ ലഭിക്കാൻ വേണ്ട നടപടികൾക്കു ശുപാർശ ചെയ്യേണ്ടതാണ്.

## 1-29 പണം പിൻവലിക്കൽ, പണം ഒടുക്കൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

കാസറഗോഡ് നഗരസഭയുടെ വിവിധ ബാങ്ക് അക്കൗണ്ടുകളുടെ ബാങ്ക് പാസ്സ്ബുക്ക്, ബാങ്ക്ബുക്ക് എന്നിവ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

<u>ചെലവ് ഭാഗം</u>

1) ബാങ്ക് പാസ്സ്ബുക്ക് പ്രകാരം പണം പിൻവലിച്ചത് ബാങ്ക്ബുക്കിൽ ചെലവായി രേഖപ്പെടുത്തിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ.നം | ബാങ്ക് | ചെക്ക് നമ്പർ | തുക | പണം പിൻവലിച്ച തീയതി |
|---|---|---|---|---|
| 1 | പഞ്ചാബ് നാഷണൽ ബാങ്ക് (A/C No. 4290000100049672) | 017348 | 22105 | 17.07.2018 |
| 2 | പഞ്ചാബ് നാഷണൽ ബാങ്ക് (A/C No. 4290000100049672) | 655454 | 10000 | 17.09.2018 |
| 3 | പഞ്ചാബ് നാഷണൽ ബാങ്ക് (A/C No. 4290000100049672) | 2882 | 15000 | 09.10.2018 |
| 4 | പഞ്ചാബ് നാഷണൽ ബാങ്ക് (A/C No. 4290000100049672) | 758207 | 4913 | 01.03.2019 |
| 5 | പഞ്ചാബ് നാഷണൽ ബാങ്ക് (A/C No. 4290000100049672) | 758201 | 4870 | 04.03.2019 |
| 6 | പഞ്ചാബ് നാഷണൽ | 830303 | 3556198 | 02.04.2019 |

| | | | | |
|---|---|---|---|---|
| | ബാങ്ക് (A/C No. 4290000100049672) | | | |
| 7 | പഞ്ചാബ് നാഷണൽ ബാങ്ക് (A/C No. 4290000100049672) | ---- | 30230 | 15.09.2018 |
| 8 | പഞ്ചാബ് നാഷണൽ ബാങ്ക് (A/C No. 4290000100049672) | ---- | 59273 | 06.10.2018 |
| 9 | പഞ്ചാബ് നാഷണൽ ബാങ്ക് (A/C No. 4290000100049672) | --- | 23987 | 06.10.2018 |
| 10 | പഞ്ചാബ് നാഷണൽ ബാങ്ക് (A/C No. 4290000100049672) | --- | 14439 | 11.10.2018 |
| 11 | പഞ്ചാബ് നാഷണൽ ബാങ്ക് (A/C No. 4290000100049672) | --- | 3348 | 11.10.2018 |
| 12 | പഞ്ചാബ് നാഷണൽ ബാങ്ക് (A/C No. 4290000100049672) | --- | 14343 | 11.10.2018 |
| 13 | പഞ്ചാബ് നാഷണൽ ബാങ്ക് (A/C No. 4290000100049672) | --- | 9731 | 11.10.2018 |
| 14 | പഞ്ചാബ് നാഷണൽ ബാങ്ക് (A/C No. 4290000100049672) | --- | 18810 | 11.10.2018 |
| 15 | പഞ്ചാബ് നാഷണൽ ബാങ്ക് (A/C No. 4290000100049672) | --- | 15185 | 11.10.2018 |
| 16 | പഞ്ചാബ് നാഷണൽ ബാങ്ക് | --- | 1976 | 11.10.2018 |

| | | | | |
|---|---|---|---|---|
| | (A/C No. 4290000100049672) | | | |
| 17 | പഞ്ചാബ് നാഷണൽ ബാങ്ക് (A/C No. 4290000100049672) | --- | 15404 | 11.10.2018 |
| 18 | പഞ്ചാബ് നാഷണൽ ബാങ്ക് (A/C No. 4290000100049672) | --- | 10867 | 11.10.2018 |
| 19 | പഞ്ചാബ് നാഷണൽ ബാങ്ക് (A/C No. 4290000100049672) | --- | 50723 | 26.10.2018 |
| 20 | പഞ്ചാബ് നാഷണൽ ബാങ്ക് (A/C No. 4290000100049672) | --- | 26235 | 26.10.2018 |
| 21 | പഞ്ചാബ് നാഷണൽ ബാങ്ക് (A/C No. 4290000100049672) | --- | 14644 | 26.10.2018 |
| 22 | പഞ്ചാബ് നാഷണൽ ബാങ്ക് (A/C No. 4290000100049672) | --- | 32500 | 01.11.2018 |
| 23 | പഞ്ചാബ് നാഷണൽ ബാങ്ക് (A/C No. 4290000100049672) | --- | 75750 | 01.11.2018 |
| 24 | പഞ്ചാബ് നാഷണൽ ബാങ്ക് (A/C No. 4290000100049672) | --- | 12711 | 01.11.2018 |
| 25 | പഞ്ചാബ് നാഷണൽ ബാങ്ക് (A/C No. 4290000100049672) | --- | 26149 | 01.11.2018 |
| 26 | പഞ്ചാബ് നാഷണൽ ബാങ്ക് (A/C No. 4290000100049672) | --- | 22433 | 01.11.2018 |
| 27 | പഞ്ചാബ് നാഷണൽ | --- | 30854 | 01.11.2018 |

| | | | | |
|---|---|---|---|---|
| | ബാങ്ക് (A/C No. 429000100049672) | | | |
| 28 | പഞ്ചാബ് നാഷണൽ ബാങ്ക് (A/C No. 429000100049672) | --- | 59273 | 01.11.2018 |
| 29 | ട്രഷറി സ്പെഷ്യൽ ഫണ്ട്സ് (6 TPA – 248 (PF)) | 38505 | 99980 | 13.04.2018 |
| 30 | ട്രഷറി സ്പെഷ്യൽ ഫണ്ട്സ് (6 TPA – 248 (PF)) | 38504 | 99984 | 17.04.2018 |
| 31 | ട്രഷറി സ്പെഷ്യൽ ഫണ്ട്സ് (6 TPA – 248 (PF)) | 38506 | 47250 | 17.04.2018 |
| 32 | കോർപ്പറേഷൻ ബാങ്ക് (A/C No.1000024737) | --- | 187212 | 04.06.2018 |
| 33 | കോർപ്പറേഷൻ ബാങ്ക് (A/C No.1000024737) | --- | 194375 | 04.06.2018 |
| 34 | കോർപ്പറേഷൻ ബാങ്ക് (A/C No.1000024737) | --- | 590204 | 04.06.2018 |
| 35 | കോർപ്പറേഷൻ ബാങ്ക് (A/C No.1000024737) | --- | 10457 | 04.06.2018 |
| 36 | കോർപ്പറേഷൻ ബാങ്ക് (A/C No.1000024737) | --- | 602340 | 04.07.2018 |
| 37 | കോർപ്പറേഷൻ ബാങ്ക് (A/C No.1000024737) | --- | 10547 | 04.07.2018 |
| 38 | കോർപ്പറേഷൻ ബാങ്ക് (A/C No.1000024737) | --- | 196443 | 04.07.2018 |
| 39 | കോർപ്പറേഷൻ ബാങ്ക് (A/C No.1000024737) | --- | 180285 | 04.07.2018 |
| 40 | കോർപ്പറേഷൻ ബാങ്ക് (A/C No.1000024737) | --- | 9839 | 05.07.2018 |
| 41 | കോർപ്പറേഷൻ ബാങ്ക് (A/C No.1000024737) | --- | 66342 | 05.07.2018 |
| 42 | കോർപ്പറേഷൻ | --- | 990 | 05.07.2018 |

| | | | | |
|---|---|---|---|---|
| | ബാങ്ക് (A/C No.1000024737) | | | |
| 43 | കോർപ്പറേഷൻ ബാങ്ക് (A/C No.1000024737) | --- | 602340 | 02.08.2018 |
| 44 | കോർപ്പറേഷൻ ബാങ്ക് (A/C No.1000024737) | --- | 196443 | 02.08.2018 |
| 45 | കോർപ്പറേഷൻ ബാങ്ക് (A/C No.1000024737) | --- | 195989 | 02.08.2018 |
| 46 | കോർപ്പറേഷൻ ബാങ്ക് (A/C No.1000024737) | --- | 10547 | 02.08.2018 |
| 47 | കോർപ്പറേഷൻ ബാങ്ക് (A/C No.1000024737) | --- | 6165 | 02.08.2018 |

ബാങ്ക് ബുക്കിൽ ചെലവ് രേഖപ്പെടുത്താതെ പണം ചെലവഴിച്ച നടപടി ക്രമത്തിലല്ല.

2) ബാങ്ക് പാസ്സ്ബുക്ക്, ബാങ്ക് ബുക്ക് എന്നിവയിൽ തുകയിൽ വ്യത്യാസം

| ക്രമ.നം | ബാങ്ക് | ചെക്ക് നമ്പർ | ബാങ്ക്പാസ്സ്ബുക്ക് പ്രകാരമുള്ള തുക | ബാങ്ക് ബുക്ക് പ്രകാരമുള്ള തുക | പണം പിൻവലിച്ച തീയതി |
|---|---|---|---|---|---|
| 1 | പഞ്ചാബ് നാഷണൽ ബാങ്ക് (A/C No. 4290000100049672) | 655507 | 31900 | 47150 | 04.10.2018 |
| 2 | പഞ്ചാബ് നാഷണൽ ബാങ്ക് (A/C No. 4290000100049672) | 696481 | 462 | 4621 | 27.11.2018 |
| 3 | പഞ്ചാബ് നാഷണൽ ബാങ്ക് (A/C No. 4290000100049672) | 696501 | 58400 | 45750 | 10.12.2018 |

3) ICICI (A/C No. 022001001737)

27.06.2018 ന് ശ്രീമതി. ഉമാവതിയുടെ അക്കൗണ്ടിലേയ്ക്ക് 1,20,000/- രൂപയും 02.08.2018 ന് ശ്രീമതി. അനിത രതീഷിന്റെ അക്കൗണ്ടിലേയ്ക്ക് 30,000/- രൂപയും NEFT വഴി ട്രാൻസ്ഫർ ചെയ്തതായി ബാങ്ക് പാസ്സ്ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആയത് ബാങ്ക് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

4) പഞ്ചാബ് നാഷണൽ ബാങ്ക് (തനത് ഫണ്ട്)

05.06.2018 ന് NEFT വഴി 5222/- രൂപ ശ്രീമതി. ഭവാനി എന്ന വ്യക്തിയുടെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ ബാങ്ക്ബുക്കിന്റെ ചെലവ് ഭാഗത്ത് ആയത് രേഖപ്പെടുത്തിയിട്ടില്ല.

മേൽ വിവരിച്ച അപാകതകൾക്ക് കാസറഗോഡ് നഗരസഭ സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ ബാങ്ക്ബുക്കിൽ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ടെങ്കിലും ആയത് പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല. ബാങ്ക് ബുക്ക് ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

- <u>വരവ് ഭാഗം</u>

1) ബാങ്ക്ബുക്ക് പ്രകാരമുള്ള വരവ് തുകകൾ പാസ്സ്ബുക്കിൽ ക്രെഡിറ്റ് ചെയ്തിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ബാങ്ക് | ബാങ്ക്ബുക്ക് പ്രകാരമുള്ള തുക | ചെക്ക് നമ്പർ, തീയതി | ചെക്ക് നഗരസഭയിൽ ലഭിച്ച തീയതി (ചെക്ക്& ഡ്രാഫ്റ്റ് രജിസ്റ്റർ പ്രകാരം) | വൗച്ചർ നമ്പർ | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | പഞ്ചാബ് നാഷണൽ ബാങ്ക് (A/C No. 4290000100049672) | 180682 | --- | --- | 31800118 | |
| 2 | പഞ്ചാബ് നാഷണൽ ബാങ്ക് (A/C No. 4290000100049672) | 5530 | 86224, 16.08.2018 | ചെക്ക്& ഡ്രാഫ്റ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. | 118030500171 | |
| 3 | പഞ്ചാബ് നാഷണൽ ബാങ്ക് (A/C No. 4290000100049672) | 7800 | 650238, 20.09.2018 | 03.10.2018 | 118030500200 | |
| 4 | പഞ്ചാബ് നാഷണൽ ബാങ്ക് (A/C No. 4290000100049672) | 1250 | 650239, 20.09.2018 | 03.10.2018 | 118030500201 | |
| 5 | പഞ്ചാബ് നാഷണൽ ബാങ്ക് (A/C No. 4290000100049672) | 590 | --- | --- | 31800172 | |
| 6 | പഞ്ചാബ് നാഷണൽ ബാങ്ക് (A/C No. 4290000100049672) | 290150 | --- | --- | 320100100 | 30.03.2019 ന് തുക ക്യാൻസൽ ചെയ്തതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ആയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. |
| 7 | പഞ്ചാബ് നാഷണൽ ബാങ്ക് (A/C No. 4290000100049672) | 245850 | --- | | 118260900003 | 30.03.2019ന് തുക ക്യാൻസൽ ചെയ്തതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ആയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. |
| 8 | പഞ്ചാബ് നാഷണൽ ബാങ്ക് (A/C No. 4290000100049672) | 35449 | --- | --- | 31800245 | 25.03.2019ന് തുക ക്യാൻസൽ ചെയ്തതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ആയതിന്റെ |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | രേഖകൾ ഹാജരാക്കിയിട്ടില്ല. |
| 9 | പഞ്ചാബ് നാഷണൽ ബാങ്ക് (A/C No. 4290000100049672) | 3750 | 341416, 11.02.2019 | 21.02.2019 | 118030500557 | |
| 10 | പഞ്ചാബ് നാഷണൽ ബാങ്ക് (A/C No. 4290000100049672) | 281359 | ---- | --- | 31800254 | 25.03.2019ന് തുക ക്യാൻസൽ ചെയ്തതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ആയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. |
| 11 | പഞ്ചാബ് നാഷണൽ ബാങ്ക് (A/C No. 4290000100049672) | 1000 | 503520, 25.01.2019 | 27.02.2019 | 118030400066 | |
| 12 | പഞ്ചാബ് നാഷണൽ ബാങ്ക് (A/C No. 4290000100049672) | 68358 | 411837, 26.02.2019 | ചെക്ക്& ഡ്രാഫ്റ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. | 118030500622 - 118030500638 | |
| 13 | പഞ്ചാബ് നാഷണൽ ബാങ്ക് (A/C No. 4290000100049672) | 13750 | 5091377, 08.03.2019 | 13.03.2019 | 118030500741 | |
| 14 | പഞ്ചാബ് നാഷണൽ ബാങ്ക് (A/C No. 4290000100049672) | 25000 | 8472208, 13.03.2019 | 14.03.2019 | 118030500753 | |
| 15 | പഞ്ചാബ് നാഷണൽ ബാങ്ക് (A/C No. 4290000100049672) | 208296 | --- | --- | 31800281 | 20.03.2019ന് തുക ക്യാൻസൽ ചെയ്തതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ആയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. |
| 16 | പഞ്ചാബ് നാഷണൽ ബാങ്ക് (A/C No. 4290000100049672) | 6800 | 2846935, 29.03.2019 | 10.04.2019 | 118030500867 | |
| 17 | പഞ്ചാബ് നാഷണൽ ബാങ്ക് (A/C No. 4290000100049672) | 1011484 | --- | --- | 31800097 | തെറ്റായി രേഖപ്പെടുത്തിയതാണെന്ന് നഗരസഭ മറുപടി നൽകി. |

2) കാസറഗോഡ് നഗരസഭയ്ക്ക് വിവിധ സ്ഥാപനങ്ങൾ/ വ്യക്തികൾ എന്നിവയിൽ നിന്നും ലഭിച്ച ചില ചെക്കുകൾ നഗരസഭ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടില്ലെന്ന് കണ്ടെത്തി. ആയത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്നാണ് ടി

വിഷയം നഗരസഭയുടെ ശ്രദ്ധയിൽപ്പെട്ടത്. ഇതിനെ തുടർന്ന് നഗരസഭ, കാലാവധി കഴിഞ്ഞ പ്രസ്തുത ചെക്കുകൾക്ക് പകരം ചെക്കുകൾ ടി വ്യക്തികൾ/ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കിയിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ബാങ്ക് | തുക | ചെക്ക് നമ്പർ, തീയതി | ചെക്ക് നഗരസഭയിൽ ലഭിച്ച തീയതി (ചെക്ക്& ഡ്രാഫ്റ്റ് രജിസ്റ്റർ പ്രകാരം) | വൗച്ചർ നമ്പർ | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | പഞ്ചാബ് നാഷണൽ ബാങ്ക് (A/C No. 4290000100049672) | 254640 | 7895153, 22.09.2018 | ചെക്ക്& ഡ്രാഫ്റ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. | 118030500182 | പ്രസ്തുത ചെക്കിന് പകരം 18.07.2019 ലെ 503890 നമ്പർ ചെക്ക് നഗരസഭയ്ക്ക് നൽകി. ആയത് 18.07.2019 ന് ടി.എസ്.ബി യുടെ 720021400000019 നമ്പർ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തു. |
| 2 | പഞ്ചാബ് നാഷണൽ ബാങ്ക് (A/C No. 4290000100049672) | 40800 | 4067340, 07.02.2019 | 11.02.2019 | 118030500522 | പ്രസ്തുത ചെക്കിന് പകരം 22.11.2019 ലെ 507819 നമ്പർ ചെക്ക് പ്രകാരം ടി തുക ടി.എസ്.ബി യുടെ 720021400000019 നമ്പർ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തു.. |
| 3 | പഞ്ചാബ് നാഷണൽ ബാങ്ക് (A/C No. 4290000100049672) | 29000 | 5630634, 05.03.2019 | 14.03.2019 | 118030500732 | പ്രസ്തുത ചെക്കിന് പകരം ചെക്ക് നം.5218185 തീയതി. 30.01.20 നഗരസഭയിൽ ലഭിച്ചതായി നഗരസഭ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ടി ചെക്ക് ക്രെഡിറ്റ് ആയതിന്റെ രേഖ ഹാജരാക്കിയിട്ടില്ല. |
| 4 | പഞ്ചാബ് നാഷണൽ ബാങ്ക് (A/C No. 4290000100049672) | 4100 | 796556, 18.03.2019 | 26.03.2019 | 118030500777 | പ്രസ്തുത ചെക്കിന് പകരം പുതിയ ചെക്ക് ലഭ്യമാക്കി. ടി തുക 28.02.2020 ന് ടി.എസ്.ബി യുടെ 720021400000019 നമ്പർ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തു. |
| 5 | പഞ്ചാബ് നാഷണൽ ബാങ്ക് (A/C No. 4290000100049672) | 25066 | 2092596, 28.03.2019 | 01.06.2019 | 118030500868 | പ്രസ്തുത ചെക്കിന് പകരം പുതിയ ചെക്ക് ലഭ്യമാക്കി. ടി തുക28.02.2020 ന് ടി.എസ്.ബി യുടെ 720021400000019 നമ്പർ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തു. |
| 6 | പഞ്ചാബ് നാഷണൽ ബാങ്ക് (A/C No. 4290000100049672) | 46388 | 272411, 22.09.2018 | ചെക്ക്& ഡ്രാഫ്റ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. | 118030500173-118030500181 | ചെക്ക് നം. 272413 പ്രകാരം 02.08.2019 ന് ടി തുക അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തു. |

നഗരസഭയ്ക്ക് ലഭിച്ച ചെക്കുകൾ യഥാസമയം അക്കൗണ്ടിൽ ക്രെഡിറ്റ് ആകാതിരുന്നതിന്റെ കാരണം നഗരസഭ വ്യക്തമാക്കിയിട്ടില്ല. പല ചെക്കുകളും ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്ററിലെ മുഴുവൻ കോളങ്ങളിലും രേഖപ്പെടുത്തലുകൾ വരുത്തേണ്ടതാണ്. ചെക്ക് കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരുടെ അനാസ്ഥ മൂലമാണ് വരവിനത്തിൽ നഗരസഭയ്ക്ക് ലഭിക്കേണ്ട തുക യഥാസമയം ലഭിക്കാതിരുന്നത്. നഗരസഭയിൽ ടി ചെക്കുകൾ ലഭിച്ച തീയതി മുതൽ തുക ക്രെഡിറ്റ് ആയ തീയതി വരെയുള്ള പലിശ ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്.

3) ബാങ്ക് പാസ്സ്ബുക്ക്, ബാങ്ക് ബുക്ക് എന്നിവയിൽ തുകയിൽ വ്യത്യാസം

| ക്രമ.നം | ബാങ്ക് | ചെക്ക് നമ്പർ | ബാങ്ക്പാസ്സ്ബുക്ക് പ്രകാരമുള്ള തുക | ബാങ്ക് ബുക്ക് പ്രകാരമുള്ള തുക | പണം ക്രെഡിറ്റ് തീയതി |
|---|---|---|---|---|---|
| 1 | പഞ്ചാബ് നാഷണൽ ബാങ്ക് (A/C No. 4290000100049672) | 468072 | 5000 | 55000 | 06.10.2018 |
| 2 | പഞ്ചാബ് നാഷണൽ ബാങ്ക് | 99814 | 1280 | 1250 | 09.10.2018 |

| | | | | | |
|---|---|---|---|---|---|
| | (A/C No. 4290000100049672) | | | | |
| 3 | പഞ്ചാബ് നാഷണൽ ബാങ്ക് (A/C No. 4290000100049672) | 194326 | 274366 | 275616 | 08.10.2018 |
| 4 | പഞ്ചാബ് നാഷണൽ ബാങ്ക് (A/C No. 4290000100049672) | Cash | 239127 | 239189 | 16.01.2019 |
| 5 | പഞ്ചാബ് നാഷണൽ ബാങ്ക് (A/C No. 4290000100049672) | Cash | 46735 | 46745 | 22.01.2019 |
| 6 | പഞ്ചാബ് നാഷണൽ ബാങ്ക് (A/C No. 4290000100049672) | 267717 | 10282 | 1849 | 02.11.2018 |
| 7 | പഞ്ചാബ് നാഷണൽ ബാങ്ക് (A/C No. 4290000100049672) | Cash | 338439 | 338834 | 25.02.2019 |

4) ട്രഷറി സേവിങ്സ് ബാങ്ക് ( തനത് ഫണ്ട്)

12.12.2018 -ാം തീയതി ബാങ്ക്ബുക്കിന്റെ വരവ് ഭാഗത്ത് 1759832/-രൂപയും (General Purpose Fund 7th instalment) 02.03.2019 ന് 150153/- രൂപയും 29.03.2019 ന് 1655676/- രൂപ, 598250/-രൂപ, 5095/- രൂപ, 430975/- രൂപ എന്നിവയും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആയത് പാസ്സ്ബുക്കിൽ വരവ് വന്നിട്ടില്ല.

ബാങ്ക് ബുക്കിൽ രേഖപ്പെടുത്താതെ തുക ചെലവഴിച്ചതും ബാങ്ക് ബുക്ക് പ്രകാരമുള്ള വരവ് തുകകൾ പാസ്സ്ബുക്കിൽ വരവ് രേഖപ്പെടുത്താത്തതും ഗുരുതരമായ വീഴ്ചയായി കണക്കാക്കുന്നു. ആയത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. പണം, ചെക്ക് എന്നിവയുടെ കൈകാര്യത്തിൽ നഗരസഭ സൂക്ഷ്മത പുലർത്തേണ്ടതാണ്.

- ഓഡിറ്റിനായി ഹാജരാക്കാത്ത ബാങ്ക്പാസ്സ്ബുക്ക്/സ്റ്റേറ്റ്മെന്റുകളുടെ വിവരം ചുവടെ ചേർക്കുന്നു.

1) SBT A/C. NO. 67143711797 (AYYANKALI)

2) PNB (ISUI) A/C. NO. 131743

3) PNB (SWACHBHARATH)

4) ICICI BANK ODF ( SWACHBHARATH)

5) TREASURY- MUNICIPAL FUNDS 5 TPA – 454 PENSION

പാസ്സ്ബുക്കുകൾ ഓഡിറ്റിന് ഹാജരാക്കാത്തതിനാൽ പ്രസ്തുത അക്കൗണ്ടുകൾ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-30 ഗവൺമെന്റ് താലൂക്ക് ആശുപത്രിക്ക് മരുന്ന് വാങ്ങൽ പദ്ധതിയിൽ, നൽകിയ മുഴവൻ തുകക്കും മരുന്ന് ലഭ്യമാക്കിയിട്ടില്ല.

| പ്രൊജക്ടിന്റെ പേര് | ഗവ: താലൂക്ക് ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ |
|---|---|

| | |
|---|---|
| പ്രൊജക്ട് നം. | S0037/19 |
| ഫണ്ടിനം | മെയിന്റനൻസ് ഫണ്ട് (റോഡിതരം) |
| അടങ്കൽ | 5,00,000/- |
| ചെലവ് | 5,00,000/- ( ബിൽ നം.06/2018-19 തീയതി: 04.02.2019 ₹3,76,228/-<br><br>ബിൽ നം.09/2018-19 തീയതി: 28.02.2019 ₹1,23,772/-) |
| നിർവഹണ ഉദ്യോഗസ്ഥൻ | സൂപ്രണ്ട്, താലൂക്ക് ആശുപത്രി, കാസറഗോഡ് |

മേൽ പദ്ധതി പ്രകാരം മരുന്ന് വാങ്ങുന്നതിനായി ബിൽ നം.06/2018-19 തീയതി: 04.02.2019 പ്രകാരം കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് 3,76,228/- രൂപയും ബിൽ നം. 09/2018-19 തീയതി : 28.02.19 പ്രകാരം കേരള മെഡിക്കൽ സർവീസസ് കോർപറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് 1,23,772/-രൂപ നൽകിയിട്ടുണ്ട്. കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡ് മുഴുവൻ തുകയ്ക്കുമുള്ള മരുന്ന് ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനം വിവിധ ഇൻവോയിസുകളിലായി ആകെ 89319/- രൂപയുടെ മരുന്ന് മാത്രമേ ലഭ്യമായിട്ടുള്ളൂ. ഇൻവോയിസുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഇൻവോയിസ് നം. | തീയതി | തുക |
|---|---|---|
| 895 | 24.04.2019 | 14295 |
| 1740 | 10.05.2019 | 19629 |
| 2527 | 23.05.2019 | 55395 |
| ആകെ | | 89319/- |

മരുന്നിനായി പണം ഒടുക്കി മാസങ്ങൾ കഴിഞ്ഞിട്ടും 34453/-രൂപയുടെ (123772 - 89319) മരുന്ന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 34453/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

പദ്ധതി പ്രകാരം മരുന്ന് ലഭ്യമാക്കുന്നതിനായി കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കേർപ്പറേഷൻ ലിമിറ്റഡ്, കേരള മെഡിക്കൽ സർവീസസ് കോർപറേഷൻ ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾക്ക് തുക മുൻകൂറായി നൽകിയെങ്കിലും ടി സ്ഥാപനങ്ങളുമായി നിർവ്വഹണ ഉദ്യോഗസ്ഥൻ കരാറിൽ ഏർപ്പെട്ടിട്ടില്ല. ആയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തു നിന്നുള്ള വീഴ്ചയായി കണക്കാക്കുന്നു. പണം മുൻകൂർ ഒടുക്കിയിട്ടും യഥാസമയം മരുന്ന് ലഭിക്കാതിരുനാൽ നിയമസാധുതയുള്ള കരാർ നിലവിലില്ല എന്ന കാരണത്താൽ ആയതിന്മേൽ നിയമനടപടി സ്വീകരിക്കാൻ സാധിക്കാത്ത സാഹചര്യമുണ്ടാകുന്നു. ഭാവിയിൽ പണം മുൻകൂർ നൽകുന്നതിന് മുൻപ് നിയമസാധുതയുള്ള കരാർ ചമയ്ക്കേണ്ടതാണ്.

മരുന്നിനായി പണം ഒടുക്കി മാസങ്ങൾ കഴിഞ്ഞിട്ടും ആയത് ലഭ്യമാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ തുടർനടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. മരുന്ന് ലഭ്യമാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

( ഓഡിറ്റ് എൻക്വയറി നമ്പർ 18/2018-19 തീയതി. 15.07.2019 )

## 1-31 ഗവ. ആയുർവേദ ആശുപത്രി, ഗവ. ഹോമിയോ ഡിസ്പെൻസറി എന്നിവയ്ക്ക് മരുന്ന് വാങ്ങൽ പദ്ധതി നടപ്പിലാക്കിയതിലെ അപാകതകൾ.

| | |
|---|---|
| പ്രൊജക്ട് നം. | S0009/19 |
| പ്രൊജക്ടിന്റെ പേര് | ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
| ഫണ്ടിനം | മെയിന്റനൻസ് ഫണ്ട് (റോഡിതരം) |
| ആകെ അടങ്കൽ | 15 ലക്ഷം രൂപ |
| ചെലവ് | 15 ലക്ഷം രൂപ<br><br>(ബിൽ നം.1/18-19 തീയതി : 11.10.18, ₹8,00,000, |

| | |
|---|---|
| | ബിൽ നം.2/18-19തീയതി : 29.11.18 ₹7,00,000) |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ആയുർവേദം) |

| | |
|---|---|
| പ്രൊജക്ട് നം. | S0003/19 |
| പ്രൊജക്ടിന്റെ പേര് | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ |
| ഫണ്ടിനം | മെയിന്റനൻസ് ഫണ്ട് (റോഡിതരം) |
| ചെലവ് | 2 ലക്ഷം രൂപ<br><br>ബിൽ നം.1/2018-19 തീയതി : 10.01.2019 |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) |

മേൽ പ്രോജക്ടുകളുടെ പരിശോധനയിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ കണ്ടെത്തി.

എ) മരുന്ന് ലഭിക്കുന്നതിൽ കാലതാമസം.

ആയുർവേദ ആശുപത്രിയ്ക്ക് മരുന്ന് ലഭ്യമാക്കൽ പദ്ധതിയ്ക്കായി മരുന്ന് വാങ്ങുന്നതിനായി മേൽ രേഖപ്പെടുത്തിയ പ്രകാരം 15 ലക്ഷം രൂപ ഔഷധി എന്ന സ്ഥാപനത്തിൽ ഒടുക്കിയിട്ടുണ്ട്. മരുന്നിനായി പണം ഒടുക്കി മാസങ്ങൾ കഴിഞ്ഞാണ് ആയത് ലഭ്യമാക്കിയിട്ടുള്ളത്.11.10.2018 ന് ചമച്ച കരാറിൽ, പണം കൈപ്പറ്റി 60 ദിവസത്തിനകം മരുന്ന് സപ്പൈ ചെയ്യുന്നതാണെന്ന് ഔഷധി കരാർ ചെയ്തിട്ടുണ്ടെങ്കിലും നിശ്ചിത സമയപരിധി കഴിഞ്ഞ് വളരെയധികം കാലതാമസം വരുത്തിയാണ് കൂടുതൽ അളവ് മരുന്നുകളും ഔഷധി സപ്ലൈ ചെയ്തിട്ടുള്ളത് (01/2019 മുതൽ 11/2019 വരെയുള്ള കാലയളവിൽ).കൂടാതെ ഹോമിയോ ആശുപത്രിയിലേയ്ക്ക് മരുന്ന് വാങ്ങൽ പദ്ധതിക്ക് വേണ്ടി മരുന്ന് വാങ്ങുന്നതിനായി മേൽ സൂചിപ്പിച്ച പ്രകാരം രണ്ട് ലക്ഷം രൂപ ബിൽ നം. 01/2018-19 തീയതി 10.01.2019 പ്രകാരം കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ് (ഹോംകോ) ആലപ്പുഴ എന്ന് സ്ഥാപനത്തിൽ ഒടുക്കിയിട്ടുണ്ട്. മരുന്നിനായി പണം ഒടുക്കി മാസങ്ങൾക്ക് ശേഷം 2019 ഒക്ടോബറിലാണ് ഹോംകോയിൽ നിന്ന് മരുന്ന് സപ്ലൈ ചെയ്തിട്ടുള്ളത് ( ഇൻവോയിസ് നം. LF 1049, തീയതി. 01.10.2019). ഹോമിയോ മരുന്നുകൾ ലഭിക്കുന്നതിന് ഹോംകോയിലേയ്ക്കും ആയുർവേദ മരുന്നുകൾ ലഭിക്കുന്നതിന് ഔഷധിയിലേയ്ക്കും പണമടച്ചാൽ മരുന്ന് ലഭിക്കുന്നതിന് കാലതാമസമുണ്ടാകുന്നുവെങ്കിൽ ടെണ്ടർ/ക്വട്ടേഷൻ വിളിച്ച് അതാത് മെഡിക്കൽ ഓഫീസർക്ക് മരുന്ന് പുറമെനിന്ന് വാങ്ങുന്നതിന് സർക്കുലർ നം. ഡി.എ1/840/17/ത.സ്വ.ഭ.വ തീയതി.16.12.2017 പ്രകാരം സർക്കാർ അനുമതി നൽകിട്ടുണ്ട്. മരുന്ന് ലഭിക്കുന്നതിന് കാലതാമസമുണ്ടാകുന്ന പക്ഷം ഭാവിയിൽ സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.

ബി) നിയമസാധുതയുള്ള കരാറിൽ ഏർപ്പെട്ടിട്ടില്ല.

പണം മുൻകൂർ നൽകുന്നതിന് മുൻപായി പ്രസ്തുത സ്ഥാപനവുമായി നിർവ്വഹണ ഉദ്യോഗസ്ഥൻ നിയമസാധുതയുള്ള കരാറിൽ ഏർപ്പെടേണ്ടതുണ്ട്. എന്നാൽ മെഡിക്കൽ ഓഫീസർ (ഹോമിയോ) ഹോംകോയുമായി കരാറിലേർപ്പെട്ടിട്ടില്ല. ഔഷധിയുമായി നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ ( ആയൂർവേദം) കരാറിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിലും ആയത് വെള്ളപേപ്പറിൽ ചമച്ച കരാറാണ്. മാത്രമല്ല രണ്ടാം കക്ഷിയായ മെഡിക്കൽ ഓഫിസർ കരാറിൽ ഒപ്പിട്ടിട്ടില്ല. സ്ഥാപനവുമായി കരാർ ചമക്കാത്ത മെഡിക്കൽ ഓഫീസർ (ഹോമിയോ) പണം മുൻകൂർ നൽകിയ നടപടി ക്രമത്തിലല്ല. ഭാവിയിൽ പണം മുൻകൂർ നൽകുന്നതിന് മുൻപ് നിയമസാധുതയുള്ള (മുദ്രപേപ്പറിലുള്ള) കരാർ ചമയ്ക്കേണ്ടതാണ്.

## 1-32 പാലിയേറ്റീവ് കെയർ പദ്ധതിയ്ക്കായി മരുന്ന് വാങ്ങൽ - മുഴവൻ മരുന്നും ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| പദ്ധതിയുടെ പേര് | പാലിയേറ്റീവ് കെയർ |
| പദ്ധതി നം. | S0036/19 |
| അടങ്കൽ | ₹13,38,330/- |
| ചെലവ് | ₹10,47,940/-(ബിൽ നം.01/2018-19 തീയതി: 22.09.18 - ₹1,04,100/- |

| | |
|---|---|
| | 02/2018-19 തീയതി: 22.11.18 -₹1,04,590/-<br>03/2018-19 തീയതി: 27.11.18 - ₹37,480/-<br>05/2018-19 തീയതി: 04.02.19 - ₹99,975/-<br>07/2018-19 തീയതി :19.02.19 - ₹22,410/-<br>08/2018-19 തീയതി : 28.02.19 - ₹5,40,000/-<br>10/2018-19 തീയതി :08.03.19 - ₹60,350/-<br>11/2018-19 തീയതി :15.03.19 - ₹32,875/-<br>12/2018-19 തീയതി :28.03.19 - ₹46,160/- |
| ഫണ്ടിനം | വികസനഫണ്ട് (പൊതുവിഭാഗം സാധാരണ വിഹിതം) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സൂപ്രണ്ട്, താലൂക്ക് ഹോസ്പിറ്റൽ, കാസറഗോഡ്. |

മേൽ പദ്ധതി പ്രകാരം കേരള മെഡിക്കൽ സർവ്വീസസ് കോർപറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും മരുന്ന് വാങ്ങി പാലിയേറ്റീവ് കെയർ യൂണിറ്റിന് നൽകിയിട്ടുണ്ട്. ആയതിനായി ബിൽ നം.8/2018-19 തീയതി: 28.02.2019 പ്രകാരം 5,40,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ വിവിധ ഇൻവോയിസുകളിലായി ആകെ 513448/- രൂപയുടെ മരുന്ന് മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ. ഇൻവോയിസുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇൻവോയിസ് നമ്പർ | തീയതി | തുക |
|---|---|---|---|
| 1 | 773 | 14.04.2019 | 15470 |
| 2 | 774 | 17.04.2019 | 39626 |
| 3 | 900 | 24.04.2019 | 33048 |
| 4 | 901 | 24.04.2019 | 90718 |
| 5 | 899 | 24.04.2019 | 28216 |
| 6 | 1470 | 07.05.2019 | 45734 |
| 7 | 1725 | 10.05.2019 | 42023 |
| 8 | 1728 | 10.05.2019 | 39570 |
| 9 | 2031 | 16.05.2019 | 36963 |
| 10 | 2521 | 23.05.2019 | 47483 |
| 11 | 2525 | 23.05.2019 | 9372 |
| 12 | 2524 | 23.05.2019 | 42029 |
| 13 | 5321 | 20.08.2019 | 43196 |
| ആകെ | | | 513448 |

പണം മുൻകൂർ ഒടുക്കി മാസങ്ങൾ കഴിഞ്ഞിട്ടും 26552/- രൂപയുള്ള മരുന്ന് (540000-513448) ലഭ്യമാക്കിയിട്ടില്ല. പണം മുൻകൂർ ഒടുക്കുന്നതിന് മുൻപ് നിർവ്വഹണ ഉദ്യോഗസ്ഥൻ കേരള മെഡിക്കൽ സർവ്വീസസ് കോർപറേഷൻ ലിമിറ്റഡുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. കൂടാതെ, മരുന്ന് ലഭ്യമാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. ആയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ വീഴ്ചയായി കണക്കാക്കുന്നു. മരുന്ന് ലഭ്യമാക്കാത്തതിനാൽ 26552/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്ന് ലഭ്യമാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നം. 20/2018-19 തീയതി : 15.07.2019)

## 1-33 പട്ടികജാതി കുടുംബങ്ങളുടെ ഭവന നിർമാണ ധനസഹായം പദ്ധതി - അപാകതകൾ

| പ്രൊജക്ടിന്റെ പേര്. | പട്ടികജാതി കുടുംബങ്ങളുടെ ഭവന നിർമാണ |
|---|---|

| | |
|---|---|
| | ധനസഹായം. |
| പ്രൊജക്ട് നം. | S0004/19. |
| ഫണ്ടിനം. | വികസന ഫണ്ട് (എസ്.സി.പി). |
| അടങ്കൽ. | ₹12,00,000/- |
| ആകെ ചെലവ് | ₹9,20,000/- |
| ചെലവ് (ബിൽ പ്രകാരം) | (ബിൽ നം.07/2018-19 തീയതി :21.01.19 - ₹1,20,000/-<br><br>12/2018-19 തീയതി:19.03.19 - ₹1,20,000/-<br><br>15/2018-19 തീയതി:19.03.19 - ₹1,20,000/-<br><br>16/2018-19 തീയതി:16.03.19 - ₹90,000/-<br><br>17/2018-19 തീയതി :16.03.19 - ₹90,000/-<br><br>18/2018-19 തീയതി :19.03.19 - ₹1,20,000/-<br><br>20/2018-19 തീയതി :16.03.19 - ₹90,000/-<br><br>22/2018-19 തീയതി :23.03.19 - ₹90,000/-<br><br>25/2018-19 തീയതി :28.03.19 - ₹80,000/-) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ. | പട്ടികജാതി വികസന ഓഫീസർ. |

മേൽ പദ്ധതിയുടെ ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. മതിയായ രേഖകൾ ഹാജരാക്കാത്ത വ്യക്തികൾക്ക് ആനുകൂല്യം നൽകി.

മേൽ പദ്ധതിയിൽ മതിയായ രേഖകൾ ഹാജരാക്കാത്ത വ്യക്തികൾക്ക് ആനുകൂല്യം നൽകിയതായി കണ്ടെത്തി. വിശദിവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്. | ഹാജരാക്കാത്ത രേഖകൾ. |
|---|---|---|
| 1 | ശ്രീമതി.സുശീല.കെ.ആർ. | • പ്ലാൻ<br>• സ്റ്റേജ് സർട്ടിഫിക്കറ്റ് (1st സ്റ്റേജിന്റേത് ഒഴികെ മറ്റൊന്നും ലഭ്യമാക്കിയിട്ടില്ല.)<br>• വീട് നിർമ്മിക്കുന്ന സ്ഥലത്തിന്റെ ആധാരം<br>• കരം അടച്ച രസീത് |
| 2 | ശ്രീ.ആനന്ദ.എ | • ബിൽഡിംഗ് പെർമിറ്റ്<br>• പ്ലാൻ<br>• സ്റ്റേജ് സർട്ടിഫിക്കറ്റ് (1st സ്റ്റേജിന്റേത് ഒഴികെ മറ്റൊന്നും ലഭ്യമാക്കിയിട്ടില്ല.)<br>• വീട് നിർമ്മിക്കുന്ന സ്ഥലത്തിന്റെ ആധാരം<br>• കരം അടച്ച രസീത് |
| 3 | ശ്രീമതി.മാലിനി.എം.സുവർണ. | • സ്റ്റേജ് സർട്ടിഫിക്കറ്റ് (1st സ്റ്റേജിന്റേത് ഒഴികെ മറ്റൊന്നും ലഭ്യമാക്കിയിട്ടില്ല.) |

| | | |
|---|---|---|
| | | • വീട് നിർമ്മിക്കുന്ന സ്ഥലത്തിന്റെ ആധാരം<br>• റേഷൻ കാർഡിന്റെ പകർപ്പ്<br>• ബിൽഡിംഗ് പെർമിറ്റ് (ഹാജരാക്കിയ ബിൽഡിംഗ് പെർമിറ്റിന്റെ കാലാവധി 29.09.2018 ന് അവസാനിച്ചു). |

വീട് നിർമ്മിക്കുന്ന സ്ഥലത്തിന്റെ ആധാരം, ബിൽഡിംഗ് പെർമിറ്റ്, പ്ലാൻ, കരം അടച്ച രസീത് എന്നിങ്ങനെ പ്രധാനപ്പെട്ട രേഖകൾ പോലും ഹാജരാക്കാത്ത വ്യക്തികൾക്ക് ആനുകൂല്യം നൽകിയ നിർവ്വഹണ ഉദ്യോഗസ്ഥന്റെ നടപടി തീരെ ക്രമത്തിലല്ല.മതിയായ രേഖകൾ ഹാജരാക്കാത്തതിനാൽ ശ്രീമതി.സുശീല.കെ.ആർ, ശ്രീമതി.മാലിനി എം സുവർണ, ശ്രീ. ആനന്ദ. എ എന്നിവർക്ക് നൽകിയ 9,20,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.(ഓഡിറ്റ് എൻക്വയറി നം.10/18-19 തീയതി : 07.06.2019ന് മറുപടി ലഭ്യമാക്കിയിട്ടില്ല).പ്രസ്തുത ഗുണഭോക്താക്കൾക്ക് നൽകിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | നൽകിയ തുക. |
|---|---|
| 1. ശ്രീമതി.സുശീല.കെ.ആർ. | 280000 |
| 2. ശ്രീ.ആനന്ദ.എ | 280000 |
| 3. ശ്രീമതി.മാലിനി.എം.സുവർണ | 360000 |
| ആകെ | 920000 |

<u>2. അനർഹനായ വ്യക്തിക്ക് ആനുകൂല്യം നൽകി</u>.

മാർഗ്ഗരേഖയുടെ ലംഘനം. സ.ഉ.(എം.എസ്)നം.151/2017/ത.സ്വ.ഭ.വ തീയതി: 31.07.2017 ലെ വ്യവസ്ഥകൾ പ്രകാരമാണ് (ലൈഫ് മിഷൻ മാർഗ്ഗരേഖ) ഭവന നിർമ്മാണ പദ്ധതികൾക്ക് ധനസഹായം നൽകേണ്ടത്. പ്രസ്തുത ഉത്തരവ് പ്രകാരം നഗരത്തിൽ 5 സെന്റിൽ ഏറെ ഭൂമിയുള്ള ഗുണഭോക്താക്കൾ മേൽ പദ്ധതിയുടെ ആനുകൂല്യത്തിന് അർഹരല്ല. പദ്ധതി പ്രകാരം നിർമ്മിക്കപ്പെടുന്ന വീടിന്റെ വിസ്തീർണം 60 ചതുരശ്ര മീറ്ററിൽ അധികരിക്കാൻ പാടില്ല.

കാസറഗോഡ് വില്ലേജ് ഓഫീസറുടെ 07.06.2018 ലെ 32897422 നം.കൈവശാവകാശ സർട്ടിഫിക്കറ്റിൽ പദ്ധതിയുടെ ഗുണഭോക്താവായ അമേയ കോളനിയിലെ പൊസോളിക വീട്ടിൽ താമസിക്കുന്ന ശ്രീ. ആനന്ദ. എ യുടെയും മറ്റുള്ളവരുടെയും പേരിൽ റീസർവ്വേ നം.128/2G8-ൽ 0.0324 ഹെക്ടർ (8സെന്റ്) ഭൂമി കൈവശമുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിൽ നിന്നും അനർഹനായ വ്യക്തിക്കാണ് ആനുകൂല്യം ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാണ്. ശ്രീ.ആനന്ദ.എ വീട് നിർമ്മിക്കുന്ന സ്ഥലത്തിന്റെ ആധാരം, പ്ലാൻ, ബിൽഡിംഗ് പെർമിറ്റ് എന്നീ അവശ്യ രേഖകൾ ഹാജരാക്കാതെയുമാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ തുക അനുവദിച്ച് നൽകിയിട്ടുള്ളത്.

| ക്രമ.നം | ബിൽ നം, തീയതി | ശ്രീ. ആനന്ദ. എ യ്ക്ക് നൽകിയ തുക. |
|---|---|---|
| 1 | 07/2018-19 തീയതി : 21.01.19 | 40000 |
| 2 | 18/2018-19 തീയതി : 19.03.19 | 120000 |
| 3 | 20/2018-19 തീയതി : 16.03.19 | 90000 |
| 4 | 22/2018-19 തീയതി : 23.03.19 | 30000 |

മേൽ വിവരം രേഖപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (നം.10/18-19 തീയതി : 07.06.2019, നം.19/18-19 തീയതി : 10.07.2019) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-34 പട്ടികജാതി കുടുംബങ്ങളുടെ വീട് വൈദ്യുതീകരണം പദ്ധതി - മതിയായ രേഖകൾ ഹാജരാക്കാത്ത

വ്യക്തികൾക്ക് മുഴുവൻ തുകയും നൽകി - മാർഗ്ഗരേഖകളുടെ ലംഘനം.

| | |
|---|---|
| പ്രൊജക്ടിന്റെ പേര് | പട്ടികജാതി കുടുംബങ്ങളുടെ വീട് വൈദ്യുതീകരണം |
| പ്രൊജക്ട് നം. | SO006/19 |
| ഫണ്ടിനം | വികസന ഫണ്ട് (എസ്.സി.പി) |
| അടങ്കൽ | ₹25,000/- |
| ആകെ ചെലവ് | ₹25,000/- |
| ചെലവ് (ബിൽ പ്രകാരം) | (ബിൽ നം.9/2018-19 തീയതി :21.01.19 - ₹10,000/-<br>11/2018-19 തീയതി:04.02.19 - ₹2,500/-<br>13/2018-19 തീയതി: 28.02.19 - ₹10,000/-<br>23/2018-19 തീയതി:23.03.19 - ₹2,500/-) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ |

കാസറഗോഡ് നഗരസഭയിൽ 2018-19 വർഷം പട്ടികജാതി കുടുംബങ്ങൾക്കുള്ള വീട് വൈദ്യുതീകരണം പദ്ധതി നടപ്പിലാക്കുകയും 5 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുകയും ചെയ്തിട്ടുണ്ട്. സ.ഉ(എം.എസ്) നമ്പർ. 22/2018/ത.സ്വ.ഭ.വ തീയതി. 14.02.2018 പ്രകാരം, കെ.എസ്.ഇ.ബിയിൽ ക്യാഷ് ഡെപ്പോസിറ്റ് (സി.ഡി) അടച്ച് രസീതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഹാജരാക്കിയാൽ മാത്രമേ സബ്സിഡി തുക നൽകാവൂ. കൂടാതെ മെയിൻ സ്വിച്ച്, എർത്തിംഗ് എന്നിവയ്ക്ക് പുറമെ 3 പോയിന്റ് വയറിംഗ് നടത്തിയെന്നുള്ള ഓവർസീയറുടെ സാക്ഷ്യപത്രം ഹാജരാക്കേണ്ടതുണ്ട്. എന്നാൽ പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളാരും തന്നെ പ്രസ്തുത രേഖകൾ ഹാജരാക്കിയിട്ടില്ല. ശ്രീമതി.കാവേരി, ശ്രീ.രാജ.എ, ശ്രീമതി.സാവിത്രി എന്നിവരുമായി നിർവഹണോദ്യോഗസ്ഥൻ കരാറിൽ ഏർപ്പെട്ടിട്ടില്ല. ആവശ്യമായ രേഖകൾ ഹാജരാക്കാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയ നിർവ്വഹണ ഉദ്യോഗസ്ഥന്റെ നടപടി ക്രമത്തിലല്ല.

മേൽ കാരണങ്ങളാൽ പദ്ധതിയ്ക്കായി ചെലവഴിച്ച 25000/- രൂപ (5000x5) തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 08/2018-19 തീയതി 10.06.2019 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-35 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനാവശ്യത്തിന് മേശയും കസേരയും വിതരണം പദ്ധതി നടപ്പിലാക്കിയതിലെ അപാകതകൾ

| | |
|---|---|
| പ്രൊജക്ടിന്റെ പേര് | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനാവശ്യത്തിന് മേശയും കസേരയും വിതരണം പദ്ധതി |
| പ്രൊജക്ട് നം. | SO015/19 |
| ഫണ്ടിനം | വികസന ഫണ്ട് (എസ്.സി.പി) |
| അടങ്കൽ | ₹50,000/- |
| ചെലവ് | ₹50,000/- (ട്രഷറി ബിൽ നം.19/2018-19 തീയതി :16.03.2019) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ |

2018-19 വർഷം കാസറഗോഡ് നഗരസഭയിൽ പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനാവശ്യത്തിന് മേശയും കസേരയും വിതരണം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം ക്വട്ടേഷൻ മുഖേന എമറാൾഡ് സ്റ്റീൽ, പെരിയാട്ടടുക്കം എന്ന

സ്ഥാപനത്തിൽ നിന്നും 50,000/-രൂപയ്ക്ക് ഫർണ്ണിച്ചർ വാങ്ങി 10 ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്. മേൽ പദ്ധതിയിൽ മതിയായ രേഖകൾ ഹാജരാക്കാത്ത 8വിദ്യാർത്ഥികൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. ആയതിനാൽ ടി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വാങ്ങുന്നതിനായി ചെലവഴിച്ച 40,000/-രൂപ (8x5000) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താക്കളുടെ പേര് | തുക തടസ്സപ്പെടുത്തുന്നതിനുള്ള കാരണം |
|---|---|---|
| 1 | നന്ദുകൃഷ്ണൻ.ബി.എം | സ്റ്റഡി സർട്ടിഫിക്കറ്റ്, കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കിയിട്ടില്ല |
| 2 | ജ്യോതിക്.എ | സ്റ്റഡി സർട്ടിഫിക്കറ്റ്, കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കിയിട്ടില്ല |
| 3 | സുമന്ദ്.എം | സ്റ്റഡി സർട്ടിഫിക്കറ്റ്, കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കിയിട്ടില്ല |
| 4 | ദൃശ്യ | സ്റ്റഡി സർട്ടിഫിക്കറ്റ്, കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കിയിട്ടില്ല |
| 5 | ജീവൻ.ടി.ജി | കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല |
| 6 | ബിനീഷ്.ടി.ജി | കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല |
| 7 | നയന.എ | കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല |
| 8 | നിതീഷ്.എൻ.ആർ | കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല |

രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

<u>പദ്ധതി നടത്തിപ്പിലെ മറ്റ് അപാകതകൾ.</u>

1) പട്ടികജാതി വികസന ഓഫീസറുടെ 23.02.2019 ലെ 1419/18 നമ്പർ ക്വട്ടേഷൻ നോട്ടീസ് പ്രകാരം table of size 48x24x30 with shelf (10 nos), Fibre chair with arm (10 nos) എന്നിവയ്ക്ക് ക്വട്ടേഷൻ ക്ഷണിക്കുകയും കുറഞ്ഞ തുക ക്വാട്ട് ചെയ്ത എമറാൾഡ് സ്റ്റീൽ, പെരിയാട്ടുക്കം എന്ന സ്ഥാപനത്തിൽ നിന്നും 43,081/-രൂപയ്ക്ക് (10x3651+ GST) 10 സ്റ്റീൽ മേശയും, 6,926/- രൂപയ്ക്ക് (10x587+ GST) 10 ഫൈബർ കസേരയും വാങ്ങുകയും ചെയ്തിട്ടുണ്ട്. സബ്സിഡി മാർഗരേഖ സ.ഉ.(കൈ) നം.22/2018/ത.സ്വ.ഭ.വ തീയതി:14.02.2018 പ്രകാരം, സ്റ്റീൽ/ മരത്തിന്റെ മേശയും കസേരയുമാണ് വാങ്ങിനൽകേണ്ടത്. എന്നാൽ Steel table of size 48x24x30, Fibre chair എന്നിവയാണ് വാങ്ങി നൽകിയത്. . സ്റ്റീൽ/ മരത്തിന്റെ കസേരയ്ക്ക് പകരം ഫൈബർ കസേര വാങ്ങിയതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറി നമ്പർ 09/2018-19 തീയതി 10.06.2019 ന്

മറുപടി ലഭ്യമാക്കിയിട്ടില്ല . 2017-18 വർഷത്തെ പദ്ധതിയിലും സ്റ്റീൽ/ മരത്തിന്റെ കസേരയ്ക്ക് പകരം ഫൈബർ കസേരയാണ് വാങ്ങിനൽകിയിട്ടുള്ളത്. ടി വിവരം 2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അപാകത ചൂണ്ടിക്കാണിച്ചിട്ടും തുടർന്നുള്ള വർഷങ്ങളിലും ആയത് ആവർത്തിക്കുന്നത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയായി കണക്കാക്കുന്നു. ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2) ഗുണഭോക്താക്കൾക്ക് പട്ടികജാതി വികസന വകുപ്പിൽ നിന്നും നേരത്തേ ഇതേ ആനുകൂല്യം ലഭിച്ചിട്ടില്ലെന്ന പട്ടികജാതി വികസന ഓഫീസറുടെ സാക്ഷ്യപത്രം ഫയലിൽ ലഭ്യമല്ല.

## 1-36 കാസറഗോഡ് നഗരസഭയിൽ സാലറി ചലഞ്ച് നടപ്പിലാക്കിയതിലെ അപാകതകൾ.

2018 ൽ സംസ്ഥാനത്ത് സംഭവിച്ച പ്രളയക്കെടുതിയുമായി ബന്ധപ്പെട്ടുണ്ടായ നാശനഷ്ടങ്ങൾ പരിഹരിച്ച് നവകേരള സൃഷ്ടിക്കായി സർക്കാർ ജീവനക്കാരുടെ ഒരു മാസത്തെ ശമ്പളം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവന ചെയ്യുന്നതിനായി 11.09.2018 ലെ സ.ഉ(അച്ചടി) 144/2018/ധന ഉത്തരവ്, ധനകാര്യ (ഫണ്ട്സ്) വകുപ്പിന്റെ 31.10.2018 ലെ 99/2018/ധന നമ്പർ സർക്കുലർ, 18.06.2019 ലെ 62/2019/ധന നമ്പർ സർക്കുലർ എന്നിവ പ്രകാരം സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് പ്രകാരം കാസറഗോഡ് നഗരസഭ കാര്യാലയത്തിൽ നിന്നും ഈ ഇനത്തിൽ താഴെ കൊടുത്തിരിക്കുന്ന പ്രകാരം ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും റിക്കവറികൾ നടത്തിയിട്ടുണ്ടെന്ന് ഫയലിൽ നിന്ന് വ്യക്തമാകുന്നു.

| ക്രമ. നം. | ഇനം | റഗുലർ ജീവനക്കാരിൽ നിന്നും ഈടാക്കിയ തുക | കണ്ടിജന്റ് ജീവനക്കാരിൽ നിന്നും ഈടാക്കിയ തുക |
|---|---|---|---|
| 1 | സാലറി റിക്കവറി - 09/18 മുതൽ 06/19 (ഫെസ്റ്റിവൽ അലവൻസ്, 08/18 ലെ ശമ്പളത്തിൽ നിന്നും കുറവ് ചെയ്ത തുക ഉൾപ്പെടെ) | 676966 | 187586 |
| 2 | വിരമിച്ച ജീവനക്കാരുടെ ഫെസ്റ്റിവൽ അലവൻസ് (റഗുലർ- 4, കണ്ടിജന്റ്- 3) | 11000 | 8250 |
| | ആകെ തുക | 6,87,966 | 1,95,836 |

സാലറി ചലഞ്ച് സംബന്ധിച്ച ഫയൽ, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ കണ്ടെത്തി.

1) <u>സർക്കാർ ഉത്തരവിന് വിരുദ്ധമായി ഒരു മാസത്തെ ഗ്രോസ് സാലറിയേക്കാൾ കുറഞ്ഞ തുക ഈടാക്കി.</u>

2018 സെപ്തംബർ മാസത്തെ ഗ്രോസ് സാലറി അടിസ്ഥാനമാക്കിയാണ് ഒരു മാസത്തെ ശമ്പളത്തുക കണക്കാക്കേണ്ടതെന്നും പരമാവധി 10ഗഡുക്കളായി ടി തുക നൽകാവുന്നതാണെന്നും മേൽ സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ കാസറഗോഡ് നഗരസഭയിൽ നിന്നും സാലറി ചലഞ്ചിൽ പങ്കെടുത്ത ജീവനക്കാരുടെ 2018 സെപ്തംബർ മാസത്തെ ഗ്രോസ് സാലറിയേക്കാൾ കുറഞ്ഞ തുകയാണ് ചില ജീവനക്കാരിൽ നിന്നും ഈടാക്കിയത്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ.നം | ജീവനക്കാരുടെ പേര് | 09/18 ലെ ഗ്രോസ് സാലറി | 09/18 | 10/18 | 11/18 | 12/18 | 01/19 | 02/19 | 03/19 | 04/19 | 05/19 | 06/19 | 08/18 ലെ ശമ്പളത്തിൽ നിന്നും CMDRF ലേയ്ക്ക് നൽകിയ തുക | ഫെസ്റ്റിവൽ അലവൻസ് ഇനത്തിൽ CMDRF ലേയ്ക്ക് നൽകിയ തുക | ജീവനക്കാരിൽ നിന്നും പിരിച്ചെടുത്ത ആകെ തുക | ഈടാക്കേണ്ടിയിരുന്ന ആകെ തുക | കുറവ് വന്ന തുക | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 |
| 1 | ചന്ദ്രകാന്ത.കെ (ഡഫേദാർ) | 50375 | 4760 | 4760 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | --- | 2750 | 12270 | 50375 | 38105 | സാലറി ചലഞ്ചിൽ നിന്നും പിന്മാറുന്നതിന് 27.11.2018 ന് അപേക്ഷ നൽകി. |
| 2 | ദാമോദരൻ. വി (ലൈബ്രേറിയൻ) | 56950 | 5420 | 5420 | 5420 | 5420 | 5420 | 5420 | 5420 | 5420 | 5420 | 0 | --- | 2750 | 51530 | 56950 | 5420 | 31.05.19 ന് സർവ്വീസിൽനിന്നും വിരമിച്ചു. |
| 3 | വരദരാജൻ. കെ (ഓഫീസ് അറ്റന്റന്റ്) | 50375 | 4762 | 4762 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | --- | 2750 | 12274 | 50375 | 38101 | സാലറി ചലഞ്ചിൽ നിന്നും |

| | | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | | | | | | | | | പിന്മാറുന്നതിന് 27.11.2018 ന് അപേക്ഷ നൽകി. |
| 4 | പ്രജിത്ത്. വി (സീനിയർ ക്ലർക്ക്) | 37721 | 3497 | 3497 | 3497 | 3497 | 3497 | 3497 | 3497 | 3497 | 3497 | 3502 | --- | --- | 34975 | 37721 | 2746 | --- |
| 5 | രമേശൻ. കെ.പി (ഹെൽത്ത് ഇൻസ്പെക്ടർ) | 53475 | 5067 | 5067 | 5067 | 5067 | 5067 | 5067 | 5067 | 5067 | 5067 | 5072 | --- | --- | 50675 | 53475 | 2800 | --- |
| 6 | സോമശേഖര.എസ് (ബിൽ കളക്ടർ) | 23845 | 2334 | 2334 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 500 | --- | 5168 | 23845 | 18677 | സാലറി ചലഞ്ചിൽ നിന്നും പിന്മാറുന്നതിന് 27.11.2018 ന് അപേക്ഷ നൽകി. |
| 7 | ഹരിദാസൻ. കെ (റവന്യൂ ഓഫീസർ) | 57220 | 5447 | 5447 | 5447 | 5447 | 5447 | 5447 | 5447 | 5447 | 5447 | 5447 | --- | --- | 54470 | 57220 | 2750 | --- |
| 8 | സൗമ്യ.കെ (സീനിയർ ക്ലർക്ക്) | 23675 | --- | --- | --- | --- | -- | 2209 | 2209 | 0 | 4418 | 2209 | --- | --- | 11045 | 2367 x 5 = 11835 | 790 | 25.01.19 ന് ജോയിൻ ചെയ്തു |
| 9 | ജ്യൂബൈർ. എം.ടി.പി (സീനിയർ ക്ലർക്ക്) | 23675 | --- | --- | --- | --- | -- | 2209 | 2209 | 0 | 4418 | 2209 | --- | --- | 11045 | 2367 x 5 = 11835 | 790 | 25.01.19 ന് ജോയിൻ ചെയ്തു |
| 10 | ശ്രീലത. എം<br>പി.എ. ടു സെക്രട്ടറി | 65403 | 6268 | 6265 | --- | --- | --- | --- | --- | --- | --- | --- | --- | --- | 12533 | 6540 x 2 =13080 | 547 | 25.10.18 ന് റിലീവ് ചെയ്തു. |
| 11 | രമണി.ജി<br>(സാനിറ്റേഷൻ വർക്കർ) | 25658 | 700 | 700 | 700 | 700 | 700 | 700 | 700 | 700 | 700 | 704 | 1711 | --- | 8715 | 25658 | 16943 | --- |
| 12 | രമ. എ (സാനിറ്റേഷൻ വർക്കർ) | 37580 | 1131 | 1131 | 1131 | 1131 | 1131 | 1131 | 1131 | 1131 | 1131 | 1137 | --- | 2750 | 14066 | 37580 | 23514 | --- |
| 13 | ഗംഗാധര. എ (സാനിറ്റേഷൻ വർക്കർ) | 45400 | 675 | 675 | 675 | 675 | 675 | 675 | 675 | 675 | 675 | 681 | --- | 2750 | 9506 | 45400 | 35894 | --- |
| 14 | മുത്തക്ക (സാനിറ്റേഷൻ വർക്കർ) | 40340 | 877 | 877 | 877 | 877 | 877 | 877 | 877 | 877 | 877 | 877 | --- | 2750 | 11520 | 40340 | 28820 | --- |
| 15 | ദയാകര (സാനിറ്റേഷൻ വർക്കർ) | 36660 | 1605 | 1605 | 1605 | 1605 | 1605 | 1605 | 1605 | 1605 | 1605 | 1605 | --- | 2750 | 18800 | 36660 | 17860 | --- |
| 16 | അബൂബക്കർ കോയ (സാനിറ്റേഷൻ വർക്കർ) | 46150 | 193 | 193 | 193 | 193 | 193 | 193 | 193 | 193 | 193 | 199 | --- | 2750 | 4686 | 46150 | 41464 | --- |
| 17 | മനോഹര. എ(സാനിറ്റേഷൻ വർക്കർ) | 41260 | 117 | 117 | 117 | 117 | 117 | 117 | 117 | 117 | 117 | 117 | --- | 2750 | 3920 | 41260 | 37340 | --- |
| 18 | ഗോവിന്ദ. എ (സാനിറ്റേഷൻ വർക്കർ) | 46790 | 574 | 574 | 574 | --- | --- | --- | --- | 574 | 574 | 579 | --- | 2750 | 6199 | 46790 | 40591 | 12/18, 01/19, 02/19,03/19 എന്നീ മാസങ്ങളിൽ അനധികൃത അവധിയിൽ പ്രവേശിച്ചു |
| 19 | ഉണപാല. എ (സാനിറ്റേഷൻ വർക്കർ) | 47700 | 991 | 991 | 991 | 991 | 991 | 991 | 991 | 991 | 991 | 999 | --- | 2750 | 12668 | 47700 | 35032 | --- |
| 20 | ഗംഗാധരൻ. കെ (സാനിറ്റേഷൻ വർക്കർ) | 35855 | 947 | 947 | 947 | 947 | 947 | 947 | 947 | 947 | 947 | 951 | --- | 2750 | 12224 | 35855 | 23631 | --- |
| 21 | ഗോപാല ബേൽചാഡ.കെ (സാനിറ്റേഷൻ വർക്കർ) | 47700 | 9 | 9 | 9 | 9 | 9 | 9 | 9 | 9 | 9 | 15 | --- | 2750 | 2846 | 47700 | 44854 | --- |
| 22 | മഞ്ജുള. എ (സാനിറ്റേഷൻ വർക്കർ) | 41260 | 1083 | 1083 | 1083 | 1083 | 1083 | 1083 | 1083 | 1083 | 1083 | 1086 | --- | 2750 | 13583 | 41260 | 27677 | --- |
| 23 | ലതീഷ. എ (സാനിറ്റേഷൻ വർക്കർ) | 33498 | 822 | 822 | 822 | 822 | 822 | 822 | 822 | 822 | 822 | 822 | --- | 2750 | 10970 | 33498 | 22528 | --- |
| 24 | മധുസൂദനൻ. എൻ (സാനിറ്റേഷൻ വർക്കർ) | 30315 | 716 | 716 | 716 | 716 | 716 | 716 | 716 | 716 | 716 | 723 | --- | 2750 | 9917 | 30315 | 20398 | --- |
| 25 | നാരായണ. എ (സാനിറ്റേഷൻ വർക്കർ) | 26923 | 1152 | 1152 | 1152 | 1152 | 1152 | 1152 | 1152 | 1152 | 1152 | 1160 | --- | --- | 11528 | 26923 | 15395 | --- |
| 26 | കാർത്തികേയൻ .എ (സാനിറ്റേഷൻ വർക്കർ) | 26923 | 792 | 792 | 792 | 792 | 792 | 792 | 792 | 792 | 792 | 800 | 1795 | --- | 9723 | 26923 | 17200 | --- |
| 27 | ശേഖര.ബി (സാനിറ്റേഷൻ വർക്കർ) | 26290 | 1088 | 1088 | 1088 | 1088 | 1088 | 1088 | 1088 | 1088 | 1088 | 1096 | 1711 | --- | 12599 | 26290 | 13691 | --- |
| 28 | ഗോവിന്ദ. കെ (സാനിറ്റേഷൻ വർക്കർ) | 25658 | 530 | 530 | 530 | 530 | 530 | 530 | 530 | 530 | 530 | 531 | 1711 | --- | 7012 | 25658 | 18646 | --- |
| 29 | ലളിത. പി | 26923 | 530 | 530 | 530 | 530 | 530 | 530 | 530 | 530 | 530 | 539 | 1795 | --- | 7104 | 26923 | 19819 | --- |

| | |
|---|---|
| കുറവ് വന്ന ആകെ തുക | 6,12,023/- |

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സാലറി ചലഞ്ചുമായി ബന്ധപ്പെട്ട് ജീവനക്കാരുടെ സമ്മത പ്രസ്താവനയുടെ അടിസ്ഥാനത്തിൽ തുക ശമ്പളത്തിൽ നിന്നും കുറവ് ചെയ്യുന്നതിനായി ശമ്പള ബില്ലുകൾ തയ്യാറാക്കുമ്പോൾ ബന്ധപ്പെട്ട ഡി.ഡി.ഒ, സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണെന്ന് 18.06.2019 ലെ 62/2019/ധന നമ്പർ സർക്കുലർ പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടും ആയതിൽ വീഴ്ച വരുത്തിയ നഗരസഭ സെക്രട്ടറിയുടെ നടപടി ക്രമ പ്രകാരമല്ല. ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും ഈടാക്കുന്നതിൽ കുറവ് വന്ന 612023/-രൂപ ടി ജീവനക്കാരിൽ നിന്നോ, തുക ഈടാക്കുന്നതിൽ വീഴ്ച വരുത്തിയ നഗരസഭ സെക്രട്ടറിയിൽ നിന്നോ ഈടാക്കി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് ഒടുക്കേണ്ടതാണ്.

2) <u>മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് അടവുചെയ്യാനായി പിരിച്ചെടുത്ത തുകയിൽ 6,62,634/-രൂപ അടവുചെയ്തതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല.</u>

ജീവനക്കാരുടെ സാലറി റിക്കവറി, ഫെസ്റ്റിവൽ അലവൻസ് എന്നീ ഇനത്തിൽ 8,83,802/- രൂപ CMDRF അക്കൗണ്ടിലേയ്ക്ക് ഒടുക്കുന്നതിനായി പിരിച്ചെടുത്തിട്ടുണ്ട്. എന്നാൽ 06.02.2018, 06.03.2019, 08.04.2019 തീയതികളിൽ യഥാക്രമം 71,828/- രൂപ, 73,094/- രൂപ, 76,246/- രൂപ എന്നിങ്ങനെ ആകെ 2,21,168/- രൂപ CMDRF ആക്കൗണ്ടിലേയ്ക്ക് ( SBI യുടെ തിരുവനന്തപുരം സിറ്റി ബ്രാഞ്ചിലെ 67319948232 നമ്പർ അക്കൗണ്ട് ) ഒടുക്കിയതിന്റെ രേഖകൾ മാത്രമേ ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളൂ. മറ്റ് മാസങ്ങളിൽ CMDRF ലേയ്ക്ക് തുക ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കാത്തതിനാൽ ടി മാസങ്ങളിൽ തുക ഒടുക്കിയിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല. തുക ഒടുക്കിയതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

3) <u>സമ്മത പത്രം ഹാജരാക്കാത്ത ജീവനക്കാരിൽ നിന്നും തുക ഈടാക്കി.</u>

സാലറി ചലഞ്ച് ആരംഭിച്ച സമയത്ത് കാസറഗോഡ് നഗരസഭയിലുണ്ടായിരുന്ന 41 ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും CMDRF ലേയ്ക്ക് ഒടുക്കുന്നതിനായി തുക കുറവ് ചെയ്തിട്ടുണ്ട്. ആയതിൽ ആകെ 4 പേരുടെ സമ്മതപത്രം മാത്രമേ ഫയലിൽ ലഭ്യമായിട്ടുള്ളൂ. ബാക്കിയുള്ളവരുടെ സമ്മത പത്രങ്ങൾ കൂടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 31 തീയതി. 17.10.2019 ന് കാസറഗോഡ് നഗരസഭ സെക്രട്ടറി സമർപ്പിച്ച മറുപടിയോടൊപ്പം 13 റഗുലർ ജീവനക്കാരുടെ കൂടി സമ്മതപത്രങ്ങൾ മാത്രമേ ഹാജരാക്കിയിട്ടുള്ളൂ. ഇതിൽ നിന്നും ബാക്കിയുള്ള 24 പേരുടെ സമ്മത പത്രങ്ങൾ ഇല്ലാതെയാണ് ശമ്പള റിക്കവറികൾ നടത്തിയത് എന്ന് വ്യക്തമാണ്.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് ഒരു മാസത്തെ ആകെ ശമ്പളം ഒന്നായോ ഗഡുക്കളായോ നൽകാൻ സന്നദ്ധരായവരിൽ നിന്നും സമ്മതം ഡി.ഡി.ഒ മാർ സമാഹരിച്ച് സൂക്ഷിക്കേണ്ടതാണെന്നും ഇക്കാര്യത്തിൽ വീഴ്ച വരുത്താൻ പാടില്ല എന്നും 31.10.2018 ലെ 99/2018/ധന നമ്പർ സർക്കുലർ പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടും കാസറഗോഡ് നഗരസഭ ഇത് പാലിക്കാതിരുന്നത് ശരിയായ നടപടിയല്ല.

<u>മറ്റ് അപാകതകൾ.</u>

(എ) ശ്രീ. ചന്ദ്രകാന്ത, ശ്രീ. വരദരാജൻ. കെ, ശ്രീ. സോമശേഖര. എസ് എന്നീ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും 2018 സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ മാത്രമേ CMDRF ലേയ്ക്ക് ഒടുക്കുന്നതിനായി തുക കുറവ് ചെയ്തിട്ടുള്ളൂ. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് തുക ഒടുക്കുന്നത് നവംബർ മാസം മുതൽ ഒഴിവാക്കിത്തരണമെന്ന് ശ്രീ.ചന്ദ്രകാന്ത, ശ്രീ. വരദരാജൻ. കെ, ശ്രീ. സോമശേഖര. എസ് , ശ്രീ. സത്യപ്രസാദ് എന്നിവർ 27.11.2018 ന് അപേക്ഷ നൽകിയിരുന്നു. എന്നാൽ സാലറി ചലഞ്ചിൽ പങ്കാളിയാകുന്നതിനായി സമ്മതപ്രസ്താവന ഒരിക്കൽ ഒപ്പിട്ട് നൽകുകയും അതിന് അനുസൃതമായി ശമ്പളത്തിൽ നിന്നും കുറവ് വരുത്തുകയും ചെയ്ത ജീവനക്കാർക്ക് പിന്നീട് സാലറി ചലഞ്ചിൽ നിന്നും പിന്മാറുന്നതിനുള്ള അപേക്ഷ പരിഗണിക്കുന്നതല്ല എന്ന് 18.06.2019 ലെ 62/2019/ധന നമ്പർ സർക്കുലറിലൂടെ സർക്കാർ വ്യക്തമാക്കിയിട്ടുള്ളതാണ്. ഈ സർക്കാർ നിർദ്ദേശം പാലിക്കാതിരുന്ന സെക്രട്ടറിയുടെ നടപടി ക്രമപ്രകാരമല്ല.

(ബി). ശ്രീ. ദാമോദരൻ. വി, ലൈബ്രേറിയന്റെ 2018 സെപ്റ്റംബർ മാസത്തെ ഗ്രോസ് സാലറി 56950/- രൂപയാണ്. 31.05.2019 ൽ സർവ്വീസിൽ നിന്നും വിരമിച്ച ടിയാനിൽ നിന്നും 09/2018 മുതൽ 05/2019 വരെയുള്ള ഒൻപത് മാസങ്ങളിലായി 51530/- രൂപ മാത്രമാണ് ഈടാക്കിയിട്ടുള്ളത്. സാലറി ചലഞ്ചിൽ പങ്കെടുക്കുമ്പോൾ ഒൻപത് മാസത്തെ സർവ്വീസ് മാത്രം ശേഷിച്ച ടിയാനിൽ നിന്നും ഒൻപതോ അതിൽ കുറവോ ഗഡുക്കളായി ഒരു മാസത്തെ ശമ്പളം ഈടാക്കാതിരുന്ന നടപടി ക്രമപ്രകാരമല്ല.(ഓഡിറ്റ് എൻക്വയറി നം. 31 തീയതി. 17.10.2019 )

മേൽ അപാകതകൾ സംബന്ധിച്ച് വ്യക്തമായ മറുപടി ഈ റിപ്പോർട്ടിനുള്ള പ്രഥമ മറുപടിയോടൊപ്പം ലഭ്യമാക്കേണ്ടതും കുറവു വരുത്തിയ തുക ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് അടവാക്കുകയും ചെയ്യേണ്ടതാണ്.

## 1-37 യാത്രാബത്ത – ത്രൈമാസപരിധിയിൽ കവിഞ്ഞ് തുക അനുവദിച്ചു.

വിവിധ അധികാര പരിധിയിലുള്ള ഉദ്യോഗസ്ഥരുടെ അധികാരപരിധിയിലെ യാത്രകൾക്ക് 09.09.2016 ലെ സ.ഉ(അ)നം. 137/2016/ധന ഉത്തരവ് പ്രകാരം യാത്രാബത്ത പരിധി നിശ്ചയിച്ചിട്ടുണ്ട്. ആയത് പ്രകാരം പ്രതിമാസ പരിധിയുടെ 20% വരെ ഒരു മാസം അധികം അനുവദിക്കാവുന്നതും എന്നാൽ അധിക തുക ആ പാദവർഷ പരിധിയിൽ തന്നെ ക്രമപ്പെടുത്തണം എന്നും മൂന്ന് മാസത്തെ ആകെ തുക കണക്കാക്കുമ്പോൾ ത്രൈമാസ പരിധി കവിയാൻ പാടില്ല എന്നും പ്രസ്തുത ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്.റീജ്യണൽ, ജില്ല, ഉപജില്ല അധികാര പരിധിയുള്ള ഉദ്യോഗസ്ഥന്റെ ജില്ല വിട്ടുള്ള എന്നാൽ സംസ്ഥാന തലത്തിലുള്ള യാത്രകൾക്ക് യാത്രാബത്ത പരിധി, അതേ തലത്തിലുള്ള സംസ്ഥാനതല ഉദ്യോഗസ്ഥന്റേതിന് സമമായിരിക്കും എന്നും മേൽ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.ശ്രീ. സജി കുമാർ വി, നഗരസഭ സെക്രട്ടറിയുടെ ( ബേസിക് പേ - 55350/-) യാത്രാബത്ത ബിൽ പരിശോധനയിൽ ത്രൈമാസ പരിധിയിൽ (14700/- രൂപ) കവിഞ്ഞ് തുക അനുവദിച്ചതായി കണ്ടെത്തി. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ത്രൈമാസം | യാത്ര ചെയ്ത തീയതി | യാത്ര ചെയ്ത സ്ഥലം | ആവശ്യകത | തുക | വൗച്ചർ നം / തീയതി | ത്രൈമാസ പരിധിയിൽ കവിഞ്ഞ് നൽകിയ തുക |
|---|---|---|---|---|---|---|
| 2017 ഓക്ടോബർ – ഡിസംബർ | 15.10.17 – 16.10.2017 | കോഴിക്കോട് | RJD വിളിച്ച ചേർത്ത യോഗത്തിൽ പങ്കെടുക്കുന്നതിന് | 5186/- | 789 / 06.12.18 | 5140/- (19840 - 14700) |
| | 19.10.19 - 20.10.19 | തിരുവനന്തപുരം | PMAY – മീറ്റിംഗ് | | | |
| | 17.11.2017 – 19.11.17 | തിരുവനന്തപുരം | MRM മീറ്റിംഗ് | 7352/- | 793 / 06.12.18 | |
| | 21.11.17 – 23.11.17 | തിരുവനന്തപുരം | റെഡി ടു കുക്ക് സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് | | | |
| | 06.12.17 – 08.12.17 | തിരുവനന്തപുരം | LFAC യിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിന് | 7302/- | 790 / 06.12.18 | |
| | 15.12.17 – 17.12.17 | തിരുവനന്തപുരം | MRM മീറ്റിംഗ് | | | |
| ആകെ തുക | | | | 19840/- | | |
| 2018 ജനവരി - മാർച്ച് | 02.01.18 – 04.01.18 | തിരുവനന്തപുരം | പങ്കാളിത്ത പെൻഷൻ - വിവരങ്ങൾ സമർപ്പിക്കുന്നതിന് | 7102/- | 791 / 06.12.18 | 3549/- (18249 - 14700) |
| | 22.01.18 – 24.01.18 | തിരുവനന്തപുരം | PMAY DPR പ്രസന്റേഷൻ | | | |
| | 15.02.18 – 17.02.18 | തിരുവനന്തപുരം | PMAY DPR പ്രസന്റേഷൻ | 7302/- | 792 / 06.12.18 | |
| | 22.02..18 – 24.02.18 | തിരുവനന്തപുരം | MRM മീറ്റിംഗ് | | | |
| | 10.03.18 – 13.03.18 | തിരുവനന്തപുരം | PMAY – മീറ്റിംഗ് | 3845/- | 1096 / 30.03.19 | |
| ആകെ തുക | | | | 18249/- | | |
| 2018 ഏപ്രിൽ - ജൂൺ | 04.04.18 – 06.04.18 | തൃശ്ശൂർ | കില- ട്രെയിനിങ് പ്രോഗ്രാം | 8358/- | 1097 / 30.03.19 | 7228/- (21928 - 14700) |
| | 11.04.18 – 13.04.18 | കോഴിക്കോട് | റീജ്യണൽ ലെവൽ റിവ്യൂ മീറ്റിംഗിൽ | | | |

| | | | | | | |
|---|---|---|---|---|---|---|
| | | | പങ്കെടുക്കുന്നതിന് | | | |
| | 23.04.18 – 26.04.18 | തിരുവനന്തപുരം | ബഹു. ഡയറക്ടർ, നഗരകാര്യ വകുപ്പ് സംഘടിപ്പിച്ച റിവ്യൂ മീറ്റിംഗിൽ പങ്കെടുക്കുന്നതിന് | | | |
| | 12.05.18 – 15.05.18 | തിരുവനന്തപുരം | എസ്.എം സ്റ്റാർ റേറ്റിംഗ് | 7691/- | 1098 / 30.03.19 | |
| | 16.05.18 – 19.05.18 | തിരുവനന്തപുരം | MRM മീറ്റിംഗ് | | | |
| | 05.06.18 – 08.06.18 | തിരുവനന്തപുരം | PMAY റിവ്യൂ മീറ്റിംഗ് | 5879/- | 1099 / 30.03.19 | |
| | 27.06.18 – 29.06.18 | വടകര | റീജ്യണൽ ലെവൽ റിവ്യൂ മീറ്റിംഗ് | | | |
| ആകെ തുക | | | | 21928 | | |
| 2018 ഓക്ടോബർ – ഡിസംബർ | 09.10.18 – 13.10.18 | തിരുവനന്തപുരം | ശുചിത്വ മിഷൻ മീറ്റിംഗ് | 9081/- | 10102 / 30.03.19 | 1482/- (16182 - 14700) |
| | 14.10.18 – 15.10.18 | തിരുവനന്തപുരം | MRM മീറ്റിംഗ് | | | |
| | 11.11.18 – 14.11.18 | തിരുവനന്തപുരം | പെർമിറ്റ് അപ്പീൽ കമ്മിറ്റി | 7101/- | 10103 / 30.03.19 | |
| | 29.11.18 – 02.12.19 | തൃശ്ശൂർ | കില – ട്രെയ്നിങ് | | | |
| ആകെ തുക | | | | 16182/- | | |
| ത്രൈമാസ പരിധിയിൽ കവിഞ്ഞ് നൽകിയ ആകെ തുക | | | | | | 17399/- രൂപ |

സർക്കാർ ഉത്തരവിന് വിരുദ്ധമായി, ത്രൈമാസ പരിധിയിൽ കവിഞ്ഞ് തുക അനുവദിച്ചതിന്റെ കാരണം വിശദീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 66 തീയതി.31.01.2020 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.ഭാവിയിൽ മേൽ സർക്കാർ ഉത്തരവ് പ്രകാരം യാത്രാബത്ത അനുവദിക്കേണ്ടതാണ്. ത്രൈമാസ പരിധിയിൽ കവിഞ്ഞ് അനുവദിച്ച തുക പ്രസ്തുത സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-38 പദ്ധതി ചെലവുകൾക്കായി തനത് ഫണ്ടിൽ നിന്നു ചെലവഴിച്ച തുക തിരികെ ഈടാക്കിയിട്ടില്ല.

ഫയൽ നമ്പർ : p2-18650/17

(പദ്ധതി ചെലവുകൾ)

ചെലവ് : 4,98,182 വികസന ഫണ്ട്.

1,82,187 – തനത് ഫണ്ട്.

നിർവ്വഹണ ഉദ്യോഗസ്ഥൻ : നഗരസഭ സെക്രട്ടറി.

'പദ്ധതി ആസൂത്രണവും മോണിറ്ററിംഗും' എന്ന പ്രൊജക്ട് പ്രകാരം വികസന ഫണ്ടിൽനിന്നും 4,98,182 രൂപയും തനത് ഫണ്ടിൽ നിന്നും 1,82,187 രൂപയും ആകെ 6,80,369/- രൂപ ചെലവഴിച്ചിട്ടുണ്ട്. തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ നൽകുന്നു.

| ക്രമ | വൗച്ചർ നമ്പർ/ | തുക | ചെക്ക് | ചെലവ് |
|---|---|---|---|---|

| നമ്പർ. | തീയതി. | | നമ്പർ/ തീയതി. | വിവരം. |
|---|---|---|---|---|
| 1. | 949/22-01-2018. | 63,504/- | 728023/ 22/01/2018. | എ4 പേപ്പർ വാങ്ങിയതിനു ഗ്രാമലക്ഷ്മി മുദ്രാലയത്തിനു നൽകിയത്. |
| 2. | 950/22/01/2018. | 4,730/- | 728024/ 22/01/2018. | പാർസൽ സർവ്വീസ് ചാർജ് നൽകിയതിനു ക്ലർക്കിനു ചെലവായത്. |
| 3. | 102/08/02/2018. | 63,340/- | 728064/ 08/07/2018. | 05/11/2018 മുതൽ 03/02/2018 വരെ വിവധ മീറ്റിംഗുകളിൽ ചായ, ലഘുഭക്ഷണം, ഉച്ചഭക്ഷണം, മൈക്ക് സെറ്റ്, ബാനർ, ഫോട്ടോ ചെലവ്. |
| 4. | 24/04/04/2018. | 17,243/- | 016560/ 04/04/2018. | വിവിധ മീറ്റിഗുകളിലെ ചെലവുകൾ. |
| 5. | 399/27/07/2018. | 16,330/- | 017374/ 27/07/2018. | ഡാറ്റാ എൻട്രി ഓപ്പറേറ്ററുടെ വേതനം. |
| 6. | 400/27/07/2018. | 17,040/- | 017574/ 27/07/2018. | ഡാറ്റാ എൻട്രി ഓപ്പറേറ്ററുടെ വേതനം. |
| ആകെ. | | 1,82,187/- | | |

ബജറ്റിൽ വകയിരുത്താതെയും തനത് ഫണ്ട് സ്രോതസ്സായി ഉൾപ്പെടുത്താതെയും മേൽ പ്രൊജക്ടിന് തനത് ഫണ്ടിൽ നിന്നും തുക ചെവഴിച്ചത് ശരിയായ നടപടിയല്ല. പ്രസ്തുത തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികളൊന്നും സ്വീകരിച്ചിട്ടില്ല എന്നു ഫയൽ പരിശോധനയിൽ വ്യക്തമാണ്. മുനിസിപ്പാലിറ്റി നിയമങ്ങളും ചട്ടങ്ങളും പ്രകാരം തനത് ഫണ്ടിൽ നിന്നും അനിവാര്യചെലവുകൾ കഴിച്ച് ബാക്കിയുള്ള തുകയുടെ പരമാവധി 25% പദ്ധതിയിൽ ഉൾപ്പെടുത്താതെ അടിയന്തിര പ്രവൃത്തികൾക്ക് വിനിയോഗിക്കാവുന്നതാണ്. തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച തുക തിരികെ ഈടാക്കുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. (Enquiry. 46/11.11.19)പദ്ധതി ചെലവിനത്തിൽ വികസന ഫണ്ടിൽ നിന്നും ചെലവഴിക്കേണ്ട തുക തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചത് തിരികെ നഗരസഭ ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതിനു വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

## 1-39 കുടിവെള്ളം ഡെപ്പോസിറ്റ് : ഗ്രൗണ്ട് വാട്ടർ വകുപ്പ് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകുകയോ, തുക തിരിച്ചടക്കുകയോ ചെയ്തിട്ടില്ല.

ഫയൽ നമ്പർ : P2 11722/18

(പ്രൊജക്ട് : SO 282/19- കുടിവെള്ളം ഡെപ്പോസിറ്റ്

ഫണ്ട് - പദ്ധതി വിഹിതം.

ബിൽ. 18200247000/100998445/28/12/18

ചെലവ് - 35,00,000 /27/12/2018.

നിർവ്വഹണ ഉദ്യോഗസ്ഥൻ : മുനിസിപ്പൽ സെക്രട്ടറി.

കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനു കാസർഗോഡ് നഗരസഭ പരിധിയിലെ വാർഡുകളിലെ വിവിധ പ്രദേശങ്ങളിൽ കുഴൽ കിണർ കുഴിച്ച് കുടിവെള്ളം ലഭ്യമാക്കുന്നതിനായി കേരള ഗ്രൗണ്ട് വാട്ടർ വകുപ്പിനു മേൽ പ്രോജക്ട് പ്രകാരം 35,00,000 രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ഗ്രൗണ്ട് വാട്ടർ വകുപ്പ്, കാസർഗോഡ്, റഫ് കോസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കി അയച്ചു കൊടുത്തതിന്റെ അടിസ്ഥാനത്തിലാണ് നഗരസഭ 27/12/2018നു തുക ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളത്. എന്നാൽ നാളിതുവരെയായി കരാർ പ്രകാരം പ്രവൃത്തി തുടങ്ങുകയോ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകുകയോ ചെയ്തിട്ടില്ല. പ്രവൃത്തി തുടങ്ങാത്തതിനു വിശദീകരണം ലഭ്യമാക്കിയതായി കാണുന്നില്ല. തുക ചെലവഴിച്ചിട്ടില്ലെങ്കിൽ ആയത് തിരിച്ചടക്കുകകയും ചെയ്തിട്ടില്ല. കുഴൽ കിണർ കുഴിക്കുന്നതിനായി പ്ലാൻ ഫണ്ടിൽ നിന്നും 35,00,000/- രൂപ ഗ്രൗണ്ട് വാട്ടർ ഡെപ്പോസിറ്റ് ചെയ്ത നഗരസഭ പ്രസ്തുത തുകയുടെ യൂട്ടിലൈസേഷൻ ലഭ്യമാക്കുകയോ ഡെപ്പോസിറ്റ് തുക തിരികെ ഈടാക്കുകകയോ ചെയ്യാത്തത് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഇതു സംബന്ധിച്ച തുടർനടപടികൾ അടിയന്തിരമായി കൈക്കൊള്ളേണ്ടതാണ്. വിശദീകരണം ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നം.52/2018-19 തീയതി : 02/12/2019നു വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

## 1-40 തളങ്കര പടിഞ്ഞാറ് പാർക്ക് നവീകരണ പ്രോജക്ട് : പ്രവൃത്തി നടപ്പാക്കിയതിലെ അപാകതകൾ

പ്രോജക്ട് നമ്പർ : 248/16-17, S.O : 328/19

ഫയൽ നമ്പർ : p2-23046/16

ചെലവ് : 4,76,137

എം.ബുക്ക്. : 143/17-18
നിർവ്വഹണ ഉദ്യോഗസ്ഥൻ : മുനിസിപ്പൽ എഞ്ചിനീയർ.
5,00,000 രൂപ അടങ്കൽ വച്ചിട്ടുള്ള തളങ്കര പടിഞ്ഞാറ് പാർക്ക് നവീകരണ പ്രോജക്ട് 1/3/2017നു രൂപീകരിച്ച ഗുണഭോക്തൃ സമിതിയാണ് ഏറ്റെടുത്ത് നടപ്പാക്കിയിട്ടുള്ളത്. പ്രവൃത്തി നടപ്പാക്കിയതിലെ അപാകതകൾ ചുവടെ നൽകുന്നു.

എ) 1.<u>വിശദമായ പ്രോജക്ട് റിപ്പോർട്ട് ഇല്ല.</u>

നിർമ്മാണ പ്രോജക്ട് തയ്യാറാക്കുമ്പോൾ ചെയ്യാനുദ്ദേശിക്കുന്ന പ്രവൃത്തിയുടെ ലഘു വിവരണം എസ്റ്റിമേറ്റിനോടൊപ്പം വെയ്ക്കേണ്ടതാണെന്ന് പദ്ധതി മാർഗ്ഗ നിർദ്ദേശത്തിൽ വ്യക്തമാക്കുന്നുണ്ട്. തളങ്കര പടിഞ്ഞാറ് പാർക്ക് നവീകരണം പ്രോജക്ട് നടപ്പാക്കുന്നതിനു തയ്യാറാക്കിയ പ്രൊജക്ടിൽ പാർക്ക് നവീകരണത്തിന്റെ ചെലവിനങ്ങൾ ഏതൊക്കെ എന്നത് സംബന്ധിച്ച വിശദവിവരം നൽകിയിട്ടില്ല. പുതിയ ചുറ്റമതിൽ നിർമ്മാണം എന്നുമാത്രമാണ് നൽകിയിട്ടുള്ളത്. എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ ചുറ്റമതിൽ നിർമ്മിക്കുന്നത് കൂടാതെ പാർക്കിൽ ബെഞ്ചുകൾ, വൈദ്യുതി വിളക്കുകൾ എന്നിവ സ്ഥാപിക്കുന്നതുമായ ഇനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. വിശദമായ പ്രോജക്ട് റിപ്പോർട്ട്, സൈറ്റ്പ്ലാൻ, ലൊക്കേഷൻ മാപ്പ് എന്നിവ ഫയലിൽ ലഭ്യമല്ല.

2.<u>പാർക്കിൽ സ്ഥാപിക്കേണ്ട ബെഞ്ചിന്റെ തരം (Specification) എസ്റ്റിമേറ്റിൽ വ്യക്തമാക്കിയിട്ടില്ല.</u>

എസ്റ്റിമേറ്റിലെ ഭാഗം 2 ആയി ഉൾപ്പെടുത്തിയ പാർക്കിൽ ബെഞ്ച് സ്ഥാപിക്കൽ ഇനത്തിൽ 1,44,000 രൂപ കണക്കാക്കിയിട്ടുണ്ടെങ്കിലും അതിന്റെ സ്പെസിഫിക്കേഷൻ നൽകിയിട്ടില്ല. എം.ബുക്ക് (നം. 43/17-18) പേജ് 10-ൽ 7-ാം ഇനമായി രേഖപ്പെടുത്തിയതു പ്രകാരം പാർക്കിൽ 1,44,000 രൂപ ചെലവിൽ 16 ബെഞ്ചുകൾ സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ ഏത് തരം ബെഞ്ചാണ് സ്ഥാപിച്ചതെന്നും രേഖപ്പെടുത്തിയിട്ടില്ല. 1,44,800 രൂപയ്ക്ക് 8 GI ട്യൂബ് ബെഞ്ചുകൾ വാങ്ങിയതിന്റെ ക്യാൻസൽ ചെയ്യാത്തതും തീയതിയോ സീലോ രേഖപ്പെടുത്തിയിട്ടില്ലാത്തതുമായ ക്യാഷ് ബില്ല് ഫയലിൽ ഉള്ളടക്കം ചെയ്തിട്ടുണ്ട്. സ്പെസിഫിക്കേഷൻ ഇല്ലാതെ എസ്റ്റിമേറ്റ് തയ്യാറാക്കിയതിന്റെയും അതേ നിരക്കിൽ ആയത് സ്ഥാപിച്ചതിന്റെയും കാരണം വ്യക്താമാക്കേണ്ടതാണ്.

3.<u>ഇലക്ട്രിക്കൽ പ്രവൃത്തികൾ നടത്തിയത് സംബന്ധിച്ച് വ്യക്തയില്ല.</u>

സാങ്കേതിക മികവ് ആവശ്യമുള്ള ഇലക്ട്രിക് പ്രവൃത്തികൾ ഗുണഭോക്തൃ സമിതി മുഖാന്തിരം നടപ്പാക്കുന്നത് ഉചിതമല്ലായെന്ന് 13.11.2014 ലെ സർക്കുലർ നമ്പർ 1/1559/2010 CE/തസ്വഭവ പ്രകാരം സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. ലൈസൻസുള്ള ഇലക്ട്രിക്കൽ കോൺട്രാക്ടർ ആണ് ഇലക്ട്രിക്കൽ പ്രവൃത്തികൾ നടപ്പാക്കേണ്ടത് . 10 LED വിളക്കുകളും 10 MH

Street light, GI Post 11m, 5m light എന്നിവ സ്ഥാപിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. സ്ട്രീറ്റ് ലൈറ്റുകളും പോസ്റ്റുകളും കെ.എസ്.ഇ.ബി. യുടെ മേൽ നോട്ടത്തിലാണോ സ്ഥാപിച്ചത് എന്ന് വ്യക്തമാക്കുന്ന യാതൊരു രേഖകളും കൺവീനർ ലഭ്യമാക്കിയിട്ടില്ല.

4.തൊഴിലാളികളുടെ മസ്റ്റർ റോൾ, വരവ് ചെലവ് കണക്ക് എന്നിവ ഉള്ളടക്കം ചെയ്തിട്ടില്ല.

13/11/2014 തീയതിയിലെ 01/1559/2010/CE/ത.സ്വ.ഭ.വ സ്രക്കലറിൽ നിർദ്ദേശിച്ച പ്രകാരം ഗുണഭോക്തൃ സമിതി ഏറ്റെടുത്ത് നടത്തുന്ന പ്രവൃത്തികൾക്ക് വാങ്ങുന്ന സാധനങ്ങൾ, നിയോഗിക്കുന്ന തൊഴിലാളികളുടെ വേതനം, യന്ത്ര സാമഗ്രികകളുടെ വാടക, മസ്റ്റർ റോൾ, വരവ് ചെലവ് കണക്ക് ഗുണഭോക്തൃ സമിതി യോഗത്തിന്റെ മിനട്സ് ബുക്ക് എന്നിവ കൺവീനർ തയ്യാറാക്കി നിർവ്വഹണ ഉദ്യോഗസ്ഥൻ സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഇവയൊന്നും ഫയലിൽ ലഭ്യമല്ല . ഗുണഭോക്തൃ സമിതി കൺവീനർക്ക് മേൽ രേഖകളൊന്നും ലഭ്യമാക്കാതെയാണ് നിർവ്വഹണ ഉദ്യോഗസ്ഥർ തുക നൽകിയിട്ടുള്ളത്. ഈ നടപടി ക്രമത്തിലല്ല. മേൽ കാരണത്താൽ ടി പ്രവൃത്തിക്ക് ചെലവായ തുക 4,76,137/- രൂപ തടസ്സപ്പെടുത്തുന്നു.

ബി) മേൽ കാരണങ്ങളാൽ പ്രവൃത്തി പൂർത്തീകരണത്തിലുണ്ടായ കാലതാമസത്തിന് പിഴ ഈടാക്കിയിട്ടില്ല.

ഏകവർഷ പ്രോജക്ടായി 2016-17 ൽ ആരംഭിച്ച തളങ്കര പടിഞ്ഞാറ് പാർക്ക് നവീകരണ പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി നാല് മാസമാണ്. അഞ്ച് മാസവും 13 ദിവസവും കാലതാമസമുണ്ടായിട്ടും കൺവീനറിൽ നിന്നും പിഴ ഈടാക്കിയിട്ടില്ല. 01/03/2017ന് കരാർവച്ച് ആരംഭിച്ച പ്രവൃത്തി 13/12/2017 നാണ് പൂർത്തിയാക്കിയിട്ടുള്ളത്. അഞ്ച് മാസവും 13 ദിവസവും കാലതാമസമുണ്ടായിട്ടും കൺവീനറിൽ നിന്നും പിഴ ഈടാക്കിയിട്ടില്ല.
ദീർഘീകരിച്ച കാലത്തേക്കുള്ള പിഴ കണക്കാക്കി ഗുണഭോക്തൃസമിതിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-41 നഗരസഭ റഗുലർ ജീവനക്കാരുടെ പെൻഷൻ ഫണ്ട് : ഡെത്ത് കം റിട്ടയർമെന്റ് ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കപ്പെടുന്നില്ല.

നഗരസഭയിലെ റഗുലർ ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനുവേണ്ടി പെൻഷൻ ഫണ്ട് രൂപീകരിക്കുന്നത് സംബന്ധിച്ച് 1996ലെ കേരള മുനിസിപ്പാലിറ്റി ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ് ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കുന്നതിൽ നഗരസഭ വേണ്ടത്ര ജാഗ്രത പുലർത്തുന്നില്ല എന്ന് ചുവടെ കൊടുത്തിട്ടുള്ള പെൻഷൻ ഫണ്ട് സംബന്ധിച്ച അപാകതകൾ സൂചിപ്പിക്കുന്നു.

1.പെൻഷൻ തുക തനത് ഫണ്ട് അക്കൗണ്ടിൽ നിന്നും നൽകുന്നു.

1996ലെ കേരള മുൻസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങളിലെ ചട്ടം '10' പ്രകാരം സർക്കാർ ട്രഷറിയിലോ ദേശസാൽകൃത ബാങ്കിലോ മുനിസിപ്പൽ പെൻഷൻ ഫണ്ട് എന്ന പേരിൽ അക്കൗണ്ട് തുടങ്ങേണ്ടതും നഗരകാര്യ ഡയറക്ടറിൽ നിന്നും അനുവദിക്കുന്ന പെൻഷൻ തുക ഇതിൽ വരവു വെയ്ക്കേണ്ടതുമാണ്. അതനുസരിച്ച് പെൻഷൻ അലോട്ട്മെന്റ് വരവ് വെയ്ക്കുന്നതിനും പെൻഷൻ നൽകുന്നതിനും കോർപ്പറേഷൻ ബാങ്കിൽ അക്കൗണ്ട് ആരംഭിച്ചിട്ടു ള്ളതാണ്. എന്നാൽ നഗരകാര്യ ഡയറക്ടറിൽ നിന്നും അലോട്ട്മെന്റ് അനുവദിക്കു ന്നതിനുള്ള കാലതാമസം കാരണം പെൻഷൻ, കുടുംബപെൻഷൻ എന്നിവ തനത് ഫണ്ടിൽ നിന്നും അനുവദിക്കുകയും പെൻഷൻ Contribution നഗരകാര്യ ഡയറക്ടർക്ക് അയക്കാതിരിക്കുകയും ചെയ്യുന്നു. 2018-19 വർഷം പെൻഷൻ നൽകുന്നതിനായി സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും തുകയൊന്നും ലഭിച്ചിട്ടില്ല. നഗരസഭയിലെ രേഖകൾ പ്രകാരം പെൻഷൻ അലോട്ട്മെന്റ് ഇനത്തിൽ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും 2015-മുതൽ ലഭിച്ച അലോട്ട്മെന്റിന്റെ വിവരം ചുവടെ ചേർക്കുന്നു.

| അലോട്ട്മെന്റിന്റെ വിവരം. | തീയതി. | തുക |
|---|---|---|
| DD.No.: 818841 | 17/10/2015 | 22,80,311/- |
| ഉത്തരവ് നമ്പർ: P6/8226/16 | 15/02/2016 | 38,26,172/- |
| ആകെ. | | 61,06,483/- |

2018-19 വർഷം റഗുലർ ജീവനക്കാരുടെ പ്രതിമാസ സർവീസ് പെൻഷൻ, കുടുംബപെൻഷൻ, ഡി.എ കുടിശ്ശിക എന്നിവ നൽകുന്നതിനു മാത്രം 62,58,308 രൂപ ചെലവഴിച്ചിട്ടുണ്ട്. അലോട്ട്മെന്റ് ലഭ്യമാകാത്ത സാഹചര്യത്തിൽ ജീവനക്കാരുടെ പെൻഷൻ വിഹിതം സെൻട്രൽ പെൻഷൻ ഫണ്ടിൽ ഒടുക്കുന്നത് തല്ക്കാലം നിർത്തിവെയ്ക്കുന്നതിനു 21/06/2016ന് ചേർന്ന കൗൺസിൽ യോഗത്തിൽ തീരുമാനിക്കുകയുണ്ടായി. (നം 38/21/6/16) പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാന ത്തിൽ 8/2018 വരെയുള്ള പെൻഷൻ വിഹിതം സെൻട്രൽ പെൻഷൻ ഫണ്ടിൽ ഒടുക്കിയിട്ടില്ല. 2018 സെപ്റ്റംബർ മാസം മുതലാണ് പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്ക് വരുത്തുന്നത് വീണ്ടും ആരംഭിച്ചത്. മതിയായ അലോട്ട്മെന്റിന്റെ അഭാവം കാരണം

തനത് ഫണ്ടിൽ നിന്നുമാണ് പെൻഷൻ നൽകിവരുന്നത്. തുക പെൻഷൻ അക്കൗണ്ടിലേക്ക് മാറ്റുക പോലും ചെയ്യാതെ തനത് ഫണ്ട് അക്കൗണ്ടിൽ നിന്നും നേരിട്ട് ചെലവഴിക്കുകയാണ് ചെയ്യുന്നത്.

2.<u>കൈപ്പറ്റ് വിവരം ലഭ്യമാക്കുന്നില്ല.</u>

നഗരകാര്യ ഡയറക്ടർക്ക് അയക്കുന്ന പെൻഷൻ വിഹിതത്തിന്റെ കൈപ്പറ്റ് ലഭ്യമാക്കുന്നില്ല. ആയത് ലഭ്യമാക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

3.<u>പെൻഷൻ കോൺട്രിബ്യൂഷൻ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.</u>

റഗുലർ ജീവനക്കാരുടെ പെൻഷൻ വിഹിതം ഈടാക്കുന്നതിന്റെയും നഗരകാര്യ ഡയറക്ടറുടെ സെൻട്രൽ പെൻഷൻ ഫണ്ട് അക്കൗണ്ടിലേക്ക് വരവ് വെയ്ക്കുന്നതിനായി അയക്കുന്നതിന്റെയും വിവരം കാണിക്കുന്ന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഫയൽ പരിശോധിച്ചതിൽ മുൻ വർഷങ്ങളിൽ നഗരസഭ ഒടുക്കിയിട്ടുള്ള തുകകളുടെ കൃത്യമായ കണക്ക് ഇല്ലായെന്ന് കാണുന്നു. നഗരകാര്യ ഡയറക്ടർ നൽകുന്ന കണക്കും നഗരസഭയുടേതുമായി പൊരുത്തപ്പെടുന്നില്ല. ഇക്കാരണത്താൽ പെൻഷൻ കോൺട്രിബ്യൂഷൻ രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെന്ന് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.

2.<u>**ക**ണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ഫണ്ട് ഒടുക്കുന്നത് സംബന്ധിച്ച അപാകതകൾ.</u>

1. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 03/05/1997ലെ ജി.ഒ.(പി) 96/97-ാം നമ്പർ പ്രകാരം 1997 ലെ കേരള മുനിസിപ്പാലിറ്റി കണ്ടിജന്റ് എംപ്ലോയീസ് ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ് ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ചട്ടങ്ങളിലെ ചട്ട 7(1) പ്രകാരം എല്ലാ നഗരസഭകളും അതത് ട്രഷറികളിൽ കേരള മുനിസിപ്പൽ കണ്ടിജന്റ് പെൻഷൻ ഫണ്ട് എന്ന പേരിൽ ഒരു എസ്.ബി. അക്കൗണ്ട് തുടങ്ങണമെന്ന് നിഷ്കർഷിക്കുന്നു.

2. ഓരോ മാസവും ജീവനക്കാരന്റെ ശമ്പള ബിൽ പാസ്സാകുന്നതോടൊപ്പം മുനിസിപ്പൽ കണ്ടിജന്റ് പെൻഷൻ ചട്ട 7(2) പ്രകാരം ഓരോ ജീവനക്കാരന്റെയും മൊത്തം ശമ്പളത്തിന്റെ 15% വരുന്ന തുക മുനിസിപ്പൽ ഫണ്ടിൽ നിന്ന് പിൻവലിച്ച പെൻഷൻ ഫണ്ടിൽ നിക്ഷേപിക്കേണ്ടതാണ്.

3. കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ വിഹിതം ഉൾപ്പെടെയുള്ള തുകയായിരിക്കും ശമ്പളബില്ലിന്റെ മൊത്തം തുക. ശമ്പളബില്ലിന്റെ മൊത്തം തുക ഒന്നായി പിൻവലിക്കേണ്ടതും ജീവനക്കാർക്ക് യഥാർത്ഥത്തിൽ നൽകേണ്ട തുക മാത്രമായി പിൻവലിക്കാൻ പാടില്ലാത്തതുമാണ്.

4. പെൻഷൻ ഫണ്ടിലെ തൽക്കാലം ആവശ്യമില്ലാത്ത പണം തൊട്ടടുത്തുള്ള സർക്കാർ ട്രഷറിയിൽ കൂടുതൽ പലിശ ലഭിക്കുന്നതിനുവേണ്ടി സ്ഥിരം ഡെപ്പോസിറ്റ് നിക്ഷേപിക്കാവുന്നതും പലിശ പെൻഷൻ ഫണ്ടിൽ വകയിരുത്തേണ്ടതുമാണ്.

5. സർക്കാർ മുൻകൂട്ടിയുള്ള അനുമതിയില്ലാതെയും സർക്കാർ നിശ്ചയിച്ചേക്കാവുന്ന വ്യവസ്ഥകൾ പ്രകാരമല്ലാതെയും ഈ ചട്ടങ്ങൾ പ്രകാരം അധികാരപ്പെടുത്തിയിട്ടുള്ളതും അല്ലാത്തതുമായ മറ്റെന്തെങ്കിലും ആവശ്യത്തിന് പെൻഷൻ ഫണ്ട് ഉപയോഗിക്കാൻ പാടില്ലാത്താണ്.

എന്നാൽ കാസറഗോഡ് നഗരസഭയിൽ മേൽ വിവരിച്ച ചട്ടങ്ങൾ പ്രകാരമുള്ള കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ഫണ്ട് ആരംഭിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-42 നഗരസഭയിലേക്ക് ഓഫീസ് ആവശ്യത്തിനു ഇരുചക്ര വാഹനം വാങ്ങിയതിനു സർക്കാർ അനുമതി ലഭ്യമാക്കിയില്ല.

പ്രോജക്ട് നമ്പർ : SO 229/19

ഫയൽ നമ്പർ : P2 11736/18

ചെലവ് : 57,488 (വികസന ഫണ്ട്)

നിർവ്വഹണ ഉദ്യോഗസ്ഥൻ :സെക്രട്ടറി.

ഓഫീസ് ആവശ്യത്തിനു ഒരു ഇരുചക്രവാഹനം എന്ന പ്രൊജക്ട് പ്രകാരം നഗരസഭയിലേക്ക് 57488/- രൂപ ചെലവിൽ പേസ് മോട്ടോസ് എന്ന സ്ഥാപനത്തിൽ നിന്നും പദ്ധതി വിഹിതം ഉപയോഗിച്ച് ഹോണ്ട ആക്ടീവ എന്ന ഇരുചക്രവാഹനം വാങ്ങിച്ചിട്ടുണ്ട്. കൗൺസിലർമാർക്കുള്ള നോട്ടീസ് വിതരണത്തിനും ട്രഷറി ആവശ്യങ്ങൾക്ക് പോയി വരാനുമുള്ള സൗകര്യം കണക്കിലെടുത്ത് ഇരുചക്ര വാഹനം നഗരസഭ സെക്രട്ടറിയുടെ പേരിൽ വാങ്ങിയിട്ടുള്ളത്. പ്രസ്തുത വാഹനം വാങ്ങുന്നതിനു സർക്കാരിന്റെ അനുമതി ലഭ്യമാക്കിയിട്ടില്ല. സർക്കാർ ഉത്തരവ് ജി.ഒ(എം.എസ്) നം 86/2006/ത.സ്വ.ഭ.വ. തീയതി 31/03/2006

ൽ പരാമർശിച്ചിട്ടുള്ള ആവശ്യങ്ങൾക്കല്ലാതെ വാഹനം വാങ്ങുന്നതിനു സർക്കർ അനുമതി ആവശ്യമാണെന്ന് 14/02/2018-ലെ സ.ഉ(കൈ)നം.22/2018/ത.സ്വ.ഭ.വ സബ്സിഡി മാർഗരേഖയിൽ വ്യക്തമാ ക്കിയിട്ടുള്ളതാണ്. ആയതിനാൽ സർക്കാർ അനുമതി ലഭ്യമാക്കാതെ ഇരുചക്രവാഹനം വാങ്ങിയതിനു ചെലവ് തുക 57488/- രൂപ തടസ്സപ്പെടുത്തുന്നു. അനുമതി ലഭ്യമാക്കുന്ന പക്ഷം തടസ്സം ഒഴിവാക്കുന്നതാണ്.

## 1-43 ഓഫീസ് ആവശ്യത്തിനു ഫർണിച്ചർ വാങ്ങിയത് - ടെണ്ടർ നടപടികൾ പാലിച്ചിട്ടില്ല

ഫയൽ നമ്പർ : പി2-11766/18
ബിൽ നമ്പർ : 47/2018-19 തീയതി 19/03/2019.
അടങ്കൽ തുക: 300000/-

ചെലവ് : 289509 (പ്ലാൻ ഫണ്ട്)

നിർവ്വഹണ ഉദ്യോഗസ്ഥൻ : നഗരസഭ സെക്രട്ടറി.

ഓഫീസ് ആവശ്യത്തിനു ഫർണിച്ചർ എന്ന പ്രോജക്ട് പ്രകാരം കേരള ആർട്ടിസൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ (KADCO)-ൽ നിന്നും റബ്വുഡ് മേശകൾ ടെണ്ടർ കൂടാതെ വാങ്ങിയിട്ടുണ്ട്. മരം കൊണ്ട് നിർമ്മിച്ച ഫർണിച്ചറുകൾ ടെണ്ടർ കൂടാതെ KADCO-യിൽ നിന്നു സർക്കാർ അംഗീകരിച്ച നിരക്കിൽ വാങ്ങുന്നതിനു 3/10/2018 ലെ C.O(Rt)41/2018 SPD നം ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്. എന്നാൽ സ.ഉ.(പി)നം.3299/2016 ത.സ്വ.ഭ.വ തീയതി. 02/12/2016 ഉത്തരവ് പ്രകാരം സർക്കാർ/ അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ നിന്നും വാങ്ങുമ്പോൾ ആയത് സ്വന്തമായി നിർമ്മിക്കുന്നവയ്ക്കായി പരിമിതപ്പെടുത്തിയിട്ടുണ്ട്. KADCO സപ്ലൈ ചെയ്തിട്ടുള്ളത് റബ്വുഡ് (Processed rubber) കൊണ്ടുനിർമ്മിച്ച ഫർണിച്ചറുകളാണ്. വിതരണം ചെയ്തതിന്റെ വിശദവിവരം ചുവടെ നൽകുന്നു.

| ക്രമ നമ്പർ. | ഇൻവോയ്സ് നമ്പർ. | ഇനം. | തുക. |
|---|---|---|---|
| 1) | NRO/SALES/590. തിയതി. 23.02.2019. | മരം കൊണ്ടുള്ള മേശ. (3എണ്ണം) | 75,447 |
| 2) | NRO/SALES/591. തിയതി. 23.02.2019. | മരം കൊണ്ടുള്ള മേശ. (1എണ്ണം). | 22,944 |
| 3) | NRO/SALES/589. തിയതി. 23.02.2019. | മരം കൊണ്ടുള്ള മേശ. (3എണ്ണം) | 95,559 |
| 4) | NRO/SALES/588. തിയതി. 23.02.2019. | മരം കൊണ്ടുള്ള മേശ. (3എണ്ണം) | 95,559 |
| ആകെ. | | | 2,89,509 |

പ്രസ്തുത റബ്വുഡ് ഫർണിച്ചറുകൾ KADCO സ്വന്തമായി നിർമ്മിച്ചതാണെന്ന് വ്യക്തമാക്കിയിട്ടില്ല.റബ്വുഡ് ഫർണിച്ചർ KADCO -ൽ നിന്നും വാങ്ങുന്നതിനു സർക്കാർ അനുമതിയോ അംഗീകരിച്ച നിരക്കോ ഇല്ലാത്തതിനാൽ ടെണ്ടർ നടപടികൾ പാലിക്കാതെ ഫർണിച്ചർ വാങ്ങിയത് ക്രമപ്രകാരമല്ല ആയത് സ്റ്റോർ പർച്ചേഴ്സ് വ്യവസ്ഥകളുടെ ലംഘനമാണ്. ആയതിനാൽ ഈ ഇനത്തിൽ ചെലവഴിച്ച 2,89,509/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-44 പട്ടികവർഗ കുടുംബങ്ങളുടെ ഭവന പുനരുദ്ധാരണം ധനസഹായം പദ്ധതി - മതിയായ രേഖകൾ ഹാജരാക്കാത്ത വ്യക്തിയ്ക്ക് ആനുകൂല്യം നൽകി.

| | |
|---|---|
| പ്രൊജക്ടിന്റെ പേര് | പട്ടികവർഗ്ഗ കുടുംബങ്ങളുടെ ഭവന പുനരുദ്ധാരണം ധനസഹായം |
| പ്രൊജക്ട് നം. | S0278/19 |

| | |
|---|---|
| ഫണ്ടിനം | വികസന ഫണ്ട് (ടി.എസ്.പി) |
| അടങ്കൽ | ₹3,00,000/- |
| ചെലവ് | 1,50,000/- (ട്രഷറി ബിൽ നം.1/2018-19 തീയതി : 19.03.2019 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ |

കാസറഗോഡ് നഗരസഭയിൽ 2017-18 വർഷം നടപ്പിലാക്കിയ പട്ടികവർഗ്ഗ കുടുംബങ്ങളുടെ ഭവനപുനരുദ്ധാരണം പദ്ധതിയുടെ ഗുണഭോക്താക്കളായ മൂന്ന് പേർക്ക് ആദ്യഗഡുവായി 50,000/-രൂപ വീതം നൽകിയിട്ടുണ്ട്.

പദ്ധതിയുടെ ഗുണഭോക്താവായ ശ്രീമതി. ബേബി ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. ആയത് സംബന്ധിച്ച് നൽകിയ 01.06.2019 ലെ ഓഡിറ്റ് എൻക്വയറി നമ്പർ. 03 ന് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ ലഭ്യമാക്കിയ 30.10.2019 ലെ 217(2)/18 നമ്പർ മറുപടിയിൽ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റിനായി ശ്രീമതി. ബേബി നഗരസഭയിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും ആയത് നഗരസഭ അനുവദിച്ച് തരുന്ന മുറയ്ക്ക് ഓഡിറ്റിന് ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. 23.11.2019 ലെ 217(2)/18 നമ്പർ മറുപടിയോടൊപ്പം ശ്രീമതി. ബേബിയുടെ താൽക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് ഹാജരാക്കാത്തതിനാൽ ടിയാരിയ്ക്ക് നൽകിയ 50000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-45 ഗ്രീൻ പ്രോട്ടോക്കോൾ പദ്ധതി - സാധന സാമഗ്രികൾ വാങ്ങിയത് സംബന്ധിച്ച് വ്യക്തതയില്ല. 4,96,780 രൂപ തടസ്സപ്പെടുത്തുന്നു.

| | | |
|---|---|---|
| പ്രോജക്ട് നമ്പർ. | : | So 478/18. |
| പ്രോജക്ടിന്റെ പേര്. | : | ഗ്രീൻ പ്രോട്ടോക്കോൾ പ്രകാരം സാധന സാമഗ്രികൾ വാങ്ങൽ. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ. | : | ഹെൽത്ത് സൂപ്പർവൈസർ. |
| ഫണ്ട്. | : | വികസന ഫണ്ട്. |
| ചെലവ്. | : | 4,96,780/- |
| ബിൽ നമ്പർ. | : | 17200247000/701355800 (BIMS) 28/03/2018.<br>(ട്രഷറിബിൽ ബുക്ക് നം. 5/18-19<br>19/5/18 |
| | | |

കാസറഗോഡ് നഗരസഭയിൽ ഗ്രീൻ പ്രോട്ടോക്കോൾ പദ്ധതി നടപ്പിലാക്കുന്നതിന് വികസന ഫണ്ടിൽ നിന്ന് 4,96,780/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി സാധനസാമഗ്രികൾ വാങ്ങുന്നതിന് ഏറ്റവും കുറഞ്ഞ നിരക്കായ 4,96,780/- രൂപ ക്വാട്ട് ചെയ്ത "Total Trade links' എന്ന സ്ഥാപനത്തിനാണ് (കൗൺസിൽ തീരുമാനം നമ്പർ 23/28.03.2018) അനുമതി നൽകിയത്. മേൽപറഞ്ഞ സ്ഥാപനത്തിന്റെ ഇൻവോയ്സ് പ്രകാരം താഴെപറയുന്ന ഇനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.

| ക്രമ നമ്പർ. | ഇനങ്ങൾ. | നിരക്ക്. | എണ്ണം. | തുക. |
|---|---|---|---|---|
| 1) | Tea glass steel. | 20 | 500 | 10,000 |
| 2) | Steel lime glass. | 30 | 1300 | 39,000 |
| 3) | Steel Plate | 150 | 1100 | 1,65,000 |

| | | | | |
|---|---|---|---|---|
| | (11 in). | | | |
| 4) | Steel Plate. | 61.75 | 500 | 30,875 |
| 5) | Cloth bag. | 26.5 | 7500 | 1,98,750 |
| GST | | | | 33,235 |
| Total | | | | 4,96,780/- |

<u>പ്രോജക്റ്റ് നടപ്പിലാക്കിയതിലെ അപാകതകൾ താഴെപറയുന്നവയാണ്.</u>

1. ഇൻവോയ്സിൽ സാമഗ്രികൾ കൈപ്പറ്റിയതാര് എന്നതുസംബന്ധിച്ചും സ്റ്റോക്ക് എൻട്രി നടത്തിയതു സംബന്ധിച്ചുമുള്ള വിവരം നിർവ്വഹണ ഉദ്യോഗസ്ഥൻ രേഖപ്പെടുത്തിയിട്ടില്ല.

2. ലഭ്യമാക്കിയ സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ വിവരം കാണിക്കുന്ന സ്റ്റോക്ക് രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല.

3. വാങ്ങിയ തുണിസഞ്ചി, പ്ലേറ്റുകൾ എന്നിവ എന്തു ചെയ്തു എന്നതു സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. ഇതിന്റെ കസ്റ്റോഡിയൻ ആരാണ് എന്നതു സംബന്ധിച്ചുള്ള വിവരങ്ങളും ലഭ്യമല്ല.

4. നഗരസഭ ഓഫീസ് വനിതഭവൻ, കോൺഫറൻസ് ഹാൾ, ടൗൺ ഹാൾ മുതലായ സ്ഥലങ്ങളിലും മറ്റ് സ്ഥലങ്ങളിലും നടത്തുന്ന യോഗങ്ങൾ, വിവാഹങ്ങൾ, സെമിനാറുകൾ മുതലായ പൊതുപരിപാടികളിലും മറ്റും ഉപയോഗിക്കുന്നതിന് 11/10/2018 ലെ 9-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം ഗ്രീൻ പ്രോട്ടോക്കോൾ പദ്ധതി പ്രകാരം വാങ്ങിയ പ്ലേറ്റുകളും ഗ്ലാസ്സുകളും വാടകയ്ക്ക് നൽകുന്നതിന് നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ ഇവ വാടകയ്ക്ക് നൽകുന്നുണ്ടെങ്കിൽ ഇത് സംബന്ധിച്ച വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ, വാടക മുനിസിപ്പാലിറ്റിയിലേക്ക് അടവാക്കുന്നത് സംബന്ധിച്ച വിവരം എന്നിവയൊന്നും ലഭ്യമല്ല.

5. സ.ഉ (സാധാ) 3214/2017 ത.സ്വ.ഭ.വ നമ്പർ തിയതി 05/10/2017-ലെ ഉത്തരവ് പ്രകാരം ഓഫീസുകളുടെ ദൈനംദിന പ്രവർത്തനത്തിന്റെ ഭാഗമായി ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിന്റെ മേൽനോട്ടത്തിനായി ഒരു നോഡൽ ഓഫീസറെയും ഓഫീസ് തല കമ്മിറ്റികൾ രൂപീകരിച്ച് പ്രസ്തുത പ്രവർത്തനങ്ങളുടെ പ്രതിമാസ പുരോഗതി റിപ്പോർട്ടുകൾ തയ്യാറാക്കി തദ്ദേശ സ്വയംഭരണ വകുപ്പിനെ അറിയിക്കേണ്ടതാണെന്ന നിർദ്ദേശം നടപ്പിലാക്കിയതിന്റെ യാതൊരു രേഖയും ഫയലിൽ ലഭ്യമല്ല.

ഇത് സംബന്ധിച്ച നല്കിയ 73/17-02-2020-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽപറഞ്ഞ പ്രൊജക്ടിലെ സാധന സാമഗ്രികൾ കൈപ്പറ്റി വിതരണം ചെയ്തിട്ടുണ്ടോ എന്ന് നഗരസഭയിൽ നിന്ന് വിവരം ലഭ്യമല്ലാത്തതിനാൽ ചെലവഴിച്ച 4,96,780/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-46 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി - മതിയായ തൊഴിൽ ദിനങ്ങളോ സമയബന്ധിതമായി പണിക്കൂലിയോ നല്കിയില്ല.

I) 2018-19 വർഷത്തിൽ കാസർഗോഡ് നഗരസഭയിൽ നടപ്പിലാക്കിയ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി പ്രകാരം. പ്രസ്തുത വർഷത്തിൽ ബാങ്ക് പാസ്സ് ബുക്ക് പ്രകാരം (പഞ്ചാബ് നാഷണൽ ബാങ്ക്) 28/09/2018 ന് കേന്ദ്രഫണ്ടിൽ നിന്ന് ലഭിച്ച 50,00,000/- രൂപയും പലിശ അടക്കം 31/03/2019-ന് 66,78,486/- രൂപ നീക്കിയിരിപ്പുണ്ട്. ഇതിൽ തൻവർഷം 13,31,003/- രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ . തൊഴിലുറപ്പ് പദ്ധതിയിൽ പണിയെടുത്ത ശേഷം തൊഴിലാളികൾക്ക് കൂലി കൊടുക്കുന്നതിൽ 14 ദിവസത്തിൽ അധികരിക്കാൻ പാടുള്ളതല്ല, നഗരപ്രദേശങ്ങളിൽ വസിക്കുന്ന അവിദഗ്ധ കായികാദ്ധ്വാനത്തിന് തയ്യാറുള്ള ഓരോ കുടുംബത്തിലെയും പ്രായപൂർത്തിയായ അംഗങ്ങൾക്ക് ഒരു സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് 100 ദിവസം തൊഴിൽ ഉറപ്പാക്കണം. എന്നി നിബന്ധനകൾ പദ്ധതി നടത്തിപ്പിൽ നഗരസഭ പാലിച്ചിട്ടില്ല എന്ന് കാണുന്നു. നഗരസഭയിലെ വിവിധ വാർഡുകളിലെ തൊഴിലുറപ്പ് പണികളിൽ കൂലി കൊടുത്തതിന്റെയും തൊഴിൽ ദിനങ്ങൾ ലഭ്യമാക്കിയതിന്റെയും എതാനും ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

I (I)

| ക്രമ നമ്പർ | തൊഴിലാളിയുടെ പേര് | വാർഡ് നമ്പർ | പ്രവൃത്തിയുടെ പേര് | പൂർത്തിയാക്കിയ തീയ്യതി | തൊഴിൽ ദിനം | കൂലി | കൂലി കൊടുത്ത തീയ്യതി | 2018-19 വർഷത്തിൽ ലഭ്യമാക്കിയ ആകെ തൊഴിൽ ദിനങ്ങൾ |
|---|---|---|---|---|---|---|---|---|
| | | | | | | | | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 1. | ബേബി. | 21 | ഹൊന്നമൂല വാർഡിലെ ഡ്രൈയിൻ ക്ലീനിംഗ് | 15/08/18 | 6 | 1656 | 29/11/18 | 6 |
| 2. | വല്ലി. | 21 | ഹൊന്നമൂല വാർഡിലെ ഡ്രൈയിൻ ക്ലീനിംഗ് | 15/08/18 | 6 | 1656 | 29/11/18 | 6 |
| 3. | സുനിത. | 21 | ഹൊന്നമൂല വാർഡിലെ ഡ്രൈയിൻ ക്ലീനിംഗ് | 15/08/18 | 6 | 1656 | 29/11/18 | 6 |
| 4. | യശോദ. | 21 | ഹൊന്നമൂല വാർഡിലെ ഡ്രൈയിൻ ക്ലീനിംഗ് | 15/08/18 | 6 | 1656 | 29/11/18 | 6 |
| 5. | വിനത. | 21 | ഹൊന്നമൂല വാർഡിലെ ഡ്രൈയിൻ ക്ലീനിംഗ് | 15/08/18 | 6 | 1656 | 29/11/18 | 6 |
| 6. | സുമ. | 21 | ഹൊന്നമൂല വാർഡിലെ ഡ്രൈയിൻ ക്ലീനിംഗ് | 15/08/18 | 6 | 1656 | 29/11/18 | 6 |
| 7. | ജയന്തി. | 21 | ഹൊന്നമൂല വാർഡിലെ ഡ്രൈയിൻ ക്ലീനിംഗ് | 15/08/18 | 5 | 1380 | 29/11/18 | 5 |
| 8. | ലത. | 21 | ഹൊന്നമൂല വാർഡിലെ ഡ്രൈയിൻ ക്ലീനിംഗ് | 15/08/18 | 6 | 1656 | 29/11/18 | 6 |
| 9. | ബേബി. | 21 | ഹൊന്നമൂല വാർഡിലെ ഡ്രൈയിൻ ക്ലീനിംഗ് | 15/08/18 | 3 | 813 | 29/11/18 | 3 |
| 10. | വാസന്തി. | 21 | ഹൊന്നമൂല വാർഡിലെ ഡ്രൈയിൻ ക്ലീനിംഗ് | 15/08/18 | 6 | 1656 | 29/11/18 | 6 |
| 11. | അരുണ. | 21 | ഹൊന്നമൂല വാർഡിലെ ഡ്രൈയിൻ ക്ലീനിംഗ് | 15/08/18 | 5 | 1380 | 29/11/18 | 5 |
| 12. | പുഷ്പ.കെ. | 21 | ഹൊന്നമൂല വാർഡിലെ ഡ്രൈയിൻ ക്ലീനിംഗ് | 15/08/18 | 6 | 1656 | 29/11/18 | 6 |
| 13. | പുഷ്പ. | 21 | ഹൊന്നമൂല | 15/08/18 | 5 | 1380 | 29/11/18 | 5 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | വാർഡിലെ ഡ്രൈയിൻ ക്ലീനിംഗ് | | | | | |
| 14. | സുനന്ദ. | 21 | ഹൊന്നമൂല വാർഡിലെ ഡ്രൈയിൻ ക്ലീനിംഗ് | 15/08/18 | 5 | 1380 | 29/11/18 | 5 |
| 15 | ശ്രീജ. | 21 | ഹൊന്നമൂല വാർഡിലെ ഡ്രൈയിൻ ക്ലീനിംഗ് | 15/08/18 | 6 | 1656 | 29/11/18 | 6 |
| 16. | സുചിത്ര. | 21 | ഹൊന്നമൂല വാർഡിലെ ഡ്രൈയിൻ ക്ലീനിംഗ് | 15/08/18 | 5 | 1380 | 29/11/18 | 5 |

I(2)

| ക്രമ നമ്പർ | തൊഴിലാളിയുടെ പേര്. | വാർഡ് നമ്പർ. | പ്രവൃത്തിയുടെ പേര്. | പൂർത്തിയാക്കിയ തീയ്യതി. | തൊഴിൽ ദിനം. | കൂലി. | കൂലി കൊടുത്ത തീയ്യതി. | 2018-19 വർഷത്തിൽ ലഭ്യമാക്കിയ ആകെ തൊഴിൽ ദിനങ്ങൾ. |
|---|---|---|---|---|---|---|---|---|
| 1. | ശശികല. | 13 | ചാലക്കുന്ന് വാർഡ് ഡ്രൈനേജ് ക്ലീനിംഗ്. | 23/08/18 | 9 | 2484 | 29/11/18 | 9 |
| 2. | ഗിരിജ. | 13 | ചാലക്കുന്ന് വാർഡ് ഡ്രൈനേജ് ക്ലീനിംഗ്. | 23/08/18 | 8 | 2208 | 29/11/18 | 8 |
| 3. | വാസന്തി. | 13 | ചാലക്കുന്ന് വാർഡ് ഡ്രൈനേജ് ക്ലീനിംഗ്. | 23/08/18 | 8 | 2208 | 29/11/18 | 8 |
| 4. | സരസ്വതി. | 13 | ചാലക്കുന്ന് വാർഡ് ഡ്രൈനേജ് ക്ലീനിംഗ്. | 23/08/18 | 8 | 2208 | 29/11/18 | 8 |
| 5. | വെറോണിക്ക ഡിസോസ. | 13 | ചാലക്കുന്ന് വാർഡ് ഡ്രൈനേജ് ക്ലീനിംഗ്. | 23/08/18 | 8 | 2208 | 29/11/18 | 8 |
| 6. | കമല. | 13 | ചാലക്കുന്ന് വാർഡ് ഡ്രൈനേജ് ക്ലീനിംഗ്. | 23/08/18 | 8 | 2208 | 29/11/18 | 8 |
| 7. | രേവതി. | 13 | ചാലക്കുന്ന് വാർഡ് | 23/08/18 | 8 | 2208 | 29/11/18 | 8 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | ഡ്രൈനേജ് ക്ലീനിംഗ്. | | | | | |
| 8. | ലീല. | 13 | ചാലക്കുന്ന് വാർഡ് ഡ്രൈനേജ് ക്ലീനിംഗ്. | 23/08/18 | 8 | 2208 | 29/11/18 | 8 |
| 9. | മാലിനി. | 13 | ചാലക്കുന്ന് വാർഡ് ഡ്രൈനേജ് ക്ലീനിംഗ്. | 23/08/18 | 8 | 2208 | 29/11/18 | 8 |
| 10 | ലളിത. | 13 | ചാലക്കുന്ന് വാർഡ് ഡ്രൈനേജ് ക്ലീനിംഗ്. | 23/08/18 | 8 | 2208 | 29/11/18 | 8 |
| 11. | ഹേമവതി. | 13 | ചാലക്കുന്ന് വാർഡ് ഡ്രൈനേജ് ക്ലീനിംഗ്. | 23/08/18 | 8 | 2208 | 29/11/18 | 8 |

അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി പ്രകാരം ആവശ്യമായ ഫണ്ട് നീക്കിയിരിപ്പുണ്ടായിട്ടും തൊഴിലാളികൾക്ക് മതിയായ തൊഴിൽ ദിനങ്ങളോ പണിക്കൂലി സമയബന്ധിതമായി അനുവദിക്കുകയോ ചെയ്തിട്ടില്ല എന്ന് വിവിധ വാർഡുകളിലെ തൊഴിലുറപ്പ് പദ്ധതി ഫയൽ പരിശോധിച്ചതിൽ നിന്നും വ്യക്തമാണ്. ഇത് സംബന്ധിച്ച് നല്കിയ 36/30-10-2019-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് തൃപ്തികരമായ മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ തൊഴിലുറപ്പ് പദ്ധതിയുടെ യഥാർത്ഥ ലക്ഷ്യമായ മതിയായ തൊഴിൽ ദിനങ്ങളോ സമയബന്ധിതമായി തുക അനുവദിക്കാനോ നഗരസഭയ്ക്ക് സാധിച്ചിട്ടില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഈ വിഷയത്തിലേക്ക് കൗൺസിലിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-47 ഹൈസ്കൂളുകൾക്ക് സാനിറ്ററി നാപ്കിൻ വിത്ത് ഇൻസിനേറ്റർ - സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല. 39,000/- രൂപ തടസ്സപ്പെടുത്തുന്നു.

| | | |
|---|---|---|
| പ്രൊജക്ട് നമ്പർ | : | S0035/19 |
| പ്രൊജക്ടിന്റെ പേര് | : | ഹൈസ്കൂളുകൾക്ക് സാനിറ്ററി നാപ്കിൻ വിത്ത് ഇൻസിനേറ്റർ വാങ്ങൽ. |
| ഫണ്ട് | : | പ്ലാൻ ഫണ്ട് ജനറൽ. |
| പദ്ധതി ചെലവ് | : | 39000/- |
| ബിൽ നമ്പർ | : | 18200247000701433981/21.03.2019. (25/19 തീയതി.21/03/2019) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | ഹെൽത്ത് സൂപ്പർവൈസർ, കാസർഗോഡ് നഗരസഭ |

2018-19 വർഷത്തിൽ ഹെൽത്ത് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഹൈസ്കൂളുകൾക്ക് സാനിറ്ററി നാപ്കിൻ വിത്ത് ഇൻസിനേറ്റർ വാങ്ങൽ പദ്ധതിക്ക് പ്ലാൻ ഫണ്ടിൽ നിന്ന് 39,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇത് നടപ്പിലാക്കുന്നതിന് ടെണ്ടർ ക്ഷണിച്ചതിൽ നിന്നും ഏറ്റവും കുറവ് ക്വാട്ട് ചെയ്ത ANU.S.S FLORET Technology, തിരുവനന്തപുരം എന്ന സ്ഥാപനമാണ്. രണ്ട് വോക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകൾക്കാണ് മെഷീൻ വിതരണം ചെയ്തിട്ടുള്ളത്. പ്രിൻസിപ്പാൾ ജി.വി.എച്ച്.എസ്.എസ് ഫോർ ഗേൾസ് (code 14012), പ്രിൻസിപ്പാൾ ജി.എം.വി.എച്ച്.എസ്.എസ്, തളങ്കര (code: 14040) എന്നി സ്കൂളുകളിലാണ് മെഷീൻ സ്ഥാപിച്ചിട്ടുള്ളത്. എന്നാൽ പ്രസ്തുത സ്ഥാപനങ്ങളിൽ മെഷീനുകൾ പ്രവർത്തനക്ഷമമായ രീതിയിൽ ലഭിച്ചതു സംബന്ധിച്ച വിവരമോ സ്റ്റോക്ക് എൻട്രി നടത്തിയതിന്റെ വിവരമോ നിർവ്വഹണ ഉദ്യോഗസ്ഥൻ ശേഖരിച്ചിട്ടില്ല. കൂടാതെ മോണിറ്ററിംഗ് കമ്മിറ്റിയുടെ പരിശോധന റിപ്പോർട്ടും ലഭ്യമല്ല. ഇത് സംബന്ധിച്ച് 48/18-11-2019 ന് നല്കിയ ഓഡിറ്റ്

അന്വേഷണത്തിന് മറുപടി ലഭിച്ചില്ല. ആയതിനാൽ വിശദീകരണത്തിന്റെ അഭാവത്തിൽ ചെലവഴിച്ച 39,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മേൽപറഞ്ഞവ ഹാജരാക്കി ഓഡിറ്റിൽ തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-48 മഴക്കാല പൂർവ്വ ശുചീകരണം - ചെലവഴിച്ച 7,60,000/- രൂപ തടസ്സപ്പെടുത്തുന്നു.

ഹെൽത്ത് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 വർഷത്തിൽ 7,60,000/- രൂപ 38 വാർഡുകളിലായി ചെലവഴിച്ചിട്ടുണ്ട്. (ശുചിത്വമിഷൻ ഫണ്ട് - 1,90,000/- ചെലാൻ നമ്പർ. 031/24/5/18.NRHM – 3,80,000/- ചെലാൻ നമ്പർ 73/25/11/18. നഗരസഭ തനത് ഫണ്ട് 1,90,000/-) വാർഡ് ഒന്നിന് 20,000/- രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 127/2017/ത.സ്വ.ഭ.വ തീയതി. 19/03/2017 പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ മൺസൂൺ കാലത്ത് കേരളത്തിൽ പകർച്ചവ്യാധികൾ പടർന്ന് പിടിക്കാതിരിക്കാനുള്ള പ്രതിരോധ പ്രവർത്തനങ്ങളുടെ ആസൂത്രണത്തിന്റെ ഭാഗമായി ശുചിത്വ സ്ക്വാഡുകൾ രൂപീകരിച്ച് ശുചിത്വ മാപ്പിംഗം വാർഡുതല കർമ്മ പരിപാടികളും ആസൂത്രണം ചെയ്യണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. മേൽ പറഞ്ഞതിന് വിവിധ സ്രോതസ്സുകളിൽ നിന്നും ലഭിക്കുന്ന തുക വാർഡ് തല ആരോഗ്യ ശുചിത്വ പോഷണ സമിതി അക്കൗണ്ടിൽ വരുത്തേണ്ടതും ലഭിക്കുന്ന സ്രോതസടിസ്ഥാനത്തിൽ പ്രത്യേകം പ്രത്യേകം കണക്കുകൾ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. ഇതിന്റെ അടിസ്ഥാനത്തിലാകണം വിനിയോഗ സർട്ടിഫിക്കറ്റ് നൽകേണ്ടത്. എന്നാൽ വാർഡ് തല പ്രത്യേക കണക്ക് സൂക്ഷിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല. കാസർഗോഡ് നഗരസഭയിലെ 38 വാർഡികളിലും മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ നടത്തിയതിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ പരിശോധനയിൽ കണ്ടെത്തി.

1. ശുചീകരണ പ്രവർത്തനങ്ങൾക്കായി 38 വാർഡുകളിലും എസ്റ്റിമേറ്റ് തയ്യാറാക്കാതെയാണ് 7,60,000/- രൂപ ചെലവഴിച്ചിട്ടുള്ളത്. ( ഒരു വാർഡിന് 20,000/- രൂപ വീതം).

2. തൊഴിലാളികൾ എത്ര ദിവസം തൊഴിലെടുത്തുവെന്നും എത്ര കൂലി അനുവദിച്ചെന്നും വ്യക്തമാക്കുന്ന വിശദമായ മസ്റ്റർറോൾ ഹാജരാക്കാതെയാണ് തുക ചെലവഴിച്ചിട്ടുള്ളത്.

3. 38 വാർഡുകളിൽ പ്രവൃത്തി പൂർത്തീകരിച്ചതിന്റെ കൗൺസിലറുടെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

4. 38 വാർഡുകളിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തിയതിന്റെ ആരോഗ്യ വർക്കിംഗ് ഗ്രൂപ്പുകളുടെ മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നല്കിയ 49/18.11.2019-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തി നടത്തിയത് സംബന്ധിച്ച് മേൽ പറഞ്ഞ യാതൊരു രേഖയും ഹാജരാക്കാത്ത സാഹചര്യത്തിൽ ഹെൽത്ത് സൂപ്പർ വൈസർ ചെലവഴിച്ച 7,60,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-49 മരാമത്ത് പ്രവൃത്തികളുടെ കരാർ ചമയ്ക്കുന്നതിൽ കാലതാമസം - പിഴ ഈടാക്കുന്നില്ല.

കേരള പൊതുമരാമത്ത് മാന്വലിലെ സെക്ഷൻ 2009.6 പ്രകാരം സെലക്ഷൻ നോട്ടീസ് തീയതി മുതൽ 14 ദിവസങ്ങൾക്കുള്ളിൽ കരാറുകാരൻ കരാറുടമ്പടി ചമച്ചിരിക്കേണ്ടതാണ്. തുടർന്ന് 10 ദിവസം വരെ കരാർ തുകയുടെ 1% തുക മിനിമം 1,000 രൂപ പിഴ ഈടാക്കി കരാർ വെയ്ക്കുന്നതിനു സമയം അനുവദിക്കുന്നുണ്ട്. 10 ദിവസം കഴിഞ്ഞിട്ടും കരാർ ചമയ്ക്കുന്നില്ലെങ്കിൽ ഈ ബിഡ് തള്ളി പ്രവൃത്തി നിർവ്വഹണത്തിനു ടെണ്ടറിംഗ് അധികാരിക്ക് അടുത്ത ചെറിയ തുക ക്വോട്ട് ചെയ്ത ബിഡ്ഡറുമായി നെഗോസിയേഷൻ നടത്താവുന്നതോ റീ ടെണ്ടർ ചെയ്യാവുന്നതോ ആണ്. സെലക്ഷൻ നോട്ടീസ് ലഭിച്ച് അതിൽ പറഞ്ഞിരിക്കുന്ന തീയതിക്കകം കരാർ ചമയ്ക്കാത്തതിനാൽ കരാറുകാരനിൽ നിന്നും പിഴ ഈടാക്കാത്തതിന്റെ വിവരം ചുവടെ നൽകുന്നു.

| പ്രവൃത്തിയുടെ പേര് / കരാറുകാരൻ. | കരാർ തുക. | സെലക്ഷൻ നോട്ടീസ് തീയതി. | പിഴ കൂടാതെ കരാർ ചമയ്ക്കേണ്ട തീയതി. | കരാർ ചമച്ച തീയതി. | ഈടാക്കേണ്ടിയിരുന്ന പിഴ. |
|---|---|---|---|---|---|
| ആയുർവേദ ആശുപത്രി മെയിന്റനൻസ്.<br><br>പ്രൊജക്ട് നം.438/18 (SO. 307/19) | 8,09,220.38 | 8/2/2018. | 22/02/2018. | 3/3/2018. | 8,092. |

| | | | | | |
|---|---|---|---|---|---|
| അഹമ്മദ് ഹാരീസ്.ബി. | | | | | |
| കരിപ്പൊടി പള്ളിയുടെ റോഡ് സൈഡ് കോൺക്രീറ്റിംഗ്. പ്രൊജക്ട് നം. 352/19.<br><br>അഹമ്മദ് ഷഫീക്ക് ബി.എ. | 59,543 | 15/11/2017. | 29/11/2017. | 14/12/2017. | 595 (min. 1000) |
| അമയ്ക്കരി റോഡിന്റെ ഇരുവശത്തും കോൺക്രീറ്റിംഗ് .<br><br>പ്രൊജക്ട് നം. 347/19.<br><br>ഫൈസൽ കെ.എ. | 4,00,000 | 26/10/2017. | 05/11/2017. | 12/12/2017 | 4,000 |
| ചന്ദ്രഗിരി പാലം പരിസരത്ത് കടവത്ത് റോഡ് കോൺക്രീറ്റിംഗ്. പ്രൊജക്ട് നം. 363/19.<br><br>ഫൈസൽ കെ.എ. | 2,00,000 | 17/11/2017 | 01/12/2017 | 19/12/2017 | 2,000 |
| അശോക് നഗർ ഡ്രെയിനേജ് നിർമ്മാണം.<br><br>പ്രൊജക്ട് നം.<br><br>337/19.<br><br>ഷിഹാബുദ്ദീൻ കെ.എ. | 3,00,000 | 12/10/2017. | 26/10/2017. | 19/02/2018. | 3,000 |
| മണ്ടലി സെക്കന്റ് റോഡ് കോൺക്രീറ്റിംഗ്.<br><br>പ്രൊജക്ട് നം.<br><br>334/19.<br><br>ബി.എം. ബഷീർ. | 2,50,000 | 12/10/2017. | 27/10/2017. | 07/12/2017. | 2,500 |
| അണങ്കൂർ -ബദർ നഗർ, ബാക്കി ഭാഗം കോൺക്രീറ്റിംഗ് പ്രൊജക്ട് നമ്പർ 146/19.<br><br>ബി.എം.ബഷീർ. | 3,00,000 | 13/12/2018 | 27/12/2018 | 31/12/2018 | 3,000 |

| | | | | | |
|---|---|---|---|---|---|
| ഭാരത് അവിൽ മില്ലിനു സൈഡിലുള്ള റോഡ് കോൺക്രീറ്റിംഗ് പ്രൊജക്ട് നമ്പർ 164/19.<br><br>എം.എം. മുഹമ്മദ് കുഞ്ഞി. | 2,00,000 | 13/12/2018 | 27/12/2018 | 31/12/2018 | 2,000 |
| കോൺക്രീറ്റിംഗ് മല്ല്യാസ് റോഡ് ബാലൻസ് വർക്ക് പ്രൊജക്ട് നമ്പർ 64/19.എം.എം. മുഹമ്മദ് ഹാരീസ്. | 3,75,000 | 13/12/2018 | 27/12/2018 | 14/1/2019 | 3,750. |
| ബഡിബാഗിലു ക്രോസ് റോഡ് കോൺക്രീറ്റിംഗ് പ്രൊജക്ട് നമ്പർ 167/19. ടി.എം. ഫായ്സ്. | 2,20,000 | 13/12/2018, | 27/12/2018 | 17/01/2019 | 2,200 |
| ചാലാ പള്ളിക്ക് സമീപം സൈഡ് ഭിത്തി നിർമ്മാണം പ്രോജക്ട് നമ്പർ. 109/18<br><br>സി.എം. ഉമ്മർ. | 3,80,000 | 13/12/2018 | 27/12/2018 | 31/12/2018. | 3,800 |
| കുസുമാക്കർ ഹൗസ്<br><br>സെക്കന്റ് ക്രോസ് റോഡ് - നേതാജി റസിഡഷ്യൽ ഏരിയ കോൺക്രീറ്റിംഗ്,<br><br>പ്രൊജക്ട് നമ്പർ 127/19<br><br>കെ.അബ്ദുറഹിമാൻ ഹാജി. | 2,00,000 | 13/12/2018. | 27/12/2018 | 31/12/2018 | 2,000 |
| ബെദർക്കള ഗരഡി റോഡ് രണ്ടാംഘട്ട കോൺക്രീറ്റിംഗ് പ്രൊജക്ട് നം. 122/19<br><br>ടി.എം. ഫായ്സ്0.50cm. | 4,00,000 | 13/12/2018 | 27/12/2018. | 17/01/2019. | 4,000 |
| നസീമ റോഡ് കോൺക്രീറ്റിംഗ് | 88,000 | 05/02/2018 | 19/02/2018 | 3/3/208. | 880 |

| | | | | | |
|---|---|---|---|---|---|
| ബാക്കി ഭാഗം.<br><br>പ്രൊജക്ട് നമ്പർ.<br><br>467/18.<br>(SO.381/19)<br><br>മുനീർ മൊയ്തീൻ. | | | | | Min. 1,000 |
| അമയ്യരി റോഡ് സൈഡ് ബേം കോൺക്രീറ്റിംഗ് ബാക്കിഭാഗം.<br><br>പ്രൊജക്ട് നമ്പർ 173/19<br><br>കെ.എ. ലഹാക്ക്. | 1,50,000 | 13/12/2018 | 27/12/2018. | 31/12/2018. | 1500. |
| തുരുത്തി കെ.കെ.പുറംറോഡ് കോൺക്രീറ്റിംഗ് .<br><br>പ്രൊജക്ട് നം. 454/18. (SO. 386/19)<br><br>മുഹമ്മദ് ഇർഫാൻ. | 2,81,750 | 04/01/2018. | 18/01/2018. | 22/01/2018. | 2,817. |
| കുന്നിൽ ബി.എഡ് സെന്റർ ബേക്ക് റോഡ് ഡ്രൈയിനേജ്<br><br>പ്രോജക്ട് നം. 453/18 (SO. 385/19)<br><br>ബി.എം. ബഷീർ. | 5,00,000. | 04/01/2018. | 18/01/2018 | 28/02/2018 | 5,000 |
| മഠപ്പുര മുത്തപ്പൻ റോഡ് കോൺക്രീറ്റിംഗ്<br><br>പ്രൊജക്ട് നം. 165/19.<br><br>അഹമ്മദ് അസ്ഫാക്ക് . | 1,80,000 | 13/12/2018. | 26/12/2018. | 31/12/2018. | 1,800 |
| കോൺക്രീറ്റിംഗ് റോഡ് നിയർ ഗണപതി അണ്ണൻസ് ഹൗസ്.<br><br>പ്രൊജക്ട് നമ്പർ. 126/19.<br><br>ലഹാക്ക്. കെ.എ. | 2,00,000 | 13/12/2018. | 26/12/2018. | 31/12/2018. | 2,000. |
| തുരുത്തി മർഹം | 2,00,000 | 13/12/2018. | 26/12/2018. | 17/01/2019. | 2,000. |

| | | | | | |
|---|---|---|---|---|---|
| അബ്ദുൾ റഹ്മാൻ ക്രോസ് റോഡ് കോൺക്രീറ്റിംഗ്.<br><br>പ്രൊജക്റ്റ് നമ്പർ<br><br>154/19.<br><br>ടി.എം. ഫായ്സ്. | | | | | |
| കോള ഉസ്റ്റേ ശിവകോമ്പൗണ്ട് ഫുട്പാത്ത് (വാർഡ് 4)<br><br>പ്രൊജക്റ്റ് നമ്പർ 121/19<br><br>ടി.എം.ഫായ്സ്. | 2,00,000 | 13/12/2018 | 26/12/2018. | 17/01/2019. | 2,000 |
| അർജാൽ റോഡ് ബാക്കി ഭാഗം കോൺക്രീറ്റിംഗ്.<br><br>പ്രൊജക്റ്റ് നമ്പർ. 96/2019.<br><br>ലഹാക്ക്.കെ.എ. | 4,86,342. | 18/12/2018. | 01/01/2019 | 25/01/2019. | 4,863. |
| ശാന്ത ദുർഗാംബ റോഡ്<br><br>കോൺക്രീറ്റിംഗ് പ്രൊജക്റ്റ് നം. 394/19.<br><br>ഷഫീക്ക് ബാങ്കോട് | 2,73,000 | 05/02/2018 | 19/02/2018 | 03/03/2018 | 2,730 |
| അറഫാ റോഡ് മുതൽ അണങ്കൂർ ജംങ്ഷൻ<br><br>റോഡ് കോൺക്രീറ്റിംഗ്,<br><br>പ്രോജക്റ്റ് നം. 154/18 (299/19)<br><br>എം,എസ്.അബ്ദുൾ ഹക്കീം. | 8,03,525.54 | 05/02/2018. | 19/02/2018 | 03/03/2018. | 8,035. |
| പച്ചാക്കാട് മദ്രാസ് ചന്ദ്രഗിര പുഴയോരം റോഡ് നിർമ്മാണം.<br><br>പ്രൊജക്റ്റ് നം. 73/18(344/19) | 6,72,676 | 16/11/2017 | 30/11/2017 | 14/12/2017 | 6,726 |

| | | | | | |
|---|---|---|---|---|---|
| മൊയ്‌ദ്ദീൻ മഹ്ഫൂസ് | | | | | |
| കൃഷ്ണ ടാക്കീസ് മുതൽ അശോക് നഗർ വരെ ഫുട്പാത്ത്.<br><br>പ്രോജക്റ്റ് നം. 53/18 (SO. 336/19)<br><br>ഫൈസൽ കെ.എ. | 4,95,000 | 01/10/2017 | 14/10/2017 | 14/12/2017 | 4,950 |
| കെ.കെ.പുരം ക്രസന്റ് റോഡ് ഫുട്പാത്ത്<br><br>പ്രൊജക്ട് നമ്പർ 473/18. (SO.392/19)<br><br>ഇ.ഐ. മുഹമ്മദ്. | 80,000/- | 05/02/2018 | 20/02/2018 | 03/03/2018 | 1,000 |
| പ്രീ മെട്രിക് ഹോസ്റ്റൽ നവീകരണം.<br><br>പ്രൊജക്ട് നം.376/19.<br><br>ശിഹാബുദ്ദീൻ കെ.എ. | 4,48,852 | 05/02/2018 | 20/02/2018. | 03/03/2018. | 4,488 |
| അയ്യപ്പനഗർ ക്രോസ്റോഡ് കോൺക്രീറ്റിംഗ്.<br><br>പ്രൊജക്ട് നമ്പർ. 115/18(S.O.362/19)<br><br>ഇ.ഐ.മുഹമ്മദ്. | 5,00,000 | 05/02/2018 | 20/02/2018 | 03/03/2018 | 5,000 |
| മാലിക് ദിനാർ മസ്ജിദ് റോഡ് ഇന്റർലോക്കിംഗ്.<br><br>പ്രൊജക്ട് നമ്പർ, 470/18 (S.O.382/18).<br><br>ഷിഹാബുദ്ധീൻ കെ.എ. | 12,14,297 | 05/02/2018 | 20/02/2018 | 03/03/2018 | 12,142 |
| ഇൻഡസ്ട്രീയൽ എസ്റ്റേറ്റ് നിർമ്മണം. പ്രൊജക്ട് നം.427/18 (SO. 325/19) | 19,26,672.63 | 05/02/2018 | 20/02/2018 | 04/03/2018 | 19,266 |

| | | | | | |
|---|---|---|---|---|---|
| ഇ.ഐ.മുഹമ്മദ്. | | | | | |
| നുള്ളിപ്പാടി സ്കൂൾ മെയിന്റനൻസ് പ്രൊജക്റ്റ് നമ്പർ . 435/18 (SO. 306/19) അഹമ്മദ് ഷെഫീക്ക് ബി,എ. | 6,19,949 | 05/02/2018. | 20/02/2018. | 21/03/2018. | 6,199 |
| മഡോണ കോൺവെന്റ് ക്രോസ് റോഡ് കോൺക്രീറ്റിംഗ് പ്രൊജക്റ്റ് നമ്പർ 492/18 (S.O.403/19). ബി,എം.അബ്ദുള്ള. | 5,00,000 | 24/04/2018. | 04/05/2018. | 30/05/2018. | 5,000 |
| ഖാസിലേൻ ന്യൂറോഡ് കോൺക്രീറ്റിംഗ് പ്രൊജക്റ്റ് നമ്പർ 176/18 (SO. 375/19). ഫൈസൽ.കെ.എ. | 5,00,000 | 13/10/2017 | 27/10/2017 | 11/12/2017 | 5,000 |
| | | | | ആകെ | 1,44,858 |

മേൽ പരാമർശിച്ച നഷ്ടം ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി നഗരസഭ ഫണ്ടിൽ ഒടുക്കേണ്ടതാണ്. കേരള പൊതുമരാമത്ത് ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം സെലക്ഷൻ നോട്ടീസ് രജിസ്റ്റേഡ് തപാൽ മുഖേനയോ ഇ-മെയിൽ ആയോ കരാറുകാരനു നൽകേണ്ടതാണെന്നു വ്യക്തമാക്കിയിട്ടുണ്ടെങ്കിലും ദിവസങ്ങൾക്കുശേഷം കൈപ്പറ്റിയതായി രേഖപ്പെടുത്തിയത് ശരിയല്ല. സെലക്ഷൻ നോട്ടീസിൽ തീയതി തിരുത്തിയതായും കണ്ടെത്തി. തുക ഉത്തരവാദിയായ വ്യക്തികളിൽ നിന്ന് ഈടാക്കി മുനിസിപ്പൽ ഫണ്ടിൽ ഒടുക്കേണ്ടതാണ്.

### 1-50 പൊതുമരാമത്ത് പ്രവൃത്തികൾക്ക് നിശ്ചിത മൂല്യമുള്ള മുദ്രക്കടലാസ്സിൽ കരാർ ചമയ്ക്കാത്തതിനാൽ സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ നഷ്ടം.

കേരള ഫിനാൻസ് ആക്ട് 2018 4(a) (f) പ്രകാരം പൊതുമരാമത്ത് പ്രവൃത്തികൾക്ക് കരാർതുകയുടെ 0.1% മൂല്യമുള്ള മുദ്രക്കടലാസ്സിൽ കരാർ ചമയ്ക്കണം കാസറഗോഡ് നഗരസഭയിൽ 01/04/2018 ന് ശേഷം കരാർ ഉടമ്പടി വച്ചിട്ടുള്ള ഏതാനം മരാമത്ത് പ്രവൃത്തികൾക്ക് നിശ്ചിത മൂല്യമുള്ള മുദ്രക്കടലാസ് ഉപയോഗിച്ചില്ല എന്ന് കാണുന്നു. മതിയായ മുദ്രക്കടലാസ് ഇല്ലാതെ കരാർ വച്ചിട്ടുള്ള പ്രവൃത്തികളുടെ വിവരം ചുവടെ നൽകുന്നു.

| ക്രമ നമ്പർ. | പ്രൊജക്റ്റ് നമ്പർ/ കരാറുകാരൻ | കരാർ തുക/തീയതി. | ആവശ്യമായ മുദ്രക്കടലാസിന്റെ മൂല്യം. | ഉപയോഗിച്ച മുദ്രക്കടലാസിന്റെ മൂല്യം. | നഷ്ടം. |
|---|---|---|---|---|---|
| 1. | പി3- 109/19, ചാലപ്പള്ളിക്ക് സമീപം സൈഡ് ഭിത്തി നിർമ്മാണം. സി.എം. ഉമ്മർ. | 3,80,000 / 31/12/2018. | 400 | 200 | 200 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| 2. | പി3-13541/18 (പ്രൊജക്ട് നം. 146/19.)<br><br>അണങ്കൂർ ബദർനഗർ ബാക്കിഭാഗം റോഡ് കോൺക്രീറ്റിംഗ്,<br><br>ബി.എം. ബഷീർ. | 3,00,000/-31/12/2018. | 300 | 200 | 100 |
| 3. | പി3-4454/18 ബദിര – കൊപ്രക്കളം റോഡ് കോൺക്രീറ്റിംഗ്,<br><br>ബി.എം. ബഷീർ. | 5,00,000/-<br><br>08/05/2018. | 500 | 200 | 300 |
| 4. | പി3/4462/18 മഡോണ കോൺവെന്റ് ക്രോസ് റോഡ് കോൺക്രീറ്റിംഗ്,<br><br>പ്രൊജക്ട് നമ്പർ 403/19.<br><br>ബി.എം. അബ്ദുള്ള. | 5,00,000/-<br><br>30/05/2018. | 500 | 200 | 300 |
| 5. | പി3-4463/18 പ്രൊജക്ട് നമ്പർ 395/19.<br><br>മുഹമ്മദ് ഇർഫാൻ കെ.എച്ച്. | 4,00,000/-<br><br>08/05/2018. | 400 | 200 | 200 |
| 6. | പി3- 4459/18. കൊറക്കോട് റോഡ് മുതൽ തങ്കൽ കോമ്പൗണ്ട് ഫുട്പാത്ത്.<br><br>പ്രോജക്ട് നമ്പർ 412/19<br><br>ഇ.ഐ. മുഹമ്മദ്. | 3,45,000/-<br><br>02/05/2018. | 400 | 200 | 200 |
| 7. | പി3- 4468/18 4-ാം വാർഡ് റോഡ് റിനോവേഷൻ | 4,82,000/-<br><br>02/05/2018 | 500 | 200 | 300 |

| | | | | | |
|---|---|---|---|---|---|
| | (പ്രൊജക്ട് നമ്പർ 415/19)<br><br>ഇ.ഐ. മുഹമ്മദ്. | | | | |
| 8. | പി3- 777/18. അയ്യപ്പനഗർ ക്രോസ് റോഡ്<br><br>പ്രോജക്ട് നമ്പർ. 362/19.<br><br>ഇ.ഐ മുഹമ്മദ് | 5,00,000/-<br><br>03/03/2018. | 500 | 200 | 300 |
| 9. | പി3-4458/18.<br><br>കരിപ്പോടി സീനത്ത് നഗർ കോൺക്രീറ്റിംഗ്<br><br>പ്രോജക്ട് നമ്പർ 404/19.<br><br>ഷിഹാബുദ്ദീൻ കെ.എ. | 5,00,000/-<br><br>08/05/2018. | 500 | 200 | 300 |
| 10 | പി3-4470/18<br><br>ചാല-അടിയൻ തൊട്ടി റോഡ് കോൺക്രീറ്റിംഗ് പ്രോജക്ട് നമ്പർ 397/19. | 5,00,000/-<br><br>08/05/2018. | 500 | 200 | 300 |
| ആകെ | | | | | 2,500/- |

സംസ്ഥാന സർക്കാരിനു സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ ഉണ്ടായിട്ടുള്ള 2,500/- രൂപയുടെ നഷ്ടം ബന്ധപ്പെട്ടവരിൽ നിന്നു ഈടാക്കി ട്രഷറിയിൽ ഒടുക്കേണ്ടതാണ്.

## 1-51 ബഡ്സ് സ്കൂളുകൾ പ്രവർത്തിക്കുന്നതിലെ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ : സി.ഡി.എസ്. മെമ്പർ സെക്രട്ടറി.

കാസർഗോഡ് നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ കുടുംബശ്രീയുടെ കീഴിൽ ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ പ്രവർത്തനം ആരംഭിച്ച് 3 വർഷത്തോളമായിരിക്കുന്നു. (06/04/2015 ന് തുടങ്ങിയത് ) നാളിതു വരെ സ്ഥാപനം രജിസ്റ്റർ ചെയ്തിട്ടില്ല. സർക്കാർ ഉത്തരവു പ്രകാരം (എം.എസ് നമ്പർ) 20/2018 ത.സ്വ.ഭ.വ തീയ്യതി 07/02/2018 പ്രകാരം ബഡ്സ് / ബി.ആർ.സി എന്നിവയ്ക്ക് അംഗീകാരം ലഭിച്ചിട്ടില്ലായെങ്കിൽ കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്ററുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ പരമാവധി 2 വർഷത്തേയ്ക്ക് താല്ക്കാലികമായി അംഗീകാരം നൽകി പ്രവർത്തിക്കാവുന്നതാണ്. ബഡ്സ് സ്കൂളുകൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പ് ആണ് അംഗീകാരം നൽകേണ്ടത്, രണ്ട് വർഷത്തിനുശേഷവും മാർഗ്ഗരേഖയിലെ നിബന്ധനകൾ പാലിക്കപ്പെട്ടിട്ടില്ലായെന്ന് ബോധ്യമാകുന്ന പക്ഷം വകുപ്പിന് അംഗീകാരം റദ്ദാക്കാവുന്നതാണ്. രണ്ട് വർഷം പൂർത്തിയാകുന്ന മുറയ്ക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനം സ്ഥിര അംഗീകാരത്തിനായി അപേക്ഷ ബന്ധപ്പെട്ട വകുപ്പിൽ നൽകേണ്ടതാണ്. അല്ലാത്തപക്ഷം താല്ക്കാലിക അംഗീകാരം സ്വയം റദ്ദാകുന്നതാണ്. ബഡ്സ് സ്കൂൾ രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ ഓഡിറ്റ് പരിശോധനനയ്ക്ക് ലഭ്യമാക്കിയില്ല. രണ്ട് വർഷത്തിനുശേഷവും രജിസ്റ്റർ ചെയ്യാത്ത ബഡ്സ് സ്കൂളിനുവേണ്ടി ടീച്ചർമാരുടെയും ഹെൽപ്പർമാരുടെയും ഓണറേറിയം, വിദ്യാർത്ഥികളുടെ ഭക്ഷണചെലവ് എന്നീ ഇനങ്ങളിൽ ചെലവഴിച്ചതിന്റെ വിവരം ചുവടെ നൽകുന്നു.

| ക്രമ | ബിൽനമ്പർ / | തുക |
|---|---|---|

| നമ്പർ | തീയതി. | |
|---|---|---|
| 1. | 2/21-10-2018 | 1,30,899 |
| 2. | 10/18-11-2018 | 42,000 |
| 3. | 13/29-12-2018 | 39,222 |
| 4. | 17/18-01-2019 | 21,000 |
| 5. | 23/20-03-2019 | 81,000 |
| 6. | 25/20-03-2019 | 81,000 |
| 7. | 29/20-03-2019 | 96,498 |
| | ആകെ. | 4,91,619 |

നിയമാനുസൃതം രജിസ്റ്റർ ചെയ്യാതെയാണ് ബഡ്സ് സ്കൂൾ പ്രവർത്തിക്കുന്നത് എന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. ആയതിനാൽ രജിസ്റ്റർ ചെയ്യാൻ നടപടികൾ സ്വീകരിക്കണമെന്ന് ശുപാർശ ചെയ്യുന്നു.

## 1-52 പച്ചക്കറി കൃഷി വികസനം -മാർഗ്ഗരേഖ പാലിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ. | 286/19 |
| പ്രൊജക്ടിന്റെ പേര്. | പച്ചക്കറി കൃഷി വികസനം. |
| ബിൽ നമ്പർ. | 06/18-19. /16.1.19 |
| ഫണ്ട്. | പ്ലാൻ ഫണ്ട്. |
| ചെലവ്. | 1,96,200/- |
| ഗുണഭോക്താക്കൾ. | 16. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ. |

2018-19 സാമ്പത്തിക വർഷത്തെ സബ്സിഡി മാർഗ്ഗേരഖ (സ.ഉ. (കൈ) നം. 22/2018/ ത.സ്വ.ഭ.വ. തീയതി.14/02/2018) പ്രകാരം പച്ചക്കറികൃഷിക്ക് കൂലി ചെലവ് സബ്സിഡിയായി ഒരു ഹെക്ടറിന് പരമാവധി 17000/- രൂപ നല്കാവുന്നതാണ്. മേൽ പറഞ്ഞ പദ്ധതി പ്രകാരം പച്ചക്കറികൃഷി മറ്റ് ഭൂവുടമകളുടെ സ്ഥലത്ത് നികുതി രസീത് ,സമ്മതപത്രം എന്നിവയുടെ അടിസ്ഥാനത്തിൽ കൃഷി ചെയ്ത് -കൂലി ചെലവ് സബ്സിഡിയായി അനുവദിക്കുകയാണ് ചെയ്തത്.

മേൽപറഞ്ഞ മാർഗ്ഗരേഖയിൽ ഈ കൃഷിക്ക് പാട്ടകൃഷി സമ്മതപത്രം എന്നിവയുടെ അടിസ്ഥാനത്തിൽ കൃഷി ചെയ്ത് കൂലി ചെലവ് അനുവദിക്കാമെന്ന് വ്യക്തമാക്കിയിട്ടില്ല. കൃഷി ചെയ്തവരുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | സ്ഥലത്തിന്റെ വിവരം | അനുവദിച്ച തുക |
|---|---|---|---|
| 1 | ഗീത.പി | 5 ഏക്കർ (കൃഷ്ണ നായിക്, ഗംഗാധരൻ, മഹമൂദ്, പുഷ്പലത, പത്മാവതി എന്നിവരുടെതാണ്). | 29,920 |
| 2 | ചന്ദ്രകാന്ത.കെ | 40 സെന്റ് (ചിത്രാക്ഷി, വിശാലാക്ഷി എന്നിവരുടെതാണ്) | 2,720 |
| | | | |

| | | | |
|---|---|---|---|
| 3 | നാരായണി.കെ | 2 .08ഏക്കർ<br>(ആനന്ദ,<br>S/o.അച്ചുവിന്റെതാണ്) | 13,600 |
| | | 4.30 ഏക്കർ | |
| 4 | രഞ്ജിത്ത് | ( ഇസ്മയിൽ, അബ്ദുൾ ഖാദർ, പത്മനാഭൻ, കെ.ഭാസ്യ) | 29,240 |

പ്രോജക്ട് നടപ്പാക്കിയതിന്റെ മോണിറ്ററിംഗ് റിപ്പോർട്ടും ഹാജരാക്കിയിട്ടില്ല. ഇത്തരം പ്രൊജക്ടുകൾ ഭാവിയിൽ നടപ്പിലാക്കുമ്പോൾ നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസർ സബ്സിഡി മാർഗ്ഗരേഖയിൽ നിന്ന് വ്യതിചലിക്കാതെ പദ്ധതി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-53 മുനിസിപ്പൽ കഫെ കെട്ടിടം -ലൈസൻസ് വ്യവസ്ഥയിൽ അനുവദിക്കുമ്പോൾ നിയമാവലിയിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിൽ വീഴ്ച വരുത്തി.

കാസറഗോഡ് നഗരസഭ കോമ്പൗണ്ടിൽ നിർമ്മിച്ചിട്ടുള്ള മുനിസിപ്പൽ കഫെ കെട്ടിടം (x11/47c) കാസറഗോഡ് കുടുംബശ്രീ യൂണിറ്റിനു കഫെ നടത്തുന്നതിനായി ലൈസൻസ് വ്യവസ്ഥയിൽ ലേല നടപടികൾ കൂടാതെ നഗരസഭ സെക്രട്ടറിയുടെ 10-07-2015ലെ ആർ-26237/14 നം ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുണ്ട്. (കൗൺസിൽ തീരുമാനം നം 10/16-6-2015) .1994 ലെ കേരള മുനിസിപാലിറ്റി ആക്ടിലെ 215ാം വകുപ്പ് ലെയും 2000 ലെകേരള മുനിസിപാലിറ്റി (വസ്തു ആർജിക്കലും കൈയ്യൊഴിയലും ) ചട്ടങ്ങളിലെ നിയമങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായി നഗരസഭ അംഗീകരിച്ച നിയമാവലിയിലെ വ്യവസ്ഥകൾ പാലിക്കുന്നതിലും നടപ്പാക്കുന്നതിലും ഉണ്ടായിട്ടുള്ള വീഴ്ചകൾ ചുവടെ ചൂണ്ടിക്കാണിക്കുന്നു.

1. നിയമാവലിയിലെ വ്യവസ്ഥ പ്രകാരം കുത്തകാവകാശം ലഭിച്ച ലൈസൻസി നിശ്ചിത തുകയുള്ള മുദ്രപ്പത്രത്തിൽ നിർദ്ദിഷ്ട മാതൃകയിലുള്ള ഉടമ്പടി തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്. കുടുംബശ്രീ മെമ്പർ സെക്രട്ടറിക്ക് കെട്ടിടം അനുവദിച്ചുകൊണ്ടുള്ള ഉത്തരവിലും ഉത്തരവ് കൈപ്പറ്റി 7 ദിവസത്തിനകം നിയമാനുസൃതം ഉടമ്പടി സമർപ്പിച്ച് കഫെ രേഖാമൂലം ഏറ്റെടുക്കണമെന്ന് വ്യക്തമാക്കുന്നുണ്ട്.എന്നാൽ 14/07/2015 നു ഉത്തരവ് കൈപ്പറ്റിയിട്ടും കരാറുടമ്പടി സമർപ്പിച്ചതിന്റെ യാതൊരു രേഖയും ഫയലിൽ ഇല്ല.കരാറുടമ്പടി വയ്ക്കാത്തതു സംബന്ധിച്ച് നഗരസഭ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

2. കഫെ നടത്തുന്നതിനായി അനുവദിച്ച കെട്ടിടം അപര്യാപ്തമാണെന്നും കൃഷിഭവൻ സ്ഥിതി ചെയ്യുന്ന അനുബന്ധ കെട്ടിടം കൂടി അനുവദിക്കണമെന്ന സീ ഡി എസ് ചെയർപേഴ്സന്റെ അപേക്ഷ പരിഗണിച്ച് നിലവിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന കൃഷിഭവൻ കെട്ടിടം (x11 47b) – വാടക നിശ്ചയിച്ച് 2016 ജൂൺ മാസം കരാറുടമ്പടി വച്ച് സീ ഡി എസ് ചെയർപേഴ്സന്റെ പേരിൽ അനുവദിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത കെട്ടിടത്തിന്റെ വാടക ഒടുക്കുന്നതിൽ 14 മാസത്തെ വീഴ്ച വരുത്തിയിട്ടുണ്ട്. "തുടർച്ചയായി മൂന്ന് മാസത്തിൽ കൂടുതൽ കാലം ലൈസൻസ് ഫീസ് അടക്കാതിരിക്കുകയാണെങ്കിൽ കെട്ടിടം പൂട്ടി കൈവശത്തിലെടുക്കുന്നതിനു നഗരസഭയ്ക്ക് അധികാരമുണ്ടായിരിക്കുന്നതാണെന്ന്" നിയമാവലിയിൽ വ്യക്തമാക്കിയിട്ടുണ്ട്. നിയമാവലി പ്രകാരമുള്ള തുടർനടപടി സ്വീകരിക്കാതിരുന്നതിന് വിശദീകരണം നൽകേണ്ടതാണ്.

3. ലൈസൻസി ഒരു കാരണവശാലും കെട്ടിടം കൈമാറാൻ പാടില്ലായെന്ന് നിയമാവലിയിൽ വ്യക്തമാക്കിയിട്ടുണ്ട്. (1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 215 വകുപ്പ് പ്രകാരം ലൈസൻസുകാരൻ ആവശ്യപ്പെട്ടതിൻമേൽ അത് യുക്തമെന്ന് തോന്നി ഏർപ്പെടുത്തിയേക്കാവുന്ന അങ്ങനെയുള്ള വ്യവസ്ഥകൾക്ക് വിധേയമായി മറ്റേതെങ്കിലും ആൾക്ക് ലൈസൻസ് കൈമാറ്റം ചെയ്യാവുന്നതാണ്.) മുനിസിപ്പൽ കഫെ കെട്ടിടം (x11/47c)കുടുംബശ്രീ മെമ്പർസെക്രട്ടറിയുടെ പേരിലും കൃഷിഭവൻ കെട്ടിടം (x11/47b) സീ ഡി എസ് ചെയർപേഴ്സന്റെ പേരിലുമാണ് അനുവദിച്ചിട്ടുള്ളത്. കഫെശ്രീ യൂണിറ്റ് പ്രസിഡൻറ് ശ്രീമതി സുഹറയുടെ അപേക്ഷ പ്രകാരം രണ്ട് കെട്ടിടത്തിന്റെയും ലൈസൻസ് കഫെശ്രീ യൂണിറ്റ് പ്രസിഡന്റിന്റെയും സെക്രട്ടറിയുടെയും പേരിലേക്ക് മാറ്റി നൽകിയിട്ടുണ്ട്.(സീ.ആർ നം 7/20-11-2017) എന്നാൽ ലൈസൻസിയായ മെമ്പർസെക്രട്ടറിയോ സീ.ഡി.എസ് ചെയർപേഴ്സനോ ലൈസൻസ് മാറ്റി നൽകുന്നതിനു ആവശ്യപ്പെട്ടിട്ടില്ല.

4. (x11/47b) കെട്ടിടം വാടകയ്ക്ക് നൽകിയതിന്റെയും വാടക ഈടാക്കിയതിന്റെയും വിവരം വാടക രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.ആയത് നോട്ട് ഫയലിൽ മാത്രമാണ് രേഖപ്പെടുത്തിയത്. വാടക ഒടുക്കിയതിന്റെ രശീതി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വാടക രജിസ്റ്ററിൽ കൃത്യമായ വിവരങ്ങൾ ചേർക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-54 ഡിവൈഡർ സ്ട്രീറ്റ് ലൈറ്റ് റിപ്പയർ - സർക്കാർ ഉത്തരവുകൾ പാലിച്ചില്ല

പ്രോജക്ട് നം. S.O. 327/19
നിർവ്വഹണ ഉദ്യോഗസ്ഥൻ : മുനിസിപ്പൽ എഞ്ചിനീയർ.

അടങ്കൽ തുക : 3,00,000/-
ഫണ്ട് : വികസന ഫണ്ട്.

കാസറഗോഡ് നഗരസഭയിലെ ദേശീയ പാതയിലെ വിവിധ ഡിവൈഡറുകളിൽ സ്ഥാപിച്ചിട്ടുള്ള തെരുവുവിളക്കുകളുടെ മീറ്റർ ബോക്സും മറ്റും അറ്റകുറ്റപണി നടത്തുന്നതിനായി 2017-18 ലെ മേൽ പ്രോജക്ട് പ്രകാരം തൻവർഷം 2,93,780 രൂപ ചെലവു ചെയ്തിട്ടുണ്ട്.തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിനും അറ്റകുറ്റപണി നടത്തുന്നതിനും സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകളും സർക്കുലറുകളും ബാധകമാണ്. മേൽ പ്രേജക്ട് പ്രകാരമുള്ള അറ്റകുറ്റപണി നടത്തുന്നതിനായി ക്വട്ടേഷൻ നൽകിയതു പ്രകാരം കരാറുകാർ ഡിവൈഡർ തെരുവുവിളക്കുകളുടെ പ്രവൃത്തി നടത്തിയതിൻറെ ചെലവ് വിവരം താഴെ കൊടുത്ത പ്രകാരമാണ്.

| വൗച്ചർ നം തീയതി | ബിൽ നമ്പർ | തുക | കരാറുകാരൻ |
|---|---|---|---|
| 4/18-19,21/5/2018 | 13/18-19 | 48730 | ശ്രീ വസന്ത നായ്ക്ക് |
| 5/18-19 ,21/5/2018 | 14/18-19 | 49270 | ശ്രീ വസന്ത നായ്ക്ക് |
| 8/18-19,21/5/2018 | 18/18-19 | 48300 | ശ്രീ രവീന്ദ്രൻ |
| 9/18-19,21/5/2018 | 19/18-19 | 49750 | ശ്രീ രവീന്ദ്രൻ |
| 10/18-19,21/5/2018 | 20/18-19 | 48080 | ശ്രീ വസന്ത നായ്ക്ക് |
| 13/18-19, 21/5/2018 | 15/18-19 | 49650 | ശ്രീ വസന്ത നായ്ക്ക് |
| ആകെ | | 2,93,780 | |

അപാകതകൾ

1. തെരുവ് വിളക്കുകളുടെ പരിപാലനം എ എം സി വ്യവസ്ഥയിലായിരിക്കണമെന്ന് 177/ഡി എ 3/2016/തസ്വഭവ തീയതി 7/11/2017 നം സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. ആയത് പാലിച്ചില്ല.

2. ഇലക്ട്രിക്കൽ പ്രവൃത്തി നടത്തുന്നതിനു ലൈസൻസുള്ള കരാറുകാരിൽ നിന്നും ക്വട്ടേഷൻ ക്ഷണിച്ചില്ല.

3.മേൽ പ്രവൃത്തി നടത്തിയ കരാറുകാർക്ക് സൂപ്പർവൈസറി ലൈസൻസും പ്രവൃത്തിപരിചയവുമുണ്ടെന്ന് കാണിക്കുന്ന യാതൊരു രേഖയും ഫയലിൽ ലഭ്യമല്ല.

4.തെരുവ് വിളക്കുകളുടെ അറ്റകുറ്റപണി കെ.എസ്.ഇ.ബി യുടെ മേൽനോട്ടത്തിലായിരിക്കണമെന്ന വ്യവസ്ഥയും പാലിക്കപ്പെട്ടിട്ടില്ല.

മേൽ വ്യവസ്ഥകൾ പാലിക്കാതെ പ്രവൃത്തി നടത്തിയതിനു സാധൂകരണം ലഭ്യമാക്കേണ്ടതാണ്.

## 1-55 വൗച്ചറുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

01.07.19 ലെ ഓഡിറ്റ് റിക്വിസിഷൻ നം. 4, ഓഡിറ്റ് എൻക്വയറി നം.69 തീയതി. 06.02.2020 എന്നിവ പ്രകാരം കാസറഗോഡ് നഗരസഭയുടെ 2018-19 ലെ താഴെ കൊടുത്തിരിക്കുന്ന തനത് ഫണ്ട് വൗച്ചറുകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ഓഡിറ്റ് പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.

<u>തനത് ഫണ്ട് - പഞ്ചാബ് നാഷണൽ ബാങ്ക്.</u>

| ക്രമ.നം. | വൗച്ചർ നമ്പർ / തീയതി. | വിഷയം | തുക | ചെക്ക് നം/ തീയതി |
|---|---|---|---|---|
| 1 | 21800073/19.04.18 | റിഫ്രെഷ്മെന്റ് ചാർജ്ജ് | 37,660 | 016579/13.04.2018 |
| 2 | 21800250/02.06.18 | വെള്ളക്കരം | 1,658 | 532010/31.05.18 |
| 3 | 21800307/16.06.18 | CGST | 1,07,904 | 017307/14.06.2018 |
| 4 | 21800435,21800436 /30.0718 | 05/18,06/18മാസങ്ങളിലെ കൂലി | 33,370 | 017374/27.07.2018 |
| 5 | 21800528/30.08.18 | ബോണസ് | 1,750 | 655445/21.08.2018 |
| 6 | 21800545/04.09.18 | സി.സി.ടി.വി ക്യാമറ | 26,000 | 655451/30.08.2018 |

| | | | | |
|---|---|---|---|---|
| | | റിപ്പയറിംഗ് | | |
| 7 | 21800548/04.09.18 | റീപ്പയറിംഗ് & മെയിന്റനൻസ് - ബിൽഡിംഗ്സ് | 30,592 | 655452/31.08.2018 |
| 8 | 21800794/22.11.18 | കൂലി | 16,330 | 696476/22.11.2018 |
| 9 | 21800898/26.12.18 | ചെയർപേഴ്സൺന്റെ യാത്രാബത്ത | 4,438 | 696523/26.12.2018 |
| 10 | 21801193/27.02.19 | പ്രൊഫഷണൽ & അദർ ഫീസ് | 3690 | 758186/27.02.19 |

കോർപ്പറേഷൻ ബാങ്ക് A/c No.8403

| വൗച്ചർ നമ്പർ / തീയതി. | വിഷയം | തുക | ചെക്ക് നം/ തീയതി |
|---|---|---|---|
| 21800531/30.08.2018 | പെൻഷൻ | 6,22,900 | 776080/21.08.2018 |

വൗച്ചറുകൾ ഹാജരാക്കാത്തതിനാൽ 1997 ലെ കേരള മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 12(2) പ്രകാരം ഇത്തരം വൗച്ചറുകൾ നിലവിലില്ല എന്ന് അനുമാനിക്കുന്നു. ആയതിനാൽ പ്രസ്തുത വൗച്ചറുകൾ പ്രകാരം ചെലവഴിച്ച 8,86,292/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-56 ആടുവളർത്തൽ പദ്ധതി - അപാകതകൾ

| ബിൽ നം./തീയതി | തുക | പ്രൊജക്ട് നം. |
|---|---|---|
| 01/2018-19 | 20,000 | 191/2018 |

വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ കാസറഗോഡ് നഗരസഭയുടെ 13-ാം പഞ്ചവൽസര പദ്ധതി പ്രകാരമുള്ള 2018-19 സാമ്പത്തിക വർഷത്തെ ആടുവളർത്തൽ പദ്ധതിയിൽ (2017-18 ന്റെ സ്പിൽ ഓവർ പ്രൊജക്റ്റ്) മൊയ്തീൻകുഞ്ഞി( മുഹമ്മദ് കുഞ്ഞി), അബ്ദുൾ ഖാദർ (ജാഫർ) എന്നിവർ 2 വീതം പെണ്ണാടുകൾ നൽകിയിട്ടുണ്ട്. എന്നാൽ പദ്ധതി പ്രകാരം ആട് നൽകിയവരുടെ അക്കൗണ്ടിലേക്ക് 10,000/- രൂപ സബ്സിഡിയും 10,000/- രൂപ ഗുണഭോക്തൃ വിഹിതവും അടക്കം ആകെ 20,000/- രൂപ നൽകേണ്ടതാണ്. എന്നാൽ ആട് നൽകിയവരുടെ അക്കൗണ്ടിലേക്ക് 10,000/- രൂപ വീതം മാത്രമാണ് ട്രാൻസ്ഫർ ചെയ്തിട്ടുള്ളത്. ഗുണഭോക്തൃവിഹിത തുകയായ 10,000/- രൂപ വീതം (ആകെ 20,000/-രൂപ) നഗരസഭ തനത് ഫണ്ടിലേക്ക് നേരിട്ട് ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ ആയത് നാളിതുവരെയായി ആട് നൽകിയവരുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതിന്റെ രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 10,000/- രൂപ വീതം മേൽപറഞ്ഞ മൊയ്ദീൻ കുഞ്ഞി, അബ്ദുൾഖാദർ എന്നിവരുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നം. 2/25.07.2019 നൽകിയിരുന്നു മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-57 അങ്കണവാടി പോഷകാഹാര വിതരണം- ഭഷ്യധാന്യങ്ങൾക്ക് ചെലവഴിച്ച 490126/-രൂപ തടസ്സപ്പെടുത്തുന്നു.

| | | |
|---|---|---|
| പ്രൊജക്ട് നമ്പർ | : | 23/19 |
| പ്രൊജക്ട് പേര്. | : | അങ്കണവാടി പോഷകാഹാര വിതരണം. |
| ചെലവ്. | : | 29,27,491/- (വികസന ഫണ്ട്.) |

| | | |
|---|---|---|
| | | 4,39,715/- (തനത് ഫണ്ട്) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ. | : | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| ബിൽ നമ്പർ. | : | 21/30.07.18. |

അങ്കണവാടികൾക്ക് പോഷകാഹാര വിതരണത്തിനായി 4,90,126/- രൂപയുടെ ഭക്ഷ്യധാന്യങ്ങൾ കാസറഗോഡ് ജില്ലാ മൊത്തവ്യപാര കോപ്പറേറ്റീവ് കൺസ്യൂമർ സ്റ്റോറിൽ നിന്നും 27.06.18ന് വാങ്ങിയിട്ടുണ്ട്. ആയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ സ്റ്റോക്കിലെടുക്കാതെ അങ്കണവാടികൾക്ക് വിതരണം ചെയ്തത് സംബന്ധിച്ച് വ്യക്തയില്ല. . ഇത് സംബന്ധിച്ച് നൽകിയ 22/2018-19 തീയതി. 14.08.19 -ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് തൃപ്തികരമായ മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽപറഞ്ഞ ഭക്ഷ്യധാന്യങ്ങൾ വാങ്ങിയതും വിതരണം ചെയ്തതും സംബന്ധിച്ച് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്താത്തതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ പരിശോധിക്കാനായിട്ടില്ല. ഇത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ആയതിനാൽ പോഷകാഹാര വിതരണത്തിനായി ചെലവഴിച്ച 4,90,126/-രൂപ തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 കെട്ടിട നിർമ്മാണ പെർമിറ്റ് - ക്രമവത്ക്കരണ ഫീസ് ഈടാക്കാത്തതിനാൽ 1,14,531 രൂപ നഷ്ടം.

1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടം 144(3) പ്രകാരം കെട്ടിട നിർമ്മാണ ക്രമവത്ക്കരണത്തിനുള്ള അപേക്ഷയുടെ തീർപ്പാക്കൽ നടപടിക്രമം ഒരു പുതിയ പെർമിറ്റിനുള്ള അപേക്ഷയുടെ കാര്യത്തിലെന്ന പോലെ തന്നെയായിരിക്കുമെന്ന് വ്യവസ്ഥ ചെയ്യുന്നു. ചട്ടപ്രകാരം ക്രമവത്ക്കരിക്കുന്നതിനുള്ള അപേക്ഷയോടൊപ്പം തന്നെ കെട്ടിടത്തിന് നിർമ്മാണാനുമതിയും നൽകുന്നുണ്ടെങ്കിൽ ഒരു പുതിയ കെട്ടിട പെർമിറ്റിനുവേണ്ടിയുള്ള അപേക്ഷയുടെ കാര്യത്തിൽ എന്ന പോലെ രാജിയാക്കൽ ഫീസിനോടൊപ്പം (പെർമിറ്റ് ഫീസിന്റെ ഇരട്ടി) പെർമിറ്റ് ഫീസ് കൂടി വാങ്ങേണ്ടതാണ്. (തദ്ദേശ സ്വയംഭരണ വകുപ്പിന്റ 11/11/2015 ലെ 229813/ആർ.ഡി.2/15/ ത.സ്വ.ഭ.വ നമ്പർ സ്പഷ്ടീകരണം) എന്നാൽ 2012-13 വർഷത്തിൽ N.A. മുഹമ്മദ്, മാനേജിംഗ് പാർട്ണർ m/s കൺസോളിഡേറ്റഡ് എഞ്ചിനീയറിംഗ് എന്ന ആൾക്ക് വാണിജ്യകെട്ടിടത്തിന് BA/131/2012-13 തീയതി 20.12.2012 നമ്പർ ബിൽഡിംഗ് പെർമിറ്റ് പ്രകാരം 19.12.2015-ന് 3 വർഷത്തെ പെർമിറ്റ് കാലാവധി അവസാനിച്ചിരുന്നു. അതിനുശേഷം ഒരു വർഷത്തിനുള്ളിൽ പുതുക്കാതെ പെർമിറ്റ് ഫീയുടെ 50% ഈടാക്കിക്കൊണ്ട് (15182/-) രൂപ 6/10/2017നാണ് പുതുക്കിയിട്ടുള്ളത്. അംഗീകൃത പ്ലാനിൽ നിന്നും വ്യതിചലിച്ച് നിർമ്മാണം നടക്കുന്നതായി ഫയലിൽ (നോട്ട് ഫയൽ പേജ് 4) വ്യക്തമാക്കിയിട്ടുള്ളതിനാൽ ടിയാനിൽ നിന്ന് താഴെ പറയും പ്രകാരം നിലവിലെ പെർമിറ്റ് ക്രമവത്ക്കരിക്കുന്നതിന് അധിക തുക ഈടാക്കേണ്ടതാണ്.

| അപേക്ഷകന്റെ പേര്. | തറ വിസ്തീർണ്ണം. | ഈടാക്കേണ്ട ഫീസ് | ഈടാക്കിയ ഫീസ് | കുറവ് തുക | പെർമിറ്റ് നമ്പർ തീയതി. |
|---|---|---|---|---|---|
| എൻ.എ.മുഹമ്മദ്. | 4323.76$M^2$ (CF:80.25$M^2$, G.F:1575.99 $M^2$ FF: 1333.76$M^2$, SF: 1333.76$M^2$, 16/05/2018 ലെ കംപ്ലീഷൻ സർട്ടിഫിക്കറ്റ് പ്രകാരം) | 1,29,713/- (4323.76x3x10) | 15182/- ചലാൻ നമ്പർ 11566/6.10.17 (Rt.No.117070 - 0356) | 1,14,531/- | BA/131/ 2012-13 തീയതി 20/12/2012. |

മുകളിൽ വിവരിച്ച പ്രകാരം ക്രമവത്ക്കരണ ഫീസ് 1,14,531/- രൂപ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്. മേൽ പറഞ്ഞ കെട്ടിടത്തിന് 6/10/2017 ൽ പെർമിറ്റ്-ഫീയുടെ 50% ഈടാക്കിക്കൊണ്ട് ഒക്യുപെൻസിക്കായി 16/05/2018ന് കംപ്ലീഷൻ സർട്ടിഫിക്കറ്റ് നഗരസഭക്ക് കൊടുത്തിട്ടുണ്ടെങ്കിലും റിവൈസ്ഡ് പ്ലാനിന് അംഗീകാരം നൽകിയതായി ഫയലിൽ കാണുന്നില്ല. കെട്ടിടത്തിന്റെ തെക്ക് ഭാഗം അപേക്ഷകന്റെ ഭൂമി നിരപ്പിൽ നിന്നും ശരാശരി 12 മീറ്റർ നീളത്തിൽ മുനിസിപ്പൽ ഹൈസ്കൂൾ സ്ഥിതിചെയ്യുന്നുണ്ട്. പ്രസ്തുത സ്കൂൾ കെട്ടിടത്തിന് ഭീഷണിയുണ്ടാകുമെന്ന പരാതിയെ തുടർന്ന് കാസറഗോഡ് നഗരസഭ സെക്രട്ടറി, 8/1/14 ലെ BA/131/12-13 കത്ത് പ്രകാരം ബഹു: ഗവൺമെന്റ് - സെക്രട്ടറി തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരത്തിന് കെട്ടിട നിർമ്മാണം സംബന്ധിച്ച പരിഹാരത്തിനായി കത്ത് നൽകിയിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച തുടർ നടപടി വിവരങ്ങളോ നിലവിലുള്ള അവസ്ഥയോ ഫയലിൽ ലഭ്യമല്ല. ഇത് സംബന്ധിച്ച് നൽകിയ 60/30.12.2019 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിന് മറുപടി ലഭ്യമാക്കാത്ത സാഹചര്യത്തിൽ നഗരസഭയുടെ അനുമതി ഇല്ലാതെ തന്നെ കെട്ടിടത്തിന്റെ രണ്ടും മൂന്നും നിലകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 2-2 ബിൽഡിംഗ് പെർമിറ്റ് - FAR ന് ആനുപാതികമായി പെർമിറ്റ് ഫീ ഈടാക്കിയിട്ടില്ല.

a.നഗരസഭയ്ക്ക് പെർമിറ്റ് ഫീ ഇനത്തിൽ 35,52,300/- രൂപ നഷ്ടം.

കാസർഗോഡ് നഗരസഭയിലെ റീ സർവ്വെ നമ്പർ 129/6B, 129/5B ൽ ഉൾപ്പെട്ട 60.75 സെന്റ് സ്ഥലത്ത് (2458.55$M^2$) ശ്രീ. പി.എ. മുഹമ്മദ്, MANAGING PARTNER M-H HABITATS PVT Ltd. എന്ന ആൾക്ക് 7348.26$M^2$ വിസ്തീർണ്ണത്തിൽ (ഫ്ലോർ ഏരിയ 5627.46$M^2$) കമേഷ്യൽ കെട്ടിടം നിർമ്മിക്കുന്നതിന് PW2/BA13593/2017 തീയതി 28/03/2017, (2839.72$M^2$), PW2/BA/117623/2018 തീയതി 24/03/2017/13/06/2018 (2839.72$M^2$) എന്നി പെർമിറ്റുകൾ നൽകിയിട്ടുണ്ട്. അംഗീകരിച്ച പെർമിറ്റിലെ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം താഴെ കൊടുത്തിരിക്കുന്ന പ്രകാരമാണ്.

| ഇനം. | വിസ്തീർണ്ണം. | ഫ്ലോർ ഏരിയ |
|---|---|---|
| സെല്ലാർ ഫ്ലോർ. | 1665.24$M^2$ | - |
| ഗ്രൗണ്ട് ഫ്ലോർ. | 1665.24$M^2$ | 1665.24$M^2$ |
| ഫസ്റ്റ് ഫ്ലോർ. | 1320.74$M^2$ | 1320.74$M^2$ |
| സെക്കന്റ് ഫ്ലോർ. | 1320.74$M^2$ | 1320.74$M^2$ |
| തേർഡ് ഫ്ലോർ. | 1320.74$M^2$ | 1320.74$M^2$ |
| ടെറസ് ഫ്ലോർ. | 55.56$M^2$ | - |
| ആകെ. | 7348.26 $M^2$ | 5627.46$M^2$ |

അംഗീകൃത പ്ലാൻ /ലേ ഔട്ട് പ്രകാരമുള്ള വിവരങ്ങൾ.

| | |
|---|---|
| പ്ലോട്ട് ഏരിയ. | 60.75 സെന്റ് (2458.55 ചതുരശ്ര മീറ്റർ) (കൈവശാവകാശ സർട്ടിഫിക്കറ്റ് - നം. 634/17 തീയതി. 01.03.2017 പ്രകാരം). |
| കെട്ടിടത്തിന്റെ വിസ്തീർണ്ണം. | പ്ലിന്ത് ഏരിയ : 7348 ചതുരശ്ര മീറ്റർ<br>ഫ്ലോർ ഏരിയ : 5657.46 ചതുരശ്ര മീറ്റർ |

| | |
|---|---|
| | കാർപെറ്റ് ഏരിയ : 4501.96 ചതുരശ്ര മീറ്റർ. |
| കവറേജ്. | 1665.24 / 2458.55x100 =67.73 |
| തറ വിസ്തീർണ്ണാനുപാതം. | 5627.46 = 2.289<br>2458.55 |

ഈ കെട്ടിടം ഡി.ടി.പി സ്കീമിൽ ഉൾപ്പെട്ട New Bus Stand Scheme ആണെന്ന് നോട്ട് ഫയലിൽ വ്യക്തമാക്കിയിട്ടുണ്ട്. ജി.ഒ.(എം.എസ്) 100/91/എൽ.എ.ഡി. തീയതി 18/03/1991 ഉത്തരവ് ഖണ്ഡിക 10(4) പ്രകാരം വാണിജ്യ വിഭാഗത്തിൽപെടുന്ന ഡി.റ്റി.പി. സ്കീമിലുള്ള ന്യൂ ബസ്റ്റാൻഡ് ഏരിയയിൽപെട്ട കെട്ടിടത്തിന് അധിക ഫീസ് കൂടാതെ നിർമ്മിക്കാവുന്ന കെട്ടിടത്തിന്റെ പരമാവധി എഫ്.എ.ആർ. 2 ആണ്. ആകെ 2458.55 ചതുരശ്ര മീറ്റർ വിസ്തൃതിയുള്ള പ്രസ്തുത പ്ലോട്ടിൽ അധിക ഫീസില്ലാതെ നിർമ്മിക്കാവുന്ന കെട്ടിടത്തിന്റെ പരമാവധി വിസ്തീർണ്ണം 4917 ചതുരശ്ര മീറ്റർ മാത്രമാണ്. (2458.5 x2 = 4917 ചതുരശ്ര മീറ്റർ)

മേൽ പറഞ്ഞ സർക്കാർ ഉത്തരവ് അനുസരിച്ച് എഫ്. എ.ആർ 2 ൽ കവിഞ്ഞ അധിക തറ വിസ്തീർണ്ണത്തിന് (ഫ്ലാർ ഏരിയ) ജി.ഒ (പി) 82/2017/എൽ.എസ്.ജി.ഡി. തീയതി 31/10/2017 പ്രകാരം 5000/- രൂപ എന്ന തോതിൽ അധിക ഫീസ് ഈടാക്കേണ്ടതാണ്.

| | |
|---|---|
| പെർമിറ്റ് പ്രകാരം അനുവദിച്ച (പാർക്കിംഗ് ഒഴികെ) തറ വിസ്തീർണ്ണം. | 5627.46 ചതുരശ്ര മീറ്റർ. |
| ഫീസില്ലാതെ നിർമ്മിക്കാവുന്ന പരിധിയിൽ അധികരിച്ച് അനുവദിച്ച തറ വിസ്തീർണ്ണം. | 4917 – 5627.46 =710.46$M^2$ |
| അധിക ചതുരശ്ര മീറ്ററിന് 5000/- രൂപ നിരക്കിൽ ഈടാക്കേണ്ട തുക. | 710.46 x500 = 35,52,300/- |
| ആകെ ഈടാക്കിയ തുക. | ഇല്ല. |
| എഫ്.എ.ആറിന് ആനുപാതികമായി പെർമിറ്റ് ഫീ ഇനത്തിൽ ഈടാക്കാനുള്ള തുക. | 35,52,300/- |

ഡി.ടി.പി സ്കീമിൽ ഉൾപ്പെട്ട ഈ കെട്ടിടത്തിന് എഫ്.എ.ആർ ന് ആനുപാതികമായി തുക ഈടാക്കാതെ പെർമിറ്റ് അനുവദിച്ച നടപടി ക്രമത്തിലല്ല. ഇത് സംബന്ധിച്ച് നൽകിയ 57/23-12-2019-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ FAR ന് ആനുപാതികമായി പെർമിറ്റ് ഫീ ഈടാക്കാത്തതിനാൽ നഷ്ടമായ 35,52,300/- രൂപ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്ന് ഈടാക്കി നഗരസഭ ഫണ്ടിൽ വരവ് വെക്കേണ്ടതാണ്.

(b) <u>നഗരസഭയ്ക്ക് പെർമിറ്റ് ഫീ ഇനത്തിൽ 1,74,800/- രൂപ നഷ്ടം</u>

കാസർഗോഡ് വില്ലേജിൽ സർവ്വെ നമ്പർ 121/2C, 121/3D, 121/3Bൽ ഉൾപ്പെട്ട 41.75 സെന്റ് സ്ഥലത്ത് (1689.62 ചതുരശ്ര മീറ്റർ) സി.എം. അഹമ്മദ് ഷാഫി, സി.എ. ആയിഷ ഷാഫി, കുദ്രോളി ഹൗസ്, ചെങ്കള, കാസർഗോഡ് എന്നവർക്ക് 2846.36 ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിൽ കമേഴ്ഷ്യൽ കെട്ടിടം (B+GF+FF+SF+TF+Terace=6 Floor) നിർമ്മിക്കുന്നതിന് BA/287/10-11 തീയതി 14.03.2011 നമ്പർ പെർമിറ്റ് പ്രകാരം നഗരസഭ സെക്രട്ടറി അനുമതി നൽകുകയും 27.11.2014 ലെ അപേക്ഷ പ്രകാരം ഫ്ലോർ ഏരിയ 3414.20 $M^2$ ആയി പുതുക്കി നൽകുകയും ചെയ്തിട്ടുണ്ട്.നിർമ്മാണം പൂർത്തീകരിച്ചതിന്റെ അടിസ്ഥാനത്തിൽ BA/287/10-11/14.03.2011 പ്രകാരം 9/3/2016ന് ഒക്യുപെൻസി സർട്ടിഫിക്കറ്റ് അനുവദിച്ചിട്ടുണ്ട്. (Date of Completion 06/02/2016) 3414.20 ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിൽ നിർമ്മാണം പൂർത്തീകരിക്കുകയും അധിക നിർമ്മാണത്തിന് കോമ്പൗണ്ടിംഗ് ഫീ ആയി 54,060/- രൂപയും മാത്രം (രസീത് നം: 115070-0605/1-12-13) ഈടാക്കിയാണ് ഒക്യുപെൻസി സർട്ടിഫിക്കറ്റ് അനുവദിച്ചിട്ടുള്ളത്. എന്നാൽ ഈ കെട്ടിടം ഡി.ടി.പി. സ്കീമിൽ ഉൾപ്പെട്ട New Bus stand Scheme ആയതിനാൽ ജി.ഒ.(എം.എസ്) 100/91/ എൽ.എ.ഡി തീയതി 18/03/1991 ഉത്തരവ് ഖണ്ഡിക 10(4) പ്രകാരം വാണിജ്യവിഭാഗത്തിൽ പെടുന്ന കെട്ടിടത്തിന് അധിക ഫീസ് കൂടാതെ നിർമ്മിക്കാവുന്ന കെട്ടിടത്തിന്റെ പരമാവധി എഫ്.എ.ആർ.2 ആണ് ആകെ 1689.62 ചൂതരശ്ര മീറ്റർ വിസ്തൃതിയുള്ള പ്രസ്തുത പ്ലോട്ടിൽ അധിക ഫീസില്ലാതെ നിർമ്മിക്കാവുന്ന കെട്ടിടത്തിന്റെ പരമാവധി വിസ്തീർണ്ണം 3379.24 ചതുരശ്ര മീറ്റർ മാത്രമാണ്. (1680.62x2=3379.24 ചതുരശ്ര മീറ്റർ) എഫ്.എ.ആർ.2 ൽ കവിഞ്ഞ അധിക ഫ്ലോർ ഏരിയയ്ക്ക് ജി.ഒ(പി) 82/2017/ എൽ.എസ്.ജി.ഡി. തീയതി 31/10/2017 പ്രകാരം 5000/- രൂപ എന്ന നിരക്കിൽ അധികം ഫീസ് ഈടാക്കേണ്ടതുണ്ട്. എന്നാൽ

ഈ സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ച പ്രകാരമുള്ള അധിക ഫീസ് ഈടാക്കാതെയാണ് പെർമിറ്റും എക്യൂപെൻസിയും അനുവദിച്ച് നൽകിയിട്ടുള്ളത്. ഇതു മൂലം മുനിസിപ്പൽ ഫണ്ടിനുണ്ടായ നഷ്ടത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| റിവൈസ്ഡ് പെർമിറ്റ് BA/287/10-11 തീയതി 27/11/2014) പ്രകാരം അനുവദിച്ച ഫ്ലോർ ഏരിയ. | : | 3414.20 ചതുരശ്ര മീറ്റർ. |
| അധിക ഫീസില്ലാതെ നിർമ്മിക്കാവുന്ന പരിധിയിൽ അധികരിച്ച് അനുവദിച്ച ഫ്ലോർ ഏരിയ. | | 3414.20 – 3379.24 =34.96 ചതുരശ്ര മീറ്റർ |

| | | |
|---|---|---|
| അധിക ചതുരശ്ര മീറ്ററിന് 5000/- രൂപ നിരക്കിൽ ഈടാക്കേണ്ട തുക. | : | 34.96x5000=1,74,800/- |
| എഫ്.എ.ആറിന് ആനുപാതികമായി ഈടാക്കിയ തുക. | : | ഇല്ല. |
| എഫ്.എ.ആറിന് ആനുപാതികമായി പെർമിറ്റ് ഫീ ഇനത്തിൽ ഈടാക്കാനുള്ള തുക. | : | 1,74,800/- |

ഡി.ടി.പി. സ്കീമിൽ ഉൾപ്പെട്ട ഈ കെട്ടിടത്തിന് എഫ്.എ.ആറിന് ആനുപാതികമായി പെർമിറ്റും തുടർന്ന് ഒക്യുപെൻസിയും അനുവദിച്ച നടപടി ക്രമത്തിലല്ല. ഇത് സംബന്ധിച്ച് നല്കിയ 62/14-01-2020-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ നഷ്ടമായ 1,74,800/- രൂപ നഗരസഭ സെക്രട്ടറിയിൽ നിന്ന് ഈടാക്കി നഗരസഭ ഫണ്ടിൽ വരവ് വെക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 നഗരത്തിലെ പ്രധാന ജങ്ഷനുകളിൽ ക്ലോസ്ഡ് സർക്യൂട്ട് ടെലിവിഷൻ ക്യാമറ സ്ഥാപിച്ചതിൽ കുറവ്, നഗരസഭാ ഫണ്ടിനു നഷ്ടം

| | | |
|---|---|---|
| പ്രോജക്ട് നം | - | 440/2018 (സ്പിൽ ഓവർ) |
| അടങ്കൽ | - | 5,00,000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | - | അസി.എൻജിനീയർ |
| ചെലവ് | - | 4,97,000 |
| വൗച്ചർ നമ്പർ | - | 16/18-19 തീയതി 20.05.2018 |

നഗരത്തിലെ പ്രധാന ജങ്ഷനുകളിൽ ക്ലോസ്ഡ് സർക്യൂട്ട് ടെലിവിഷൻ ക്യാമറ സ്ഥാപിക്കുന്നതിനുള്ള മേൽ പ്രോജക്ട് 2017-18 ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വകയിരുത്തിയിട്ടുള്ളതും 2018-19 വർഷത്തെ ചെലവിൽ ഉൾപ്പെട്ടിട്ടുള്ളതുമാണ്.നഗരത്തതിലെ പുതിയ ബസ്റ്റാന്റ്, ജനറൽ ആശുപത്രി, പഴയ ബസ്റ്റാന്റ്, എന്നിവിടങ്ങളിൽ 7 വീതം ക്ലോസ്ഡ് സർക്യൂട്ട് ടെലിവിഷൻ ക്യാമറ സ്ഥാപിക്കുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്.

മേൽ പ്രവൃത്തി നടപ്പാക്കുന്നതിനായി കെൽട്രോണിനെ ഏൽപ്പിക്കുന്നതിനു നഗരസഭ തീരുമാനമെടുത്തിട്ടുണ്ടെങ്കിലും കെൽട്രോണിൽ നിന്നും പ്രതികരണം ഇല്ലാത്തതിനാൽ ടെണ്ടർ നടപടികളിൽകൂടി ഹസൈനാർ തളങ്കര എന്ന കരാറുകാരനാണ് പ്രവൃത്തി ഏറ്റെടുത്ത് നടപ്പാക്കിയിട്ടുള്ളത്.

സ്ഥല പരിശോധനയിൽ എസ്റ്റിമേറ്റ് പ്രകാരമുള്ള മുഴുവൻ ക്യാമറകളും സ്ഥാപിച്ചിട്ടില്ലായെന്ന് കണ്ടെത്തി ആയതിന്റെ വിവരം ചുവടെ നൽകുന്നു.

| സ്ഥലം. | എം ബുക്ക് ,ബില്ല് എന്നിവ | പരിശോധനയിൽ |
|---|---|---|

| | പ്രകാരം സ്ഥാപിച്ചതിന്റെ എണ്ണം. | കണ്ടെത്തിയ എണ്ണം. |
|---|---|---|
| പുതിയ ബസ്റ്റാൻഡ്. | 7 | 6 |
| ജനറൽ ആശുപത്രിയിൽ. | 7 | 7. ( 3എണ്ണം പ്രവർത്തിക്കുന്നില്ല) |
| പഴയ ബസ് സ്റ്റാൻഡ്. | 7 | 7 |
| ആകെ. | 21 | 20 |

ക്ലോസ്ഡ് സർക്യൂട്ട് ടെലിവിഷൻ ക്യാമറകൾ വാങ്ങിയതിന്റെ ഇൻവോയ്സ് ഫയലില്ല. ബിൽ ബുക്കിലോ, ബില്ലിലോ ഓരോന്നിന്റെയും വില രേഖപ്പെടുത്തിയിട്ടില്ല. കുറവ് വന്ന ഒരു ക്ലോസ്ഡ് സർക്യൂട്ട് ടെലിവിഷൻ ക്യാമറയുടെ തുക സ്ഥല പരിശോധന നടത്താതെ ചെക്ക് മെഷർമെന്റ് നടത്തിയ അസി. എൻജിനീയർ, ഓവർസിയർ എന്നിവരിൽ നിന്നും ഈടാക്കേണ്ടതാണ്.

<u>മറ്റ് അപാകതകൾ</u>

1. സീ സീ ക്യാമറ സ്ഥാപിക്കുന്നതിനുള്ള കൃത്യമായ ലൊക്കേഷൻ എവിടെയും രേഖപ്പെടുത്തിയിട്ടില്ല.വിശദമായ പ്രോജക്ട് റിപ്പോർട്ട് ഇല്ല.

2. internet connection ഉൾപ്പെടെയാണ് ടെണ്ടർ ക്ഷണിച്ചെങ്കിലും ആയത് സംബന്ധിച്ച യാതൊരു വിവരവും ലഭ്യമല്ല. ജനറൽ ആശുപത്രിയിൽ 3 എണ്ണം മാത്രമാണ് പ്രവർത്തിക്കുന്നത്. മറ്റു ക്യാമറകളുടെ പ്രവർത്തനം സംബന്ധിച്ച വിവരം ലഭ്യമാക്കിയിട്ടില്ല. ഇവയുടെ നിരീക്ഷണ സംവിധാനം സ്ഥിതിചെയ്യുന്ന സ്ഥലം ബോധ്യപ്പെടുത്തുവാനും കഴിഞ്ഞിട്ടില്ല.

3. പി ഡബ്ല്യ ഡി ഇലക്ട്രോണിക്സ് വിഭാഗത്തിന്റെ സാങ്കേതികാനുമതി ലഭ്യമാക്കിയിട്ടില്ല.

4. പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ പി ഡബ്ല്യ ഡി ഇലക്ട്രോണിക്സ് വിഭാഗത്തിൽ രജിസ്ട്രേഷനുള്ള കരാറുകാരനാണെന്ന് തെളിയിക്കുന്ന രേഖകൾ ഫയലിൽ ലഭ്യമല്ല.

ബിൽ പ്രകാരം 21 സിസി ടിവി സ്ഥാപിക്കുന്നതിനാണ് 4,97,000 /- രൂപ ചെലവഴിച്ചത്. ആകെ ചെലവ് തുകയിൽ ഒരു ക്യാമറ സ്ഥാപിക്കാതിരുന്നതിനാൽ അധികമായി ചെലവഴിച്ച 23,666/- രൂപ നഗരസഭാ ഫണ്ടിലേക്ക് തിരിച്ചടവാക്കേണ്ടതാണ്. 79/11.03.2020 ഓഡിറ്റ് എൻക്വയറി നൽകിയതിനു മറുപടി ലഭ്യമാക്കിയിട്ടില്ല

## <u>ഭാഗം -4</u>

## <u>പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും</u>

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.

ഇല്ല

### 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ.

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ എജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ചതുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| സെക്രട്ടറി നഗരസഭ. | നഗരസഭയുടെ വിവിധ വാർഡുകളിലേക്ക് കുടിവെള്ള സൗകര്യം ലഭ്യമാക്കുന്നതിനായി ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ | 182002400010099845 തീയതി 27/11/2018. | 35 ലക്ഷം | 35 ലക്ഷം ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ ഡെപ്പോസിറ്റ് ചെയ്തു. | 35 ലക്ഷം (വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല) |

| | | | | | |
|---|---|---|---|---|---|
| | തുക ഡിപ്പോസിറ്റ് ചെയ്യൽ.( പ്രോജക്ട് നമ്പർ 282/2019 | | | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദ വിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേരും ഉദ്ദേശവും | ഉത്തരവ് നമ്പർ/ തീയതി. | വായ്പ തുക. | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക. | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ബസ് സ്റ്റാന്റ് നിർമ്മാണം. ഐ.ഡി.എസ്.എം.ടി | 1992-93 | ₹11,98,000 | ₹6,30,000 | ₹6,30,000 | ₹75,600 | ഇല്ല |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം. | 20,18,000 |
| തൻ വർഷം നിക്ഷേപിച്ച തുക | ഇല്ല. |
| ആകെ | 20,18,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല. |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 20,18,000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | നിക്ഷേപത്തിന്റെ വിവരം | തുക | റിമാർക്സ് |
|---|---|---|---|
| 1. | ക്ലീൻ കേരള കമ്പനി (ഇക്വിറ്റിഷെയർ) -2000 എണ്ണം@ 10000(35501 മുതൽ 37500 വരെ) | 19,89,000 | |
| 2 | കെ.യു.ആർയജി.എഫ്.സി (ഇക്വിറ്റി ഷെയർ)-290 എണ്ണം@100(359241 മുതൽ 359530 വരെ) | 29,000 | ഇല്ല. |
| | ആകെ. | 20,18,000 | |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

നഗരസഭയിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് | ഖണ്ഡിക | സമാഹൃത | സമാഹൃത | വിഷയം | ഇപ്പോഴത്തെ |
|---|---|---|---|---|---|

| വർഷം | | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക | | അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 30 | 2005-06 | 3-24 | യു.പി.എ ഫണ്ട് ചെലവ് അപാകതകൾ | --- |
| 2012-13 | 3-2 | 2014-15 | 3-7 | ചെയ്യാത്ത പ്രവൃത്തിക്ക് പണം അനുവദിച്ചത് (പാങ്ങോട് അങ്കണവാടി അറ്റകുറ്റപ്പണി) | --- |
| 2011-12 & 2012-13 | 3-13 | 2014-15 | 4-1-11 | ഭവന പദ്ധതികൾ നടപ്പായില്ല - ആസ്തികൾ നിഷ്ക്രിയം | --- |
| 2014-15 | ഇല്ല | 2014-15 | 4-1-15 | നിഷ്ക്രിയാസ്തികൾ - ശ്മശാനം മുതൽ ആംബുലൻസ് വരെ | --- |
| 2009-10 | 3-7 | 2011-12 | 4-25 | തുക ലഭിച്ചിട്ടും ഖരമാലിന്യ യൂണിറ്റ് യാഥാർത്ഥ്യമായില്ല | --- |
| 2009-10 | ഇല്ല | 2011-12 | 2-3 | നികുതി പിരിച്ചെടുക്കുന്നതിൽ വീഴ്ച | --- |
| 2016-17 | ഇല്ല | 2017-18 | 2-4 | കാലാവധി കഴിഞ്ഞ കെട്ടിട നിർമ്മാണ പെർമിറ്റ് പുതുക്കുകയോ പൂർത്തീകരണ സർട്ടിഫിക്കറ്റ് നൽകുകയോ ചെയ്തിട്ടില്ല. വസ്തു നികുതി നഷ്ടം. | ----------- |
| | | | 3-2 | ആസൂത്രണത്തിലെ പോരായ്മയും മേൽ നോട്ടത്തിലെ വീഴ്ചയും മൂലം പാഴായ പദ്ധതികൾ. | |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടി\ യിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 2013-14 | 3.6 (Part) | ശ്രീ.ബി.ആർ ബാബുരാജ് നഗരസഭ എഞ്ചിനീയർ | നം.കെ.എസ്.എ-6868/ സ്പെ.. സെൽ / സി.എസ്.സി / എ2 / 16(1) തീ: 14.03.2019 | 6,133 | | | | | | | |
| 2 | 2013-14 | 3.6 (Part) | ശ്രീ.കെ.ബാബു അസിസ്റ്റന്റ് എഞ്ചിനീയർ | നം.കെ.എസ്.എ-6868/ സ്പെ.. സെൽ / സി.എസ്.സി / എ2 / 16(2) തീ: 14.03.2019 | 6,133 | | | | | | | |
| 3 | 2013-14 | 3.7 | ശ്രീ.ബി.ആർ ബാബുരാജ് നഗരസഭ എഞ്ചിനീയർ | നം.കെ.എസ്.എ-6868/ സ്പെ.. സെൽ / | 3,2422 | | | | | | | |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | സി.എസ്.സി / എ2 / 16(3)<br>തീ: 14.03.2019 | | | | | | | | |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം.

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 21,92,83,557 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 20,16,16,762 |
| വരവിനങ്ങളിലുള്ള നഷ്ടം | 38,41,831 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 23,666 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 45,91,337 |

(ബി). <u>നഗരസഭ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>.

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 1,14,531 | ---- | ശ്രീ.വി. സജികുമാർ, സെക്രട്ടറി |
| 2-2(a) | 35,52,500 | ---- | ശ്രീ.വി. സജികുമാർ, സെക്രട്ടറി |
| 2-2(b) | 1,74,800 | | |
| 3-1 | ----- | 7,889 | ശ്രീ.നിധീഷ്.വി.എസ് അസിസ്റ്റന്റ് എഞ്ചിനീയർ |
| | | 7,889 | ശ്രീ. എം.സി. ജസ്വന്ത്, മുനിസിപ്പൽ എഞ്ചിനീയർ |
| | | 7,888 | ശ്രീ.ഗംഗാധരൻ .ജി, ഓവർസീയർ ഗ്രേഡ് II |
| ആകെ | 38,41,831 | 23,666 | |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | | |

| | | |
|---|---|---|
| 1-30 | 34,453 | ഡോ.രാജാറാം, മെഡിക്കൽ ഓഫീസർ |
| 1-32 | 26,552 | ഡോ.രാജാറാം,മെഡിക്കൽ ഓഫീസർ |
| 1-33(1)(2) | 9,20,000 | ശ്രീ.പി.ബി. ബഷീർ, പട്ടികജാതി വികസന ഓഫീസർ |
| 1-34 | 25,000 | ശ്രീ.പി.ബി. ബഷീർ, പട്ടികജാതി വികസന ഓഫീസർ |
| 1-35 | 40,000 | ശ്രീ.പി.ബി. ബഷീർ, പട്ടികജാതി വികസന ഓഫീസർ |
| 1-40(a) | 4,76,137 | ശ്രീ. എം.സി. ജസ്വന്ത്, മുനിസിപ്പൽ എഞ്ചിനീയർ |
| 1-42 | 57,488 | ശ്രീ.വി. സജികുമാർ, സെക്രട്ടറി |
| 1-43 | 2,89,509 | ശ്രീ.വി. സജികുമാർ, സെക്രട്ടറി |
| 1-44 | 50,000 | ശ്രീ.എൻ.ഗിരീഷ് കുമാർ ,ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ |
| 1-45 | 4,96,780 | ശ്രീ.വി.പി അബ്ദുൾ റഹ്മാൻ, ഹെൽത്ത് സൂപ്പർവൈസർ |
| 1-47 | 39,000 | ശ്രീ.ഉസ്മൻ ചാലിയാൻ, HS |
| 1-48 | 7,60,000 | ശ്രീ.ഉസ്മൻ ചാലിയാൻ, HS |
| 1-55 | 8,86,292 | ശ്രീ.വി. സജികുമാർ, സെക്രട്ടറി |
| 1-57 | 4,90,126 | ശ്രീമതി. സബീന. ഐ.സി.ഡി.എസ്. സൂപ്പർവൈസർ. |
| ആകെ | 45,91,337 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | തുക |
|---|---|
| - | ഇല്ല |

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

| | |
|---|---|
| ഖണ്ഡിക നമ്പർ | 1-33,1-40,1-43,1-48,1-55,2-1,2-2(a),2-2(b), |

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സജികുമാർ.വി,<br>സെക്രട്ടറി | ശ്രീ.സജികുമാർ.വി,<br>സെക്രട്ടറി, തിരുവല്ല നഗരസഭ | ബി.എസ്.ഭവൻ,<br>വെളിക്കോട് (പി.ഒ)<br>ഊരുട്ടമ്പലം,<br>തിരുവനന്തപുരം |
| ശ്രീ.പി.ബി.ബഷീർ,<br>പട്ടികജാതി വികസന ഓഫീസർ | ശ്രീ.പി.ബി.ബഷീർ,<br>സീനിയർ സൂപ്രണ്ട്,<br>എം.ആർ.എസ്,<br>വെള്ളച്ചാൽ | മുഹഷിറ മഹൽ<br>വികാസ് നഗർ<br>പുത്തിഗെ (പി.ഒ)<br>കാസറഗോഡ് |
| ശ്രീ.നിധീഷ്.വി.എസ്<br>അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.നിധീഷ്.വി.എസ് | വല്ലെവെളിയിൽ ഹൗസ്<br>സി.എം.സി - 26<br>ചേർത്തല (പി.ഒ)<br>ആലപ്പുഴ |
| ശ്രീ.ഗംഗാധരൻ .ജി,<br>ഗ്രേഡ് II | ശ്രീ.ഗംഗാധരൻ .ജി,<br>ഓവർസീയർ ഗ്രേഡ് I<br>എൻമകജെ ഗ്രാമപഞ്ചായത്ത് | മാനടുക്ക ഹൗസ്,<br>(പി.ഒ) മാനടുക്ക,<br>ചെങ്കള (വഴി)<br>കാസറഗോഡd |
| ശ്രീ. വി.പി അബ്ദുൾ റഹ്മാൻ<br>ഹെൽത്ത് സൂപ്പർവൈസർ | സർവ്വീസിൽ നിന്നും വിരമിച്ചു. | വേങ്ങേരിപറമ്പ് ഹൗസ്<br>പി.ഒ. കാരിശ്ശേരി<br>മുക്കം (വഴി)<br>കോഴിക്കോട്<br>673602 |
| ശ്രീ. എം.സി. ജസ്വന്ത്,<br>മുനിസിപ്പൽ എഞ്ചിനീയർ | തലശ്ശേരി മുനിസിപ്പാലിറ്റി | ശ്രീ. എം.സി. ജസ്വന്ത്,<br>ഹെവനിത്ത്<br>നിയർ ഇളയവൂർ ടെമ്പിൾ,<br>പോസ്റ്റ് മുണ്ടയാട്,<br>കണ്ണൂർ, 670594 |

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

|  | ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന തടസ്സങ്ങളുടെ എണ്ണം |
|---|---|---|---|
| 1 | 1997-98 | LF-KSD3/506/99 dated : 01-10-1999 (expenditure) | 11 |
| 2 | 1997-98 | LF-KSD.5/649/2001 dated:30.03.2001 | 3 |
| 3 | 1998-99 | LF-KSD5/56/2001 dated :15-09-2001 (expenditure) | 9 |
| 4 | 1998-99 | LF-KSD8/529/2005 dated : 30-11-2006(Final) | 12 |
| 5 | 1999-00 | LF-KSD62/50/2010 dated: 01-06-2010 (Final) | 25 |
| 6 | 2000-01 | LF-KSD6/513/2009 dated 03-11-2009 | 23 |
| 7 | 2001-02 | LF-KSD6/514/2009 dated : 18-11-2009 | 16 |
| 8 | 2002-03 | LF-KSD8/875/2007dated :20-11-2010/06-10-2009 | 30 |
| 9 | 2003-04 | LF-KM2/165/2013 dated : 21-04-2014 | 18 |
| 10 | 2004-05 | LF-KM2/94/2013 dated : 29-05-2014 | 21 |
| 11 | 2005-06 | KSA-KSM2/443/2009 dated : 25-03-2017 | 19 |
| 12 | 2006-07 | KSA-KSM2/06/2010 dated : 30-03-2017 | 24 |
| 13 | 2007-08 | LF-KM2/248/2010 dated : 15-03-2017 | 12 |
| 14 | 2008-09 | LF-KM2/74/2011 dated :18-03-2017 | 20 |
| 15 | 2009-10 | KSA-KSM2/219/2010 dated: 20-03-2017 | 14 |
| 16 | 2010-11 | KSA-KSM2/346/2015 dated : 22-04-2017 | 14 |
| 17 | 2011-12 | LF-KM2/54/2015 dated :17-03-2015 | 12 |
| 18 | 2012-13 | KSA-KSM2/231/2014 dated : 20-05-2017 | 16 |
| 19 | 2013-14 | KSA-KSM2/185/2015 dated : 14-07-2017 | 20 |
| 20 | 2014-15 | KSA-KSM2/302/2017 dated : 14-09-2017 | 37 |
| 21 | 2015-16 | KSA-KSM2/159/2016 dated : 08-06-2017 | 51 |
| 22 | 2016-17 | KSA-KSM2/360/2017 dated : 03-11-2017 | 36 |
| 23 | 2017-18 | KSA-KSM2/47/2018 dated :29.03.2019 | 66 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
നഗരസഭ ഓഡിറ്റ് കാര്യാലയം,
കാസറഗോഡ്

## അനുബന്ധം -1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.കെ.എസ്.എം.2/89/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ഡെപ്യൂട്ടിഡയറക്ടറുടെ കാര്യാലയം

നഗരസഭാ ഓഡിറ്റ് കാര്യാലയം

കാസറഗോഡ് - 671 121
ഫോൺ : 04994-231260
ഇ-മെയിൽ :mlksd.ksad@kerala.gov.in
തീയതി :05/11/2020.

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ് 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 295-(4)-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അവലംബിച്ചും കാസറഗോഡ് ജില്ലയിലെ കാസറഗോഡ് നഗരസഭയുടെ 2018-19 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഖണ്ഡിക 1-13 ലെ പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കാസറഗോഡ് നഗരസഭയുടെ 2018-19 വർഷത്തെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
നഗരസഭ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്

No.KSA-KSM 2/89/2020

Office of the Deputy Director
Kerala State Audit Department
Municipal Audit Office

Kasaragod – 671 121

Ph: 04994-231260
Email: ml.ksd.ksad@kerala.gov.in
Dated:05/11/2020.

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Kasaragod Municipality in Kasaragod District for the year ended on 31.03.2019 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 295(4)of the Kerala Municipality Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Muncipalities.

In my opinion, the Financial Statements of Kasaragod Municipality for the year 2018-19 except the observations in para 1-13 of my Audit Report, properly presents the picture of income and expenditure.

## അനുബന്ധം-2
## ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

| KASARAGOD Municipality Concurrent Municipality<br>INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 65107738.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 93799.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 17840400.00 |
| 140000000 | Fee & User Charges | I-4(b) | 8812345.00 |
| 150000000 | Sale & Hire Charges | I-5(b) | 7031970.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 169579264.00 |
| 170000000 | Income from Investments | I-7 | 11000.00 |
| 171000000 | Interest Earned | I-8 | 593730.00 |
| 180000000 | Other Income | I-9 | 294208.00 |
| | Total Income | | 269364454.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 74355854.00 |
| 220000000 | Administrative Expenses | I-11(b) | 7992317.00 |
| 230000000 | Operations & Maintenance | I-12(b) | 17282091.00 |
| 240000000 | Interest & Finance Charges | I-13 | 371607.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 94786114.00 |
| 251000000 | Decentralised Plan Programme-Service Sector | I-14 | 9557138.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14 | 26441419.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14 | 3604377.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 102430.00 |
| 272000000 | Depreciation | I-17(a) | 2740840.00 |
| | Total Expenditure | | 237234187.00 |
| | Gross Surplus/ Deficit of income over Expenditure | | 32130267.00 |
| 280000000 | Prior Period Item | I-18 | -1357.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 32131624.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## അനുബന്ധം-3
## റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്

| KASARAGOD Municipality Concurrent Municipality |
|---|

| RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 72005185.04 |
| Cash | Cash | RP-40(a) | 1911042.00 |
| Operating 110000000 | Tax Revenue | RP-1 | 12475177.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | RP-2 | 93799.00 |
| 130000000 | Rental income from Panchayat Properties | RP-3 | 902021.00 |
| 140000000 | Fees & User Charges | RP-4 | 7035700.00 |
| 150000000 | Sale & Hire Charges | RP-5 | 7031970.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-6 | 103981773.00 |
| 170000000 | Income from Investments | RP-7 | 11000.00 |
| 171000000 | Interest Earned | RP-8 | 593730.00 |
| 180000000 | Other Income | RP-9 | 240235.00 |
| 431000000 | Sundry Debtors (Receivables) | RP-37 | 52757816.00 |
| NonOperating 312000000 | Reserves | RP-23 | 0.0 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-24 | 20828092.00 |
| 340000000 | Deposits Received | RP-27 | 2205345.00 |
| 350000000 | Other Liabilities | RP-29 | 11086839.00 |
| 460000000 | Loans, Advances and Deposits | RP-41 | 40060.00 |
| | Grand total | | 293199784.04 |
| | PAYMENTS | | |
| Operating 210000000 | Establishment Expenses | RP-10 | 32832067.00 |
| 220000000 | Administrative Expenses | RP-11 | 2995487.00 |
| 230000000 | Operations & Maintenance | RP-12 | 16181836.00 |
| 240000000 | Interest & Finance Charges | RP-13 | 371607.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-14 | 29643915.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 1000000.00 |
| 251000000 | Decentralised Plan Programme- Service Sector | RP-45 | 13143618.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-46 | 26441419.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-47 | 4094632.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-15 | 102430.00 |
| 350000000 | Other Liabilities | RP-29 | 22221461.00 |
| | Non Operating | | |
| 311000000 | Earmarked Funds | RP-22 | 3171365.00 |
| | | | |

| | | | |
|---|---|---|---|
| 320000000 | Grants, Funds & Contributions for Specific Purposes | RP-24 | 1109024.00 |
| 330000000 | Secured Loans | RP-25 | 630000.00 |
| 340000000 | Deposits Received | RP-27 | 1515782.00 |
| 350000000 | Other Liabilities | RP-29 | 33744260.00 |
| 410000000 | Fixed Assets | RP-31 | 7354827.00 |
| 412000000 | Capital work in Progress | RP-33 | 4186197.00 |
| 460000000 | Loans, Advances and Deposits | RP-41 | 876835.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 90301087.04 |
| Cash | Cash | RP-40(b) | 1281935.00 |
| | Grand Total | | 293199784.04 |

## അനുബന്ധം-4
## ബാലൻസ് ഷീറ്റ്

KASARAGOD MUNICIPALITY<br>BALANCE SHEET<br>As on 31 March 2019.

| Code No. | Description of Items | Schedule No | Amount |
|---|---|---|---|
| <br>310000000<br>311000000<br>312000000 | LIABILITIES<br>Reserve& Surplus<br>Muncipal (General) Fund [Code No 310]<br>Earmarked Funds<br>Reserves | <br>B-1<br>B-2<br>B-3 | <br>130021431.44<br>0.00<br>98782203.00 |
| | Total Reserve& Surplus | | 228803634.44 |
| 320000000 | Grants,Contributions for specific purposes<br>Grants, Contribution for Specific Purposes | B-4 | 63825601.00 |
| | Total Grants,Contributions for specific purposes | | 63825601.00 |
| 330000000<br>331000000 | Loans<br>Secured Loans Unsecured Loans | B-5<br>B-6 | 0.00<br>0.00 |
| | Total Loans | | 0.00 |
| 340000000<br>350000000 | Current Liabilities and Provisions<br>Deposits Received Other Liabilities | B-7<br>B-9 | 14858528.00<br>27311993.81 |
| | Total Current Liabilities and Provisions | | 42170521.81 |
| <br>410000000<br>411000000<br>412000000 | TOTAL LIABILITIES ASSETS<br>Fixed Assets<br>Fixed Assets<br>Accumulated Depreciation Capital Work In Progress | B-11 B-11 B-11 | 334799757.25<br>164696902.00<br>(16406247.00)<br>15511218.00 |
| | Total Fixed Assets | | 163801873.00 |
| 420000000 | Investments<br>Investments - General Fund | B-12 | 2018000.00 |
| | Total Investments | | 2018000.00 |
| 430000000<br>431000000<br>432000000 | Current Assets,Loans and Advances<br>Stock-in-hand<br>Sundry Debtors (Receivables) | B-14 B-15 B-21 B-17 B-18 | 254627.00<br>88223599.21<br>(12490556.00) |

| | | | |
|---|---|---|---|
| 450000000<br>460000000 | Accumulated Provisions Against<br>Debtors (Receivables) Cash and Bank balance<br>Loans, Advances and Deposits | | 91583022.04<br>1409192.00 |
| | Total Current Assets,Loans and Advances | | 168979884.25 |
| 480000000 | Miscellaneous Expenditure(To the Extent not written off)<br>Miscellaneous Expenditure to be written off | B-20 | 0.00 |
| | Total Miscellaneous Expenditure(To the Extent not written off) | | 0.00 |
| | TOTAL ASSETS | | 334799757.25 |